
# ആമുഖം



**ഭൂ**മിയുടെ വയസ്സൊന്നു കൂടുകയും മനുഷ്യന്റെ ആയുസ്സിൽ ഒരുവർഷം കുറയുകയും ചെയ്തുകൊണ്ട് കലണ്ടർവർഷത്തിലെ താളൊന്നുകൂടി മറിഞ്ഞു.... 2006-നെ പിൻകാൽകൊണ്ട് തൊഴിച്ച് 2007 മുന്നിലേക്ക് കുതിച്ചുകയറിക്കഴിഞ്ഞു.

കാലം ആർക്കുവേണ്ടിയും കാത്തുനില്ക്കുന്നില്ല. ആയിരത്തിന്റെ നിഴലിൽനിന്നും രണ്ടായിരത്തിന്റെ നിറവിലേക്ക് കുതിച്ച് മില്ലേനിയത്തിന്റെ പിറവി നാം ആഘോഷിച്ചത് ഇന്നലെയെന്നോണമാണ്. എന്നിട്ടെന്തെങ്കിലും നാം നേടിയോ? ഉവ്വ്. നമ്മുടെ സൗരയൂഥകുടുംബത്തിലെ ഒരംഗത്തെ നാമെല്ലാം താലോലിച്ചോമനിച്ചിരുന്ന ഒരു കൊച്ചു ഗ്രഹത്തെ തോണ്ടിയെറിഞ്ഞു നാം ഒരു മനസാക്ഷിക്കുത്തുമില്ലാതെ!!

അതുപോലൊരു ശുദ്ധികലശം നമുക്കാത്മീയലോകത്തും വേണ്ടേ? എത്രയെത്ര മനുഷ്യദൈവങ്ങളാണ് നമ്മുടെ ജീവിതത്തെ അലങ്കോലപ്പെടുത്തിയിരിക്കുന്നത്. എത്രയെത്ര അന്ധവിശ്വാസങ്ങളും അനാചാരങ്ങളും... അവയൊക്കെ തൂത്തെറിഞ്ഞ് മനുഷ്യനെ മനുഷ്യനും ദൈവത്തെ ദൈവവുമായി തിരിച്ചറിഞ്ഞ് എല്ലാ മതങ്ങളും പഠിപ്പിക്കുന്ന എല്ലാ ദൈവികപുരുഷന്മാരും ചൂണ്ടിക്കാണിച്ച സത്യധർമ്മങ്ങളുടെ ഋജുമാർഗ്ഗത്തിലേക്ക് മാനവകുലം നീങ്ങേണ്ട കാലം അതിക്രമിച്ചില്ലേ?

കേരളത്തെ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ചു പണ്ട് വിവേകാനന്ദസ്വാമി. നൂറ്റാണ്ട് പിന്നിട്ടിട്ടും സാക്ഷരതയുടെ മകുടമണിഞ്ഞിട്ടും സംസ്കാരത്തിന്റേയും പരിഷ്കാരത്തിന്റേയും വക്താക്കളെന്നൂറ്റം കൊണ്ടിട്ടും ജാതിക്കോമരങ്ങളെ തട്ടിനീക്കി തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും ഇല്ലായ്മ ചെയ്തുവെന്നഹങ്കരിച്ച് നെഞ്ചുവിരിച്ചു നടന്ന മലയാളി.... മത-വർഗ്ഗ, രാഷ്ട്രീയ അസഹിഷ്ണുതയുടെ ഇരുണ്ടപാതയിലൂടെ ആരെ ചുറ്റിക്കണം, പറ്റിക്കണം, തട്ടണം എന്നോർത്ത് നടക്കുന്ന കാലമാണിപ്പോൾ കാണുന്നത്. തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും നിലനിന്നകാലത്ത് അടിയാനോട് യജമാനന് ദയയും മേലാളോട് അടിമയ്ക്ക് കൂറും സ്നേഹവും നിലനിന്നിരുന്നു. അത് രണ്ടുംചേർന്ന് ഒരു 'നാം' രൂപം കൊണ്ടിരുന്നു.

ഇന്ന് ജന്മിത്വമോ തീണ്ടായ്മയോ ഇല്ല. അടിമത്തം ഒട്ടുമില്ല. എന്നാൽ, ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിലുള്ള മാനസിക അടിമത്വമാണിന്ന് നാമനുഭവിക്കുന്നത്. രാഷ്ട്രസ്നേഹമോ തത്വദീക്ഷയോ ഇല്ലാത്ത രാഷ്ട്രീയ ജന്മിത്വവും അഴിമതിയും ഗുണ്ടായിസവും കൈമുതലാക്കി എന്തക്രമവും അനീതിയും

നടപ്പിലാക്കാൻ തയ്യാറായ കച്ചവട രാജാക്കന്മാരും... ഇല്ലാത്ത മതബോധവും വർഗ്ഗീയ സ്നേഹവും പൊക്കിക്കാട്ടി ആത്മീയതയുടെ ബാനർ പേറി മറ്റു സമുദായത്തിൽപെട്ട സ്വന്തം സോദരരെതന്നെ കൊന്നൊടുക്കുവാൻ ആയുധം സംഭരിക്കുകയും മൂർച്ച കൂട്ടുകയും ചെയ്യുന്നവർ. തന്റെ ചുറ്റും പട്ടിണിയും പരിവട്ടവുമായി സഹജീവികൾ നരകിക്കുമ്പോൾ മനുഷ്യദൈവങ്ങൾക്കും വിഗ്രഹങ്ങൾക്കും കോടികൾ പൊടിച്ച് അലങ്കാരവും തോരണവും സ്വർണ്ണംപൂശും ഒക്കെ നടത്തി പാവനമായ ഭൂമിയെ നരകതുല്യമാക്കി ത്രിശങ്കുസ്വർഗ്ഗം പൂകാൻ വൃഥാവ്യയം ചെയ്യുന്നവർ- ഒന്നോർക്കുക... ഈ ഭ്രാന്താലയവും ചുടലക്കളവും വരുംതലമുറയ്ക്ക് എന്ത് പാഠമാണ് നൽകുക. അവരുടെ ഇളംമനസ്സുകളിൽ നിറയുന്ന വിഷവായുവും അവരുടെ നിറപ്പകിട്ടാർന്ന ആകാശത്തെ മൂടുന്ന കാർമേഘവും ഒരുനല്ല പുലരിയെക്കുറിച്ചോർക്കുവാൻ അവരെ പ്രാപ്തരാക്കുമോ? അക്ഷരങ്ങൾ അറിവായും ജ്ഞാനം വിജ്ഞാനമായും അവരുടെ മനസ്സുകളിൽ കോരിനിറച്ച് ഭൗതികനേട്ടങ്ങൾ വെട്ടിപ്പിടിക്കുവാൻ അവരുടെ പ്രജ്ഞയെ ഒരുക്കിയെടുക്കുമ്പോൾ- ഒരല്പം ദൈവചിന്ത, സമത്വഭാവന, സഹജീവിസ്നേഹം, ജീവകാരുണ്യം, സഹിഷ്ണുത ഇവയൊക്കെ അവരിൽ ഊട്ടിയുറപ്പിച്ച്, ധർമ്മനീതിബോധമുള്ള നല്ല പൗരന്മാരും എന്റെ ലോകം, നിന്റെ ലോകം എന്നതിന് പകരം നമ്മുടെ വീട്, നമ്മുടെ നാട്, ഞങ്ങളുടെ ലോകം എന്ന ബോധവും അവരിൽ ഉണർന്നുകഴിഞ്ഞാൽ... പൈശാചികതയെ അടിച്ചമർത്തി ദേവഗുണം അവരിൽ ഉളവാക്കിയാൽ സത്യനീതിധർമ്മങ്ങളുടെ ഒരു പുതിയ യുഗവും എന്റേയും നിന്റേയുമല്ലാത്ത നമ്മുടേതായ നന്മനിറഞ്ഞ ഒരു ലോകവും ഉടലെടുക്കുകയില്ലേ.... പ്രാർത്ഥനയും പ്രവൃത്തിയും ശുദ്ധമാക്കി നമുക്ക് ശ്രമിക്കാം...

സസ്നേഹം

എഡിറ്റർ

# ഖുർആനിൽ നിന്ന്

"നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും, അവർക്കായി അവർ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്; എന്നോട് മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ."

"നിങ്ങൾ നമസ്കാരം നിലനിറുത്തുകയും സകാത്ത് കൊടുക്കുകയും ദൈവദൂതനെ അനുസരിക്കുകയും ചെയ്യുക. നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനും വേണ്ടി" (*24: 56,57*).

# തിരുനബിവചനങ്ങൾ

അബു സുഹൈരി(റ) യിൽനിന്ന് നിവേദനം. റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. സൂര്യോദയത്തിനു മുമ്പും അസ്തമയത്തിനുമുമ്പും നമസ്കരിക്കുന്നവരാരും നരകത്തിൽ പ്രവേശിക്കേണ്ടിവരികയില്ല. സുബ്ഹിയും, അസറും ആണ് അതുകൊണ്ട് നബി (സ) വിവക്ഷിച്ചിട്ടുള്ളത്. (മുസ്ലിം)

അബൂഹുറയ്റ(റ) ൽനിന്ന് നിവേദനം. റസൂൽ(സ) പറഞ്ഞു. രാത്രിയിലും, പകലിലും മലക്കുകൾ നിങ്ങളിൽ തുടർന്നിറങ്ങിക്കൊണ്ടിരിക്കും. പിന്നീട് നിങ്ങളിലുണ്ടായിരുന്നവർ വാനലോകത്തേക്ക് കയറിപ്പോകും. അപ്പോൾ അവരുടെ റബ്ബ് അവരോട് ചോദിക്കും അവരെപ്പറ്റി കൂടുതലറിവുള്ളവനാണവൻ, നിങ്ങളെന്റെ അടിമകളെ എങ്ങനെയാണ് ഉപേക്ഷിച്ചുപോന്നത്? അവർ പറയും: ഞങ്ങളവരുടെ അടുത്തുചെല്ലുമ്പോഴും മടങ്ങിപ്പോരുമ്പോഴും അവർ നമസ്കരിക്കുകയാണ്. (ബുഖാരി, മുസ്ലിം)

അനസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) അരുൾചെയ്തു. "തനിക്കിഷ്ടപ്പെടുന്നതിനെ തന്റെ സഹോദരനും ഇഷ്ടപ്പെടുന്നതുവരെ നിങ്ങളിൽ ഒരാളും വിശ്വാസിയാവുകയില്ല" (ബുഖാരി).

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. ഞാൻ റസൂൽതിരുമേനി(സ)യോട് ചോദിച്ചു. മഹോന്നതനായ അല്ലാഹുവിന് ഏറ്റവും പ്രിയങ്കരമായ കർമ്മം എന്താണ്? നബി(സ) മറുപടി നൽകി. നിശ്ചിത സമയത്ത് നമസ്കാരമനുഷ്ഠിക്കുക. ഞാൻ ചോദിച്ചു. 'പിന്നെന്താണ്?' 'മാതാപിതാക്കളോട് നല്ല രീതിയിൽ പെരുമാറുക.' തിരുനബി(സ) അരുൾ ചെയ്തു. ഞാനന്വേഷിച്ചു. പിന്നെന്താണ്? തിരുനബി(സ) അരുളി. 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുക. (ബുഖാരി)

# ഇസ്‌ലാം- ഒരു സമഗ്ര ജീവിതദർശനം

**ഹദ്റത്ത് മസീഹ് മൗഊദ് (അ)**

**ഭി**ന്നസ്വഭാവക്കാരായ മനുഷ്യർ പൊതുവെ തങ്ങളുടെ വിവരക്കുറവിനാലോ ക്ഷുദ്രമനസ്ഥിതിയാലോ തങ്ങളുടെ ജീവിതത്തിന് വ്യത്യസ്തതരത്തിലുള്ള ഉദ്ദേശ്യങ്ങൾ നിർണ്ണയിക്കുകയും കേവലം ലൗകികാസക്തികളേയും ശരീരേച്ഛകളേയും തൃപ്തിപ്പെടുത്തുന്ന തരത്തിൽ ജീവിതം നയിച്ചോടുക്കുകയും ചെയ്യുന്നു. എന്നാൽ, സൃഷ്ടികർത്താവായ ദൈവം തന്റെ വിശുദ്ധവചനത്തിൽ മനുഷ്യജീവിതത്തിന്റെ പരമോദ്ദേശ്യമായി കല്പിച്ചിരിക്കുന്നത് ഇപ്രകാരമാണ്. '***വമാ ഹലക്ക്ത്തുൽ ജിന്ന വൽ ഇൻസ ഇല്ലാലിയഅ്ബുദൂൻ***' "എന്നെ അറിയുന്നതിനും ആരാധിക്കുന്നതിനുമായിട്ടു മാത്രമാണ് ഞാൻ ജിന്നുകളേയും മനുഷ്യരേയും സൃഷ്ടിച്ചിരിക്കുന്നത്." (51:57) ഈ ഖുർആൻ വാക്യമനുസരിച്ച് മനുഷ്യന്റെ ജീവിതോദ്ദേശ്യം സ്രഷ്ടാവായ ദൈവത്തെ അറിയുകയും അവനെ ആരാധിക്കുകയും അവനായിക്കൊണ്ട് ജീവിക്കുകയും ആകുന്നു. തന്റെ ജീവിതത്തിന് സ്വേച്ഛയാ ഒരുദ്ദേശ്യം നിശ്ചയിക്കുവാൻ മനുഷ്യന് അധികാരമില്ല. എന്തെന്നാൽ, അവൻ ഈ ലോകത്ത് സ്വേച്ഛാനുസാരം വരികയോ സ്വമേധയാ ഇവിടെനിന്ന് തിരിച്ചുപോവുകയോ ചെയ്യുന്നില്ല. അവൻ ഒരു സൃഷ്ടി മാത്രമാണ്. അവനെ നാസ്തിയായ അവസ്ഥയിൽനിന്ന് ഉത്ഭവിപ്പിക്കുകയും അവന് ഇതരജീവികളെ അപേക്ഷിച്ച് പാവനവും ഉൽകൃഷ്ടവുമായ ശക്തികളും ബോധങ്ങളും പ്രദാനം ചെയ്യുകയും ചെയ്തിരിക്കുന്ന സ്രഷ്ടാവു തന്നെ അവന്റെ ജീവിതത്തിന് ഒരുദ്ദേശ്യം കല്പിച്ചിട്ടുണ്ട്. ഈ സംഗതി അവൻ മനസ്സിലാക്കിയാലും ഇല്ലെങ്കിലും അവന്റെ ജീവിതോദ്ദേശ്യം യഥാർത്ഥത്തിൽ ദൈവത്തെ അറിയുകയും അവനെ വണങ്ങുകയും അവനിൽ ലയിക്കുകയുമാണെന്നത് നിസ്സന്ദേഹമാണ്. വിശുദ്ധഖുർആൻ പറയുന്നു. '***ഇന്നദ്ദീന ഇൻദല്ലാഹിൽ ഇസ്‌ലാം***' "നിശ്ചയമായും, ദൈവത്തെ സംബന്ധിച്ച് യഥാർത്ഥജ്ഞാനം പ്രദാനം ചെയ്യുകയും, ദൈവോപാസനയ്ക്കുള്ള ശ്രേഷ്ഠമാർഗ്ഗം കാണിച്ചുതരികയും ചെയ്യുന്ന ദൈവികമതമാകുന്നു ഇസ്‌ലാം" (3:20). "അല്ലാഹു മനുഷ്യനെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ ശുദ്ധപ്രകൃതിയിൽ തദനുരൂപമായി നിക്ഷിപ്തമായിരിക്കുന്ന മതം. അതുതന്നെയാണ് യഥാർത്ഥമതം" (30:31).

അതായത് മനുഷ്യപ്രകൃതി ഇസ്‌ലാമിക മാതൃകയ്ക്ക് അനുഗുണമായിട്ടുള്ളതാണെന്നതുതന്നെ. മറ്റൊരു പ്രകാരത്തിൽ പറയുന്നതായാൽ, മനുഷ്യൻ തന്റെ സകല ശക്തികളും ബോധങ്ങളും ദൈവാനുരാഗത്തിലും ദൈവഹിതാനുസരത്തിലും ദൈവോപാസനയിലും വ്യാപരിപ്പിക്കേണമെന്നാണ് സൃഷ്ടികർത്താവ് ഉദ്ദേശിച്ചിരിക്കുന്നത്. അതിനാൽ അവൻ ഇസ്‌ലാമിക മാതൃകയ്ക്ക് അനുപമമായ ശക്തികളും വികാരങ്ങളും മനുഷ്യന് പ്രദാനം ചെയ്തിരിക്കുകയാണ്.

മനുഷ്യന് നൽകപ്പെട്ടിരിക്കുന്ന ആന്തരികവും ബാഹ്യവുമായ അവയവങ്ങളും ബോധശക്തികളുമെല്ലാം ഇസ്‌ലാമികാദർശത്തിന് അനുയോജ്യമാണെന്ന സംഗതി മാത്രം ഇവിടെ ചുരുക്കത്തിൽ വിശദീകരിച്ചുകൊള്ളാം. മനുഷ്യന്റെ ബാഹ്യവും ആഭ്യന്തരവുമായ ശക്തികൾ പരിശോധിക്കുന്നതായാൽ അവയുടേതെല്ലാം പരമപ്രയോജനം ദൈവത്തെ അറിയുകയും ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്യുകയാണെന്നു ബോധ്യമാകുന്നതാണ്. അതിനാലത്രേ മനുഷ്യൻ ഐഹികജീവിതത്തിൽ വിവിധങ്ങളായ വ്യാപാരങ്ങളിലും പരിശ്രമങ്ങളിലും എന്തെല്ലാം സുഖസൗകര്യങ്ങൾ ലഭിക്കുകയും ചെയ്താലും, ദൈവത്തിലല്ലാതെ മറ്റൊന്നിലും അവന് ആ യഥാർത്ഥസുഖം അനുഭവപ്പെടാതിരിക്കുന്നത്. കോടീശ്വരനോ വർത്തകപ്രമാണിയോ മന്ത്രിപുംഗവനോ രാജാധിരാജനോ മഹാദാർശനികനോ ആയിരുന്നാലും അവൻ ലൗകികമായ കെട്ടുപാടുകളിൽ കുടുങ്ങി ഒടുവിൽ ദുഃഖാർത്തനായി ജീവിതം വെടിയുന്നു. സ്വേച്ഛകൾക്കു വശംവദനായി പ്രപഞ്ചാനുരാഗത്തിൽ ലയിക്കുക നിമിത്തം അവന്റെ അന്തഃകരണം അവനെ ശാസിക്കുന്നു. ഐഹിക വ്യാപാരങ്ങളും വിജയപ്രാപ്തിക്കുവേണ്ടി അവൻ കൈക്കൊണ്ട വഞ്ചന, അക്രമം തുടങ്ങിയ അമംഗളകർമ്മങ്ങളിൽ അവന്റെ മനസാക്ഷി അനുകൂലിക്കാത്തതിനാൽ അതവനെ കുറ്റപ്പെടുത്തുന്നു.

മനുഷ്യന്റെ ശക്തികളിൽ അത്യുൽകൃഷ്ടമായ ശക്തിയേതെന്ന് പരിശോധിക്കുന്നതായാൽ, അത് സർവ്വോന്നതനായ സൃഷ്ടികർത്താവിനെ ആരായുന്നതിനുള്ള ബോധശക്തിയായി കാണാം. ഈ ശക്തി അവനെ തനിക്കായി ഒന്നും ശേഷിപ്പിക്കാതിരിക്കുമാറ് സർവ്വവും ദൈവത്തിൽ അർപ്പിച്ചുകൊണ്ട് പൂർണ്ണമായും ദൈവാനുരാഗത്തിൽ ലയിപ്പിക്കുവാൻ പര്യാപ്തമാകുന്നു. ഉണ്ണുക, ഉറങ്ങുക തുടങ്ങിയ ശാരീരിക ധർമ്മങ്ങളിൽ അവൻ ഇതരജീവികൾക്ക് തുല്യൻ മാത്രമാണ്. എന്നാൽ, ചില ജീവികൾ കരകൗശലത്തിൽ അവനെ അതിശയിപ്പിക്കുന്നുണ്ട്. അല്പപ്രാണിയായ തേനീച്ച പലതരം പൂക്കളിൽനിന്ന് സത്തെടുത്ത് വിശിഷ്ടമായ തേനുണ്ടാക്കുന്നു. എന്നാൽ, ബുദ്ധിജീവിയായ മനുഷ്യൻ നാളിതുവരെ ഈ വ്യവസായത്തിൽ വിജയിച്ചിട്ടില്ല. ഇങ്ങനെ മനുഷ്യന്റെ പൂർണ്ണത ഈ ദൃശ്യവിഷയങ്ങളിലൊന്നുമല്ലെന്നും ദൈവൈക്യപ്രാപ്തിയിൽ മാത്രമാണെന്നും കാണാം. അതിനാൽ, മനുഷ്യന്റെ ഹൃദയഗേഹത്തിന്റെ കവാടം ദൈവത്തിന് നേരെ തുറന്നിടുക എന്നതാണ് അവന്റെ ജീവിതത്തിന്റെ യഥാർത്ഥോദ്ദേശ്യം.

*(ഇസ്‌ലാം മതതത്വജ്ഞാനം)*

# അല്ലാഹുവിന് ശുക്ർ ചെയ്തുകൊണ്ട് പ്രവർത്തിക്കുക

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹു)

***കുൻതും ഖയ്റ ഉമ്മത്തിൻ ഉഖ്രിജത് ലിന്നാസി തഅ്മുറൂന ബിൽമഅ്റൂഫി വതൻഹൗന അനിൽ മുൻകർ*** (3:111) ലോകത്തുള്ള ഒട്ടുമിക്ക പാശ്ചാത്യരാജ്യങ്ങളിലേതുപോലെ ഇവിടെ ഹോളണ്ടിലും മുന്നൂറോളം അഹ്മദീ സഹോദരങ്ങളുണ്ട്. ഒരുകൂട്ടർ പാക്കിസ്ഥാനിൽനിന്ന് ഇവിടെ താമസമാക്കിയവരാണ്. ചിലർ ഇന്ത്യയിൽനിന്ന് വന്നിട്ടുള്ളവരും ഉണ്ടാകാം. ഇവിടെ വന്നുപാർത്ത ഇവരിലധികപേരിലും മൂന്നുനാല് തലമുറയായി അഹ്മദിയ്യത്ത് കുടികൊണ്ടുവരുന്നു. ഇവരുടെ പൂർവ്വപിതാക്കൾ അഹ്മദിയ്യത്ത് സ്വീകരിച്ചവരാണ്. രണ്ടാമത്തെ വിഭാഗക്കാർ, ചില മുസ്‌ലിം രാഷ്ട്രങ്ങളിൽനിന്നുള്ളവരാണ്- മറ്റു രാജ്യക്കാരും ഇവരിലുണ്ട്- അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തിരിച്ചറിഞ്ഞു. നബി(സ) തിരുമേനിയുടെ പ്രവചനം പുലർന്നതു കണ്ടുകൊണ്ട് മഹ്ദി മസീഹിന് സലാം എത്തിക്കാനും അവിടത്തെ ജമാഅത്തിൽ പ്രവേശിക്കാനും അല്ലാഹു അവർക്ക് തൗഫീഖ് നല്കി. മൂന്നാമത്തെ തരക്കാർ ഈ നാട്ടുകാരാണ്. ഇവർക്ക് അല്ലാഹു അറിവിന്റെ വെളിച്ചം നൽകി. ഇവർക്കും മുഹമ്മദീ മസീഹിനെ വിശ്വസിക്കാൻ സൗഭാഗ്യം കിട്ടി. ഇവരും വളരെ കുറച്ചേയുള്ളൂ. ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ) കണ്ട സ്വപ്നത്തിന്റെ വ്യാഖ്യാനമായിക്കൊണ്ട് അവിടന്ന് പിടിച്ചെടുത്ത ആ വെളുത്ത പറവകളിൽ വന്നുചേർന്നവരാണ്.

ഇപ്പോൾ ഇതാരംഭമാണ്. ഇൻശാഅല്ലാഹ്. ആയിരക്കണക്കിന്റെ രൂപത്തിൽ കൂട്ടംകൂട്ടമായി ഈ പറവകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മടിത്തട്ടിൽ വരുന്ന കാഴ്ച നാം കാണേണ്ടവരാണ്.

ഈ പറവകളെ പിടിക്കുന്നതിലും പിന്നീട് നിങ്ങളോടൊപ്പം ചേർത്ത് ഇണക്കുന്നതിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പൂർണ്ണമായും സഹായിക്കേണ്ടത് ഞാൻ പറഞ്ഞ ആദ്യതരക്കാരുടെ ചുമതലയാണ്. അവരിൽ പാക്കിസ്ഥാനീ അഹ്മദികളുണ്ട്, ഇന്ത്യൻ അഹ്മദികളും ഉണ്ടാകാം. ഇല്ലെങ്കിൽ പരമ്പരാഗത അഹ്മദികളാണെന്നോ, സഹാബിമാരുടെ മക്കളാണെന്നോ പറയുന്നതിൽ കാര്യമല്ല. കാരണം ആ സ്വഹാബാക്കളുടെ കർമ്മഫലം അവർക്കാണ് ലഭിക്കുന്നത്. നിങ്ങളുടേത് വെറും വാദമായി അവശേഷിക്കുകയും ചെയ്യും. നിങ്ങൾക്ക് നിങ്ങളുടെ സൽകൃത്യത്തിന്റെ ഫലമാണ് ലഭിക്കേണ്ടത്. സൽകൃത്യങ്ങളിലൂടെ നടന്നുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ മതപരമായ പ്രവർത്തനങ്ങളിൽ സഹായിക്കുകയാണെങ്കിൽ, നിങ്ങൾ നിങ്ങളുടെ ഉദാത്തമായ പ്രതിഫലം കരസ്ഥമാക്കുന്നതിനോടൊപ്പം സൽകൃത്യങ്ങൾ വിട്ടുംവെച്ചുപോയ ആ മഹാത്മാക്കളുടെ പദവികൾ ഉയർത്തുന്നതിലും സഹായികളായിത്തീരും. അവർ സ്ഥാപിച്ച ആ സൽകൃത്യം കാരണം അല്ലാഹു അവരുടെ പദവികൾ ഉയർത്തുന്നതിനായി നിങ്ങൾ അവർക്കായി ദുആ ചെയ്യുന്നവരുമായിരിക്കും. നിങ്ങളുടെ സൽകൃത്യങ്ങൾ ആ മഹാത്മാക്കളുടെ സമാധാനത്തിന് കാരണമായിത്തീരും. അതുകൊണ്ട് അല്ലാഹു നിങ്ങൾക്ക് സൽകൃത്യം ചെയ്യാൻ നല്കിയിരിക്കുന്ന വളരെ വലിയ അവസരമാണിത്. ഇത് പാഴായിപ്പോകാൻ അനുവദിക്കരുത്. നിങ്ങളുടെ ഭൂതകാല ചരിത്രത്തിൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ടിരിക്കുക. അല്ലാഹു തന്റെ കാരുണ്യത്തിലൂടെ തന്റെ കാരുണ്യം എന്ന സവിശേഷഗുണമനുസരിച്ച് അനുഗ്രഹം സ്വരൂപിക്കാൻ നിങ്ങൾക്ക് അവസരം നൽകിയിരിക്കുന്നു. ഇതിന് അല്ലാഹുവിനോട് നന്ദി കാണിക്കാൻ ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. ഈ നന്ദിപ്രകടനം എങ്ങനെയാണ് സാധ്യമായിത്തീരുക? ഈ നന്ദിപ്രകടനം സൽകൃത്യത്തിൽ നിലനിന്നുകൊണ്ടു മാത്രമേ സാധ്യമാകുകയുള്ളൂ. ഈ നന്ദിപ്രകടനം അഹ്മദിയ്യത്തിന്റെ സന്ദേശത്തെ ഈ നാട്ടിലെ ഓരോ അംഗത്തിനും എത്തിക്കുന്നതിലൂടെ മാത്രമെ സാധ്യമാകുകയുള്ളൂ. ഈ നന്ദിപ്രകടനം അല്ലാഹുവിന്റെ ഭവനം നിർമ്മിക്കുന്നതിലൂടെ മാത്രമെ സാധ്യമാകുകയുള്ളൂ. അല്ലാഹുവിന്റെ ഭവനത്തിനാണ് പള്ളികൾ എന്നു പറയുന്നത്. ഈ നന്ദിപ്രകടനം ഒരാൾ മറ്റൊരാളോടുള്ള കടമ നിറവേറ്റുന്നതിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ. ഈ നന്ദിപ്രകടനം ജമാഅത്തിന്റെ നിസാമിനെ അനുസരിക്കുന്നതിലൂടെ മാത്രമെ സാധ്യമാകുകയുള്ളൂ. എല്ലാറ്റിനേക്കാളുപരി ഈ നന്ദിപ്രകടനം നിങ്ങളുടെ ആരാധനാകർമ്മങ്ങളുടെ നിലവാരം വർദ്ധിക്കുന്നതിലൂടെ മാത്രമെ സാധ്യമാകുകയുള്ളൂ.

അതുകൊണ്ട് ഇക്കാര്യം നല്ലവണ്ണം മനസ്സിലാക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ള സ്ഥിതിക്ക് അവിടത്തെ ആഗമനോദ്ദേശ്യം പൂർത്തിയാക്കുന്നവരായിത്തീരുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നതിന്റെ ഉദ്ദേശ്യമെന്തായിരുന്നു. അവിടന്ന് പറയുന്നു: "ഈമാനെ പ്രബലപ്പെടുത്തുന്നതിനും, അല്ലാഹുവിന്റെ അസ്തിത്വം ജനങ്ങൾക്ക് സ്ഥാപിച്ചുകൊടുക്കുന്നതിനും വേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. കാരണം ഓരോ ജനതയുടേയും ഈമാനികാവസ്ഥ അങ്ങേയറ്റം ബലഹീനമായിക്കഴിഞ്ഞിരിക്കുന്നു. പരലോകം എന്നത് ഒരു പഴങ്കഥയായി മനസ്സിലാക്കുന്നു.

"തനിക്ക് ഭൗതികമായ കാര്യങ്ങളിൽ എത്രമാത്രം

ദൃഢവിശ്വാസവും ഉറപ്പും ഉണ്ടോ അതൊരിക്കലും അല്ലാഹുവിലും പരലോകത്തിലും ഇല്ലെന്ന് ഓരോ മനുഷ്യനും അവനവന്റെ കർമ്മങ്ങൾ കൊണ്ട് വിളിച്ചറിയിക്കുന്നു. നാവിൽ ഒരുപാട് കാര്യങ്ങളുണ്ട്. എന്നാൽ, ഹൃദയത്തിൽ അതിജയിച്ചു നില്ക്കുന്നത് ലോകത്തിനോടുള്ള സ്നേഹമാണ്. വായകൊണ്ട് നിരവധി കാര്യങ്ങൾ പറയുന്നു, എന്നാൽ ഹൃദയം അതൊന്നും ഏറ്റുപറയുന്നില്ല. സത്യസന്ധതയുടേയും സത്യവിശ്വാസത്തിന്റേയും കാലം വീണ്ടും വരുന്നതിനും ഹൃദയത്തിൽ ദൈവഭക്തി സൃഷ്ടിക്കുന്നതിനുമായിട്ടാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്.”

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ലക്ഷ്യം എപ്പോഴും മുന്നിൽവയ്ക്കുക. നിങ്ങളുടെ ഹൃദയങ്ങളിൽ പരിശുദ്ധമായ പരിവർത്തനം ഉണ്ടാക്കിയും, ദൈവഭക്തിയുടെ മാർഗ്ഗത്തിൽ നടന്നുംകൊണ്ട് ഏതൊരു സത്യം വിശ്വസിക്കാനാണോ നിങ്ങൾക്ക് ഭാഗ്യം കിട്ടിയത്, അത് നിങ്ങളിൽ നടപ്പിലാക്കുക. അല്ലാഹുവിനോടുള്ള സ്നേഹംകൊണ്ട് ഹൃദയത്തെ നിറയ്ക്കുന്നവരായിത്തീരുക. ഈ ഏകദൈവവിശ്വാസത്തിന്റെ ലഹരിയിൽ മറ്റുള്ളവരും തൃപ്തരാകുന്നതിനും അതെന്താണെന്ന് അവർ അറിയുമാറാകുന്നതിനും വേണ്ടി അവരേയും ഈ സ്നേഹത്തിന്റെ ശർബത്ത് കുടിപ്പിക്കുക.

രണ്ടാമത്തെ തരക്കാരായ അഹ്മദികൾ, ജമാഅത്തിൽ പ്രവേശിക്കാൻ തൗഫീഖ് കിട്ടിയവരാണ്. അവരെക്കുറിച്ച് ഞാൻ പറയുകയുണ്ടായി. അതായത് മുസ്ലിംകളിൽനിന്ന് അഹ്മദിയ്യത്തിൽ അഥവാ യഥാർത്ഥ ഇസ്ലാമിൽ ചേർന്നുകൊണ്ട്, നബി(സ) തിരുമേനിയുടെ നിർദ്ദേശത്തെ പൂർത്തിയാക്കുന്നവരാണവർ. പിന്നീട് ക്രിസ്തുമതത്തിൽനിന്ന് ഇസ്ലാമിൽ പ്രവേശിച്ച തദ്ദേശവാസികളായവരുമുണ്ട്. മുഹമ്മദീ മസീഹിന്റെ ജമാഅത്തിൽ ചേർന്നുകൊണ്ട്, തങ്ങളുടെ ഉള്ളിൽ പരിശുദ്ധപരിവർത്തനം ഉണ്ടാക്കിത്തീർത്തവരാണവർ. അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് നടന്നുകൊണ്ട്, അവനുമായി നേരിട്ട് ബന്ധം സ്ഥാപിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നവരാണവർ. അല്ലാഹുവിന്നെതിരിൽ ഒരു മനുഷ്യനെ എഴുന്നേല്പിച്ചു നിർത്തിക്കൊണ്ട്, ബഹുദൈവാരാധന പഠിപ്പിക്കുക എന്ന സിദ്ധാന്തത്തെ തടയുന്നവരായിത്തീർന്നു അവർ. നിങ്ങളും അല്ലാഹുവിനോട് നന്ദിയുള്ള ദാസരായും ഉള്ളിൽ പരിശുദ്ധ പരിവർത്തനം ഉണ്ടാക്കിയും സൽകൃത്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തിയും അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കുന്നതിന് പൂർണ്ണമായും ശ്രമിക്കേണ്ടതാണ്. ഇതിനായി ജമാഅത്ത് ഒന്നായിച്ചേർന്നുകൊണ്ട് വിശാലമായതരത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഇതിൽ പുറത്തുനിന്ന് ഇവിടെ വന്നുപാർക്കുന്ന അഹ്മദികളും, തദ്ദേശ അഹ്മദികളും പങ്കെടുക്കണം. നാട്ടുകാരിലോരോരുത്തർക്കും സന്ദേശം എത്തുന്നതിനുവേണ്ടിയാണിത്. ജരിയുല്ലാഹ് അതായത് അല്ലാഹുവിന്റെ ഫയൽവാൻ എന്ന് അല്ലാഹുതന്നെ സംബോധന ചെയ്ത ആ മഹാത്മാവിനെ സഹായിക്കുക. എല്ലാ മതവിശ്വാസികളേയും ഒരൊറ്റ സമുദായമാക്കി ഒരു കൈയിൽ സംഘടിപ്പിക്കുന്നതിനുവേണ്ടി അല്ലാഹുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിശ്ചയിച്ചിട്ടുള്ളത്.

ഏതൊരു സൽകൃത്യത്തെ സംബന്ധിച്ചാണോ നമ്മൾ ദൈവാനുഗ്രഹത്താൽ പ്രാപിച്ചിട്ടുള്ളത്, അതിന്റെ ഉന്നതമായ നില കരസ്ഥമാക്കുന്നതിനായി ആദ്യത്തേക്കാൾ കൂടുതൽ ശ്രമിക്കേണ്ടതുണ്ട്. ബയ്അത്ത് ചെയ്തുവരുന്നവർ, ആരു മുഖേനയാണോ ബയ്അത്ത് ചെയ്തത് അവരുടെ കർമ്മപരമായ അവസ്ഥകൾ നോക്കാറുണ്ട്. അതായത്, അഹ്മദിയാക്കുന്നവരുടെ കർമ്മപരമായ അവസ്ഥകൾ നോക്കാറുണ്ട്. ആരിലെങ്കിലും ന്യൂനതയുണ്ടെങ്കിൽ അവൻ അതിന് അല്ലാഹുവിന്റെ മുന്നിൽ മറുപടി പറയേണ്ടവനാണ്. സൽകൃത്യങ്ങളിൽ വളരുന്നവരും അതിനെ നിലനിറുത്തുന്നവരും തിന്മകളെ തടയുന്നവരുമായി ധാരാളമാളുകളുണ്ട്. എന്തായാലും ഇസ്ലാമിൽ ഓരോ ആളും ഓരോ വ്യക്തിയും അവരവരുടെ കർമ്മത്തിന് ഉത്തരവാദികളാണ്. ആരുടെയെങ്കിലും വ്യക്തിപരമായ പോരായ്മ മറ്റാർക്കും പരീക്ഷണത്തിന് കാരണമാകാൻ പാടില്ല. പഴയ അഹ്മദികളിൽ എന്തെങ്കിലും ദൗർബല്യം കണ്ടാൽ അല്ലാഹു അവരെ നേരായപാതയിലൂടെ നടത്താനും ദുആ ചെയ്യുക. ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് സ്വയം നന്നാക്കിത്തീർക്കാനും ശ്രമിക്കുക. ഇതിൽ എത്രത്തോളം ഇസ്തിഗ്ഫാർ ചെയ്യുമോ, എത്രയധികം പരിശ്രമിക്കുമോ അത്രയുമധികം അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളാകും. ഏതൊരു ലക്ഷ്യത്തിനായിട്ടാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയോഗിതനായത് ആ ലക്ഷ്യപ്രാപ്തിയ്ക്കായി പഴയതും പുതിയതുമായ അഹ്മദികൾ അരമുറുക്കി തയ്യാറായാൽ അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റെ ഉദാത്തമായ നില ഉണ്ടായിവരുന്നതായി നിങ്ങൾ കാണുന്നതാണ്. നിലവാരം മെച്ചപ്പെട്ടാൽ, ഡച്ച്ജനതകളിൽ അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കുന്നതിന് നിങ്ങൾക്കുതന്നെ ശ്രദ്ധയുമുണ്ടാകും; ഇക്കൂട്ടരും സന്മാർഗ്ഗപ്രാപ്തരായിത്തീരുന്നതിനുവേണ്ടി. ഇസ്ലാമികാദ്ധ്യാപനം എത്രമാത്രം മനോഹരമാണെന്ന് ഇക്കൂട്ടർക്ക് അറിയുകയില്ല. ഈ അജ്ഞത കാരണത്താൽ ഇവർ ഇസ്ലാമിന്റെ മേൽ ആക്രമണം നടത്തുന്നു. ഇസ്ലാമികാദ്ധ്യാപനങ്ങളെ പരിഹസിക്കുകയും അവഹേളിക്കുകയും ചെയ്യുന്നു. അതിന്റെ മനോഹരമായ അദ്ധ്യാപനത്തിനുമേൽ ആക്ഷേപം ഉന്നയിക്കുന്നു. ശക്തമായ പ്രതികരണങ്ങളാണ് ചിലത്. ഉദാഹരണത്തിന് പർദ്ദ ധരിക്കുന്നതിൽ ഇവിടെ വലിയ കോലാഹലമാണുള്ളത്. ഇത് നിയമപരമായി നിരോധിക്കാൻ വേണ്ടിയും ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഇതെന്തുകൊണ്ടാണ്? ഇസ്ലാമിനെക്കുറിച്ചുള്ള ഭയാനകമായ ചിത്രമാണ് അവരെ കാണിച്ചിട്ടുള്ളത്. ഇസ്ലാമിന്റെ മനോഹരമായ അദ്ധ്യാപനം വേണ്ടതായ നിലയിൽ ഇക്കൂട്ടരുടെ മുമ്പിൽ അവതരിപ്പിച്ചിട്ടേയില്ല. ഇവിടെ വന്ന് വസിച്ചിട്ടുള്ള അഹ്മദീസ്ത്രീകളും പുരുഷന്മാരും വലിയവരും ചെറിയവരുമെല്ലാം

ആരംഭം തൊട്ടേ ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കുകയും വളരെ മുമ്പുമുതൽതന്നെ ഇതിനായി പരിശ്രമിക്കുകയും തങ്ങളുടെ ഉത്തരവാദിത്തത്തെ മനസ്സിലാക്കുകയും അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിനെ ജനങ്ങൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തിരുന്നെങ്കിൽ ഇങ്ങനെ ഒരവസ്ഥ ഉണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. എന്തായാലും, ഇനിയും സമയമുണ്ട്. ഈ കാര്യത്തിന്റെ പ്രാധാന്യം ഓരോ അഹ്മദിയും മനസ്സിലാക്കേണ്ടതാണ്. ഇസ്‌ലാമിന്റെ ശരിയായ പാഠം ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുന്നതിനുവേണ്ടി ഒരു വലിയ കാര്യമെന്ന നിലയിൽ ഇതിനായി ശ്രമിക്കേണ്ടതാണ്. ഇതിനു മുമ്പേയും രണ്ടുതവണ ഞാനിതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട് എന്നാണ് ഞാൻ കരുതുന്നത്. പക്ഷേ, എത്രത്തോളം പരിശ്രമം ഉണ്ടാകണമോ, അത്രത്തോളം ശ്രമം ഉണ്ടായില്ല. നമ്മെ അല്ലാഹു ഉത്തമസമുദായം എന്ന് പറഞ്ഞിരിക്കുന്നു. ജനങ്ങളുടെ ഗുണത്തിന്നായിട്ടാണ് അല്ലാഹു നമ്മെ സൃഷ്ടിച്ചിട്ടുള്ളത്. അതിനാൽ നമ്മുടെ ദൃഷ്ടി എപ്പോഴും ജനങ്ങൾക്ക് നന്മയും ഗുണവും എത്തിക്കുന്നതിലേക്കായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഏറ്റവും വലിയ നന്മയും ഗുണവും എന്താണ്? അത് ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനമാണ്. ജനങ്ങൾക്ക് ഗുണം എത്തിക്കാനുള്ള വഴി, അല്ലാഹു പറഞ്ഞുതന്നിരിക്കുന്നു. അതായത് നന്മയിലേക്ക് ക്ഷണിക്കുക. ഇസ്‌ലാമികാദ്ധ്യാപനങ്ങൾ സൽക്കർമ്മം ചെയ്യാൻ നമ്മോട് പറഞ്ഞിരിക്കുന്നു. നിങ്ങൾ സൽക്കർമ്മം ചെയ്യാൻ ഉപദേശിക്കുമ്പോൾ ഏറ്റവുമാദ്യം നിങ്ങളുടെ ഉള്ളിൽ പരിശുദ്ധമായ പരിവർത്തനം ഉണ്ടാക്കിക്കൊണ്ട് സൽക്കർമ്മങ്ങൾ സ്ഥാപിക്കേണ്ടതായിവരും. നിങ്ങളുടേയും നിങ്ങളുടെ കുട്ടികളുടേയും ഉള്ളിൽ ഇസ്‌ലാം നമ്മോട് പറഞ്ഞ ആ സൽകൃത്യങ്ങൾ നടപ്പിൽ വരുത്തേണ്ടതായി വരും. ഇതിൽ അല്ലാഹുവിനോടുള്ള ബന്ധത്തിന്റേയും ആരാധനയുടേയും നില മെച്ചപ്പെടുത്തുക എന്നതാണ് ഒന്നാമത്തേത്. യഥാർത്ഥനിലയിൽ ആരാധനാകർമ്മങ്ങളുടെ നില മെച്ചപ്പെടുമ്പോൾ, പരസ്പരമുള്ള കടമകൾ നിറവേറ്റുന്നതിലേക്കും ശ്രദ്ധയുണ്ടാകും. വ്യക്തിപരമായ രക്തബന്ധങ്ങളും സുഹൃത്ത്ബന്ധങ്ങളും വിവേചനപൂർവ്വം പ്രവർത്തിക്കാൻ നിങ്ങളെ അനുവദിക്കുകയില്ല. മറിച്ച് എല്ലാവരോടും ഒരുപോലെ നീതിപൂർവ്വം പ്രവർത്തിക്കുന്നവരും നന്മ ചെയ്യാൻ ഉപദേശിക്കുന്നവരും തിന്മയെ ഭയപ്പെടുന്നവരുമായിരിക്കും. അപ്പോൾ നന്മ സ്ഥാപിക്കുകയും തിന്മയെ തടുക്കുകയും ചെയ്യുക എന്ന കാര്യം നാം നിർവ്വഹിക്കുന്നത് അല്ലാഹുവിൽ നമ്മുടെ വിശ്വാസം പൂർണ്ണമായതുകൊണ്ടായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നതുകൊണ്ട് നമ്മുടെ അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള ശരിയായ അറിവ് നമുക്ക് കിട്ടിയിരിക്കുന്നു. നാം നമ്മുടെയുള്ളിൽ പരിശുദ്ധമായ ഈ മാറ്റം ഉണ്ടാക്കിക്കൊണ്ട്, നന്മ പ്രചരിപ്പിക്കുന്നവരും തിന്മയെ തടയുന്നവരുമായിത്തീരുമ്പോൾ, അന്യരും നമ്മളിലേക്ക് ശ്രദ്ധിക്കാൻ അത് ഇടയാക്കും. ഇവർ നന്മകൾ ചെയ്യുന്നത് അല്ലാഹുവിലുള്ള വിശ്വാസം കൊണ്ടാണെന്നും അല്ലാഹുവിനുവേണ്ടിയാണ് എല്ലാ പ്രവർത്തിയും ചെയ്യുന്നതെന്നും അവർ മനസ്സിലാക്കും. ഓരോ അഹ്മദിയും തങ്ങൾ ജോലിയെടുക്കുന്ന ചുറ്റുപാടുകളിൽ അല്ലെങ്കിൽ താമസിക്കുന്ന പരിസരങ്ങളിൽ തിരിച്ചറിയപ്പെടുന്നവരാണ്. നിങ്ങളുടെ മുഖങ്ങളിൽ നിന്ന്, നിങ്ങളുടെ അനക്കമടക്കങ്ങളിൽനിന്ന് നിങ്ങൾക്ക് തിന്മയോട് കഠിനമായ വെറുപ്പാണെന്ന് പ്രകടമായാൽ, തിന്മകളുടെ മജ്‌ലിസുകളിൽനിന്ന് എഴുന്നേറ്റുപോകുന്നവരിൽപ്പെട്ടവരാണെന്ന് അറിഞ്ഞാൽ, നിങ്ങളാരാണെന്ന് അറിയാൻ അവർ ശ്രദ്ധിക്കും. ഇങ്ങനെ നിങ്ങളിലോരോരുത്തരുടേയും വ്യക്തിത്വത്തിൽനിന്ന് നിങ്ങൾ നന്മകൾ പ്രചരിപ്പിക്കുന്നവരും തിന്മയെ തടയുന്നവരും അല്ലാഹുവുമായി ബന്ധം വയ്ക്കുന്നവരുമാണെന്ന് അവർക്ക് അറിയാൻ കഴിയും. അങ്ങനെ അവർ അടുത്തുവന്ന് നോക്കുമ്പോൾ, സൽപ്രകൃതക്കാരായവരുടെ ഹൃദയം അല്ലാഹു തുറക്കുകതന്നെ ചെയ്യും. എല്ലാ ജനതയും സൽപ്രകൃതക്കാരാണ്. അത്തരക്കാർ നിരവധിയാണ്. അതിനാൽ തബ്‌ലീഗ് ചെയ്യാൻ നിങ്ങളുടെ മാതൃക കാണിക്കേണ്ടതായി വരും. ഈ ചുറ്റുപാടിന്റെ തിന്മയിൽനിന്ന് രക്ഷപ്പെടുക. അവരുടെ സൽഗുണങ്ങൾ സ്വായത്തമാക്കിക്കൊള്ളുക. പക്ഷേ, അവരുടെ തിന്മയിലേക്ക് ഗൗനിച്ചുകൊണ്ട് അതിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കണം. നമ്മൾ ഉത്തമസമുദായമാണെന്ന് നിങ്ങൾക്ക് സ്ഥാപിച്ചു കാണിക്കേണ്ടിവരും. നമ്മുടെ വാക്കിലും പ്രവൃത്തിയിലും ഒരു വൈരുദ്ധ്യവും ഉണ്ടാവാൻ പാടില്ല. മനുഷ്യൻ ഏതൊരു ലക്ഷ്യത്തിന്നായിട്ടാണോ സൃഷ്ടിക്കപ്പെട്ടത് അത് അറിയുന്നവരാണ് നമ്മൾ. അതായത്, അല്ലാഹുവിനെ ആരാധിക്കുക. ഇങ്ങനെ ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരുടെ പ്രതിഫലവും ദൈവഭക്തിയിൽ നിലകൊള്ളുന്നവരുടെ രൂപത്തിൽ നമുക്ക് ലഭിക്കുന്നതാണ്. ഇല്ലെങ്കിൽ, താൽക്കാലികമായ പരിവർത്തനം ഉണ്ടാക്കുന്നവർക്ക് അല്ലെങ്കിൽ ഇരട്ടത്താപ്പ് കാണിക്കുന്നവർക്ക് ഈമാനികാവസ്ഥ കുറഞ്ഞ ആളുകൾക്ക് ഫലം കിട്ടുകയാണെങ്കിൽതന്നെ, അതായത് ബയ്അത്തുകൾ ലഭിച്ചാൽതന്നെ ഒന്നല്ലെങ്കിൽ അത് താൽക്കാലികമായിരിക്കും, (കുറച്ചു നേരത്തേക്ക് വന്ന് പിന്നെ പൊയ്ക്കളയും) ഇല്ലെങ്കിൽ ഒരു യഥാർത്ഥ അഹ്മദിയുടെ നിലവാരത്തിലുള്ള ബയ്അത്ത് ആയിരിക്കുകയില്ല അത്.

ഞാൻ പറയുന്ന കാര്യങ്ങൾ കേട്ടിട്ട് എണ്ണം വർദ്ധിപ്പിക്കുന്നതിനായി അതിന്റെ പിന്നാലെ കൂടണ്ട. ചിലരുടെ ശീലമാണ്, കേട്ടുടനെ ബയ്അത്ത് ചെയ്യിക്കുക എന്നത്. ദൈവഭക്തിയിൽ പുരോഗമിക്കുന്ന അഹ്മദികളുണ്ടാക്കാനാണ് ശ്രമിക്കേണ്ടത്. നിലവിലുള്ള അഹ്മദികളാണെങ്കിലും അവരുടെ മക്കളിൽ വർദ്ധനവുണ്ടെങ്കിലും അല്ലെങ്കിൽ പുതിയതായി വന്ന അഹ്മദികളിൽ വർദ്ധനവുണ്ടെങ്കിലും, അവർ നന്മയുടെ നിലവാരം മെച്ചപ്പെടുത്തുന്നവരും തഖ്‌വയിലൂടെ നടക്കുന്നവരും ആരാധനാകർമ്മങ്ങളിലേക്ക് ശ്രദ്ധിക്കുന്നവരുമല്ലെങ്കിൽ അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ദേശ്യം പൂർത്തീകരിക്കുന്നവരല്ല.

അത്തരക്കാർ ലക്ഷക്കണക്കിനുണ്ടെങ്കിലും നിഷ്ഫല മാണ്. അതുകൊണ്ട് ഇവിടുത്തെ അഹ്മദികളായവ രിൽ പുതിയവരാകട്ടെ പഴയവരാകട്ടെ ഒന്നുചേർന്നു കൊണ്ട് നിങ്ങളുടെ കുട്ടികളുടെ ശിക്ഷണത്തിന് ഗുണ പ്രദമായ പരിപാടികൾ ആസൂത്രണം ചെയ്യുക. എന്തെ ങ്കിലുമൊക്കെ കാര്യങ്ങൾ അവർക്കായി സ്വന്തമായിട്ടും ചെയ്യേണ്ടിവരും. ഓരോ അഹ്മദീകുട്ടിയും ഈ ശിക്ഷ ണംകൊണ്ട് ഉത്തമസമുദായത്തെ വിളിച്ചുപറയുന്ന ചിത്രമായിത്തീരണം. തബ്‌ലീഗ് രംഗത്തും നന്മകൾ പരത്തിയും തിന്മകൾ തടഞ്ഞും നബി(സ) തിരുമേ നിയുടെ സന്ദേശമെത്തിച്ചുകൊണ്ട് ഈ ജനതയെ ഉത്തമസമുദായത്തിന്റെ കടമ നിറവേറ്റുന്നവരായി ത്തീരുംവിധം ഉള്ളിലേക്ക് കൊണ്ടുവരിക. മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിച്ചെടുക്കുന്നതിനുള്ള ഏറ്റവും വലിയ മാർഗ്ഗം പള്ളികളാണെന്ന കാര്യം ഓർക്കുക. ഇതിനെ ക്കുറിച്ചും ഉപദേശിക്കാൻ ഞാൻ ആഗ്രഹിക്കുകയാ ണ്. ഇതുവരെ പള്ളിയുടെ രൂപത്തിൽ ഹോളണ്ടിൽ നമുക്ക് ഒരു പള്ളി മാത്രമേയുള്ളൂ. അത് ഹേഗിലാ ണ്. അത് നിർമ്മിച്ചിട്ട് ഏകദേശം അമ്പത് വർഷം കഴി ഞ്ഞിരിക്കുന്നു. ആ പള്ളിയുടെ ചെലവും അന്ന് വഹി ച്ചത് ലജ്ന ഇമായില്ലാഹ് അംഗങ്ങളായിരുന്നു. അവ രിലധികവും പാക്കിസ്ഥാൻകാരായിരുന്നു. പിന്നീട് ഈ നുൺസ്പീറ്റിലെ സെന്റർ വാങ്ങി. ഇവിടെ നാമിപ്പോൾ നമസ്കാരം അനുഷ്ഠിക്കുന്നു. ഇതും കേന്ദ്രം വാങ്ങി നൽകിയതാണ്. ഹോളണ്ടിലെ ജമാഅത്ത് ഇന്നേവരെ ഒരു പള്ളിയും നിർമ്മിച്ചിട്ടില്ല. ഇപ്പോൾ ഇവിടുത്തെ എണ്ണം നോക്കുമ്പോൾ പള്ളി നിർമ്മിക്കാൻ ഉദ്ദേശി ക്കുകയാണെങ്കിൽ ത്യാഗമനോഭാവമുണ്ടായാൽ ഓരോ ന്നോരോന്നായി നിങ്ങൾക്ക് പള്ളികൾ നിർമ്മിക്കാൻ കഴിയും. ഇതിന്റെ പ്രവർത്തനം തുടങ്ങിയാൽ അല്ലാഹു സഹായിക്കുകയും ചെയ്യും. ഇൻശാഅല്ലാഹ്.

ഉത്തമസമുദായമെന്നതിനുള്ള ഏറ്റവും വലിയ അടയാളം അല്ലാഹുവിൽ പരിപൂർണ്ണ വിശ്വാസമുണ്ടാ കുക എന്നതാണ്. അല്ലാഹുവിൽ വിശ്വാസമുണ്ടെ ങ്കിൽ അവനിൽ സർവ്വവും സമർപ്പിക്കുകയും ചെയ്യും. അതുകൊണ്ട് ഈ പള്ളിനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുക. ഇൻശാഅല്ലാഹ് ഞാൻ പറഞ്ഞതു പോലെ അല്ലാഹുവിന്റെ സഹായം ഉണ്ടാകുന്നതാണ്. ഇന്നലെ അമീർ സാഹിബും മുറബ്ബിമാരും മുബല്ലിഗു മാരും പങ്കെടുത്ത മീറ്റിംഗിൽ ഞാൻ പള്ളിനിർമ്മാണം തുടങ്ങുകയാണെങ്കിൽ ദൈവം ഇച്ഛിച്ചാൽ അത് പൂർത്തിയാവുകയും ചെയ്യുമെന്ന് പറഞ്ഞിരുന്നു. പണം എവിടുന്ന് വരും പള്ളിപണി എങ്ങനെ നടക്കു മെന്നോർത്ത് കൈവെക്കാൻ ഭയന്നുകൊണ്ടിരുന്നാൽ അതൊരിക്കലും നടക്കുകയില്ല. നിങ്ങൾ ഉറച്ച തീരു മാനമെടുക്കുക. ദൈവസഹായം ഉണ്ടാകും.

ദൈവാനുഗ്രഹത്താൽ അഹ്മദികൾ ഉറച്ചതീരുമാ നമെടുത്താൽ അല്ലാഹുവിന്റെ തൗഫീഖ് കൊണ്ട് അത് പൂർത്തീകരിക്കുകയും ചെയ്യും. അവരിൽ പ്രത്യേക മായ ഒരാവേശവും ഉണ്ടാകും. അതുകൊണ്ട് തെറ്റായ കണക്കുക്കൂട്ടലുകൾക്ക് വഴിപെടാതിരിക്കുക. നിങ്ങ ളുടെ തെറ്റായ കണക്കുക്കൂട്ടലുകൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സംബന്ധിച്ചുള്ള തെറ്റായ കണക്കു ക്കൂട്ടലായിത്തീരും. ഈമാനുണ്ടെങ്കിൽ അല്ലാഹു അ നുഗ്രഹം ചെയ്യുമെന്ന് ദൃഢമായും വിശ്വസിച്ചുകൊ ള്ളുക. ഈരണ്ട് വർഷം കൂടുമ്പോൾ ജമാഅത്തിന്റെ അംഗസംഖ്യ കൂടുതലുള്ള സ്ഥലങ്ങളിൽ ഒരു പള്ളി നിർമ്മിക്കണമെന്ന് തീരുമാനിക്കുകയാണെങ്കിൽ- രണ്ട് മൂന്ന് നഗരമേ ഇവിടെയുള്ളൂ- ജമാഅത്തുകൾ കൂടു തൽ വ്യാപിക്കുന്നതായിരിക്കും. ഞാൻ പറഞ്ഞതു പോലെ തബ്‌ലീഗും ചെയ്യുക. അതിനോടൊപ്പം പള്ളി നിർമ്മാണവും തുടങ്ങുക. ഇതൊരു ചെറിയ രാജ്യമാ ണ്. ഈ നാട്ടിൽ നിങ്ങൾ പള്ളിനിർമ്മിക്കുമ്പോൾ അതിന്റെ മിനാരങ്ങളിൽനിന്ന് അല്ലാഹുവിന്റെ ഏക ത്വത്തിന്റെ ശബ്ദം മുഴങ്ങുന്നതാണ്. നിങ്ങളുടെ കർമ്മ ങ്ങളും ആരാധനകളുടെ നിലവാരവും മെച്ചപ്പെടു കയും ചെയ്യും. അങ്ങനെ വരുമ്പോൾ തീർച്ചയായും ഇവരുടെ തെറ്റായ ധാരണകളും അകലുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാ യിത്തീരുകയും ചെയ്യും. യഥാർത്ഥ വസ്തുതയെക്കു റിച്ച് ഇവിടുത്തുകാർക്കും ബോധമുണ്ടാകും. ഇസ്‌ലാ മിനെക്കുറിച്ച് തങ്ങൾ മനസ്സിലാക്കുന്നതും മനസ്സിലാ ക്കിക്കൊണ്ടിരുന്നതും ഒന്നും വാസ്തവമല്ലെന്നും ഇത് നന്മയും സമാധാനവും പരത്തുന്ന ആളുകളുടെ മത മാണെന്നും അവർക്ക് ബോധ്യമാവുകയും ചെയ്യും. അതുകൊണ്ട് പ്രബോധനകർമ്മം നിർവ്വഹിക്കുന്നതോ ടൊപ്പം പള്ളിനിർമ്മാണത്തിലേക്കും ശ്രദ്ധിക്കുക. ലോകത്തെല്ലായിടത്തും ഇതിലേക്ക് ശ്രദ്ധയുണ്ടായിക്ക ഴിഞ്ഞിരിക്കുകയാണ്. അതിനാൽ ഹോളണ്ടിലെ ജമാ അത്തും പിന്നിലാകാൻ പാടില്ല. അവരും പള്ളി നിർമ്മാ ണത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഈ ആഹ്വാനത്തെ നിങ്ങൾ സ്വീകരിക്കുക. ഞാൻ പറഞ്ഞതുപോലെ എന്നാൽ പ്രബോധനരംഗത്ത് കൂടുതൽ വഴികൾ തുറ ക്കുന്നതായിരിക്കും. ജമാഅത്തിനെ കുറിച്ച്, ഇസ്‌ലാ മിനെക്കുറിച്ച് പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നെ ങ്കിൽ പള്ളികൾ നിർമ്മിക്കുക എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം പറഞ്ഞിട്ടുണ്ട്. പിന്നീട് പ്രബോധന ത്തിന്റെ വഴിയിലൂടെ ത്രിയേകത്വം എന്ന ബഹുദൈ വാരാധനയിൽ അകപ്പെട്ടുകിടക്കുന്ന ആളുകൾക്ക് തൗഹീദ് എന്താണെന്നും ശരിയായ മതമേതാണെന്നും അറിയാൻ കഴിയും.

എല്ലാ അഹ്മദികളും ഹദ്റത്ത് മസീഹ് മൗഊ ദ്(അ)നെ മസീഹും മഹ്ദിയുമായി വിശ്വസിച്ചതിനു ശേഷം ആ ബയ്അത്ത് ഉടമ്പടിയെ നിറവേറ്റുന്നവരാ ണെന്ന് പറയപ്പെടുന്നത് അവർ തൗഹീദിന്റെ സംസ്ഥാ പനത്തിനായി പൂർണ്ണമായും പരിശ്രമിക്കുമ്പോഴാണ്. കാരണം ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊ ദ്(അ)ന്റെ ആഗമനോദ്ദേശ്യം. അവിടന്ന് പറയുന്നു: "ദൈവികാടയാളങ്ങളോടൊപ്പം അല്ലാഹുവിന്റെ ഏകത്വം വീണ്ടും ലോകത്ത് സ്ഥാപിക്കുക എന്ന താണ് എന്റെ വരവിന്റെ ഉദ്ദേശ്യം"

അല്ലാഹു എല്ലാ അഹ്മദികൾക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. നിങ്ങൾ സദുദ്ദേശ്യത്തോ

പേജ് 13-ൽ

# ലജ്നഇമാഇല്ലായുടെ കർത്തവ്യങ്ങൾ

**(2006-ലെ കേന്ദ്ര ലജ്നാ ഇമായില്ലാഹ് ഇജ്തിമായിൽ ചെയ്ത പ്രസംഗം)**

**എ**നിക്ക് എത്രയും ബഹുമാന്യരായ ഉമ്മമാരെ, സഹോദരികളെ, പ്രിയപ്പെട്ട നാസിറാത്തുൽ അഹ്മദിയ്യാ കുട്ടികളേ,

നമ്മുടെ 12-ാമത് കേന്ദ്രഇജ്തിമാഅ് വളരെ നല്ല നിലയിൽ സമാപിച്ചതിന് ആദ്യം ഞാൻ അല്ലാഹുവിന് നന്ദി പറയുകയാണ്.

ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു. ഞാൻ തിരുനബി(സ)ൽനിന്ന് ഈ ദുആ പഠിച്ചു. "അല്ലാഹുവേ, എനിക്ക് നിന്നോടുള്ള നന്ദി യഥാവിധി നിർവ്വഹിക്കുന്നതിനും നിന്നെ ധാരാളമായി സ്മരിക്കുന്നതിനും നീ പറയുന്നതനുസരിച്ച് ജീവിക്കുന്നതിനും നിന്റെ കല്പനകൾ അനുസരിക്കുന്നതിനും തൗഫീഖ് നൽകേണമേ."

ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു. ഞാൻ ധാരാളമായി ഈ ദുആ ചെയ്യാറുണ്ട്. "അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു. തിരുനബി(സ) പറഞ്ഞു. "സ്തുതി നന്ദിയുടെ ഉറവിടമാണ്. അല്ലാഹുവിനെ സ്തുതിക്കാത്തവനാരോ അവൻ അല്ലാഹുവിനോട് നന്ദി കാണിക്കാത്തവനാണ്."

ഈ ഹദീസുകളുടെ വെളിച്ചത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില പദ്യശകലങ്ങൾകൊണ്ട് ഞാൻ അല്ലാഹുവിനോട് നന്ദി പറയുകയാണ്.

നിന്റെ അനുഗ്രഹങ്ങൾക്ക് ഒരു കുറവുമില്ല. അത് ലഭ്യമാകാത്ത ഒരു നിമിഷംപോലുമില്ല. നിന്റെ അനുഗ്രഹങ്ങളേയും കാരുണ്യത്തേയും എണ്ണികണക്കാക്കാൻ സാധ്യമല്ല. എനിക്കിപ്പോൾ അതിന് നന്ദി പറയാൻ ശക്തിയില്ല. എന്റെ മാർഗ്ഗദർശകാ! നിന്റെ അനുഗ്രഹാശിസ്സുകൾ അത്ഭുതം തന്നെ. എന്റെ ശത്രുക്കളെ നിന്ദ്യനാക്കിയവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നമ്മുടെമേൽ അല്ലാഹുവിന്റെ വാത്സല്യകടാക്ഷങ്ങൾ അനേകമാണ്. അവന്റെ ഏതെങ്കിലും അനുഗ്രഹം കുറവുള്ളതായിട്ടില്ലതന്നെ. ഇപ്പോൾ ഖാദിയാൻ അന്തസ്സുള്ളതും ജനബാഹുല്യമുള്ളതുമായിരിക്കുന്നു.

ഈ ഇജ്തിമായിൽ പങ്കെടുത്ത എല്ലാ അംഗങ്ങളേയും ഞാൻ സ്വാഗതം ചെയ്യുന്നു. ജമാഅത്തിന്റെ കേന്ദ്രത്തിലേക്കുള്ള നിങ്ങളുടെ വരവ് എല്ലാ നിലക്കും അനുഗ്രഹീതമായിത്തീരട്ടെ. ഏതൊരു ലക്ഷ്യം വെച്ചുകൊണ്ടാണോ നിങ്ങളിവിടെ ഒരുമിച്ചുകൂടിയിരിക്കുന്നത് ആ ലക്ഷ്യം ഏറ്റവും ഉത്തമമായ നിലയിൽ പൂർത്തീകരിച്ചുതരുമാറാകട്ടെ.

ഈ ഇജ്തിമായിൽ 52 സ്ഥലങ്ങളിൽനിന്ന് 151 അംഗങ്ങൾ പങ്കെടുത്തു. കഴിഞ്ഞകൊല്ലം 21 സ്ഥലങ്ങളിൽനിന്ന് 102 അംഗങ്ങൾ പങ്കെടുത്തിരുന്നു. ഈ കൊല്ലം എണ്ണത്തിലും വർദ്ധനവുണ്ടായിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം എപ്പോഴും നമ്മുടെ കൂടെയുണ്ടാവട്ടെ. ഭാരത ലജ്ന ഇമാഇല്ലാഹ് എല്ലാ രംഗങ്ങളിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുമാറാകട്ടെ. ആമീൻ.

അല്ലാഹു വിശുദ്ധഖുർആനിൽ തിരുനബി(സ)നെ സംബോധന ചെയ്തുകൊണ്ട് പറയുന്നു. "അല്ലയോ നബി, ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുക. എന്തുകൊണ്ടെന്നാൽ, ഓർമ്മിപ്പിക്കൽ സത്യവിശ്വാസികൾക്ക് പ്രയോജനം ചെയ്യുന്നതാണ്."

സൂറത്തുൽ അഅ്ലായിൽ പറയുന്നു. "നീ ഉപദേശിക്കുക. ഉപദേശം എപ്പോഴും പ്രയോജനം ചെയ്യുന്നതാണ്. ഭയപ്പെടുന്നവർ തീർച്ചയായും ഉപദേശം സ്വീകരിക്കുന്നതാണ്. ഇതിന്നെതിരിൽ ദുർഭഗനായ ഏതൊരുവനും ഇതിൽനിന്ന് പിന്തിരിഞ്ഞു നിൽക്കുകതന്നെ ചെയ്യും."

സമൂഹത്തിന്റെ ശിക്ഷണത്തിനും പരിവർത്തനത്തിനും ആവർത്തിച്ച് ഉപദേശിച്ചുകൊണ്ടിരിക്കുകയും കാണാനും കേൾക്കാനും സാധിക്കുന്ന തിന്മകളിൽനിന്ന് അവരെ തടയുകയും ഇസ്‌ലാമികസമൂഹത്തിൽ ജീവിക്കുമ്പോൾ നമ്മിൽ അർപ്പിതമായിരിക്കുന്ന ചുമതലകളിലേക്ക് ശ്രദ്ധ ചെലുത്തുകയും ചെയ്യുക എന്നതും വളരെ നിർബന്ധമാണ്.

ഹദീസിൽ വന്നിരിക്കുന്നു; തിരുനബി(സ) പറഞ്ഞു. ആരിലെങ്കിലും തെറ്റ് കണ്ടാൽ ആദ്യം അയാൾക്ക് വേണ്ടി 40 ദിവസം തുടർച്ചയായി ദുആ ചെയ്യണം. അയാളുടെ ന്യൂനതയെ പരസ്യപ്പെടുത്തരുത്. മറച്ചുവെക്കേണ്ടതാണ്.

പ്രിയമുള്ളവരെ അല്ലാഹു അവന്റെ പ്രത്യേക അനുഗ്രഹംകൊണ്ട് ഇക്കാലത്തെ ഇമാമിനെ തിരിച്ചറിയാനും വിശ്വസിക്കാനും തൗഫീഖ് തന്നിരിക്കുന്നു എന്നതിൽ നാം ഭാഗ്യവതികളാണ്. അൽഹംദുലില്ലാഹ്. ഈ കാലഘട്ടത്തിൽ നമുക്ക് കിട്ടിയ ഏറ്റവും വലിയ സമ്മാനമാണിത്. പക്ഷേ, ഈ സമ്മാനത്തെ നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെയുള്ളിൽ മാറ്റങ്ങൾ വരുത്താൻ ശ്രമിക്കുമ്പോഴാണ്. ഈ പ്രസ്ഥാനം അല്ലാഹു സ്ഥാപിച്ചതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു നൽകിയ വാഗ്ദാനങ്ങളെല്ലാം പൂർത്തീകരിക്കപ്പെടും അഹ്മദിയ്യത്ത് അഭിവൃദ്ധിപ്പെടും എന്നീ കാര്യങ്ങളിൽ സംശയങ്ങളില്ലതന്നെ. പക്ഷേ, ഈ അഭിവൃദ്ധിയിൽ നമ്മുടെ പരിശ്രമമില്ലെങ്കിൽ നാം നിർഭാഗ്യവാന്മാരായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പത്താമത്തെ ബയ്അത്ത് നിബന്ധനയിൽ പറയുന്നു. "നല്ല കാര്യങ്ങളിൽ അനുസരണം പുലർത്തും എന്ന് സമ്മതിക്കുന്നതോ

ടൊപ്പം കുടുംബബന്ധങ്ങളിലോ ഭൗതികമായ ഇതര ബന്ധങ്ങളിലോ സേവക ഭാവങ്ങളിലോ കാണപ്പെടാത്ത തരത്തിലുള്ള ഒരു സുദൃഢസാഹോദര്യബന്ധം ഈ വിനീതനുമായി പുലർത്തുന്നതും അത് മരണം വരെ നിലനിർത്തിപോരുന്നതുമാണ്."

ഈ ബയ്അത്ത് നിബന്ധനയെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹു) പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം അതാത് കാലത്തെ ഖലീഫമാരുമായും സാഹോദര്യബന്ധം നിലനിറുത്തണമെന്നത് നിർബന്ധമാണ്. ഈ നിബന്ധനയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മിൽ നിന്ന് വാങ്ങുന്ന പ്രതിജ്ഞ ഇതാണ്. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണെന്നനിലയിൽ ഈ പ്രസ്ഥാനത്തിൽ ചേർന്നുകൊണ്ട് നിങ്ങൾ എന്നോട് സാഹോദര്യബന്ധം നിലനിറുത്തും എന്നത് ശരിതന്നെ. എന്നാൽ, ഇവിടെ ഏതൊരു സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ബന്ധമാണോ സ്ഥാപിതമാകുന്നത് അത് അതിനേക്കാളും മികച്ചു നിൽക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ, ഇവിടെ തുല്യതയുള്ള ബന്ധമോ സാഹോദര്യമോ അല്ല സ്ഥാപിതമാകുന്നത്. മറിച്ച്, വരാനിരിക്കുന്ന വാഗ്ദത്ത മസീഹിനെ വിശ്വസിക്കണമെന്നത് അല്ലാഹുവിന്റേയും തിരുദൂതന്റേയും കല്പനയായതുകൊണ്ട് ഈ ബന്ധം അല്ലാഹുവിനുവേണ്ടി സ്ഥാപിക്കുന്നു എന്ന് പ്രതിജ്ഞയെടുക്കുകയാണ്. അല്ലാഹുവിന്റെ ദീനിന്റെ ഉന്നമനത്തിനും ഇസ്ലാമിനെ ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി ഈ ബന്ധം സ്ഥാപിക്കുകയാണ്. അതുകൊണ്ട് ഈ ബന്ധവും പ്രതിജ്ഞയും നിലനിൽക്കുന്നതിന് നല്ല കാര്യങ്ങളിൽ അനുസരണം പുലർത്തുകയും മരണം വരെ ഈ പ്രതിജ്ഞയെ പൂർത്തീകരിക്കുകയും ചെയ്യുമെന്ന് പ്രതിജ്ഞയെടുക്കേണ്ടതാണ്. കൂടാതെ ഈ ബന്ധം ഇവിടെവച്ച് നിന്നുപോകാതെ ഓരോ ദിവസവും ഇതിന് കൂടുതൽ ശക്തി വർദ്ധിപ്പിക്കുകയും മറ്റ് ഭൗതികമായ കുടുംബങ്ങളും സുഹൃത്തുക്കളും ഇതര ബന്ധങ്ങളും ഇതിന്നെതിരിൽ ഒന്നുമല്ലാത്ത നിലയിൽ ഉന്നതവും ശക്തവുമായി മാറണം. ഇതിന്നെതിരിൽ മറ്റെല്ലാ ബന്ധങ്ങളും കുടുംബങ്ങളും അയഥാർത്ഥമാണെന്ന് തോന്നുമാറ് തുല്യതയില്ലാത്ത ശക്തമായ ബന്ധമായിരിക്കണം ഇത്.

നിങ്ങൾ ബയ്അത്ത് ചെയ്യുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്ത് വ്യവസ്ഥിതിയിൽ പങ്കെടുക്കുകയും ചെയ്തുകൊണ്ട് നിങ്ങളുടേതെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് കൊടുത്തിരിക്കുകയാണ്. ഇനി നിങ്ങൾ അദ്ദേഹത്തിന്റെ കല്പനകളും അദ്ധ്യാപനങ്ങളും അനുസരിക്കുകയാണ് വേണ്ടത്. ഇപ്പോൾ അദ്ദേഹത്തിന്റെ ഖിലാഫത്ത് വ്യവസ്ഥിതി നിലവിലുണ്ട്. ആയതിനാൽ ഖലീഫയുടെ കല്പനകളും ആജ്ഞകളും അനുസരിക്കൽ നിങ്ങളുടെ കർത്തവ്യമാണ്."

പ്രിയസഹോദരിമാരെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹുല്ലാഹ്) ഖിലാഫത്ത് സ്ഥാനത്ത് ഉപവിഷ്ഠനായതുമുതൽ അദ്ദേഹത്തിന്റെ എല്ലാ ഖുത്ബകളിലും പ്രസംഗങ്ങളിലും തർബിയത്തിന്റെ അതിസൂക്ഷ്മമായ വിഷയങ്ങൾ നിറഞ്ഞുനിൽക്കുന്നതായി കാണാം. ചിലപ്പോൾ അദ്ദേഹം ഭാരവാഹികളുടെ ചുമതലകളിലേക്ക് ശ്രദ്ധ ചെലുത്തുന്നു. കുട്ടികളുടെ ശരിയായ ശിക്ഷണത്തിലേക്കും നമസ്കാരാനുഷ്ഠാനത്തിലേക്കും വിനയം, ലാളിത്യം, പ്രസന്നഭാവം എന്നീ സൽസ്വഭാവങ്ങളിലേക്കും ശ്രദ്ധ ചെലുത്തുന്നു. ആരാധനയുടേയും ദുആകളുടേയും പ്രാധാന്യത്തെപറ്റി ഊന്നിപ്പറയുന്നു. സമാധാനത്തേയും സാഹോദര്യത്തേയും സംബന്ധിച്ച ഇസ്ലാമികാദ്ധ്യാപനങ്ങളിലേക്ക് വെളിച്ചം വീശുന്നു. ചിലപ്പോൾ സമൂഹത്തിലുള്ള ഊഹങ്ങൾ, പരദൂഷണം, അന്യരുടെ സ്ഥിതികൾ ചുഴിഞ്ഞുനോക്കൽ തുടങ്ങിയ തിന്മകളിൽ നിന്ന് സുരക്ഷിതരാകുന്നതിനും പരദൂഷണം, കളവ്, അപവാദം തുടങ്ങിയ നാശകാരികളായ രോഗങ്ങളെ ഉപേക്ഷിക്കുന്നതിനും യുക്തിപൂർവ്വം ഉപദേശങ്ങൾ നൽകുന്നു. ഇസ്ലാമികസമൂഹത്തിൽ പർദ്ദയുടെ മഹത്തായ അദ്ധ്യാപനങ്ങൾ നടപ്പിലാക്കുന്നതിന് ശ്രദ്ധ ചെലുത്തുന്നു. ചുരുക്കത്തിൽ അദ്ദേഹം ഖുത്ബയിൽ പറയാത്ത ഒരു തർബിയത്ത് വിഷയവും ഇല്ല. എല്ലാ തർബിയ്യത്ത് വിഷയങ്ങളിലേക്കും നമുക്ക് മാർഗ്ഗദർശനം തന്നുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഖുത്ബകളും പ്രസംഗങ്ങളും വർത്തമാനകാലത്തിന് അത്യാവശ്യമായ ആഹ്വാനങ്ങളാണ്. നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത് പ്രതിജ്ഞയെടുത്തവരാണെന്ന് അവകാശപ്പെടുന്നവരും അദ്ദേഹത്തെ സത്യസന്ധമായി സ്നേഹിക്കുന്നവരുമാണെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധിയായ കാലത്തിന്റെ ഖലീഫയെ പരിപൂർണ്ണമായും അനുസരിക്കുക എന്നത് നമ്മുടെ നിർബന്ധകടമയാണ്.

ഹുസൂർ അൻവർ(അയ്യദഹു)ന്റെ 2006 മെയ് 26 -ലെ ഒരു പ്രധാനപ്പെട്ട ഖുത്ബ എല്ലാ മജ്ലിസുകളിലേക്കും സർക്കുലർ മുഖേന അയച്ചുകൊണ്ട് അത് ആവർത്തിച്ച് യോഗങ്ങളിൽ കേൾപ്പിച്ചുകൊണ്ടിരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അത് എല്ലാ മെമ്പർമാരും കേൾക്കുകയും അത് പ്രകാരം പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടാകുമെന്ന് വിശ്വസിക്കുന്നു.

ഹുസൂർ അരുളുന്നു. 'ചിലർ മറ്റുള്ളവരോടുള്ള വിരോധം കൊണ്ടോ, തെറ്റിധാരണയോ, ദുഷ്ചിന്തയോ കാരണത്താലോ തങ്ങളുടെ ഉള്ളിൽ എത്രമാത്രം വെറുപ്പ് പേറിനടക്കുന്നുവെന്നുവെച്ചാൽ അവരുടെ സ്ഥാനം മറ്റുള്ളവരുടെ മുമ്പിൽ താഴ്ത്തികാണിക്കുന്നതിനും അപമാനിക്കുന്നതിനും വേണ്ടി അവരുടെ പേരിൽ നുണ പറഞ്ഞുണ്ടാക്കി പ്രചരിപ്പിക്കാൻ തുടങ്ങുന്നു. ചിലർ ഇക്കാര്യത്തിൽ എത്രമാത്രം മോശമായിരിക്കുന്നുവെന്നുവെച്ചാൽ തന്റെ അന്തസ്സിന്റെ കാര്യംപോലും മറന്നുപോകുന്നു. ഇക്കാര്യങ്ങൾ ഇന്ത്യാ-പാക്കിസ്ഥാൻ സമൂഹത്തിൽ സർവ്വസാധാരണയാണ്. അഭ്യസ്ഥവിദ്യരായവർപോലും ഇത്തരം

തരംതാണ ചിന്ത വെച്ചുനടക്കുന്നവരാണെന്നതാണ് ഏറെ ആശ്ചര്യകരം. ഇവർ ലോകത്ത് എവിടെ പോവുകയാണെങ്കിലും ഇവർക്ക് തങ്ങളുടെ ഈ മ്ലേച്ഛസ്വഭാവത്തെ മാറ്റുവാൻ കഴിയുകയില്ല. അല്ലെങ്കിൽ അവരത് മാറ്റുവാൻ ആഗ്രഹിക്കുന്നില്ല. ഈ തിന്മകൾ നമ്മുടെ മുൻഗാമികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ൽ ബയ്അത്ത് ചെയ്തുകൊണ്ട് ഉപേക്ഷിച്ചതായിരുന്നു. അന്യരുമായി കൂടുതൽ ഇടപഴകുന്നതുകൊണ്ട് ചിലരുടെ സന്താനങ്ങളെ ആ തിന്മകൾ വീണ്ടും സ്വാധീനിക്കുന്നുണ്ട്. അഹ്മദീസമൂഹം ഈതിന്മകളിൽ നിന്ന് പരിപൂർണ്ണമായും പവിത്രവും പരിശുദ്ധവുമായിരിക്കണം. അതുകൊണ്ട് ജമാഅത്ത് വ്യവസ്ഥിതിയും പോഷക സംഘടനകളും പ്രത്യേകമായനിലയിൽ അസൂയ, തെറ്റായ ധാരണ, സംശയം, മറ്റുള്ളവരെ കൊച്ചാക്കൽ, കളവ് തുടങ്ങിയ എല്ലാ തിന്മകളേയും ഇല്ലാതാക്കാൻ പ്രവർത്തിക്കേണ്ടതാണ്. ഓരോ തിന്മയേയും പരാമർശിച്ചുകൊണ്ട് കുറച്ചുനാൾ മുമ്പേവരെ ഞാൻ വിശദീകരിച്ച് ഖുത്ബ കൊടുത്തിട്ടുള്ളതാണ്. കാലത്തിന്റെ ഖലീഫ എന്തെങ്കിലും കാര്യത്തെക്കുറിച്ച് ഉപദേശിച്ചാൽ ഒന്നാമത്തെ സംബോധിതൻ താൻതന്നെയാണെന്ന് ഓരോ അഹ്മദിയും മനസ്സിലാക്കുക. സ്വയം നന്നാക്കാനും സമൂഹത്തിൽനിന്ന് അഴുക്ക് അവസാനിപ്പിക്കാനും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കാനും ആഗ്രഹിക്കുന്നെങ്കിൽ ഈ ദോഷങ്ങളെയെല്ലാം ഹൃദയത്തിൽനിന്നകറ്റുക. ഇതുസംബന്ധമായി അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: "ഇത് പ്രധാനപ്പെട്ട ഒരു രോഗമാണ്. അത് മനുഷ്യന്റെ ഉള്ളിൽനിന്നും ആത്മീയത നഷ്ടപ്പെടുത്തുന്നു. സമൂഹത്തിലെ സമാധാനവും ശാന്തിയും നശിപ്പിക്കുന്നു."

ഹുസൂർ പറഞ്ഞു. മറ്റുള്ളവരിൽ ന്യൂനതകൾ ആരോപിക്കുന്നവനെ അല്ലാഹു ദുർമാർഗ്ഗി എന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചിരിക്കുന്ന ഓരോ അഹ്മദിയും സ്വയം ഈ ചീത്തപ്പേരിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. മറ്റുള്ളവരിൽ ന്യൂനതകൾ ആരോപിക്കന്നതിന് പകരം ഓരോരുത്തരും അവരവരുടെ ഈമാനെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. തിരുനബി(സ) അരുളി. ഒരുവന് തന്റെ സഹോദരന്റെ കണ്ണിലെ കച്ചിത്തുരുമ്പ് കാണാൻ കഴിയും. പക്ഷേ, സ്വന്തം കണ്ണിൽ കിടക്കുന്ന കഴുക്കോൽ അവൻ കാണാതെ പോവുന്നു. നബി(സ) അരുളുന്നു. ദുർവിചാരങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുക. കാരണം ദുർവിചാരം കഠിനമായ കളവാണ്. പരസ്പരം ന്യൂനതകൾ ചുഴിഞ്ഞുനോക്കരുത്. സഹോദരനെതിരിൽ ചാരവൃത്തി നടത്തരുത്. അതിമോഹം അരുത്. അസൂയപ്പെടരുത്. ശത്രുത പുലർത്തരുത്. അശ്രദ്ധയോടെ പെരുമാറരുത്. അല്ലാഹു കല്പിച്ചതുപോലെ അവന്റെ അടിയാന്മാർ പരസ്പരം സഹോദരന്മാരായി കഴിയുക. മുസ്ലിംകൾ പരസ്പരം സഹോദരങ്ങളാണ്. അവർ അക്രമം പ്രവർത്തിക്കുകയില്ല. അപമാനിക്കുകയില്ല. നിന്ദിക്കുകയുമില്ല. തന്റെ നെഞ്ചിലേക്ക് ചൂണ്ടിക്കൊണ്ട് നബി(സ) പറഞ്ഞു. തഖ്‌വ ഇവിടെയാണ് തഖ്‌വ ഇവിടെയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. കുഴപ്പമുണ്ടാകുന്ന സംസാരം വർജ്ജിക്കുവിൻ. ദോഷങ്ങളെ വ്യാപിപ്പിക്കാതിരിക്കുവിൻ. തെറി കേൾക്കുമ്പോൾ ക്ഷമിക്കുവിൻ. ആരേയും എതിർക്കാതിരിക്കുവിൻ. എതിർക്കുന്നവരോടും നല്ലനിലയിൽ പെരുമാറുവിൻ. നല്ലതുമാത്രം സംസാരിക്കുന്ന ഉത്തമ മാതൃക കാഴ്ച വെക്കുവിൻ. എല്ലാ ഓരോ കല്പനയും സത്യസന്ധമായി അനുസരിക്കുവിൻ; അല്ലാഹു തൃപ്തിപ്പെടുന്നതിനുവേണ്ടി. ഇയാൾ ബയ്അത്ത് ചെയ്തതിനുശേഷം ആദ്യത്തെപോലുള്ള മനുഷ്യനല്ല എന്ന് ശത്രുപോലും മനസ്സിലാക്കുമാറാകണം.

വീണ്ടും പറയുന്നു. നോക്കുവിൻ നിങ്ങൾ ഇപ്പോൾ ബയ്അത്ത് ചെയ്യുകയും പ്രതിജ്ഞ എടുക്കുകയും ചെയ്തിരിക്കുന്നു. അത് നാവുകൊണ്ട് പറയാൻ എളുപ്പമാണ്. പക്ഷേ, പ്രവർത്തിക്കാൻ ബുദ്ധിമുട്ടാണ്. ശയ്ത്താൻ മനുഷ്യനെ ദീനിൽനിന്ന് അശ്രദ്ധനാക്കാൻ തുനിഞ്ഞിരിക്കുകയാണ്. അവന്റെ പ്രയോജനങ്ങളെ എളുപ്പമാക്കികാണിക്കുകയും ദീനിനെ ദൂരെയാക്കുകയും ചെയ്തുകൊണ്ട് ഹൃദയത്തെ കഠിനമാക്കി സ്ഥിതി മുമ്പത്തേക്കാളും മോശമാക്കുന്നു. നിങ്ങൾ അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഈ പാപങ്ങളിൽനിന്ന് സുരക്ഷിതരാകാൻ ശ്രമിക്കുമെന്ന് പറഞ്ഞ് എടുത്ത പ്രതിജ്ഞയെ സർവ്വവിധേനയും പൂർത്തിയാക്കാൻ തയ്യാറായിരിക്കേണ്ടതാണ്.

ഈ അവസരത്തിൽ ഞാൻ നിങ്ങളുടെ ശ്രദ്ധ ചെലുത്താൻ ഉദ്ദേശിക്കുന്ന മറ്റൊരു കാര്യം ഇസ്ലാമിക പർദ്ദയാണ്. ഇതിന്റെ മറ്റൊരു അർത്ഥം ലജ്ജ എന്നുകൂടിയാണ്. ഹദ്റത്ത് അനസ്(റ) പറയുന്നു. തിരുനബി(സ) പറഞ്ഞു. ലജ്ജയില്ലായ്മ, അത് പ്രകടിപ്പിക്കുന്ന ഓരോരുത്തരേയും വികൃതമാക്കുന്നു. മറ്റൊരു സ്ഥലത്ത് പറഞ്ഞത് ലജ്ജയില്ലായ്മ തന്റെ ഓരോ നിർലജ്ജരേയും വികൃതമാക്കുന്നു; നാണവും ലജ്ജയും ഓരോ ലജ്ജാശീലർക്കും ആകൃതി നൽകുകയും ഭംഗി പ്രദാനം ചെയ്യുകയും ചെയ്യുന്നു.

ഹദ്റത്ത് ഉസ്മാൻ(റ)നെ സംബന്ധിച്ച് പറയപ്പെടുന്നു. അദ്ദേഹം വളരെ ലജ്ജയുള്ള ആളായിരുന്നു. ഏതുവരെയെന്നുവെച്ചാൽ ഏതെങ്കിലും സദസ്സിലിരിക്കുമ്പോൾ അദ്ദേഹത്തിന്റെ കാലിന്റെ മുകൾവശം വെളിപ്പെട്ടിട്ടുണ്ടെങ്കിൽ അതും മറക്കുമായിരുന്നു.

സ്ത്രീകളോട് വിശുദ്ധഖുർആനാണ് പർദ്ദയെ സംബന്ധിച്ച കല്പന നൽകിക്കൊണ്ട് ശരീരം മറച്ച് വെക്കണമെന്ന് പറഞ്ഞിരിക്കുന്നത്. പർദ്ദ സ്ത്രീകളുടെ പരിശുദ്ധിയെ സംരക്ഷിക്കുന്നു. അഹ്മദി പെൺകുട്ടികൾ തങ്ങളുടെ ശരീരം മുഴുവനും മൂടത്തക്കനിലയിൽ വസ്ത്രം ധരിക്കേണ്ടാണ്. അതിലാണ് അവരുടെ അച്ചടക്കം. സ്ത്രീകളുടെ സദസ്സാണെങ്കിലും വിവാഹാവസരങ്ങളാണെങ്കിലും പർദ്ദയോടുകൂടിയ വസ്ത്രമാണെങ്കിൽ നിങ്ങളുടെ ചിന്തകളും പരിശുദ്ധമായി നിലനിൽക്കും. ഇസ്ലാമിക നിയമങ്ങൾ പ്രകാരം പ്രവർത്തി

ക്കുന്നതിലാണ് ബർക്കത്ത് (അനുഗ്രഹം) ഉള്ളത്.

ഹുസൂർ(അയ്യദഹുല്ലാഹ്) അരുളുന്നു. പിന്നോക്കാവസ്ഥയിലുള്ളവരും പുതുതായി ജമാഅത്തിൽ ചേരുന്നവരും തങ്ങൾക്ക് കിട്ടുന്ന തർബിയ്യത്തിനനുസരിച്ച് തങ്ങളുടെ വസ്ത്രങ്ങളിലും മാറ്റങ്ങൾ വരുത്തി പർദ്ദയിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. നാം ലോകത്തിന് തർബിയ്യത്ത് കൊടുക്കുമെന്ന് അവകാശപ്പെടുന്നവരാണ്. ആയതിനാൽ ഇസ്‌ലാമിക കല്പനകളും പൈതൃകങ്ങളും അനുസരിക്കാത്ത നമ്മിൽപെട്ടവരെ കാണുമ്പോൾ നാം കൂടുതൽ വ്യാകുലരാകേണ്ടതാണ്.

വിശുദ്ധഖുർആനിലെ കല്പനകളിൽ ഒന്ന് സ്ത്രീകളുടെ ലജ്ജയും പർദ്ദയുമാണ്. അല്ലാഹു പറയുന്നു. നിങ്ങളുടെ സൗന്ദര്യം അന്യപുരുഷന്മാരുടെ മുമ്പിൽ വെളിപ്പെടുത്തരുത്. അതായത്, നിങ്ങളുടെ അടുത്ത കുടുംബബന്ധത്തിലല്ലാത്തവരുടെ മുമ്പിൽ. അവരുടെ മുമ്പിൽ മറയ്ക്കാതെ പോകരുത്. പുറത്തിറങ്ങുമ്പോൾ നിങ്ങളുടെ തലയും മുഖവും മറച്ചിരിക്കണം. നിങ്ങളുടെ വസ്ത്രം ഒതുക്കമുള്ളതായിരിക്കണം. അന്യരെ ആകർഷിക്കുന്ന തരത്തിലുള്ളതാവാൻ പാടുള്ളതല്ല. ചില പെൺകുട്ടികൾ ജോലി കാരണം ഇസ്‌ലാമികമല്ലാത്ത വസ്ത്രം ധരിക്കേണ്ടിവരുന്നുവെന്ന് പറയുന്നു. അവർക്ക് ജോലി കാരണം നഗ്നത വെളിപ്പെടുന്ന വസ്ത്രം ധരിക്കേണ്ടിവരുന്നുവെങ്കിൽ അത്തരം ജോലികൾ ചെയ്യരുത്. മാത്രമല്ല, നിങ്ങളുടെ കാൽവെപ്പും നടത്തവും ജനശ്രദ്ധ നിങ്ങളിലേക്ക് തിരിയുംവിധമാകരുത് എന്നതാണ് കല്പന. ആയതിനാൽ അഹ്മദിസ്ത്രീകൾ വിശുദ്ധഖുർആന്റെ ഈ കല്പനയെ അനുസരിച്ചുകൊണ്ട് തങ്ങളുടെ വസ്ത്രത്തേയും പർദ്ദയേയും സംരക്ഷിക്കേണ്ടതാണ്.

മറ്റൊന്ന് ടെലിവിഷൻ മുഖേന ചില തിന്മകളും, നഗ്നതയും, നിർലജ്ജയും വീടിനുള്ളിൽ കടന്നുകൂടിയിരിക്കുകയാണ്. ഓരോ അഹ്മദിസ്ത്രീകളും ഇത്തരം തിന്മകളിൽനിന്ന് രക്ഷപ്പെട്ടിരിക്കണം. നിങ്ങളുടെ സ്ഥാനത്തെ മറന്നുകൊണ്ട് ഫാഷനിൽ നിങ്ങൾ അതിര് കവിയരുത്. മറ്റുള്ളവരുടെ ദൃഷ്ടി നിങ്ങളിലേക്ക് പതിയുന്ന ഒരവസ്ഥ നിങ്ങൾ ഉണ്ടാക്കരുത്. അഹ്മദിസ്ത്രീകൾ പ്രത്യേകിച്ച്, കോളേജിലും യൂനിവേഴ്സിറ്റികളിലും പഠിക്കുന്ന പെൺകുട്ടികൾ തങ്ങളിൽ സവിശേഷമായ വ്യക്തിത്വം നിലനിറുത്തേണ്ടതാണ്. അവരിലും മറ്റുള്ളവരിലും വ്യത്യാസം ഉണ്ടായിരിക്കണം. അന്യപുരുഷന്മാരും സ്ത്രീകളും അവരിലേക്ക് ആകർഷിക്കാത്ത നിലയിലുള്ളതായിരിക്കണം അവരുടെ വസ്ത്രവും ജീവിതസാഹചര്യങ്ങളും. നവസംസ്കാരത്തിന്റെ പേരിൽ അഹ്മദീപെൺകുട്ടിയുടെ ജീവിതം അനഹ്മദിയുമായി വ്യത്യാസം പ്രകടമാകാത്തരീതിയിലാകരുത്. തങ്ങളുടെ മക്കളെ നിരീക്ഷിച്ചുകൊണ്ടിരിക്കുക എന്നത് അഹ്മദി മാതാക്കളുടെ ചുമതലയാണ്. അവരെ സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരിക്കണം. ബാല്യകാലത്ത്തന്നെ അവരിൽ ഈയൊരു വിചാരം ഉണ്ടാക്കിത്തീർക്കണം. അതായത് നിങ്ങൾ അഹ്മദി ആൺകുട്ടി അഥവാ പെൺകുട്ടിയാണ്. നിങ്ങളുടെ ജോലി ഈ കാലഘട്ടത്തിൽ എല്ലാ തിന്മകൾക്കെതിരിലും ജിഹാദ് ചെയ്യലാണ്. നിങ്ങൾ ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളെ വീണ്ടും ലോകത്ത് നടപ്പിലാക്കേണ്ടതാണ്. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ചായിരിക്കണം നിങ്ങളുടെ ജീവിതം. അങ്ങനെയല്ല എങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ അംഗങ്ങളായതുകൊണ്ട് എന്ത് പ്രയോജനം? ഇന്നത്തെ പെൺകുട്ടികൾ നാളത്തെ ഉമ്മമാരാണ്. ഈ പെൺകുട്ടികൾ അവരുടെ ഉത്തരവാദിത്തങ്ങളെ സംബന്ധിച്ച് ബോധവാന്മാരായാൽ നിങ്ങളുടെ ഭാവിതലമുറകളെല്ലാം സുരക്ഷിതരായിരിക്കുന്നതാണ്.

അല്ലാഹു നമുക്ക് നമ്മുടെ പ്രിയപ്പെട്ട നേതാവിന്റെ എല്ലാ കല്പനകളുമനുസരിച്ച് സത്യസന്ധമായനിലയിൽ പ്രവർത്തിക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഇജ്തിമായിലെ മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾക്കർഹരാകുകയും ചെയ്ത എല്ലാ ലജ്നാ ഇമായില്ലാഹ്-നാസിറാത്തുൽ അഹ്മദിയ്യാ അംഗങ്ങൾക്കും ഞാൻ ആശംസകൾ നേരുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നെത്തിയ അംഗങ്ങൾ കൂടുതൽ ആശംസകൾക്കർഹരാണ്. എന്തുകൊണ്ടെന്നാൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ അവരുടെ പ്രാദേശിക ഭാഷയാണ് സംസാരിക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം ഉറുദു സംസാരിക്കുക ദുഷ്കരമായിരുന്നിട്ടും അവർ നല്ലപോലെ തയ്യാറായി വന്ന് ഖാദിയാൻകാരോട് മത്സരിച്ചു; സമ്മാനാർഹരായി. അല്ലാഹു അവരെ അനുഗ്രഹിക്കുകയും മേലിലും ഇതിനേക്കാൾ കൂടുതൽ വിജയങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുമാറാകട്ടെ.

അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു. ജനങ്ങളോട് നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കാത്തവനാണ്.

ഹദ്റത്ത് ഉസാമബ്നു സൈയ്ദ്(റ) പറയുന്നു. തിരുനബി(സ) പറഞ്ഞു. “ഒരാൾക്ക് ഉപകാരം കിട്ടിയതിന് ശേഷം ഉപകാരം ചെയ്ത ആളോട് അല്ലാഹു നിനക്ക് ഇതിന് നല്ല പ്രതിഫലം നൽകുകയും ഉത്തമമായ പ്രത്യുപകാരം നൽകുകയും ചെയ്യട്ടെ എന്ന് പറയുന്നത് മുഖേന അയാൾ തന്റെ പ്രത്യുപകാര കടമ നിർവ്വഹിച്ചു. അതായത് നന്ദി കാണിക്കേണ്ട ചുമതല ഒരു പരിധിവരെ നിർവ്വഹിച്ചു. ഈ കല്പനയുടെ വെളിച്ചത്തിൽ രാവും പകലും പരിശ്രമിച്ചുകൊണ്ട് ഈ ഇജ്തിമായെ വിജയിപ്പിക്കാൻ സഹായിച്ച എല്ലാ അംഗങ്ങൾക്കും ഞാൻ ആത്മാർത്ഥമായി നന്ദി പറഞ്ഞുകൊള്ളുന്നു. രണ്ടുതരത്തിലുള്ള പ്രവർത്തനമാണുണ്ടായിരുന്നത്. ഒന്ന് വ്യക്തിപരമായത്, രണ്ട് കൂട്ടമായിട്ടുള്ളത്. കൂട്ടമായിട്ടുള്ള പ്രവർത്തനങ്ങൾ വിജയിക്കുന്നത് കൂട്ടമായി ഒരുമയോടെ പ്രവർത്തിക്കുമ്പോഴാണ്. മറ്റുള്ളവരുടെ തെറ്റുകൾ വിട്ടുവീഴ്ച ചെയ്യുമ്പോഴാണ്. എല്ലാ വിഭാഗത്തിലേയും സംഘാടകരും പ്രവർത്തകരും പരസ്പരം ഒരുമയോടെ

പ്രവർത്തിച്ചു. സന്തോഷത്തിന്റേയും സംതൃപ്തിയുടേയും അന്തരീക്ഷത്തിൽ എല്ലാ പ്രവർത്തനങ്ങളും അതിന്റെ പര്യവസാനത്തിലെത്തിക്കുകയും ഈ ഇജ്തിമായെ വിജയിപ്പിക്കുകയും ചെയ്തു. അല്ലാഹു എല്ലാവർക്കും ഉത്തമമായ പ്രതിഫലം നൽകുമാറാകട്ടെ. അവരുടെ ആത്മാർത്ഥതയെ അംഗീകരിക്കുകയും അവരുടെ സേവനങ്ങളെ അവന്റെ പ്രത്യേക അനുഗ്രഹം കൊണ്ട് സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

ഇതുപോലെ എല്ലാ മത്സര വിധികർത്താക്കൾക്കും മൗലവിമാർക്കും ആത്മാർത്ഥമായി നന്ദി പറഞ്ഞുകൊള്ളുന്നു. അവർ നമ്മുടെ അപേക്ഷ സ്വീകരിച്ചുകൊണ്ട് തങ്ങളുടെ വിലപ്പെട്ട സമയം ഇതിനായി ചെലവഴിച്ചു.

ഇതുപോലെ നാസിർസാഹിബ് തഅ്ലിം, സദ്ർ സാഹിബ് ഉമൂമി, അഫ്സർ സാഹിബ് ലങ്കർഖാന തുടങ്ങിയവരും നമ്മോട് എല്ലാ നിലക്കും സഹകരിച്ചു. അവർക്കും നന്ദി പറഞ്ഞുകൊള്ളുന്നു. ജസാക്കുമുല്ലാഹുഅഹ്സനുൽജസാഅ്.

ഒരു ദുആക്കപേക്ഷയും കേൾപ്പിക്കുകയാണ്. ഇജ്തിമായുടെ ഏതാനും ദിവസം മുമ്പ് ഹദ്റത്ത് ആപാജാനുമായി ഫോണിൽ സംസാരിച്ചിരുന്നു. ഇജ്തിമായുടെ വിജയത്തിനായി ദുആ ചെയ്യാനപേക്ഷിച്ചിരുന്നു. അവർ എല്ലാ അംഗങ്ങൾക്കും അസ്സലാമുഅലൈക്കും അറിയിക്കുകയും കണ്ണിന്റെ പരിപൂർണ്ണ സുഖത്തിനായി ദുആക്കപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. നിങ്ങളെല്ലാവരും ഹദ്റത്ത് ആപാജാനെ നിങ്ങളുടെ പ്രത്യേക ദുആയിൽ ഓർമ്മിച്ചുകൊണ്ടിരിക്കണം. അല്ലാഹു അവർക്ക് പരിപൂർണ്ണസുഖം നൽകുകയും സുഖാരോഗ്യത്തോടുകൂടി ദീർഘായുസ്സ് നൽകുകയും ചെയ്യുമാറാകട്ടെ. ഏത് പരിപാടിയാണെങ്കിലും അതിൽ ഹദ്റത്ത് ആപാജാനില്ലെങ്കിൽ ആ പരിപാടി നിഷ്പ്രഭമായി അനുഭവപ്പെടുന്നു. അവരുടെ സാന്നിധ്യത്തിന്റെ ബർക്കത്ത് എല്ലാ പരിപാടികളേയും പ്രകാശമയമാക്കുന്നു. ഭാവിയിൽ നടത്തുന്ന പരിപാടികളിൽ അവർക്ക് പങ്കെടുക്കുവാനുള്ള സൗഭാഗ്യത്തിനായി ദുആക്കപേക്ഷിച്ചുകൊള്ളുന്നു. ഇതുപോലെ വളരെ ദീർഘയാത്ര ചെയ്ത് ഇവിടെ എത്തിയ എല്ലാ അതിഥികളായ അംഗങ്ങൾക്കുവേണ്ടിയും ദുആക്കപേക്ഷിക്കുകയാണ്. അല്ലാഹു അവരുടെ യാത്രയിൽ സഹായിയും സംരക്ഷകനുമായിരിക്കട്ടെ. സുഖക്ഷേമത്തോടെ അവരുടെ സ്ഥലങ്ങളിൽ എത്തിക്കുമാറാകട്ടെ. ആമീൻ.

***തയ്യിബ മലിക് സലാഹുദ്ദീൻ***

---

**പേജ് 8-ൽ നിന്ന്**

ടുകൂടി ഈ ലക്ഷ്യം മനസ്സിലാക്കിക്കൊണ്ട് തൗഹീദ് സ്ഥാപിക്കാൻ ശ്രദ്ധിക്കുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതകാലത്ത് അടയാളം കാണിക്കുമെന്ന് മാത്രമല്ല പറഞ്ഞത് അവിടത്തെ ജമാഅത്ത് നിലനില്ക്കുവോളം അടയാളം കാണിക്കുമെന്നുള്ള വാഗ്ദാനമാണുള്ളത്. അതിനാൽ സത്യസന്ധമായി പരിശ്രമിക്കുകയാണെങ്കിൽ നിങ്ങൾ അല്ലാഹുവിന്റെ അടയാളങ്ങളും സഹായങ്ങളും കാണുന്നതാണ്.

അല്ലാഹു ഓരോ അഹ്മദിക്കും തഖ്‌വയിൽ നിലനിന്നുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യം പൂർത്തീകരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. യഥാർത്ഥത്തിൽ നാം ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നതിന്റെ ലക്ഷ്യം മനസ്സിലാക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരാകും. ഇൻശാഅല്ലാഹ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളുമാകും. ഈ അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനമനുസരിച്ച് ജീവിക്കുന്നതിനുള്ള തൗഫീഖ് അവൻതന്നെ നമുക്ക് നല്കുമാറാകട്ടെ. അവിടന്ന് പറയുന്നു: "ദുആകളിലും ഇസ്തിഗ്ഫാറിലും ആരാധനാകർമ്മങ്ങളിലും പരിശുദ്ധി ആർജ്ജിക്കുന്നതിലും മുഴുകുകയാണ് നിങ്ങൾ ചെയ്യേണ്ടത്. ഇങ്ങനെ നിങ്ങൾ നിങ്ങളെ സത്യസന്ധരാക്കിത്തീർക്കുക. എന്നാൽ അല്ലാഹു വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാകും. പുതിയ ഉണർവ്വോടും ആവേശത്തോടുംകൂടി പരിശ്രമിക്കുക. പ്രബോധനരംഗത്തും ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിലും ഉത്സാഹഭരിതരാകുക. ജീവിതത്തിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കിക്കൊണ്ട് യഥാർത്ഥ ആരാധകരിൽ അല്ലാഹു നമ്മെ ആക്കുമാറാകട്ടെ. അവന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാക്കട്ടെ. (ഖുത്ബ, 5.1.2007) ●

## വാർഷിക ദീനീപരീക്ഷ പാഠ്യപദ്ധതി- ലജ്ന

1. സൂറഃ റഹ്മാൻ മൂന്നാമത്തെ റുകൂഅ് അർത്ഥസഹിതം (20 മാർക്ക്)
2. വിശുദ്ധഖുർആൻ മൂന്നാമത്തെ ജുസൂഅ് റുകൂഅ് 5 മുതൽ 7 വരെ വാക്കർത്ഥം. സൂറഃ ഗാശിയ വാക്കർത്ഥം (50 മാർക്ക്)
3. നമസ്കാരം അർത്ഥസഹിതം, ഖുനൂതിന്റെ ദുആ സിലബസിലുള്ള ദുആകൾ (30 മാർക്ക്)
4. പുസ്തകം നമ്മുടെ അദ്ധ്യാപനങ്ങൾ (മാർക്ക് 50)
5. ലജ്നയുടെ ചരിത്ര ഏടുകൾ (മാർക്ക് 25)

എഴുതാൻ ബുദ്ധിമുട്ടുള്ളവർക്ക് മനഃപാഠം കേൾപ്പിക്കാവുന്നതാണ്.

# വിശ്വാസസ്വാതന്ത്ര്യം - ഇസ്‌ലാമിക വീക്ഷണം

വിശ്വാസസ്വാതന്ത്ര്യം ഓരോ വ്യക്തിയുടേയും ജന്മാവകാശവും സൃഷ്ടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപെട്ടതുമാകുന്നു. സൽക്കർമ്മങ്ങളിലൂടെ ദൈവസാമീപ്യം പ്രാപ്തമാക്കുകയാണ് സൃഷ്ടിയുടെ ലക്ഷ്യമെന്ന് വരുമ്പോൾ- കർമ്മം സൽകർമ്മമാകണമെങ്കിൽ നിർബന്ധമല്ലാതെ സ്വയം തൃപ്തിപ്പെട്ടു ചെയ്യുന്നവയാകണമെന്ന് വരുന്നു.

ദൈവം മനുഷ്യന് സ്വതന്ത്രമായി ചിന്തിക്കുവാനും പ്രവൃത്തിക്കുവാനുമുള്ള കഴിവും അവസരവും നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ അവനവന് ശരിയെന്ന് തോന്നുന്ന മതവിശ്വാസത്തെയും തത്വസംഹിതയെയും പിൻപറ്റുവാനുള്ള സ്വാതന്ത്ര്യവും അവനുണ്ട്. ആരെയെങ്കിലും നിർബന്ധപൂർവ്വം മതം സ്വീകരിപ്പിക്കുവാനോ, മതം ഉപേക്ഷിക്കുന്നത് ബലമുപയോഗിച്ച് തടയുവാനോ ഇസ്‌ലാം അനുവദിക്കുന്നില്ല. വിശുദ്ധഖുർആൻ പറയുന്നു: ***ലാ ഇക്റാഹ ഫിദ്ദീൻ ഖദ്ത്തബയ്യനർറുശ്ദു മിനൽഗയ്യി ഫമൻയക്ഫുറു ബിത്താഗൂത്തി വ യുഅ്മിനു ബില്ലാഹി***(2:257) മതത്തിൽ ബലാൽക്കാരമില്ല- നേർമാർഗ്ഗം ദുർമാർഗ്ഗത്തിൽനിന്നും വ്യതിരിക്തമത്രെ! അതുകൊണ്ട് ആര് പൈശാചികശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവർ തീർച്ചയായും ഉറപ്പുള്ള പിടിവള്ളിയിലാണ് പിടിച്ചിരിക്കുന്നത്; അത് പൊട്ടിത്തകരുകയില്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

ആരേയും നിർബന്ധമായി മതം സ്വീകരിപ്പിക്കേണ്ട ആവശ്യം ദൈവത്തിനില്ല. അങ്ങനെയല്ലായിരുന്നുവെങ്കിൽ ദൈവം മനുഷ്യനെ അത്തരത്തിൽ സൃഷ്ടിക്കുമായിരുന്നു. പ്രവാചകന്മാരെ അയക്കേണ്ട ആവശ്യവും ഉണ്ടാകുമായിരുന്നില്ല. വിശുദ്ധഖുർആൻ വീണ്ടും പറയുന്നു: നിന്റെ രക്ഷിതാവ് നിശ്ചയിച്ചിരുന്നുവെങ്കിൽ ഭൂമിയിൽ എല്ലാവരും വിശ്വാസികളാകുമായിരുന്നു. അതുകൊണ്ടവർ വിശ്വാസികളായിത്തീരുവാൻ മനുഷ്യരെ നിർബന്ധിക്കുകയോ?" (10:100) ഒരാൾ ഒരു വിശ്വാസം (മതം) സ്വീകരിക്കാത്തത് അയാൾക്ക് ആ വിശ്വാസത്തോട് പ്രതിപത്തിയില്ലാഞ്ഞിട്ടാണ്. താല്പര്യമില്ലാത്തവരിൽ വിശ്വാസം അടിച്ചേൽപിക്കുവാൻ ആർക്കും സാധ്യവുമല്ല എന്ന സത്യം ഖുർആൻ ഉദ്ഘോഷിക്കുകയാണ് ഇവിടെ. വീണ്ടും പറയുന്നു. "നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ ഏകസമുദായമാക്കിയേനെ. എന്നാൽ, അവർ അന്യോന്യം വിഘടിച്ചുകൊണ്ടേയിരുന്നു."(13:32) വീണ്ടും വിശദമാക്കുന്നു. അല്ലാഹു നിശ്ചയിച്ചിരുന്നുവെങ്കിൽ നിങ്ങൾ ഏകസമൂഹമാകുമായിരുന്നു. എന്നാൽ, അവൻ നിശ്ചയിക്കുന്നവരെ ദുർമാർഗ്ഗത്തിലാക്കുകയും അവൻ നിശ്ചയിച്ചവരെ സന്മാർഗ്ഗത്തിലാക്കുകയും ചെയ്യുന്നു. നിങ്ങൾ പ്രവൃത്തിച്ചതിനെക്കുറിച്ച് നിശ്ചയമായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതാണ്. (16:94)

മനുഷ്യർ തമ്മിൽ മതപരമായോ വിശ്വാസപരമായോ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ ഒരുകക്ഷി മറ്റേകക്ഷിയെ ദ്രോഹിക്കുവാനോ അവഹേളിക്കുവാനോ ദൈവം അനുവാദം നൽകുന്നില്ല; മറിച്ച്, ദൈവം തന്റെ ഭക്തദാസരോട് ദൈവികവിധിയുടെ തീർപ്പ് അല്ലെങ്കിൽ ഉയിർത്തെഴുന്നേല്പ് ദിനംവരെ കാക്കുവാനാണ് കല്പിക്കുന്നത്. ഇതിനെതിരെ പ്രവൃത്തിക്കുന്നവരാരായിരുന്നാലും അതിക്രമകാരികളും ദൈവികകോപത്തിന് പാത്രീഭൂതരുമാണ്.

വിശുദ്ധഖുർആൻ വീണ്ടും പറയുന്നു. "പ്രവാചകന്റെ ബാധ്യത സന്ദേശം വിളംബരം ചെയ്യുക മാത്രമാണ്. നിങ്ങൾ മറച്ചുവെക്കുന്നതും വെളിപ്പെടുത്തുന്നതും ദൈവമറിയുന്നു. (5:100) അല്ലാഹു നബി(സ)യോട് ഇങ്ങനെ പറയുന്നു. "നിന്നെ നിയോഗിച്ചയച്ച സന്ദേശത്തിൽ വിശ്വസിക്കുന്നവരും വിശ്വസിക്കാത്തവരും നിങ്ങളിൽ ഉണ്ടെങ്കിൽ അല്ലാഹു നിങ്ങൾക്കിടയിൽ തീർപ്പുകല്പിക്കുന്നത്വരെ ക്ഷമിച്ചിരിക്കുക. അവൻ വിധികർത്താക്കളിൽ ഉത്തമനാകുന്നു. (7:88)

വിശുദ്ധഖുർആനിൽ അല്ലാഹു വീണ്ടും പ്രവാചക(സ)യോട് പറയുന്നു. ആരെങ്കിലും സത്യത്തെ നിഷേധിക്കുന്നുവെങ്കിൽ അവന്റെ അവിശ്വാസം നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ (3:24). നമ്മിലേക്കാകുന്നു അവരുടെ അവസാന മടക്കം. അപ്പോൾ അവർ പ്രവൃത്തിച്ചതിനെക്കുറിച്ച് അവരെ നാം അറിയിക്കുന്നതാണ്. നിശ്ചയമായും അല്ലാഹു ഹൃദയരഹസ്യങ്ങൾ അറിയുന്നവനാകുന്നു. പറയുക "ഞങ്ങൾ പ്രവൃത്തിച്ച കുറ്റങ്ങളെക്കുറിച്ച് നിങ്ങളോട് ചോദിക്കുകയില്ല. നിങ്ങൾ പ്രവൃത്തിച്ചതിനെക്കുറിച്ച് ഞങ്ങളോടും.. നമ്മുടെ രക്ഷിതാവ് നമ്മെ ഒരുമിച്ചുകൂട്ടും. ശേഷം സത്യത്തോടെ നമ്മൾക്കിടയിൽ അവൻ വിധി കല്പി

ക്കും. അവനത്രെ നീതിമാനായ വിധികർത്താവ്; അറിവുറ്റവൻ." (34:26,27)

എല്ലാ പ്രവാചകന്മാരുടെയും ബാധ്യത സന്ദേശമെത്തിക്കുക മാത്രമാണെന്നും സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുവാനുള്ള അവകാശം സ്വയം ഓരോ വ്യക്തിക്കുമുണ്ടെന്നും വിചാരണയും ശിക്ഷാവിധിയും ദൈവത്തിനു മാത്രമുള്ളതാണെന്നും വിശുദ്ധഖുർആൻ ധാരാളമായി പ്രതിപാദിച്ചിരിക്കേ ഏതൊരു ന്യായപ്രമാണം കൊണ്ടുവന്നുവോ അതാണദ്ദേഹത്തിന്റെ സ്വഭാവം എന്ന് സ്വന്തം പത്നിതന്നെ സാക്ഷ്യപ്പെടുത്തിയ മഹാനായ പ്രവാചകൻ മുഹമ്മദ്(സ) തന്റെ മതത്തെ വാൾകൊണ്ട് പ്രചരിപ്പിച്ചു എന്ന ആക്ഷേപം സാധൂകരണമില്ലാത്ത ജല്പനം മാത്രമെന്ന് തള്ളുകയേ വഴിയുള്ളു. ആയുധബലത്താൽ വിശ്വാസം സ്വീകരിപ്പിക്കുവാൻ കഴിയുമെങ്കിൽ വിശ്വസിക്കാത്തവരെ ഓർത്ത് നബി(സ) വ്യാകുലപ്പെടുകയില്ലായിരുന്നുവല്ലോ; ഒരുപക്ഷേ, വരാനിരിക്കുന്ന കാലത്ത് ആ മഹാത്മാവിന്നെതിരെ അത്തമൊരാക്ഷേപം ഉണ്ടാകുമെന്നറിയുന്നതിനാലാകണം സർവ്വജ്ഞനായ ദൈവം വിശുദ്ധഖുർആനിൽ ആ വാചകം ഉൾപ്പെടുത്തി തന്റെ പ്രിയദാസന്റെ കളങ്കമറ്റ പ്രതിഛായയ്ക്ക് പ്രാമാണ്യം നൽകിയത്. ഖുർആൻ പറയുകയാണ് "നിങ്ങൾക്കിതിൽ വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യാം." (17:108) "പറയുക നിന്റെ രക്ഷിതാവിൽനിന്നുമുള്ള സത്യമാകുന്നു ഇത്. ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ, ഇഷ്ടമില്ലാത്തവർ നിഷേധിക്കട്ടെ" (18:30).

വിശ്വസിക്കുകയും, അതിനുശേഷം നന്മ പ്രവൃത്തിക്കുകയും ചെയ്തില്ലെങ്കിൽ, ആ വിശ്വാസം പ്രയോജനരഹിതമാണെന്ന് ഖുർആൻ പഠിപ്പിക്കുന്നു. ഒരു മതവിശ്വാസം സ്വീകരിച്ചുകഴിഞ്ഞ് അത് മനസ്സിലാക്കുന്നതിൽ തെറ്റുപറ്റിയിട്ടുണ്ടെന്ന് തോന്നിയാൽ, അല്ലെങ്കിൽ അതിനോട് വെറുപ്പ് തോന്നിയാൽ ആ മതം അയാളുപേക്ഷിക്കുന്നത് തന്നെയാണുത്തമം. കാരണം ആത്മനാ വിശ്വാസമില്ലാതെ അതിൽ തുടരുന്നത് കാപട്യമാണ്. അത് അയാൾക്കോ ആ മതത്തിനോ പ്രയോജനകരമല്ല; അതുപോലെതന്നെ കുറ്റകരമാണ് ഒരു പ്രസ്ഥാനമോ വിശ്വാസമോ ശരിയെന്ന ബോധ്യം വന്നിട്ടും ആ മതത്തെ സ്വീകരിക്കാതിരിക്കുന്നതും. സത്യമതത്തെ ഉപേക്ഷിക്കുന്നവർക്ക് ഈ ലോകശിക്ഷ ഒന്നുംതന്നെ ദൈവം അനുവദിച്ചിട്ടില്ല. ദൈവസമക്ഷം എല്ലാ സൃഷ്ടികൾക്കും തുല്യനീതിയായതിനാൽ മതം ഉപേക്ഷിക്കുന്നവനെ ഏതെങ്കിലും ഒരു മതാനുയായികൾ വധിച്ചുകളയാൻ തീരുമാനിക്കുന്നപക്ഷം എല്ലാ മതാനുയായികളും തമ്മിൽ കൊല്ലും കൊലയും ഉടലെടുക്കുകയും സമൂഹത്തിൽ സമാധാനം നശിക്കുകയും ചെയ്യും. സത്യമതത്തെ അന്വേഷിച്ച് സ്വീകരിക്കുവാനും സ്വതന്ത്രമായി സത്യവിശ്വാസം സ്വീകരിക്കുവാനും ഉള്ള സന്ദർഭം ആർക്കും ലഭിക്കാതിരിക്കുകയും ചെയ്യും. നിങ്ങളിൽ ആരെങ്കിലും തന്റെ മതം ഉപേക്ഷിക്കുകയും അവിശ്വാസിയായി മരിക്കുകയുമാണെങ്കിൽ അവരുടെ പ്രവൃത്തികൾ ഇഹത്തിലും പരത്തിലും പാഴായിപ്പോയി- അവർ നരകാവകാശികളും അതിൽ ചിരകാലം വസിക്കുന്നവരുമായിരിക്കുമെന്നും ഖുർആൻ ഓർമ്മപ്പെടുത്തുന്നതിൽനിന്നും മതപരിത്യാഗിക്ക് ഈ ലോകശിക്ഷ ഒന്നുംതന്നെയില്ല എന്ന് വ്യക്തമാകുന്നു. (2:218)

വീണ്ടും സൂറഃ14-ൽ 138-ാം വചനം പറയുന്നു. "വിശ്വസിക്കുകയും അവിശ്വസിക്കുകയും വീണ്ടും വിശ്വസിക്കുകയും വിശ്വാസം ഉപേക്ഷിക്കുകയും അങ്ങനെ അവിശ്വാസത്തിൽ മുന്നേറുകയും ചെയ്തവർക്കു അല്ലാഹു പൊറുത്തുകൊടുക്കുകയില്ല. അവരെ അവൻ നേർമാർഗ്ഗത്തിലാക്കുകയുമില്ല. മറ്റൊരിടത്ത് അല്ലാഹു പറയുന്നു. "അല്ലയോ വിശ്വാസികളേ നിങ്ങളിൽ ആരെങ്കിലും തന്റെ മതത്തെ ഉപേക്ഷിക്കുകയാണെങ്കിൽ അല്ലാഹു വേറൊരു ജനതയെ പകരം കൊണ്ടുവരുന്നതാണ്. അവരെ അവൻ സ്നേഹിക്കും. അവനെ അവർ സ്നേഹിക്കുകയും ചെയ്യുന്നതാണ്. അവർ വിശ്വാസികളോട് വിനയമുള്ളവരും അവിശ്വാസികളുടെനേരെ അതിശക്തരും 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ' പോരാടുന്നവരും അധിക്ഷേപകരുടെ അധിക്ഷേപത്തെ ഭയപ്പെടാത്തവരും ആയിരിക്കും. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്, അവൻ നിശ്ചയിച്ചവർക്കത് നൽകുന്നു. അല്ലാഹു വിശാലതയുള്ളവനും അറിവുറ്റവനുമാകുന്നു (5:55).

പൂർവ്വമതത്തിലേക്ക് തിരിച്ചുവരാൻ നിർബന്ധിക്കുന്നത്- ഭീഷണിപ്പെടുത്തുന്നത് അവിശ്വാസികളുടെ ലക്ഷണമാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ഭൗതികജീവിതത്തിൽ ഇഷ്ടമുള്ള മതം ആർക്കും എപ്പോൾ വേണെങ്കിലും വിശ്വസിക്കാമെങ്കിലും അത് ദൈവത്തിന്റെ പക്കൽ സ്വീകാര്യമാകണമെന്നവകാശപ്പെടാവതല്ല. ദൈവത്തിന് സ്വീകാര്യമായ മതം സ്വീകരിച്ചവരെ മാത്രമേ ദൈവം അംഗീകരിക്കുകയുമുള്ളൂ. ദൈവത്തിന് സ്വീകാര്യമായ മതം ഇസ്ലാം ആണെന്ന് (3:20) ഖുർആൻ പ്രഖ്യാപിക്കുന്നു. തുടർന്ന് പറയുന്നു. ''ആകാശഭൂമിയിലുള്ളവയെല്ലാം സ്വമനസ്സാലെയോ നിർബന്ധിത സാഹചര്യങ്ങളാലോ അല്ലാഹുവിന്റെ നിയമത്തിൽ അധീനമായിരിക്കേ അല്ലാഹുവിന്റെ മതമല്ലാതെ മറ്റെന്താണ് അവർ അന്വേഷിക്കുന്നത്? അവനിലേക്ക് അവർ തിരിച്ചുപോകുന്നതുമാണ്'' (3:84). ഇസ്ലാം അല്ലാത്ത മതം സ്വീകരിക്കുന്നവരിൽനിന്നും അത് സ്വീകരിക്കപ്പെടുകയില്ല (3:86). പരലോകത്ത് അവർ പരാജിതരായിരിക്കും. വിശുദ്ധഖുർആൻ സൂറഃ മാഇദ 4-ാം വചനത്തിൽ പ്രഖ്യാപിക്കുന്നു. "ഇന്നേദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ

പേജ് 23-ൽ

# കഴിഞ്ഞുകടന്നുപോയ അതുല്യപ്രതിഭകൾ

കഴിഞ്ഞ 25 വർഷങ്ങളിലായി നമ്മളിൽനിന്ന് വേർപിരിഞ്ഞ ചില പ്രധാന വ്യക്തികൾ

**ഹദ്റത്ത് നവാബ് മുബാറക്ക ബേഗം സാഹിബ**

മസീഹ് മൗഊദ്(അ)ന്റെ പുത്രിയായ ഇവർ നല്ലൊരു കവയിത്രിയാണ്. ജമാഅത്തിലെ എല്ലാവരും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഈ മഹിളാരത്നം മസീഹ് മൗഊദ്(അ)ന്റെ പ്രവചനത്തിന്റെ പൂർത്തീകരണം കൂടിയത്രെ. ഹദ്റത്ത് അഹ്മദ്(അ)ന്റെ സഹാബിയായ ഹദ്റത്ത് നവാബ് മുഹമ്മദലിഖാൻ മാലിർകോട്‌ലയുമായിട്ടായിരുന്നു വിവാഹം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉത്കൃഷ്ട കുടുംബജീവിതം നിരീക്ഷിക്കുകയും അത് ജനങ്ങൾക്ക് പകർത്തിക്കൊടുക്കുകയും ചെയ്ത പ്രഥമവനിതയായ ഇവരുടെ എഴുത്തുകൾ ജമാഅത്തിലെ പൂർവ്വികർക്ക് ഒരു മുതൽക്കൂട്ടായിരുന്നു. റബ്‌വയിൽവെച്ച് 1977 മെയ് 23-ന് വഫാത്തായി.

**നവാബ് അമത്തുൽ ഹഫീസ് ബേഗം സാഹിബ**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പുത്രിയായ ഇവർ ജമാഅത്തിലെ മറ്റൊരു ആദരണീയ വനിതയത്രെ. അല്ലാഹുവിനോടുള്ള ഭയഭക്തി കാരണം ഇവർ എല്ലാവരാലും സ്മരിക്കപ്പെട്ടു. നവാബ് അബ്ദുല്ലാഖാനുമായിട്ടായിരുന്നു വിവാഹം. 1987 മെയ് 6-ന് റബ്‌വയിൽ വഫാത്തായി.

**ഹദ്റത്ത് സയ്യിദ മറിയം സിദ്ദീഖ സാഹിബ**

1918 ഒക്ടോബർ 7-ന് ഹദ്റത്ത് അമ്മാജാന്റെ സഹോദരനായ ഡോ.മീർമുഹമ്മദ് ഇസ്മായിൽ സഹാബിന്റെ മകളായി ജനിച്ചു. തന്റെ പിതാവ് രചിച്ച പല കവിതകളിലേയും പ്രധാന വിഷയമായിരുന്നു ഇവർ. 1935 സെപ്തംബർ 30-ന് രണ്ടാം ഖലീഫയുമായുള്ള ഇവരുടെ വിവാഹം നടന്നു. പഞ്ചാബ് യൂനിവേഴ്സിറ്റിയിൽ നിന്നും എം.എ. ബിരുദം കൈവരിച്ചു. വളരെയധികം പ്രാപ്തിയും കഴിവുമുള്ള എഴുത്തുകാരിയും പ്രാസംഗികയുമായിരുന്നു. അഞ്ച് വാള്യങ്ങളിലായി ലജ്നാ ഇമായില്ലായുടെ ചരിത്രം സമാഹരിച്ചെഴുതിയിട്ടുണ്ട്. 1999-ൽ വഫാത്തായ മറിയം സിദ്ദീഖ സാഹിബയെ ബഹിശ്തി മഖ്ബറയിലാണ് ഖബറടക്കം ചെയ്തത്.

**സയ്യിദ മൻസൂറ ബേഗം സാഹിബ**

അഹ്മദിയ്യാ ജമാഅത്തിന്റെ മൂന്നാം ഖലീഫയായിരുന്ന ഹദ്റത്ത് മിർസാ നാസിർ അഹ്മദ്(റ)ന്റെ സഹധർമ്മിണിയും ഹദ്റത്ത് മുബാറക്കാബേഗം സാഹിബയുടെ മകളുമാണ്. നാൽപതു വർഷക്കാലം ജീവിതത്തിന്റെ എല്ലാ തുറകളിലും ഖലീഫ തിരുമനസ്സിന് സ്ഥിരചിത്തതയുടെയും നിശ്ചയദാർഢ്യത്തിന്റേയും നെടുംതൂണായിരുന്നു ഈ മഹിളാരത്നം. 1981 ഡിസംബർ 3-നാണ് വഫാത്തായത്.

**സയ്യിദ ആസിഫ ബേഗം സാഹിബ**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ പ്രിയതമയും മസീഹ് മൗഊദ്(അ)ന്റെ പൗത്രിയുമാണ്. ഉത്കൃഷ്ടസ്വഭാവഗുണങ്ങളുടെ ഒരു പ്രതീകമായിരുന്നു. 1984-ൽ ഖലീഫാ തിരുമനസ്സിന്റെ കൂടെ ലണ്ടനിലേക്ക് ഹിജ്റത്ത് ചെയ്തു. 1991-ൽ ഹുസൂറിന്റെ ഖാദിയാൻ സന്ദർശനസമയത്തും കൂടെയുണ്ടായിരുന്നു. 1992 ഏപ്രിൽ 3-നാണ് വഫാത്തായത്. നാല് പുത്രിമാരുണ്ട്.

**ചൗധരി സഫറുല്ലാഖാൻ സാഹിബ്**

1893-ൽ ജനനം. മസീഹ് മൗഊദ്(അ)ന്റെ സഹാബിയായിരുന്നു. രാഷ്ട്രീയമായി പല ഉന്നതസ്ഥാനങ്ങളും അലങ്കരിച്ചിട്ടുണ്ട്. 1962-ൽ യു.എൻ. ജനറൽ അസംബ്ലിയിലെ പ്രസിഡന്റായും പിന്നീട് ലോക കോടതി ജഡ്ജിയായും തെരഞ്ഞെടുക്കപ്പെട്ടു. 1947 മുതൽ 1954 വരെ പാക്കിസ്ഥാനിലെ വിദേശകാര്യമന്ത്രിയായിരുന്നു. വിവിധ പുസ്തകങ്ങളുടെ രചയിതാവും വാഗ്ദത്ത മസീഹ്(അ)ന്റെ പല പുസ്തകങ്ങളുടേയും വിവർത്തകനുമാണ്. ഇദ്ദേഹം ഹദീസുകൾ ശേഖരിച്ച് ഇംഗ്ലീഷിൽ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തന്റെ സമ്പത്തിന്റെ വലിയ ഭാഗം പാവങ്ങൾക്ക് നീക്കിവച്ചു. ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ധനസഹായവും നൽകിയിരുന്നു. ഇദ്ദേഹത്തിന് അമേരിക്കയിലെ പല യൂനിവേഴ്സിറ്റികളിൽനിന്നും ഡോക്ടറേറ്റ് ലഭിച്ചിട്ടുണ്ട്. 'Islam its meaning for modern man' എന്ന ഇദ്ദേഹത്തിന്റെ പുസ്തകം പാശ്ചാത്യലോകത്തിൽ വളരെയധികം പ്രസിദ്ധിയാർജ്ജിച്ചതാണ്. ഉർദുവിലും ഇംഗ്ലീഷിലും ആത്മകഥകൾ രചിച്ചിട്ടുണ്ട്. സൗദിഅറേബ്യയിലെ ഫൈസൽ രാജാവിന്റെ രാജകീയ ആതിഥ്യത്തിലൂടെയായിരുന്നു ഹജ്ജ് കർമ്മം നിർവ്വഹിച്ചിരുന്നത്. വിശുദ്ധഖുർആൻ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തിരുന്നു. നാല് ഖലീഫമാർക്കും ബയ്അത്ത് ചെയ്ത ഇദ്ദേഹം 1985 സെപ്തംബർ 1-നാണ് വഫാത്തായത്. കാനഡയിലെ

മേപ്പിൾ എന്ന സ്ഥലത്ത് ഇദ്ദേഹത്തിന്റെ പേരിൽ ഒരു സ്ട്രീറ്റുണ്ട്.

**ഹദ്റത്ത് മൗലാനാ അബുൽ അതാഅ്(റ)**

അപാരപണ്ഡിതനും, നല്ലൊരു വാഗ്മിയും ജേർണലിസ്റ്റും മിഷണറിയും ആയിരുന്ന ഇദ്ദേഹം നല്ല വ്യക്തി പ്രഭാവമുള്ള ആളായിരുന്നു. പാക്കിസ്ഥാന്റെ അകത്തും പുറത്തും ജമാഅത്തിന്റെ സന്ദേശം എത്തിച്ചിരുന്ന പ്രഗത്ഭനായ മുബല്ലിഗ്. ഇദ്ദേഹം ഒട്ടനവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. വർത്തമാന പത്രങ്ങളിലൂടെയും അൽഫുർഖാൻ മാസികയിലൂടെയും തൂലികാ സമരംതന്നെ നടത്തിയ വ്യക്തിയായിരുന്നു. 'അൽഫുർഖാൻ' മാസികയുടെ എഡിറ്ററും ഇദ്ദേഹം തന്നെയായിരുന്നു. ജമാഅത്തിന്റെ പ്രവർത്തനത്തിനായി യുവതലമുറകളെ വളരെയധികം പ്രോത്സാഹിപ്പിച്ചിരുന്നു. തന്റെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുകയും ജമാഅത്തിനുവേണ്ടി 'വഖ്ഫ്' ചെയ്യുകയും ചെയ്തു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അദ്ദേഹത്തിന് 'ഖാലിദെ അഹ്മദിയ്യത്ത്' എന്ന ബഹുമതി നൽകിയിരുന്നു. അദ്ദേഹത്തിന്റെ മകൻ അതാഉൽ മുജീബ് റാശിദ് സാഹിബ് അപാരപണ്ഡിതനും, വാഗ്മിയും നല്ല എഴുത്തുകാരനും കൂടിയാണ്. ഇരുപത് വർഷമായി ലണ്ടൻപള്ളിയുടെ ഇമാം സ്ഥാനം വഹിക്കുന്നു. അബുൽ അതാഅ്(റ) 1977 മെയ് 30-ന് റബ്‌വയിൽ വഫാത്തായി.

**ഹദ്റത്ത് ഖാസി മുഹമ്മദ് നസീർ ലിയാൽപൂരി**

ഇദ്ദേഹം ആത്മീയകാര്യങ്ങളിൽ അശ്രാന്തപരിശ്രമം ചെയ്യുന്ന മറ്റുള്ളവരിൽനിന്നും തികച്ചും വ്യത്യസ്തനായ ഒരു പണ്ഡിതനായിരുന്നു. ഒരു ഹാസ്യസംവാദകൻ കൂടിയായിരുന്ന ഇദ്ദേഹം വിവിധ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. 1980 സെപ്തംബർ 5-ന് റബ്‌വയിൽ വഫാത്തായി.

**ഹദ്റത്ത് മൗലാനാ അബ്ദുൽ മാലിക്ഖാൻ**

ഇദ്ദേഹം ശ്രദ്ധേയനായ ഒരു പണ്ഡിതനും, അപാരനൈഷ്ഷണികനായ പ്രാസംഗികനും ആണ്. മറ്റാർക്കും വെറുപ്പ് തോന്നാത്തവിധത്തിൽ മൃദുലമായ വാദപ്രതിവാദം ചെയ്യാനുള്ള അസാമാന്യ വൈഭവം അദ്ദേഹത്തിനുണ്ടായിരുന്നു. 1911 നവംബർ 25-ന് ആയിരുന്നു ജനനം. 1920-ൽ ഖാദിയാനിൽ താമസമാക്കുകയും 1934-ൽ മൗലവി ഫാസിൽ പൂർത്തിയാക്കുകയും ചെയ്തു. 1935-ൽ മിഷണറിയായി പ്രവർത്തനം ആരംഭിച്ചു. പാക്കിസ്ഥാൻ വിഭജനത്തിന് മുമ്പ് ഇന്ത്യയിലെ ഹൈദരബാദിലായിരുന്നു പ്രവർത്തനം ആരംഭിച്ചത്. വിഭജനത്തിനുശേഷം കറാച്ചിയിൽ പ്രശസ്ത മിഷണറിയായിത്തീർന്നു. 1961-ൽ ഗാനയിൽ മിഷണറിയായി സേവനമനുഷ്ഠിച്ചു. 1971-ൽ സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഇസ്‌ലാഹൊ ഇർശാദ് ഡയരക്ടറായി നിയമിക്കപ്പെട്ടു. എല്ലാവരാലും അനുസരിക്കപ്പെടുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. വളരെ ആകർഷണീയമായ സ്വഭാവവും സംസാരശൈലിയും അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. 1983 ആഗസ്റ്റ് 16-ന് ഒരു വാഹനാപകടത്തിൽപെട്ടാണ് ഇദ്ദേഹം വഫാത്തായത്.

**ഹദ്റത്ത് മൗലാനാ സെയ്ഫുർ റഹ്മാൻ മലിക്**

ജമാഅത്തിന്റെ മേലേക്കിടയിലുള്ള ഒരു പണ്ഡിതനായിരുന്നു ഇദ്ദേഹം. ഒരു നീണ്ടകാലംവരെ ജമാഅത്തിന്റെ 'മുഫ്ത്തി' പദം അലങ്കരിച്ച വ്യക്തിയാണ്. ഇസ്‌ലാമിക നിയമാവലിയുടെ കാര്യത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് അപാരമായിരുന്നു. ജീവിതം മുഴുവനും ജമാഅത്തിനുവേണ്ടി വഖ്ഫ് ചെയ്തു. 1989 ഒക്ടോബർ 25-ന് കാനഡയിലെ കാൽഗറിയിൽ വെച്ച് വഫാത്തായി.

**ഹദ്റത്ത് ശേഖ് മുഹമ്മദ് അഹ്മദ് മസ്ഹർ**

ഇദ്ദേഹം അറിയപ്പെടുന്ന ഒരു പണ്ഡിതനാണ്. 'അറബി' ഭാഷകളുടെ മാതാവ് എന്ന മസീഹ് മൗഊദ്(അ)ന്റെ വാദം തെളിയിക്കുവാനായി അമ്പത് ഭാഷകൾ പഠിക്കുകയുണ്ടായി. ഇദ്ദേഹം ആഴമേറിയ നിരീക്ഷണത്തിലൂടെ എല്ലാ ഭാഷകളുടേയും ഉത്ഭവം അറബിയാണെന്ന് തെളിയിക്കുകയുണ്ടായി. ഇത് ശ്രദ്ധേയമായ ഒരു നേട്ടം തന്നെയായിരുന്നു. 1993 മെയ് 28 -നാണ് വഫാത്തായത്.

**ഹദ്റത്ത് മൗലവി മുഹമ്മദ് ഹുസൈൻ (സബസ് പഗ്ഡിവാലാ)**

ഇദ്ദേഹം ഒൻപതാമത്തെ വയസ്സിൽ ബയ്അത്ത് ചെയ്തു. മസീഹ് മൗഊദ്(അ)ന്റെ സഹാബാക്കളിൽ ഒരാളായിരുന്നു. നാല് ഖലീഫമാർക്കും ബയ്അത്ത് ചെയ്ത ഈ സഹാബി 1994 ജൂൺ 19-നാണ് വഫാത്തായത്.

**പ്രൊഫസർ അബ്ദുസ്സലാം സാഹിബ്**

1979-ൽ സയൻസിലെ നോബൽ സമ്മാനം ലഭിച്ച വിശ്വവിഖ്യാതനായ ശാസ്ത്രജ്ഞനായിരുന്നു. 1926 ജനുവരി 29-ൽ പാക്കിസ്ഥാനിലെ ജംഗ്ൽ ജനിച്ചു. ലണ്ടനിലെ ഇംപീരിയർ കോളേജ് ഓഫ് സയൻസ് & ടെക്നോളജിയിൽ സൈദ്ധാന്തിക ഭൗതികശാസ്ത്ര പ്രൊഫസറായിരുന്നു. വിവിധ രാജ്യങ്ങളിൽനിന്നും എണ്ണമറ്റ ഡോക്ടറേറ്റ് ബഹുമതികളും ഉയർന്ന സിവിൽ അവാർഡുകളും ലഭിക്കുകയുണ്ടായി. 1966-ൽ ഇറ്റലിയിലെ ട്രീസ്റ്റിയിൽ സൈദ്ധാന്തിക ഭൗതികശാസ്ത്രത്തിൽ ഒരു ഗവേഷണനിലയം സ്ഥാപിച്ചെടുത്തതായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ നേട്ടം. അദ്ദേഹത്തിന്റെ ജീവിതം തഖ്‌വയിൽ അധിഷ്ഠിതമായിരുന്നു. പ്രസംഗമാകട്ടെ, പ്രകൃതിശാസ്ത്രവുമായി ബന്ധപ്പെട്ട വിശുദ്ധഖുർആന്റെ ആയത്തുകൾ എടുത്തുദ്ധരിച്ചുകൊണ്ടുള്ളതായിരുന്നു. 250 സയന്റിഫിക് പേപ്പറിന്റേയും ഡസൻ കണക്കിന് പുസ്തകങ്ങളുടേയും രചയിതാവായിരുന്നു. ഇദ്ദേഹത്തിന്റെ ആത്മകഥ ഉർദുവിലും ഇംഗ്ലീഷിലുമുണ്ട്. 1996 നവംബർ 21-ന് ഇംഗ്ലണ്ടിലെ ഓക്സ്ഫോഡിലുള്ള വീട്ടിൽവെച്ചാണ് വഫാത്തായത്. ഖലീഫത്തുൽ മസീഹ് റാബിഅ്(റ) ലണ്ടനിൽ ജനാസക്ക് നേതൃത്വം നൽകി. ഖബറടക്കം റബ്‌വയിലെ ബഹ്ശ്തി മഖ്ബറയിലായിരുന്നു. 30,000ത്തോളം

**പേജ് 19-ൽ**

# വഖ്ഫെ ജദീദ് -
# ദിവ്യമായ സാമ്പത്തിക പദ്ധതി

**അ**ഹ്മദിയ്യാ ജമാഅത്തിന്റെ ആത്മസമർപ്പണയജ്ഞങ്ങളിൽ സവിശേഷമായ ഒന്നാണ് വഖ്ഫെ ജദീദ്. വടക്കേഇന്ത്യയിൽ ശുദ്ധിപ്രസ്ഥാനം കത്തിനിന്ന കാലഘട്ടത്തിലാണ് വഖ്ഫെ ജദീദ് ആരംഭിക്കുന്നത്. മുസ്‌ലിംകളെ കൂട്ടത്തോടെ ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിന് നേതൃത്വം കൊടുത്ത ഹൈന്ദവ മതമൗലികവാദികളുടെ പ്രസ്ഥാനമാണ് ശുദ്ധിപ്രസ്ഥാനം. രാജസ്ഥാനിലും ഒറീസ്സയിലും ബീഹാറിലുമൊക്കെയുള്ള മുസ്‌ലിംകൾ ഈ കൂട്ടമതപരിവർത്തന ശ്രമത്തിലെ ബലിയാടുകളായി. തികച്ചും നിരക്ഷരരും അജ്ഞരുമായ ഒരു ദളിതപ്പടയായിരുന്നു വടക്കേഇന്ത്യയിലെ വലിയ വിഭാഗം മുസ്‌ലിംകൾ. ഈയിടെ പുറത്തുവന്ന സച്ചാർ കമ്മീഷൻ റിപ്പോർട്ട് മുസ്‌ലിംകളുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് നടത്തിയ പഠനം മുസ്‌ലിംകൾ എങ്ങനെ തമസ്കരിക്കപ്പെട്ടു എന്ന് വ്യക്തമാക്കുന്നുണ്ട്. ശുദ്ധിപ്രസ്ഥാനത്തിന്റെ മതമാറ്റ ശ്രമങ്ങളിൽനിന്ന് മുസ്‌ലിംകളെ രക്ഷപ്പെടുത്താനായിട്ടാണ് അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫയും വാഗ്ദത്ത മസീഹിന്റെ വാഗ്ദത്തപുത്രനും ധൈഷണികപ്രതിഭയുമായ ഹദ്‌റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റഹ്) വഖ്ഫെ ജദീദ് എന്ന സാമ്പത്തികപദ്ധതി ആരംഭിച്ചത്.

വഖ്ഫെ ജദീദ് സദുദ്ദേശപരമായ ചില ലക്ഷ്യങ്ങളുടെ കൂട്ടായ്മയാണ്. പ്രധാനമായും മുസ്‌ലിംകളെ ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിനെ അത് തടഞ്ഞുനിറുത്തുന്നു. രണ്ടാമതായി ഇസ്‌ലാമിക പ്രസ്ഥാനമായ അഹ്മദിയ്യത്തിലേക്ക് ആളുകളെ പ്രധാനമായും മുസ്‌ലിംകളെ ആകർഷിക്കാൻ അത് സഹായകമാകുന്നു. മൂന്നാമതായി അറിവിന്റെ നേരിയ പ്രകാശംപോലും കിട്ടാതെപോയ ലക്ഷക്കണക്കിനാളുകൾക്ക് വിജ്ഞാനത്തിന്റെ വാതായനം തുറന്നിടാൻ അത് സഹായകമാകുന്നു. പാക്കിസ്ഥാനെ ലക്ഷ്യമാക്കിയാണ് രണ്ടാം ഖലീഫ 1957 ഡിസംബർ 27-ന് വഖ്ഫെ ജദീദ് പദ്ധതി ആവിഷ്കരിച്ചത്. ഇതിൽ ഒന്നാമത്തെ അംഗമായി തന്റെ പുത്രൻ ത്വാഹിർ അഹ്മദിന്റെ പേര് എഴുതിച്ചേർക്കുകയും അഹ്മദികളുടെ മനസ്സിൽ രണ്ടുകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധവെക്കാൻ മകനെ നിർദ്ദേശിക്കുകയും ചെയ്തു. ഒന്ന് ഒരുപാട് ബലഹീനതകൾ വന്നിട്ടുള്ള പാക്കിസ്ഥാനിലെ ഗ്രാമീണജമാഅത്തുകളുടെ തർബിയ്യത്തിലേക്ക് ശ്രദ്ധിക്കുക, രണ്ടാമത്തേത് ഹിന്ദുക്കളിൽ ഇസ്‌ലാംമത പ്രബോധനം നടത്തുക. അന്ന് പാക്കിസ്ഥാനിലെ ഗ്രാമത്തിലെ അവസ്ഥ ദയനീയമായിരുന്നു. അവിടുത്തെ കുട്ടികൾക്ക് നമസ്കരിക്കാനോ കലിമ ചൊല്ലുവാനോ അറിഞ്ഞിരുന്നില്ല. അന്നത്തെ വഖ്ഫെ ജദീദിന്റെ നാസിമെ ഇശാഅത്ത് ആയിരുന്ന ഖലീഫ റാബിഅ്ന്റെ നേതൃത്വത്തിൽ മുഅല്ലിമുമാർ അത്യധ്വാനത്തോടും ത്യാഗമനോഭാവത്തോടും തങ്ങളുടെ പ്രവൃത്തികൾ നിർവ്വഹിക്കുകയും അവരെ പടിപടിയായി ഉയർത്തിക്കൊണ്ടുവരികയും ചെയ്തു.

പദ്ധതിയോടുള്ള താല്പര്യം ചെറുപ്പം മുതൽ വളർത്തിയെടുക്കുന്നതിനുവേണ്ടി ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) 1966-ൽ അത്ഫാൽ വിഭാഗം തുടങ്ങി. രണ്ടാം ഖിലാഫത്ത് കാലത്ത് ശുദ്ധിപ്രസ്ഥാനത്തിന്റെ ആഹ്വാനമുണ്ടായ സ്ഥലത്ത് അതിനെ പ്രതിരോധിക്കാൻ ജമാഅത്ത് മഹത്തായ പ്രവർത്തനങ്ങൾ നടത്തുകയും പലവിധ ത്യാഗങ്ങൾ വരിക്കുകയും ചെയ്തു. 1985-ൽ ഖലീഫത്തുൽ മസീഹ് റാബിഅ് ആ സ്ഥലങ്ങളിൽ യാതൊരു പുരോഗതിയും കൈവന്നിട്ടില്ലെന്നും അതേ അവസ്ഥയിലാണ് ഇപ്പോഴും കാര്യങ്ങൾ നീങ്ങുന്നതെന്നും ഇന്ത്യയിലെ ജമാഅത്തുകൾ ഈ ഭാഗത്തേക്ക് കൂടുതൽ ശ്രദ്ധചെലുത്തുകയും വിശാലമായ പരിപാടികൾ തയ്യാറാക്കേണ്ടതാണെന്നും പറയുകയുണ്ടായി. ഇതിന് വലിയൊരു സാമ്പത്തികപദ്ധതി തയ്യാറാക്കേണ്ടിവന്നു. ഇത്തരത്തിൽ ജമാഅത്തിനുണ്ടായ അസാധാരണമായ ചെലവുകൾ പരിഗണിച്ചുകൊണ്ടാണ് 1985 ഡിസംബർ 27-ന് നമ്മുടെ പ്രിയങ്കരനായ നാലാം ഖലീഫ ഇതിനെ ഒരു ആഗോളപ്രസ്ഥാനമാക്കി മാറ്റിയത്. 2007 ഡിസംബറിൽ അരനൂറ്റാണ്ട് തികയ്ക്കുന്ന മഹത്തായ ഈ സാമ്പത്തിക പദ്ധതി ഇന്ന് നൂറ്റിപ്പത്തിലേറെ രാഷ്ട്രങ്ങളിൽ നടപ്പിൽ വന്നുകഴിഞ്ഞു. ലോകമെമ്പാടും ഇസ്‌ലാമിക പഠനത്തിന്റെ വേദിയൊരുക്കാൻ ഈ പദ്ധതി സഹായിക്കുന്നു.

വഖ്ഫെ ജദീദ് പദ്ധതിപ്രകാരമാണ് ജമാഅത്തിനാവശ്യമായ മുഅല്ലിമീങ്ങളെ വാർത്തെടുക്കുന്നത്. അതോടൊപ്പം നമ്മുടെ മദ്രസകളും മറ്റു വിജ്ഞാന കേന്ദ്രങ്ങളും മുഅല്ലിമുമാരെ ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്നതും ഈ പദ്ധതിപ്രകാരമാണ്. വിശുദ്ധഖുർആന്റെ പഠനം വിശ്വവ്യാപകമായി നടത്തുന്നതും ഇസ്‌ലാമികമായ എല്ലാ അറിവുകളും വിശ്വാസികളുടെ ഹൃദയത്തിന്റെ ഉൾത്തടങ്ങളിലെത്തിക്കുന്നതും വഖ്ഫെ ജദീദിലൂടെയാണ്. വഖ്ഫെ നൗ പ്രസ്ഥാനത്തിലൂടെ നമ്മുടെ കുട്ടികളെ നാളത്തെ

ആത്മീയമലർവാടിയിലെ കുസുമങ്ങളാക്കി മാറ്റാനുള്ള തീവ്രയജ്ഞവും വഖ്ഫെജദീദ് നിർവ്വഹിക്കുന്നു. ബോധമുള്ള വിവരമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുമ്പോൾ മാത്രമേ ഒരു ജനതയുടെ ആവിഷ്കാരം സംഭവിക്കൂ. ഇതിനുവേണ്ടിയുള്ള ഏറ്റവും മഹത്തായ ശ്രമമാണ് വഖ്ഫെ ജദീദ്. നമ്മുടെ പുതിയകാലം തീർത്തും ഭൗതികമായ സമ്പന്നതയുടെ സമൃദ്ധിയിൽ മൂല്യങ്ങളെ മറന്നുപോയ ഒരു കാലമാണ്. നമ്മുടെ കുട്ടികൾക്ക് മുമ്പിൽ മായാമോഹങ്ങളുടെ കെട്ടുകാഴ്ചകൾ മാത്രമേയുള്ളൂ. അതേ അവസരത്തിൽ അവർക്ക് ലഭിക്കുന്ന ഒരാത്മീയ വിദ്യാഭ്യാസത്തിലൂടെ താളം തെറ്റുവാൻ സാധ്യതയുള്ള അവരുടെ ജീവിതപഥത്തിൽ ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും പാഠങ്ങൾ നല്കാൻ വിശ്വവ്യാപകമായി മുഅല്ലിമീങ്ങളുടെ ശൃംഖല തീർക്കാൻ വഖ്ഫെ ജദീദ് അനിവാര്യമാണ്. ഇത് അഹ്മദികളായ നമ്മളോട് ആവശ്യപ്പെടുന്നത് സാമ്പത്തിക ത്യാഗത്തിന്റെ സന്നദ്ധതയാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാൻ കിട്ടുന്ന സന്ദർഭം ജീവിതത്തിലെ ഏറ്റവും അസുലഭമായ സൗഭാഗ്യമാണ്. അല്ലാഹു പറയുന്നു. "നിങ്ങൾ അല്ലാഹുവിന് നല്ലനിലയിൽ കടം കൊടുക്കുന്നതായാൽ അവൻ നിങ്ങൾക്കത് ഇരട്ടിയായി മടക്കിത്തരും. അവൻ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും. അല്ലാഹു തന്റെ ദാസരുടെ കർമ്മങ്ങൾ വളരെയധികം വിലയിരുത്തുന്നവനും സഹനശീലനുമാകുന്നു." (64:18)

ഹദ്റത്ത് മുനർറിഫ് തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു. ഞാൻ നബി(സ)ന്റെ അടുക്കൽ വന്നു. അവിടന്ന് പറഞ്ഞു. '***അൽഹാക്കുമുത്തകാസുർ***' ആദം സന്തതികൾ പറയുന്നു, ഇതെന്റെ ധനമാണ്, എന്റെ ധനമാണെന്ന്. ആദമിന്റെ പുത്രാ നിന്റെ ധനം എന്ന് പറയുന്നത് ദൈവമാർഗ്ഗത്തിൽ സദഖ കൊടുത്ത ധനമാണ്. അത് പരലോകത്ത് നിനക്ക് പ്രയോജനപ്പെടും. നീ തിന്നതും തീർത്തതും അണിഞ്ഞതുമായ നിന്റെ ധനം ഈ ലോകത്ത് നഷ്ടപ്പെടുന്നതാണ്. അതിന് അടുത്തലോകവുമായി ഒരു ബന്ധവുമില്ല." അതുകൊണ്ട് അടുത്തലോകത്തേക്ക് ധനം അയക്കാൻ ആഗ്രഹിക്കുന്നവർ ഇവിടെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക. ധനം കൂട്ടിവെക്കുക, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാതിരിക്കുക, സക്കാത്തിൽനിന്നും നിർബ്ബന്ധചന്ദയിൽ നിന്നും അറിഞ്ഞുകൊണ്ട് പിന്മാറി നിൽക്കുക എന്നിവയിലൂടെ മറ്റ് ആരാധനകളും പുറംതൊലി മാത്രമായി മാറുന്നു. നബി തിരുമേനി(സ) പറയുന്നു. "സക്കാത്ത് കൊടുക്കാത്തവന്റെ നമസ്കാരം അല്ലാഹു സ്വീകരിക്കുകയില്ല. അയാൾ രണ്ട് കല്പനകളും അനുസരിച്ച് പ്രവർത്തിക്കുന്നതുവരെ, കാരണം അല്ലാഹു ഇത് രണ്ടിനേയും ചേർത്തുപറഞ്ഞിരിക്കുന്നു. അതുകൊണ്ട് നിങ്ങള വയെ വേർപ്പെടുത്തരുത്.

വഖ്ഫെജദീദിന്റെ ആരംഭകാലത്ത് ജമാഅത്ത് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് നീങ്ങിക്കൊണ്ടിരുന്നത്. കർമ്മരംഗത്ത് പ്രവർത്തിച്ച വഖ്ഫെ ജദീദിന്റെ മുഅല്ലിമുമാർ വളരെ വിഷമിച്ചാണ് ജീവിതം കഴിച്ചിരുന്നത്. ലോകത്തുള്ള ഏത് ആസൂത്രിത പദ്ധതിയും നടത്താൻ ധനം ആവശ്യമാണ്. അതുകൊണ്ടാണ് ജമാഅത്ത് ചന്ദകൊടുക്കാൻ ആഹ്വാനം നടത്തിക്കൊണ്ടിരിക്കുന്നത്. മതത്തിന്റെ ശക്തിക്കായി ധനം ചെലവഴിക്കപ്പെടുന്ന ഈ പദ്ധതിയിൽ ചേർന്നുകൊണ്ട് അത് ചെലവഴിക്കുന്നവർക്ക് അവരുടെ ഭയവും ദുഃഖവും അകന്നുപോകുമെന്ന് അല്ലാഹു ഉറപ്പുനൽകുന്നു. അതിനുള്ള പ്രതിഫലവും അല്ലാഹു നൽകുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ ജദീദിനുവേണ്ടി ധനത്യാഗം ചെയ്യുന്നവരുടെ അംഗസംഖ്യയിൽ ഓരോ കൊല്ലവും വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ ജമാഅത്ത് ദ്രുതഗതിയിൽ പുരോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യങ്ങളും പെരുകിക്കൊണ്ടിരിക്കുന്നു. ഈ ആധുനിക കാലഘട്ടത്തിൽ ശാസ്ത്രീയമായി പല നേട്ടങ്ങളും കൈവരിക്കുന്നതോടൊപ്പം ധാർമ്മികാധഃപതനവും അതിന്റെ ഉച്ചകോടിയിലെത്തി നിൽക്കുന്നു. ഇതിൽനിന്ന് രക്ഷ കിട്ടണമെങ്കിൽ നാം തബ്‌ലീഗ്പരമായും തർബിയ്യത്ത് പരമായും വളരെയധികം മുന്നോട്ടു പോവേണ്ടിയിരിക്കുന്നു. അതിനാൽ വഖ്ഫെ ജദീദിനുവേണ്ടി നാം നൽകുന്ന ചന്ദ വർദ്ധിപ്പിച്ചും കൃത്യസമയത്ത് തന്നെ അത് നൽകിയും ആത്മീയജ്ഞാനത്തിന്റേയും നിഷ്കാമമായ ഭക്തിയുടേയും അല്ലാഹുവിലുള്ള സമർപ്പണത്തിന്റേയും പാത സുഗമമാക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ദാനധർമ്മങ്ങൾ മുഖേന ഭൗതികഘട്ടങ്ങൾ തരണം ചെയ്യപ്പെടുന്നു. അല്ലാഹുവിന്റെ ഔദാര്യം ജന്മമെടുക്കുന്നു. വലിയ വലിയ നന്മകൾ ചെയ്യാനുള്ള ഭാഗ്യം കിട്ടുന്നു. നിങ്ങൾ എത്രമാത്രം ചന്ദ കൊടുക്കുമോ അത്രമാത്രം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈമാൻ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കും.

***മുനവ്വറ സുൽത്താന***

---

**പേജ് 17 – ൽനിന്ന്**

ആളുകൾ ജനാസയിൽ പങ്കെടുക്കുകയുണ്ടായി. ജമാഅത്തെ അഹ്മദിയ്യാ യു.എസ്.എ 'ഡോക്ടർ അബ്ദുസ്സലാം സ്കോളർഷിപ്പ്' എന്ന പേരിൽ രണ്ട് സ്കോളർഷിപ്പുകൾ എല്ലാ വർഷവും നൽകാറുണ്ട്. 2500 ഡോളറാണ് സ്കോളർഷിപ്പ് തുക. കാനഡയിലെ ഒൻടേറിയോവിൽ 'മേപ്പിൾ' എന്ന സ്ഥലത്ത് ഇദ്ദേഹത്തിന്റെ പേരിൽ ഒരു സ്ട്രീറ്റുണ്ട്. രണ്ട് വിവാഹം ചെയ്തിട്ടുണ്ട്. ഒരു മകനും, മൂന്ന് പുത്രിമാരും ആദ്യ ഭാര്യയിലും, ഒരു പുത്രനും ഒരു പുത്രിയും രണ്ടാമത്തെ ഭാര്യയിലും ഉണ്ട്.

***ഹെയ്മ അബ്ദുൽ വാഹിദ്***

# ഹദ്റത്ത് സയ്യിദ ഉമ്മു നാസിർ സാഹിബ(റ)

പരേതയായ ഹദ്റത്ത് സയ്യിദ സാഹിബയുടെ പേര് മഹ്മൂദബീഗം എന്നായിരുന്നു. ആ മഹതി അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ട ഒരു ദൃഷ്ടാന്തമായിരുന്നു. അവർ മുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനം പൂർത്തിയാകുകയുണ്ടായി. (അതായത് ഞാൻ നിനക്ക് നാഫില എന്ന നിലയിൽ-പൗത്രൻ- ഒരാൺകുട്ടിയെ സംബന്ധിച്ച സന്തോഷവാർത്ത അറിയിക്കുന്നു) ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വയം അവരുടെ വിവാഹം നിശ്ചയിക്കുകയായിരുന്നു. 1895-ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന് വെറും ഏഴ് വയസ്സായിരുന്നപ്പോൾ ഹദ്റത്ത് ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബിന് ഈ വിവാഹബന്ധത്തിനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ എഴുതി. "ഒരിക്കൽ എന്റെ മനസ്സിൽ ഇങ്ങനെ ചിന്തയുണ്ടായി. അതായത്, ഇപ്പോൾ എനിക്ക് മൂന്ന് ചെറിയ ആൺമക്കളുണ്ട്. മഹ്മൂദ് (7 വയസ്സ്), ബശീർ (3 വയസ്സ്), ശരീഫ് (അഞ്ച് മാസം). അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ അവൻ തന്റെ സവിശേഷ അനുഗ്രഹത്താൽ ഇവർക്ക് നന്മയും സൗഖ്യവും നൽകിക്കൊണ്ട് പ്രായപൂർത്തിയോടടുത്തെത്തിയാൽ താങ്കളുടെ ഏതെങ്കിലും മകളെ എന്റെ ഏതെങ്കിലും മകനുമായി വിവാഹത്തിനുള്ള തീരുമാനമെടുക്കുന്നത് ഉചിതമായിരിക്കുന്നതാണ്. എന്റെ ഈ വിചാരം താങ്കളുടെ ആന്തരികമായ ആത്മാർത്ഥതയിൽനിന്നും സ്നേഹത്തിൽനിന്നും ഉടലെടുത്തതാണ്.. കുട്ടികൾക്ക് ഇപ്പോൾ പ്രായപൂർത്തിയായിട്ടില്ല; ചെറുപ്രായക്കാരാണല്ലോ എന്ന് ചിന്താവിഷയമാക്കേണ്ടതില്ല. അല്ലാഹു ഇഷ്ടപ്പെടുന്നതും അവൻ വിധിച്ചതും മാത്രമെ നടക്കുകയുള്ളൂ.''

ഹദ്റത്ത് സയ്യിദ ഉമ്മുനാസിർ സാഹിബയുടെ വിവാഹാലോചനയെ സംബന്ധിച്ച ചിന്ത ആദ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മനസ്സിൽ ഉടലെടുത്തതാണെന്ന് ഹുസൂറിന്റെ ഈ അനുഗൃഹീതലിഖിതത്തിൽനിന്ന് വ്യക്തമാകുന്നുണ്ട്. ഈ വിചാരം അല്ലാഹുവിന്റെയടുക്കൽ ഇഷ്ടപ്പെട്ടതായിരുന്നു. അങ്ങനെ 1903 ഒക്ടോബറിൽ അത് പൂർത്തീകരിക്കപ്പെട്ടു. അവരുടെ വിവാഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുമായി നടന്നു. ഇപ്രകാരം 65 കൊല്ലം അവർക്ക് ഹുസൂറിന്റെ സിന്നിധ്യത്തിൽ ജീവിക്കാൻ സാധിച്ചു. അല്ലാഹു അവർക്ക് ഏഴ് ആൺമക്കളേയും രണ്ട് പെൺമക്കളേയും നൽകി. അവരിൽ മൂത്തമകനായ ഹദ്റത്ത് സാഹിബ്- സാദാ ഹാഫിസ് മീർസാ നാസിർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)യും ഉൾപ്പെടുന്നു. ബഹുമാന്യസാഹിബ് സാദി നാസിറാബീഗം സാഹിബ സദ്ർ ലജ്നാ ഇമായില്ലാഹ് റബ്വ അവരുടെ മകളാണ്. ഇവർ ദീർഘകാലമായി റബ്വയിലെ സദ്ർ, ലജ്നാഇമായില്ലാഹ് എന്ന നിലയിൽ ദീനിസേവനം ചെയ്തുവരികയാണ്.

സയ്യിദ ഉമ്മുനാസിർ സാഹിബ, ലജ്നാ ഇമായില്ലാഹ് സംഘടന സ്ഥാപിതമായത് മുതൽ മരണംവരെ സദ്ർ ലജ്ന ആയിരുന്നു എന്നത് ഇവർക്ക് മാത്രമുള്ള ഒരു സവിശേഷതയാണ്. 36 കൊല്ലം തുടർച്ചയായി ഈ സ്ഥാനത്ത് നിന്നുകൊണ്ട് ദീനിന്റേയും ജമാഅത്തിന്റേയും പ്രധാന സേവനങ്ങൾ അനുഷ്ഠിക്കുകയുണ്ടായി. അവർ ഒരു പ്രബുദ്ധമായ പ്രകൃതത്തിന്റെ ഉടമയായിരുന്നു. ആത്മാർത്ഥമായി ദീനിനുവേണ്ടി ത്യാഗം വരിക്കുന്നവരും, ഉന്നതമായ തഖ്‌വയും അച്ചടക്കവും ഉള്ളവരുമായിരുന്നു. 1913-ലെ സങ്കീർണ്ണമായ അവസ്ഥയെ പരിഗണിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) 'അൽഫസ്ൽ' എന്ന പത്രം തുടങ്ങണമെന്നത് വളരെ അത്യാവശ്യമാണെന്ന് മനസ്സിലാക്കിയപ്പോൾ, അവർ ദീനിന്റേയും ജമാഅത്തിന്റേയും ഈ ആവശ്യത്തിനായി തന്റെ ആഭരണങ്ങൾ സമർപ്പിക്കുകയുണ്ടായി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), അവരുടെ ആ ത്യാഗത്തെ അനുസ്മരിച്ചുകൊണ്ട് ഇപ്രകാരം എഴുതുകയുണ്ടായി.

"അല്ലാഹു എന്റെ ഭാര്യയുടെ ഹൃദയത്തിൽ ഇതിനുവേണ്ടി പ്രചോദനം നൽകിയത് ഹദ്റത്ത് ഖദീജ(റ)യുടെ ഹൃദയത്തിൽ തിരുനബി(സ)നെ സഹായിക്കാൻ പ്രചോദനം നൽകിയതുപോലെയാണ്. പത്രത്തിന് പൈസ കൊടുക്കുന്നത് കിണറ്റിൽ കൊണ്ടുപോയി എറിയുന്നതുപോലെയാണെന്ന് അവർക്ക് അറിയാമായിരുന്നു. പ്രത്യേകിച്ചും ഈ കാലഘട്ടത്തിൽ യാതൊരു സാമ്പത്തികശേഷിയുമില്ലാത്ത മഹ്മൂദാണ് പത്രപ്രസിദ്ധീകരണം തുടങ്ങുന്നത് എന്നുവരുമ്പോൾ. വില്പന നടത്തി പത്രം തുടങ്ങുന്നതിനായി രണ്ട് വളകൾ അവർ എനിക്ക് തന്നു. അത് അവരുടേയും എന്റേയും മകളായ നാസിറാബീഗം (സല്ലമഹുല്ലാഹു തആല)യുടെ ഉപയോഗത്തിന് കൊടുക്കാൻ വെച്ചതായിരുന്നു. ഞാൻ ആഭരണങ്ങളും കൊണ്ട് ഉടനെ ലാഹോറിൽപോയി. 475 രൂപക്ക് രണ്ട് വളകളും വിറ്റു. അൽഫസ്ൽന്റെ ആദ്യത്തെ മൂലധനം ഇതായിരുന്നു. അൽഫസ്ൽ തന്റെ ചരിത്രത്തിൽ എന്റെ നിസ്സഹായാ

വസ്ഥയും, എന്റെ ഭാര്യയുടെ ത്യാഗവും സജീവ മാക്കിനിർത്തുന്നതാണ്. അതിന്റെ ഓരോ ലക്കവും എന്റെ അവസ്ഥയെ സംബന്ധിച്ച് സംസാരിച്ചുകൊ ണ്ടിരിക്കുന്നതാണ്. ജമാഅത്തിന്, ഈ പത്രത്തിന്റെ അത്യാവശ്യമുണ്ടായിരുന്നു. ഈ കാലഘട്ടത്തെ ഇത് എപ്പോഴും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും. ഇത് എന്റെ ഭാര്യയുടെ ത്യാഗങ്ങളെ ഓർമ്മിപ്പിക്കുന്നു. ഞാൻ അവർക്ക് ഇതിന് മുമ്പോ ശേഷമോ ചെയ്തുകൊ ടുത്ത ഉപകാരങ്ങളും പെരുമാറ്റങ്ങളുമല്ല അതിനെന്നെ അർഹനാക്കിയത് എന്നതാണ് വസ്തുത. എന്റെ ഓർമ്മ ശരിയാണെങ്കിൽ അതുവരെ ഞാനവർക്ക് സ്വർണ്ണത്തിന്റെ ഒരു മോതിരംപോലും വാങ്ങികൊടു ത്തിട്ടില്ല. അതിനുശേഷമാണ് ഒരു മോതിരം വാങ്ങി കൊടുത്തത്. അവരുടെ ആ ത്യാഗം എന്റെ ഹൃദയ ത്തിലെ മായാത്ത ഒരു അടയാളമായി അവശേഷിച്ചു. അവരുടെ മറ്റു ത്യാഗങ്ങളും, പ്രത്യുപകാരങ്ങളും, വിസ്മരിക്കുകയാണെങ്കിൽതന്നെയും അവരുടെ ഈ പ്രവൃത്തിമാത്രം എന്നെ ലജ്ജിപ്പിക്കാൻ മതിയായതാ ണ്. ഈ മഹൽസേവനം എന്റെ പ്രവർത്തനത്തിന് ശക്തിയേകുകയും, ദീനീസേവനത്തിന് എന്നെ പ്രാപ്തനാക്കുകയും, എന്റെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം കുറിക്കുകയും ചെയ്തു. എന്നു മാത്രമല്ല, മുഴുവൻ ജമാഅത്തിന്റേയും സജീവതക്ക് വലിയ നിദാനമായിത്തീരുകയും ചെയ്തു. ഇപ്പറ ഞ്ഞത് എത്രമാത്രം സത്യമല്ല; അതായത്, സ്ത്രീ ഒരു നിശ്ശബ്ദ ക്ലർക്കാണ്. അവരുടെ ഉപമ സെന്റുണ്ടാക്കാൻ ഉപയോഗിക്കുന്ന റോസാപൂവാണ്. ജനങ്ങൾ ആ സെന്റ് വാങ്ങുന്ന കടയെ ഓർമ്മിക്കുന്നു. എന്നാൽ, ആ റോസാപൂവിനെ ആരും ഓർക്കുകയില്ല; അതാണ് ജീവൻ ത്യജിച്ച് അവരുടെ സന്തോഷത്തിന് അവസ രമൊരുക്കിയത്. അല്ലാഹു ഈ സാഹചര്യം ഒരുക്കി യിട്ടില്ലായിരുന്നുവെങ്കിൽ, എന്റെ സേവനത്തിനുള്ള വഴികൾ എന്തായിരിക്കുമെന്നും, ജമാഅത്തിൽ ഉണ്ടാ കുന്ന ഓരോ കുഴപ്പങ്ങളേയും എങ്ങനെ ദൂരെയാ ക്കാൻ സാധിക്കുമായിരുന്നുവെന്ന് ഓർത്ത് ഞാൻ ചിന്താകുലനാകാറുണ്ട്."

ഖമറുൽ അമ്പിയാ ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ് ഹദ്റത്ത് സയ്യിദ ഉമ്മു നാസിർ സാഹിബയുടെ വഫാത്തിനോടനുബ ന്ധിച്ചെഴുതിയ ലേഖനത്തിൽ അവരുടെ സൽഗുണ ങ്ങൾ വിവരിച്ചുകൊണ്ടെഴുതുന്നു.

"സയ്യിദ ഉമ്മുനാസിർ സാഹിബ എല്ലാവരോടും നല്ലപോലെ ഇടപഴകുകയും സ്നേഹത്തോടെ വർത്തി ക്കുകയും ചെയ്തിരുന്നു. അവർ ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ വീട്ടിലെ പ്രകാശമായിരുന്നു എന്നതാണ് വസ്തുത. ഹദ്റത്ത് അമ്മാജാന്റെ വഫാ ത്തിനുശേഷം ജമാഅത്തിലെ സ്ത്രീകളുടെ കേന്ദ്ര മായിരുന്നു അവർ എന്നുവേണം പറയാൻ. അവർ മുഖേന ആർക്കും ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. നിസ്വാർത്ഥതയും നിഷ്കളങ്കതയും അവരുടെ ജീവി തപ്രകൃതമായിരുന്നു. നന്മയിലും തഖ്‌വയിലും പരേത സമുന്നതസ്ഥാനത്തെത്തിയിരുന്നു. സയ്യിദ ഉമ്മുനാ സിർ സാഹിബക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ൽനിന്ന് കിട്ടിയിരുന്ന പോക്കറ്റ്മണി മുഴു വനും ചന്ദയായി കൊടുത്തിരുന്നു എന്ന കാര്യം വളരെ കുറച്ചുപേർ മാത്രമെ അറിഞ്ഞിരുന്നുള്ളൂ. അവർ മൂസികളിൽ ആദ്യനിരയിൽപ്പെട്ടവരായിരുന്നു. അവരുടെ പ്രത്യേക ശിക്ഷണഫലമായിട്ടാണ് അവ രുടെ സന്താനങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ നമസ്കാരങ്ങളിലും ദുആകളിലും പ്രത്യേക തൽപരരായിമാറിയത്."

ഹദ്റത്ത് സയ്യിദ മുബാറക്കാ ബേഗം സാഹിബ അവരെ സംബന്ധിച്ച് എഴുതുന്നു: "അവർ വിവാഹ ശേഷം ഈ വീടിനെ സ്വന്തം വീടായും ഞങ്ങളെയെ ല്ലാവരേയും സ്വന്തം സഹോദരീസഹോദരന്മാരായി കാണുകയും ചെയ്തിരുന്നു. സ്നേഹവായ്പോടെയ ല്ലാതെ അവരുടെ ഒരു നിമിഷവും കഴിഞ്ഞുകടന്ന തായി ഓർമ്മയില്ല. അവരുടെ ഉൽകൃഷ്ടമായ പ്രകൃ തവും വലിയ സഹോദരൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ ശിക്ഷണവും വീട്ടിന്റെ അനു ഗൃഹീതമായ ചുറ്റുപാടും ഉത്തമ മാതൃകയായിരുന്നു. അത് തിളങ്ങുന്ന തങ്കംപോലെയായിരുന്നു. രണ്ട് പാത്രം ഒരുമിച്ചുണ്ടാകുമ്പോൾ പരസ്പരം മുട്ടി ശബ്ദ മുണ്ടാകാതിരിക്കില്ല എന്ന് പറയാറുണ്ട്. എന്നാൽ, ഞങ്ങളിൽ ഒരിക്കൽപോലും മുട്ടലും ശബ്ദവുമുണ്ടാ യിട്ടില്ല. എന്നോട് കാണിച്ച സ്നേഹം അവസാനംവരെ നിലനിറുത്തി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നോടും, ഹദ്റത്ത് അമ്മാജാൻ(റ)യോടും പ്രത്യേക അടുപ്പമു ണ്ടായിരുന്നു. ആവശ്യത്തിനനുസൃതമായി ലജ്ജയും, ക്ഷമയും, സ്ഥൈര്യവും അവരിലുള്ള സവിശേഷത യായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സേവി ക്കുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്നു. യാതൊരു കൃത്രിമത്വവും കാണിക്കാതെ വുളു എടുക്കുന്ന സമ യത്ത് വെള്ളം ഒഴിച്ചുകൊടുക്കുമായിരുന്നു. ചുരുക്ക ത്തിൽ ഹുസൂർ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ചെയ്തു കൊടുക്കുന്നതിൽ ബദ്ധശ്രദ്ധയായിരുന്നു. ദുആകളിൽ അങ്ങേയറ്റം വ്യാപൃതയായിരുന്നു. ധാരാളം ദുആ ചെയ്യുമായിരുന്നു."

ഹദ്റത്ത് സയ്യിദ ഉമ്മുനാസിർ സാഹിബ ലജ്ന യുടെ ആദ്യത്തെ പതിമൂന്ന് അംഗങ്ങളിൽ ഒരാളായി രുന്നു. അവരുടെ പേര് ഇങ്ങനെ എഴുതിയിരിക്കുന്നു.

(3) ഹദ്റത്ത് സയ്യിദ മഹ്മൂദാബേഗം- ഭാര്യ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ).

ലജ്നാ ഇമായില്ലാഹ് സ്ഥാപിതമായതിനുശേഷം എല്ലാ മെമ്പർമാരും ചേർന്ന് കൂടിയാലോചിക്കുകയും

ഹദ്റത്ത് സയ്യിദ മഹ്മൂദാബേഗം(റ)യെ ലജ്നയുടെ അമീറായി തെരഞ്ഞെടുക്കുകയും ചെയ്തു. രോഗിയായി രണ്ട് കൊല്ലം അവധിയിലായിരുന്നതൊഴിച്ചാൽ, അവർതന്നെയായിരുന്നു തുടർച്ചയായി ലജ്നാസദ്ർ. ഇത് ലജ്നാഇമായില്ലായ്ക്ക് ലഭിച്ച സൗഭാഗ്യമായിരുന്നു.

ഭൗതികമായ നിലയിൽ, അവർ ഏതെങ്കിലും മദ്റസയിൽ പഠിച്ചിട്ടില്ലെങ്കിലും വിശുദ്ധഖുർആനിലും ദീനീജ്ഞാനങ്ങളിലും നൈപുണ്യം നേടിയിരുന്നു. തൽഫലമായി നൂറുകണക്കിന് പെൺകുട്ടികളെ വിശുദ്ധഖുർആൻ പഠിപ്പിച്ചു. താഴെ കൊടുക്കുന്ന ലജ്നാ ഇമായില്ലായുടെ ഏറ്റവും ആദ്യത്തെ റിപ്പോർട്ടിൽ നിന്നും അത് വ്യക്തമാണ്.

"ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീടിനുള്ളിൽ രണ്ട് പാഠശാലകളുണ്ട്. ഒന്ന് നാസിർ അഹ്മദ് സാഹിബിന്റെ മാതാവ്, രണ്ടാമത്തേത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ). ഇവരുടെയടുക്കൽ ആറേഴ് കുട്ടികൾ സ്ഥിരമായി വിശുദ്ധഖുർആനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറബിഗ്രന്ഥങ്ങളും പഠിക്കുന്നു."

ലേഖനങ്ങളും അവർ എഴുതാറുണ്ടായിരുന്നു. ഹദ്റത്ത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി പ്രസിദ്ധീകരിക്കാൻ തുടങ്ങിയ 'അഹ്മദിഖാതൂൻ' (അഹ്മദിവനിത) എന്ന സ്ത്രീകളുടെ ആദ്യത്തെ പ്രസിദ്ധീകരണത്തിലെ ഒട്ടുമിക്ക ലക്കങ്ങളിലും അവരുടെ ലേഖനങ്ങൾ കാണാം. ജമാഅത്തിന് വേണ്ടിയുള്ള ധനത്യാഗങ്ങളിൽ അവരുടെ പേര് മുൻനിരയിൽ തന്നെയുണ്ടായിരുന്നു. 'ബയ്ത്തെബർലിന്' വേണ്ടി അവരുടെ ചന്ദ ഇരുന്നൂറ് രൂപയായിരുന്നു.

തഹ്രീകെ ജദീദിലും അവർ അംഗമായിരുന്നു. ആദ്യത്തെ പത്തൊമ്പത് കൊല്ലം അവരുടെ ചന്ദ 2732 രൂപയായിരുന്നു. ജലസ സാലാന അവസരത്തിൽ, അവർ സ്ത്രീകൾക്കുള്ള സംവിധാനം ഒരുക്കുന്നതിന് നേതൃത്വം കൊടുക്കുകയും അതിഥികളുടെ സുഖസൗകര്യത്തിനായി പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തിരുന്നു. ലജ്നാ ഇമായില്ലായുടെ അധിക യോഗങ്ങളും അവരുടെ അധ്യക്ഷതയിലായിരുന്നു നടന്നിരുന്നത്. വളരെ വിലപിടിച്ച അഭിപ്രായങ്ങൾ നൽകുമായിരുന്നു. ഇതേപ്രകാരം മിക്ക ജലസകളും അവരുടെ അധ്യക്ഷതയിൽ തന്നെയാണ് നടന്നിരുന്നത്. ഖിലാഫത്ത് ജൂബിലിയുടെ അവസരത്തിൽ സഹാബികളായ സ്ത്രീകൾ അഹ്മദിയ്യാ പതാക നെയ്തുണ്ടാക്കുകയായിരുന്നപ്പോൾ അവരും അതിൽ പങ്കെടുത്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) 1953-ൽ സ്ത്രീകൾ സ്വന്തമായി അധ്വാനിച്ച് അധികവരുമാനമുണ്ടാക്കണമെന്നാഹ്വാനം ചെയ്തപ്പോൾ അവർ സ്വന്തം കൈകൊണ്ട് ഒരു മരുന്നുണ്ടാക്കി വില്പന നടത്തുകയും അതിന്റെ വരുമാനം ഇസ്ലാമിന്റെ പ്രചരണത്തിനുവേണ്ടി നൽകുകയും ചെയ്തു.

ഹദ്റത്ത് സയ്യിദ ഉമ്മുനാസിർ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതകാലത്തുതന്നെ വിവാഹിതയായി അദ്ദേഹത്തിന്റെ വീട്ടിലെത്തി എന്നത് അവർക്ക് ലഭിച്ച അന്തസ്സാർന്ന സ്ഥാനമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സേവിക്കുവാനുള്ള സൗഭാഗ്യം ലഭിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വളരെ അടുത്ത് കണ്ടു. അദ്ദേഹം പറയുന്നത് കേൾക്കുകയും ഓർമ്മയിൽ വെക്കുകയും ചെയ്തു. അദ്ദേഹത്തിൽനിന്ന് ശിക്ഷണം നേടി. കൂടാതെ ഹദ്റത്ത് മുസ്ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ ഭാര്യ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)യുടെ മാതാവ് എന്നിവകൊണ്ടും അവരുടെ അന്തസ്സ് ഉയർന്നുനില്ക്കുന്നു. അവരുടെ മക്കളിൽ സാഹിബ് സാദാ നാസിറാബേഗം സാഹിബ, ഖാദിയാനിലും റബ്വയിലും ലജ്നാഇമായില്ലായുടെ പ്രധാനപ്പെട്ട സേവനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്. അവരുടെ രണ്ടാമത്തെ മകൾ അമത്തുൽ അസീസ് സാഹിബ, ലാഹോറിലെ സദ്ർ ലജ്നാ ഇമായില്ലാഹ് എന്ന നിലയിൽ സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ആൺമക്കളായ സാഹിബ് സാദാ മിർസാ മുബാറക് അഹ്മദ് സാഹിബ്, വക്കീലുൽ അഅ്ലാ തഹ്രീകെ ജദീദ്, സാഹിബ് സാദാ ഡോക്ടർ മിർസാ മുനവ്വർ അഹ്മദ് സാഹിബ്, സാഹിബ് സാദാ മിർസാ അൻവർ അഹ്മദ് സാഹിബ്, സാഹിബ് സാദാ മിർസാ അസ്ഹർ അഹ്മദ് സാഹിബ് ജമാഅത്തിന്റെ സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

വഫാത്താകുമ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ജാബയിൽ ആയിരുന്നു. പരേതയുടെ ആരോഗ്യനില ഗുരുതരാവസ്ഥയിലാണെന്നറിഞ്ഞ് ഹുസൂർ മരിയിലേക്ക് പോയി. പക്ഷേ, ഹുസൂർ എത്തുന്നതിന് മുമ്പേതന്നെ അവർ വഫാത്തായിരുന്നു. പകൽ മൂന്നരമണിക്ക് ഹുസൂർ മരിയയിൽവെച്ച് ജനാസ നമസ്കാരം നിർവ്വഹിച്ചു. പിന്നീട് ജനാസ റബ്വയിൽ എത്തിച്ചു. അടുത്തദിവസം രാവിലെ ഏഴേകാലിന് ഹുസൂർ ബഹിശ്തീ മഖ്ബറയുടെ മൈതാനത്തുവെച്ച് ജനാസ നമസ്കാരം നിർവ്വഹിച്ചു. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തിൽപ്പെട്ടവർക്ക് പുറമെ ദൂരദിക്കുകളിൽനിന്ന് എത്തിയ ഏകദേശം അയ്യായിരത്തോളം പേർ പങ്കെടുത്തു. അതിനുശേഷം ഹദ്റത്ത് അമ്മാജാന്റെ പുണ്യഖബ്റിനോട് ചേർന്ന് പടിഞ്ഞാറുഭാഗത്ത് കബറടക്കപ്പെട്ടു. അല്ലാഹു അവർക്ക് ജന്നത്തുൽ ഫിർദൗസിൽ ഉന്നതസ്ഥാനം നൽകുമാറാകട്ടെ. അവരുടെ സന്താനങ്ങളെ അവൻ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

(*അവലംബം മിസ്ബാഹ്, ഡിസംബർ 2002. താരീഖെ ലജ്നാ ഇമായില്ലാഹ്, രണ്ടാം വാല്യം, പേജ് 504-510*)

(*പ്രവർത്തന രൂപരേഖ- 2006-2007, പരിഭാഷ: മൗലവി ടി.എം. മുഹമ്മദ് സാഹിബ്*)

# പുസ്തക പ്രകാശനം

കണ്ണൂർ മേഖലാ രണ്ടാഴ്ചകാലത്തേക്ക് നടത്തിയിരുന്ന എക്സിബിഷൻ അൽ-ഖുർആൻ ഹാളിൽവെച്ച് മാർച്ച് 3-ാം തിയ്യതി ഡോ. മുബാറക്ക സാഹിബ എഴുതി തയ്യാറാക്കി പഴയങ്ങാടി ലജ്നാഇമായില്ലാ പ്രസിദ്ധീകരിച്ച 'ഇസ്ലാമിക് ക്വിസ്' എന്ന കൊച്ചുപുസ്തകത്തിന്റെ പ്രകാശനം നടന്നു. നായിബ് സദ്ർ ത്വാഹിറ സാഹിബയാണ് ഇതിന്റെ പ്രകാശനകർമ്മം നിർവ്വഹിച്ചത്. പഴയങ്ങാടി ലജ്നാ പ്രസിഡന്റ് മൻസൂറ അബ്ദുൽ വാഹിദ് സാഹിബ സ്വാഗതവും മേഖലാ സെക്രട്ടറി വഹീദ സലിം സാഹിബ അധ്യക്ഷപ്രസംഗവും നിർവ്വഹിച്ചു. പഴയങ്ങാടി തഅ്ലീം സെക്രട്ടറി ശരീഫബി സാഹിബ, കണ്ണൂർ ടൗൺ ലജ്നാ അംഗം ജാസ്മിൻ അബ്ദുല്ലാ സാഹിബ എന്നിവരും പുസ്തകം ഏറ്റുവാങ്ങിയ റംല സാഹിബയും ആശംസാപ്രസംഗങ്ങൾ നടത്തി. മുതിർന്നവർക്കും, വളർന്നുവരുന്നവർക്കും ഒരുപോലെ പ്രയോജനം ചെയ്യുന്നതാണീ പുസ്തകം. മേലിലും ഇത്തരം പുസ്തകങ്ങൾ പ്രകാശനം ചെയ്യാൻ ഡോക്ടർ സാഹിബക്കും, മറ്റ് അംഗങ്ങൾക്കും അല്ലാഹു തൗഫീഖ് നല്കട്ടെ എന്ന പ്രാർത്ഥനയോടെ യോഗം പിരിഞ്ഞു. മേഖലാ ജമാഅത്തുകളിൽനിന്നും 300 സ്ത്രീകളോളം പങ്കെടുത്തിരുന്നു.

**പേജ് 15-ൽനിന്ന്**

മതം പൂർത്തിയാക്കിത്തരികയും ഇസ്ലാമിനെ നിങ്ങൾക്ക് മതമായി ഞാൻ തൃപ്തിപ്പെടുകയും എന്റെ അനുഗ്രഹങ്ങൾ നിങ്ങളിൽ പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു.

മനുഷ്യന് സ്വന്തം താല്പര്യമനുസരിച്ച് ഏത് മതവും സ്വീകരിക്കുവാനും തിരസ്കരിക്കുവാനുമുള്ള സ്വാതന്ത്ര്യം നൽകുന്നതോടൊപ്പംതന്നെ ദൈവം താൻ തൃപ്തിപ്പെടുന്ന മതമേതെന്ന് വിശദീകരിക്കുകയും സന്മാർഗ്ഗം ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർക്ക് ഇസ്ലാമിലേക്കുള്ള മാർഗ്ഗം തുറന്നുകൊടുക്കുമെന്നും വ്യക്തമാക്കുന്നു. അന്യമതസ്ഥരുടെ ആരാധനാവിഗ്രഹങ്ങൾ നിന്ദിക്കുകയോ ആരാധനാലയങ്ങൾ തകർക്കുകയോ ചെയ്യരുതെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം ഈ ലോകത്ത് അവിശ്വാസികൾക്ക് ശിക്ഷയില്ലെന്നും പരലോകത്ത് അവർ നഷ്ടപ്പെട്ടവർ ആയിരിക്കുമെന്നും വ്യക്തമാക്കുന്നു. മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും ഭവനങ്ങളിൽനിന്നും പുറത്താക്കുകയും ചെയ്യുന്നവരോട് ദയാപൂർവ്വവും നീതിപൂർവ്വവും പെരുമാറണമെന്ന് ഇസ്ലാമിലെ ദൈവം നിഷ്കർഷിക്കുന്നു. ഏകദൈവാരാധനയിൽ നിന്നും ജനങ്ങളെ തടയുന്നവർക്ക് ഈ ലോകത്ത് അപമാനവും പരലോകത്ത് ഭയങ്കരശിക്ഷയുമുണ്ടെന്ന് താക്കീത് നൽകുന്നു.

യുക്തിപൂർവ്വമായ സദുപദേശത്താലും നല്ലരീതിയിലുള്ള സംവാദത്താലും ദീനിന്റെ വഴിയിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്ന് ദൈവം പ്രവാചക(സ) യോട് പറയുന്നു. അദ്ധ്യായം 16:126-ാം വചനം ഇസ്ലാം വിഭാവന ചെയ്യുന്ന മാനവസമൂഹം ശാന്തസുന്ദരവും എല്ലാവർക്കും തുല്യനീതിയോടെ സ്നേഹപൂർവ്വം ജീവിച്ചുപോകാനുള്ള മതേതതരസമൂഹമാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

എല്ലാത്തിനേയും സൃഷ്ടിച്ച് പരിപാലിച്ചുപോരുന്ന ഏകനായ സർവ്വശക്തനും സർവ്വജ്ഞനുമായ ദൈവം എന്തിനേയും ഞൊടിയിടയിൽ സംഹരിക്കാനാവുമെന്നിരിക്കേ അനുസരണക്കേട് കാണിച്ച ഇസ്ലാമിനെ അന്ത്യനാൾവരെ സ്വന്തം സന്നിധിയിൽ നിന്നകന്നുനില്ക്കുവാനുള്ള കല്പനയാണ് നൽകിയത്. എന്നുമാത്രമല്ല, സ്വന്തം കഴിവുപോലെ മനുഷ്യരെ സ്വന്തം വരുതിയിലാക്കുവാനുള്ള പരിശ്രമത്തിന് അനുവാദവും നൽകുന്നു. തന്റെ യഥാർത്ഥ ദാസരെ ഒരിക്കലും ഇബ്ലീസിന് (പൈശാചികബുദ്ധി) വരുതിയിലാക്കുവാൻ കഴിയില്ല എന്ന് വെല്ലുവിളിക്കുകയും ചെയ്യുന്നു. ദൈവികമതം ഒരിക്കലും അടിച്ചേല്പിക്കുവാൻ ദൈവം അനുവദിച്ചിട്ടില്ല എന്നിരിക്കെ- പ്രവാചകപ്രഭു മുഹമ്മദ്(സ) ദൈവത്തിന്റെ കല്പനയല്ലാതെ സ്വന്തമായി ഒന്നുംതന്നെ അനുയായികളെ ഉപദേശിച്ചിട്ടില്ലെന്ന് ചരിത്രവും ശത്രുക്കളും സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. അതുകൊണ്ടുതന്നെ (ആ മഹാനായ പ്രവാചകൻ) ഇസ്ലാം വാളിനാൽ പരത്തിയ മതവിശ്വാസമാണ് എന്ന ആരോപണം ഇബ്ലീസിന്റേയും കൂട്ടാളികളുടേയും ദൈവദാസരുടെ നേരെ അന്ത്യനാൾവരെ തുടരുന്ന പരിശ്രമത്തിന്റെ ഭാഗമാണെന്ന് കരുതുകയേ വഴിയുള്ളൂ.

*നസീമ ജലീൽ*

# ആവേശമായി എക്സിബിഷൻ അൽഖുർആൻ



കണ്ണൂർ മേഖലാ മജ്‌ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 23 മുതൽ മാർച്ച് 10 വരെ കണ്ണൂർ പോലീസ് മൈതാനിയിൽ നടത്തിയ എക്സിബിഷൻ അൽഖുർആൻ ഇന്റർനാഷണൽ കണ്ണൂർജില്ലയുടെ മതരംഗത്ത് ഒരു വൻവിപ്ലവംതന്നെ സൃഷ്ടിക്കുകയുണ്ടായി. കണ്ണൂരിന്റെ പ്രാന്തപ്രദേശങ്ങളിൽപോലും കാലത്തിന്റെ ഇമാമിന്റെ സന്ദേശം എത്തിക്കാനായതാണ് ഈ പ്രദർശനത്തിന്റെ പ്രധാന സവിശേഷത. ഇതിന് മുമ്പ് രണ്ടുതവണ ഈ പ്രദർശനം കണ്ണൂരിൽ സംഘടിപ്പിച്ചിരുന്നു. പക്ഷേ, അതൊക്കെ ഹാളിനകത്തായിരുന്നു. എം.ടി.എ പ്രദർശനം പൊതുജനങ്ങൾക്കായി ആദ്യമായി സംഘടിപ്പിച്ച കണ്ണൂരിൽതന്നെ തുറന്ന മൈതാനിയിൽ ഖുർആൻ എക്സിബിഷൻ ആദ്യമായി സംഘടിപ്പിച്ചതും ഇവിടുത്തെ പ്രവർത്തകരുടെ ആവേശം വിളിച്ചറിയിക്കുന്നു.

അല്ലാഹുവിന് ആയിരമായിരം നന്ദി. ഫെബ്രുവരി 23-ന് വൈകീട്ട് മൗലാനാ മുഹമ്മദ് ഇനാംഗോറി സാഹിബ് ഉദ്ഘാടനം ചെയ്തതു മുതൽ അവസാന ദിവസമായ മാർച്ച് 10 വരെ കണ്ണൂരിന്റെ ജനാവലി എക്സിബിഷനെ ഒരു ആവേശമായി കരുതി. ബോർഡുകൾ വായിച്ച് പുറത്തിറങ്ങുന്ന എല്ലാവരുടേയും അഭിപ്രായം ഒന്നായിരുന്നു. "ഖുർആനെ വളരെ ഭംഗിയായും ശാസ്ത്രീയമായും നിങ്ങൾ ജനങ്ങൾക്ക് പരിചയപ്പെടുത്തിയിരിക്കുന്നു."

വൈകുന്നേരങ്ങളിൽ എക്സിബിഷൻ ഹാൾ നിറഞ്ഞുനിന്ന കാഴ്ച സുന്ദരമായിരുന്നു. മുല്ലമാർക്ക് തങ്ങളുടെ അനുയായികളെ ഇനിയും അവരുടെ പൊടിക്കൈകൾകൊണ്ട് പിടിച്ചുനിർത്താൻ സാധ്യമല്ലായെന്ന് തെളിയിക്കുന്ന ദിനങ്ങളാണ് കടന്നുപോയത്. ബോർഡുകളിൽ ഉള്ളടക്കം ചെയ്ത വാക്കുകളിലൂടെയും അതിനുശേഷം സംശയനിവാരണ കൗണ്ടറുകളിലൂടെയും കടന്നുപോയപ്പോൾ പലരുടേയും ധാരണകൾ തിരുത്തപ്പെട്ടു. നിരവധി തെറ്റുധാരണകളാൽ നിറയ്ക്കപ്പെട്ട മനം അതിൽനിന്നു മുക്തമായപ്പോൾ ബുക്ക്സ്റ്റാളിന്റെ മുന്നിലും തിരക്കനുഭവപ്പെട്ടു.

സ്ത്രീകളുടെ തള്ളിക്കയറ്റമാണ് ഏറെ ശ്രദ്ധിക്കപ്പെട്ടത്. മുജാഹിദ് ആശയക്കാരായ നിരവധി സ്ത്രീകൾ വളരെ കൗതുകത്തോടെ ജമാഅത്തിന്റെ ആശയങ്ങൾ നോക്കിക്കണ്ടു. പള്ളിദർസുകളിൽ കേട്ട ജമാഅത്തിനെ സംബന്ധിച്ച കാര്യങ്ങൾ പലതും അസത്യമാണെന്ന് കണ്ട അവർ അത്ഭുതപ്പെട്ടു. കൂടുതൽ അറിയാനുള്ള ആവേശത്തോടെ പല സ്ത്രീകളും വീണ്ടും വീണ്ടും വരികയുണ്ടായി.

സ്ത്രീകളുടെ ആവേശംകണ്ട എക്സിബിഷൻ ഭാരവാഹികൾ അവർക്കായി ഒരു സംശയനിവാരണ കൗണ്ടർ തുറക്കാൻ തയ്യാറായി. കണ്ണൂർജില്ലയിലെ വിവിധ ജമാഅത്തുകളിൽനിന്നുള്ള ലജ്നാ അംഗങ്ങൾ തബ്‌ലീഗ് ചെയ്യാൻ തയ്യാറായി എത്തിയതോടെ എല്ലാ അർത്ഥത്തിലും എക്സിബിഷൻ ഒരു മഹാമേള തന്നെയായി. രാവിലെ മുതൽ രാത്രിവരെ ജമാഅത്തിന് സേവനം ചെയ്യാൻ സന്നദ്ധരായി പല സ്ത്രീകളുമെത്തി. തങ്ങളുടെ മറ്റു പ്രവൃത്തികൾ മാറ്റിവച്ചും കുഞ്ഞുങ്ങളെ മറ്റു വീടുകളിലേൽപിച്ചും ലജ്നകൾ എത്തിച്ചേർന്നപ്പോൾ സംഘാടകർക്ക് എന്തെന്നില്ലാത്ത ആഹ്ലാദം തന്നെയുണ്ടായി. ഏകദേശം 500 സ്ത്രീകളോട് സംസാരിച്ചിട്ടുണ്ടാകുമെന്ന് കണക്കാക്കുന്നു. അറബി കോളേജിൽ പഠിക്കുന്നവരും മുജാഹിദ് പ്രസ്ഥാനത്തിന് വേണ്ടി പ്രവർത്തിക്കുന്നവരുമായ സ്ത്രീകളാണ് സംശയനിവാരണത്തിന്നായി എത്തിച്ചേർന്നത്.

എക്സിബിഷൻ ദിവസങ്ങളിൽ കടന്നുപോയ രണ്ട് ഞായറാഴ്ചകളിൽ കണ്ട ജനപ്രവാഹം വിവരിക്കാൻ വാക്കുകളില്ല. ബോർഡുകൾ വായിച്ചുനീങ്ങുന്ന സ്ഥലങ്ങളിൽ അനുഭവപ്പെട്ട തിരക്ക് സംഘാടകരെ ഉൽക്കണ്ഠാകുലരാക്കി. ഇത്ര തിരക്ക് വന്നാൽ വായിക്കാൻ പോലുമാവില്ലല്ലോ എന്നുവരെ പറയുന്നത് കേൾക്കാമായിരുന്നു.

സംവാദങ്ങളാൽ സജീവമായ രാപ്പകലുകളിൽ ജമാഅത്തിന്റെ മുബല്ലിഗ്, മുഅല്ലിമീങ്ങളും ഒപ്പം സാധാരണപ്രവർത്തകരും രംഗം കയ്യടക്കി. പലരും ന്യായമായ സംശയങ്ങൾകൊണ്ടുവന്ന് അത് തീർത്തുപോകുമ്പോൾ ചുരുക്കം ചിലരെങ്കിലും കളിയാക്കലും കുറ്റപ്പെടുത്തലുമായി കടന്നുവന്നു. മുജാഹിദുകാർ കോഴിക്കോട് നടത്തിയ 'സാൽവേഷൻ എക്സിബിഷൻ' കണ്ടുവന്ന പലരും നമ്മുടെ എക്സിബിഷനെ പ്രകീർത്തിക്കുന്നത് കേൾക്കാമായിരുന്നു. ഇത്ര സുന്ദരമായി ഖുർആനെ അവതരിപ്പിക്കാൻ കോടികളുടെ സംഭാവനകൾ ലഭിച്ചിട്ടും അവർക്കായില്ലായെന്ന ജനാവലിയുടെ അഭിപ്രായം ഉൾപ്പുളകത്തോടെയാണ് ശ്രവിച്ചത്.

എക്സിബിഷൻ ഇത്ര ഗംഭീരമാക്കുന്നതിൽ അൻസാറുല്ലാ സംസ്ഥാന നാസിം ജ.പി.പി. നാസിറുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിൽ മാസങ്ങളോളം ഉറക്കമൊഴിച്ച് പ്രവർത്തിച്ചവരെ എത്ര അനുമോദിച്ചാലും മതിയാവുകയില്ല. എക്സിബിഷന്റെ പ്രചാരണ പ്രവർത്തനങ്ങളിൽ കണ്ണൂർജില്ലയിലെ ഖാദിമീങ്ങൾ രണ്ടുമാസക്കാലം ഉറക്കമൊഴിഞ്ഞു പ്രവർത്തിച്ചിട്ടുണ്ട്. ബോർഡുകളും മറ്റും തയ്യാറാക്കുന്നതിൽ എ.എം. മുഹമ്മദ് സലീം സാഹിബും മൗലവിമാരും ചെയ്ത

പേജ് 34-ൽ

# ഒരു തീർത്ഥാടനത്തിന്റെ ജീവൽസ്മരണ

മനോഹരമായ മസ്ജിദ്അഖ്സയുടെ പടം എം. ടി.എയിൽ പ്രത്യക്ഷപ്പെട്ടപ്പോഴാണ് 1989 ഡിസംബറിൽ അഹ്മദിയ്യാ ശതാബ്ദിയുടെ ഭാഗമായ വാർഷിക ജലസ കഴിഞ്ഞ് പാക്കിസ്ഥാനിൽ ഒരു പര്യടനത്തിന് ഭാഗ്യം ലഭിച്ച കാര്യം സ്മൃതിപഥത്തിൽ ഉയർന്നുവന്നത്.

1989-ലെ ഖാദിയാൻജലസ അവിസ്മരണീയമായ ഒന്നായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ശതാബ്ദിയാഘോഷവേളയിലെ ജലസയെന്ന നിലയ്ക്ക് ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഖാദിയാൻ എന്ന കൊച്ചുഗ്രാമത്തിലേക്ക് ജനങ്ങളുടെ ഒരു പ്രവാഹം തന്നെയായിരുന്നു; പാക്കിസ്ഥാനിൽനിന്ന് പ്രത്യേകിച്ചും.

**ഡൽഹിയിൽ**

1989 ഡിസംബർ 10 ഞാനും, ഭർത്താവും, മകളും കേരള മംഗള എക്സ്പ്രസ്സ് ട്രെയിനിൽ കയറുമ്പോൾ ഒരുദ്ദേശ്യവും ആഗ്രഹവും ഞങ്ങൾക്കുണ്ടായിരുന്നു, തരപ്പെട്ടെങ്കിൽ പാക്കിസ്ഥാനിൽ ഒരു ഹ്രസ്വപര്യടനം നടത്തണമെന്ന്. സന്തോഷിക്കാനല്ല പാക്കിസ്ഥാനിലെ അഹ്മദി സഹോദരങ്ങളുടെ സന്താപത്തിൽ പങ്കാളിയാവുന്നതിനുവേണ്ടി. ഈ ഉദ്ദേശ്യം മുൻനിറുത്തി ഞങ്ങൾ കാലേക്കൂട്ടി പാസ്പോർട്ടും എടുത്തുവെച്ചിരുന്നു. ജലസ 18, 19, 20 തിയ്യതികളിലായിരുന്നതുകൊണ്ട് മാർഗ്ഗമദ്ധ്യേ ഡൽഹിയിൽ തങ്ങി പാക്ക് എംബസിയിൽ ചെന്ന് വിസ കിട്ടുമോ എന്ന് നോക്കാൻ സമയവും സൗകര്യവും വേണ്ടത്രയുണ്ടായിരുന്നു. പാക്കിസ്ഥാനിലെ അഹ്മദികൾ പീഡിപ്പിക്കപ്പെടുന്ന ഈ സന്ദർഭത്തിൽ പാക്കിസ്ഥാൻ സന്ദർശിക്കുന്നതിനോട് സഹോദരന്മാരിൽ പലർക്കും യോജിപ്പുണ്ടായിരുന്നില്ല. പെട്ടെന്ന് വിസ കിട്ടുകയില്ലെന്ന സംശയവുമില്ലാതെയിരുന്നില്ല. തുഗ്ലക്കാബാദിൽ പണി പൂർത്തിയായിവരുന്ന ഡൽഹി അഹ്മദിയ്യാ മിഷൻഹൗസിൽ ഡിസംബർ 12, സന്ധ്യയോടെ ഞങ്ങളെത്തി. വളരെ പുതുമയേറിയ ഒരനുഭവമായിരുന്നു അവിടെ. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമുള്ള അഹ്മദിസഹോദരങ്ങൾ അവിടെ എത്തിക്കൊണ്ടിരിക്കുന്നു. ഇന്ത്യയുടെ ആസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടുകൂടി മിക്കവാറും പൂർത്തിയായി മിനുക്കു പണികൾ നടന്നുകൊണ്ടിരുന്ന മിഷൻഹൗസിൽ തന്നെയായിരുന്നു ഞങ്ങൾക്ക് ആതിഥ്യം നൽകപ്പെട്ടിരുന്നത്. (തുഗ്ലക്കാബാദിൽ 'ബത്ര' ആശുപത്രിക്കടുത്തുള്ള ഇന്നത്തെ മസ്ജിദ് ബൈത്തുൽഹാദി) ജമാഅത്തിലെ പലരുമായും പരസ്പരം പരിചയപ്പെടുവാൻ ലഭിച്ച അപൂർവ്വ സന്ദർഭം. ഡിസംബർ 13, കാലത്തുതന്നെ ഞങ്ങൾ പാക്ക് എംബസിയിൽ ചെന്നു. വിസ കിട്ടുമെന്ന പ്രതീക്ഷ അസ്ഥാനത്തായിരുന്നുവെങ്കിലും ഒരു മണിക്കൂറിനുള്ളിൽ നാടകീയമായ നിലയിൽ വിസ കിട്ടിയപ്പോൾ ഞങ്ങൾ അല്ലാഹുവിന് ശുക്ർ ചെയ്തു. അൽഹംദുലില്ലാഹ്. ലാഹോർ, റബ്വ, കറാച്ചി ഇങ്ങനെ മൂന്ന് സ്ഥലങ്ങളായിരുന്നു വിസയിൽ കാണിച്ച സന്ദർശന സ്ഥലങ്ങൾ. മൂന്ന് മാസമായിരുന്നു വിസയുടെ കാലാവധിയെങ്കിലും 1990 ജനുവരി 1-ന് ഭർത്താവിന് ജോലിക്ക് ഹാജരാവേണ്ടതുണ്ടായിരുന്നതിനാൽ ഞങ്ങളുടെ പാക്കിസ്ഥാൻ പര്യടനം ഒരാഴ്ചയിൽ എങ്ങനെ ഒതുക്കും എന്ന് ഞങ്ങൾക്ക് വേവലാതിയുമുണ്ടായിരുന്നു അന്നും ഡൽഹി മിഷൻഹൗസിൽതന്നെ താമസിച്ചു. പിറ്റേന്നുരാവിലെ ആഗ്രയിൽ താജ്മഹൽ സന്ദർശിച്ചശേഷം രാത്രി ഫ്രോണ്ടിയർമെയ്ലിന് അമൃതസറിലേക്കും അവിടുന്ന് ഖാദിയാനിലേക്കും യാത്ര തിരിച്ചു. ജുമുഅക്ക് ഖാദിയാനിൽ തന്നെ സംബന്ധിക്കാൻ തരപ്പെട്ടു.

**ഖാദിയാനിൽ**

16, 17 തിയ്യതികളിൽ ശതാബ്ദിയാഘോഷത്തോടനുബന്ധിച്ചുള്ള ജലസയിൽ പങ്കെടുക്കുന്നതിന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും അണമുറിയാത്ത ജനപ്രവാഹമായിരുന്നു. പതിവ് ജലസാഗാഹിൽ ജനസഹസ്രങ്ങളെ ഉൾക്കൊള്ളിക്കാൻ കഴിയാതിരുന്നതുകൊണ്ട് ബഹിശ്തിമഖ്ബറയുടെ തൊട്ടടുത്തുള്ള വിശാലമായ മൈതാനമാണ് ആദ്യമായി ജലസാഗാഹായി രൂപകല്പന ചെയ്തിരുന്നത്. ഡിസംബർ 18, 19, 20 തിയ്യതികളിൽ മൂന്നു രാവും പകലും അവിടെ സംബന്ധിച്ച ജനസഹസ്രങ്ങൾ ആത്മീയനിർവൃതിയിലായിരുന്നു കഴിഞ്ഞിരുന്നത്. ജലസയുടെ മൂന്നാം ദിവസം പാക്കിസ്ഥാനിലേക്ക് പോകുന്നവർക്ക് പ്രത്യേകം വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന വിളംബരം കേട്ടു. 21 വ്യാഴാഴ്ച കാലത്ത് 7 മണിക്ക് ഖാദിയാനിൽനിന്നും പാക്ക് അതിർത്തിയിലേക്ക് രണ്ട് സ്പെഷ്യൽ ബസ്സുകൾ പുറപ്പെടുന്നുണ്ടെന്നറിഞ്ഞ് ഞങ്ങൾ മൂന്ന് സീറ്റുകൾ റിസർവ്വ് ചെയ്തു. അതിർത്തിയിൽ എത്തിയപ്പോഴാണ് പാക്കിസ്ഥാനിൽ നിന്ന് ജലസക്ക് വന്ന് തിരിച്ചവർ 'അഠാരി' റെയിൽവേ സ്റ്റേഷനിൽനിന്ന് റെയിൽ മാർഗ്ഗമാണ് പോകുന്നതെന്നും റോഡുവഴി ഞങ്ങളോടൊപ്പം പാക്കിസ്ഥാൻ സഹോദരന്മാർ ആരുമില്ലെന്നും മനസ്സിലായത്. ബോർഡറിലുള്ള എമിഗ്രേഷൻ, കസ്റ്റംസ് ഉദ്യോഗസ്ഥന്മാർ ഞങ്ങളെ പരിശോധിച്ച് ഏതാണ്ട് ഒരു മണിക്കൂർ കൊണ്ട് ഒഴിവാക്കി. ഉദ്യോഗസ്ഥന്മാർ അധികവും സിക്കുകാരായിരുന്നു. ഖാദിയാനിൽനിന്ന് വരുന്നവരെക്കുറിച്ച് അവർക്ക് നല്ല മതിപ്പും ആദരവുമാണ്. അതിർത്തിക്കപ്പുറത്ത് പാക്ക് എമിഗ്രേഷൻ, കസ്റ്റംസ് ഉദ്യോഗസ്ഥന്മാരും അധികമൊന്നും പ്രയാസമുണ്ടാ

ക്കിയില്ല. ഉദ്യോഗസ്ഥന്മാർ പൊതുവെ വ്യക്തി താല്പര്യത്തിന് പരിഗണന നൽകുന്ന കാര്യം ഞങ്ങൾക്ക് ബോധ്യമായി.

**ലാഹോറിൽ**

ഉച്ചക്കുശേഷം 2 മണിയോടെ പാക് പ്രദേശത്ത് ഞങ്ങൾ കാലുകുത്തിയതും ലാഹോറിലേക്കുള്ള ഒരു വാൻ ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടതും ഒപ്പമായിരുന്നു. അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമെന്നല്ലാതെ എന്തു പറയാൻ. ഏതാണ്ട് മൂന്നരമണിയോടെ ലാഹോറിലെ ഏറ്റവും വലുതും മനോഹരവുമായ അഹ്മദിയ്യാ മസ്ജിദ് 'ദാറുദ്ദിക്ർ' പരിസരത്ത് ഞങ്ങളെത്തി. സങ്കടകരമെന്ന് പറയട്ടെ, പള്ളിയുടെ ഏറ്റവും മേലെ മുൻവശം പരിശുദ്ധകലിമ ആലേഖനം ചെയ്തത് പ്ലൈവുഡ് അടിച്ച് മറച്ചുവെച്ചിരിക്കുന്നു. പാക്കിസ്ഥാൻ ഭരണാധികാരികളുടെ ഒരു ക്രൂരവിനോദം. കലിമ ചൊല്ലുന്നതും, എഴുതിവെക്കുന്നതും, ബാങ്കുവിളിക്കുന്നതും അഹ്മദികൾക്ക് അവിടെ വിലക്കിയിരിക്കയാണ്. ബാങ്ക് കേൾപ്പിക്കുന്നതിന് ഘടിപ്പിച്ചിരുന്ന മൈക്ക്ഹോൺ താഴെ തള്ളിയിട്ടത് കാണാനുണ്ട്.

സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും നിറകുടമായിരുന്ന ഒരു ഖാദിം സഹോദരൻ പള്ളിക്കകത്ത് നിന്ന് ഓടിവന്ന് ഞങ്ങളുടെ എല്ലാ ബാഗുകളും കയ്യിലും തോളിലുമേറ്റി പള്ളിയുടെ മേൽഭാഗത്ത് അതിഥി മന്ദിരത്തിലേക്ക് ഞങ്ങളെ കൊണ്ടുവിട്ടു. അപ്പോഴേക്കും ലജ്നാ ഇമായില്ലാഹ് സദ്ർ സാഹിബ അവിടെയെത്തി സ്ത്രീകൾ ലജ്നാ ഇമായില്ലാഹ് അതിഥി മന്ദിരത്തിൽ താമസിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. അതിഥികൾക്ക് തനിച്ചും കുടുംബത്തിന് ഒന്നിച്ചും താമസിക്കാൻ ഉപയുക്തമായ പ്രാഥമിക സൗകര്യങ്ങളുള്ള വ്യത്യസ്ത വലുപ്പത്തിലുള്ള മുറികൾ സുസജ്ജമാക്കി വെച്ചിരുന്നു. അപ്പപ്പോൾ വേണ്ട ഭക്ഷണപാനീയങ്ങൾ തയ്യാർ ചെയ്യുന്നതിനു വേണ്ടി വിവിധ ഭക്ഷ്യധാന്യങ്ങളും ഗോതമ്പുമാവും ഒരുക്കിവെച്ച അടുക്കളയുടെ അടുക്കും ചിട്ടയും ശ്ലാഘനീയമത്രെ.

ഞങ്ങൾ എത്തി അല്പം കഴിയുമ്പോഴേക്കും ഇന്തോനേഷ്യയിലേയും മൊറീഷ്യസിലേയും ഏതാനും സഹോദരിസഹോദരന്മാർ ദാറുദ്ദിക്റിൽ എത്തിച്ചേർന്നു. ജമാഅത്തിലെ ഖാദിം സഹോദരന്മാരും, ലജ്നാ സഹോദരിമാരും അതിഥിസൽക്കാരങ്ങളിൽ കാണിച്ചുവന്ന ആത്മാർത്ഥതയും ഔത്സുക്യവും ഇപ്പോഴും മനസ്സിൽനിന്ന് വിട്ടുമാറുന്നില്ല. ഉച്ചത്തിൽ ബാങ്കുവിളി ഇല്ലെങ്കിലും അഞ്ചുനേരവും ജമാഅത്തായുള്ള നമസ്കാരം പള്ളിയിൽ നടന്നുവരുന്നു. മഗ്രിബ് നമസ്കാരത്തിന് മുമ്പ് ലാഹോർ ചുറ്റിക്കാണാൻ ഇറങ്ങി. അനാർക്കലി സ്ട്രീറ്റിൽ ജനത്തിരക്ക്മൂലം അങ്ങോട്ടുമിങ്ങോട്ടും നീങ്ങാൻ പറ്റാത്ത അവസ്ഥ. ചെളിനിറഞ്ഞ റോഡുകൾ, ഒരു കുതിരവണ്ടിയിൽ കുറച്ച് സ്ഥലങ്ങൾ മാത്രം ചുറ്റിക്കറങ്ങി മഗ്രിബ് ആവുമ്പോഴേക്കും പള്ളിയിൽ തിരിച്ചെത്തി. അപ്പോഴേക്കും പള്ളിയിൽ ആളുകൾ നിറഞ്ഞിരുന്നു. എല്ലാവർക്കും ഞങ്ങൾ കേരളത്തിൽനിന്ന് വന്നവരാണെന്നറിഞ്ഞ് കൊടിയത്തൂരിൽ മെയ്മാസം നടന്ന മുബാഹലയെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയാനുള്ള ജിജ്ഞാസ. ഞങ്ങൾ ഈ മുബാഹലയിൽ പങ്കെടുത്തവരാണെന്നറിഞ്ഞപ്പോൾ അവർക്ക് വളരെ സന്തോഷമായി. ലാഹോറിലെ 'ഇംറോസ്' എന്ന പത്രത്തിൽ ഫൈസലാബാദിൽ നിന്നുമുള്ള ജൂലൈ 8-ലെ റിപ്പോർട്ടായിരുന്നു കൊടിയത്തൂർ മുബാഹലയെക്കുറിച്ചുള്ള അന്വേഷണത്തിന് കാരണം. ഇന്ത്യയിലെ കേരളസംസ്ഥാനത്ത് നടന്ന മുബാഹലയുടെ ഫലമായി ഖാദിയാനി മുബല്ലിഗ് മരണപ്പെട്ടു. ഖാദിയാനികൾ ഇസ്‌ലാമിന്റെ സത്യം മനസ്സിലാക്കി പശ്ചാത്തപിച്ചുമടങ്ങട്ടെ. ഖത്തമുന്നുബുവ്വത്ത് പ്രസ്ഥാനത്തിന്റെ പേരെടുത്ത നേതാവ് ഖമറുൽ ഖാദിരിയുടെ പ്രസ്താവന ഇങ്ങനെ. "ഖാദിയാനി മുബല്ലിഗും കേരള അഹ്മദിയ്യാ ജമാഅത്തിന്റെ അമീർ ഡോ. മൻസൂർ അഹ്മദും മുബാഹലയുടെ പിറ്റേ ദിവസംതന്നെ മരണമടഞ്ഞു. ഖാദിയാനിമതം, അതിന്റെ ഇസ്‌ലാം വിരുദ്ധ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാമികവൃത്തത്തിൽനിന്നും പുറത്താണെന്ന വസ്തുതക്ക് ഇത് സ്പഷ്ടമായ തെളിവാകുന്നു. ഖാദിയാനിയ്യത്ത് ജൂതലോബിയുടെ ഒരു ശാഖയത്രെ. കേരള മുസ്‌ലിംകളുടെ മഹത്തായ ഈ വിജയം ലോകമുസ്‌ലിംകൾക്ക് സന്തോഷത്തിന്റെ സന്ദേശമാണ്. ഖാദിയാനിമതവുമായി ബന്ധപ്പെടുന്ന ഖാദിയാനികൾക്ക് ഗുണപാഠം നൽകുന്ന ദുരന്തവും." (ഇംറോസ്, 1989 ജൂലൈ 9).

ഡിസംബർ 22, വെള്ളിയാഴ്ച സുബ്ഹി നമസ്കാരാനന്തരം ലാഹോർ അമീർ സാഹിബിന്റെ നിർദ്ദേശമനുസരിച്ച് കേരളത്തിലെ മുബാഹലയെത്തുടർന്നുള്ള പ്രതികരണങ്ങളും ആത്മീയഫലങ്ങളും എന്നതിനെക്കുറിച്ച് ഭർത്താവ് ക്ലാസ്സെടുക്കുകയുണ്ടായി. "കള്ളം പറയുന്നവർക്ക് അല്ലാഹുവിന്റെ ശാപം ഉണ്ടാവട്ടെ" എന്നതാണ് മുബാഹലയിൽ ഏറ്റുപറയുന്ന ദൈവവചനം. മുബാഹലയിൽ പങ്കെടുത്ത അപ്പോഴത്തെ അമീറും മുബല്ലിഗും ഇതിനകം മരിച്ചുകഴിഞ്ഞുവെന്ന് അറബിപത്രങ്ങളിൽ (രണ്ടുപേരും ജീവിച്ചിരിക്കെ) എതിരാളികൾ പ്രസിദ്ധപ്പെടുത്തുകവഴി, തങ്ങൾ കളവ് പറയുന്നവരാണെന്ന് ലോകസമക്ഷം അവർ സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. 'കള്ളം പറയുന്നവർക്ക് അല്ലാഹുവിന്റെ ശാപം' അതുമുഖേന അവർ ഏറ്റുവാങ്ങുകയാണ് ചെയ്തത്. മുബാഹല നടന്നതോടെ രാജ്യത്തിന്റെ മുക്കിലും മൂലയിലുമുള്ള ദിനപത്രങ്ങളിൽ ഹദ്റത്ത് അഹ്മദുൽഖാദിയാനി(അ) യുടെ വാദവും അദ്ദേഹത്തെ സംബന്ധിച്ചുള്ള അഹ്മദികളുടെ വിശ്വാസവും വിശദമായി പ്രത്യക്ഷപ്പെട്ടു. മുബാഹല മുഖേന കോടിക്കണക്കിന് രൂപ ചെലവിട്ടാൽ കിട്ടാത്ത പ്രചരണമൂല്യം അഹ്മദിയ്യാ ജമാഅ

ത്തിന് കൈവന്നു. ഇത്രയും കാര്യങ്ങൾ ശ്രോതാക്കളെ തൃപ്തരാക്കിയെന്ന് മാത്രമല്ല, അല്ലാഹുവിന്റെ കരം അഹ്മദികൾക്കനുകൂലമായി എത്ര അത്ഭുതകരമായ രീതിയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് അവർക്ക് ബോധ്യപ്പെടുകയും ചെയ്തു.

**റബ്‌വയിൽ**

ഡിസംബർ 22, വെള്ളിയാഴ്ച ജുമുഅക്ക് റബ്‌വയിലെത്തണമെന്ന നിർബന്ധത്തോടെ ഞങ്ങൾ കാലത്ത് 7.30ന് തന്നെ 'ദാറുദ്ദിക്റി'ൽനിന്ന് യാത്ര തിരിച്ചു. അഹ്മദിയ്യാജമാഅത്തിന്റെ ഇമാം ഹിജ്റത്ത് ചെയ്ത ആ പുണ്യനഗരം ഒരു നോക്ക് കാണാനുള്ള ആകാംക്ഷയായിരുന്നു മനസ്സ് നിറയെ. ഏതാണ്ട് മൂന്നരമണിക്കൂർ ബസ് യാത്രക്കുശേഷം റബ്‌വനഗരത്തിലെത്തി. റബ്‌വയിലെ ജാമിഅ അഹ്മദിയ്യായിലെ ഒരു വിദ്യാർത്ഥിയെ ലാഹോറിൽവച്ചുതന്നെ ഞങ്ങൾക്ക് സഹയാത്രികനായി കിട്ടിയത് അല്ലാഹുവിന്റെ പ്രത്യേകാനുഗ്രഹമായിരുന്നു. റബ്‌വയിലെത്തിയ ഉടനെ അതിഥിമന്ദിരത്തിലേക്ക് പോകാതെ ജുമുഅ സമയം നഷ്ടപ്പെടാതിരിക്കാൻ ഞങ്ങൾ മസ്ജിദ് അഖ്സയിലെത്തി. അതിമനോഹരവും വിശാലവും അനുഗ്രഹീതവുമായ പള്ളി. ജുമുഅതന്നെ ഒരു മഹാസമ്മേളനത്തിന്റെ പ്രതീതി ഉളവാക്കിയിരുന്നു. പള്ളി നിറഞ്ഞ് കവിഞ്ഞ് അങ്കണത്തിൽ ആയിരക്കണക്കിന് ആളുകൾ, വിവിധ ഇനം വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യങ്ങൾ, പുറമെനിന്ന് അവിടെ എത്തിച്ചേരുന്ന ആരുടേയും കണ്ണും കരളും കുളിർപ്പിക്കുന്ന സജ്ജീകരണങ്ങൾ, ആത്മീയ അമൃതവാഹിനിയുടെ ഈ നിധികുംഭം ഞങ്ങൾ ആത്മീയനിർവൃതിയോടെ നോക്കിക്കണ്ടു.

ജുമുഅ കഴിഞ്ഞ് ഞങ്ങൾ അതിഥിമന്ദിരത്തിലേക്ക് ചെന്നു. ഭക്ഷണവും വിശ്രമവും കഴിഞ്ഞ് കേരളത്തിലെ അഹ്മദീസഹോദരി മർഹൂം മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ്(റ)ന്റെ പ്രിയപത്നിയെ കാണാൻ അവരുടെ വീട്ടിലെത്തി. (മർഹൂമ റുഖിയ സാഹിബ) വാർദ്ധക്യസഹജമായ അവശതയാൽ അവർക്ക് പള്ളിയിൽ വരാൻ സാധിച്ചിരുന്നില്ല. സ്വന്തം നാട്ടിലെ, അയൽവീട്ടിലെ ഒരു കുടുംബം റബ്‌വയിലെ തന്റെ വസതിയിൽ വന്നുകയറിയതിലുള്ള അവരുടെ ആഹ്ലാദം പറഞ്ഞറിയിക്കാൻവയ്യ. പിറ്റേദിവസം രാത്രി തന്നെ ഞങ്ങൾക്ക് കറാച്ചിയിലേക്ക് യാത്രതിരിക്കണമെന്ന് പറഞ്ഞപ്പോൾ അവർ അത്യധികം ദുഃഖിച്ചു. കറാച്ചിയിലേക്ക് ഒരു സൂപ്പർഫാസ്റ്റ് ട്രെയിനിൽ റിസർവേഷൻ ഉറപ്പുവരുത്തി അതിഥിമന്ദിരത്തിലേക്ക് തന്നെ തിരിച്ചുപോയി. ഒരിക്കലും മറക്കാനാവാത്തതാണ് റബ്‌വയിലെ അതിഥിമന്ദിരത്തിലെ ആതിഥ്യമര്യാദ. നിസ്വാർത്ഥസേവനമായിരുന്നു ജമാഅത്തിലെ സഹോദരീസഹോദരന്മാരിൽനിന്നും അനുഭവപ്പെട്ടത്. വൃത്തിയും വിശാലവുമായ മുറിക്കുള്ളിൽ കാലാവസ്ഥക്കും ഭൂപ്രകൃതിക്കുമനുസരിച്ചുള്ള ഭക്ഷണപദാർത്ഥങ്ങളാണ് അതിഥികൾക്ക് ലഭിച്ചിരുന്നത്. അങ്കണത്തിലെ പുൽത്തകിടുകളും മനോഹരമായ രീതിയിൽ രൂപകല്പന ചെയ്ത പൂന്തോട്ടങ്ങളും അവിടവിടെ സുസജ്ജമാക്കപ്പെട്ട ഇരിപ്പിടങ്ങളും മനസ്സിന് ഉന്മേഷവും ആനന്ദവും പ്രദാനം ചെയ്യുന്നു. 'ബാങ്ക്' നിഷിദ്ധമായിരുന്നതിനാൽ മുറിയുടെ വാതിൽക്കൽമുട്ടി അസ്സലാമുഅലൈക്കും എന്ന അഭിവാദനമായിരുന്നു നമസ്കാരത്തിനുള്ള വിളി.

സുബഹി നമസ്കാരം കഴിഞ്ഞ് റബ്‌വ നഗരം ചുറ്റിക്കാണാൻ ചുമതലയേറ്റ ഖാദിംകൾ കാലത്ത് 8 മണിക്ക് ഒരു വാഹനവുമായി ഞങ്ങളുടെ താമസസ്ഥലത്തെത്തി. ആധുനികരീതിയിൽ രൂപകല്പന ചെയ്ത മനോഹരമായ ഒരു നഗരമാണ് റബ്‌വ. സിനിമാശാലകളും, മദ്യഷാപ്പുകളും കാണപ്പെടാത്ത പാക്കിസ്ഥാനിലെ ഒരേ ഒരു നഗരം. തികച്ചും വ്യവസ്ഥാപിതമായി നിർമ്മിച്ച ജമാഅത്തിന്റെ വിവിധ ഓഫീസുകളിൽ കയറിയിറങ്ങുമ്പോൾ മിനുട്ടുകളാണെങ്കിലും ഞങ്ങളുടെ വശത്തേക്ക് തണുപ്പകറ്റാനായി ഹീറ്റർ തിരിച്ചുവെക്കുന്നതിൽപോലും അവർ ശ്രദ്ധിച്ചിരുന്നു. തഹ്‌രീക് ജദീദ്, വഖ്ഫ് ജദീദ് ഓഫീസുകളും, ജാമിഅ അഹ്മദിയ്യാ, ഫസ്‌ലെ ഉമർ ഹോസ്പിറ്റൽ എന്നിവയും സന്ദർശിച്ചു. റൂഹാനീഖസായിൻ അഥവാ ആത്മീയഭണ്ഡാരങ്ങൾ എന്ന പേര് അന്വർത്ഥമാക്കുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ഗ്രന്ഥങ്ങൾ അടുക്കിവെച്ചിട്ടുള്ള ഗ്രന്ഥാലയങ്ങൾ സന്ദർശിക്കവെ മകൾക്കായി വിശുദ്ധഖുർആൻ പ്രതിയും അവർ ഉപഹാരമായി നൽകി. എന്റെ ഉമ്മയുടെ വലിയ ഒരാഗ്രഹമായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ) രചിച്ച അറബി ഖസീദകളുടെ സമാഹാരം എവിടെനിന്നെങ്കിലും ഒരു പ്രതി ലഭിക്കണമെന്നത്. ഖാദിയാനിൽ കാണാത്ത ആ പുസ്തകം റബ്‌വയിൽനിന്നും ലഭിച്ചപ്പോൾ ഉമ്മയുടെ ആഗ്രഹം നിറവേറ്റാൻ കഴിഞ്ഞതിലുള്ള സന്തോഷം വളരെയേറെയായിരുന്നു. അൽഹംദുലില്ലാഹ്. ഈ അറബിഖസീദാ സമാഹാരം മകളുടെ സ്വറ്ററിനുള്ളിൽ ഒളിച്ചുവെച്ചായിരുന്നു പാക്ക് അതിർത്തി കടന്നത്. കുന്നിൻ ചെരിവിലുള്ള ബഹിശ്തിമഖ്ബറ വിവിധ വർണ്ണത്തിലുള്ള പൂക്കളും ചെടികളുംകൊണ്ട് വളരെ മനോഹരമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ (റ)ന്റെയും ഖലീഫത്തുൽ മസീഹ് മൂന്നാമൻ (റഹ്)ന്റെയും മറ്റു ശുഹദാക്കളുടെയും ഖബ്റുകൾ സന്ദർശിച്ച് ദുആ ചെയ്യുന്നതിന് ഞങ്ങൾക്ക് സുവർണ്ണാവസരം നൽകിയ അല്ലാഹുവിന് ശുക്ർ.

മസ്ജിദ് അഖ്സായ്ക്കു പുറമെ മസ്ജിദ് മുബാറക്, മസ്ജിദ് മഹ്മൂദ്, ഖസ്റെ ഖിലാഫത്ത് അഥവാ ഖിലാഫത്ത് കൊട്ടാരം എന്നിവ നേരിൽ കണ്ടു. ഇവിടെനിന്നും മസ്ജിദ് മുബാറക്കലേക്ക് പ്രവേശിക്കാൻ രഹസ്യവാതിലുമുണ്ട്. വിശാലമായ സ്വിമ്മിംഗ്പൂളും ഖലീഫാ

തിരുമനസ്സിന്റെ അണിഞ്ഞൊരുങ്ങിയ കുതിരകളും മറ്റൊരു കാഴ്ചതന്നെ. ഇന്തോനേഷ്യൻ സഹോദരമാർ കുതിരസവാരി നടത്തുന്നതിനുള്ള സന്ദർഭം പ്രയോജനപ്പെടുത്തിയെങ്കിലും ഗ്രാമീണരായ ഞങ്ങൾ അതിന് തയ്യാറായില്ല. പാക്കിസ്ഥാൻ സന്ദർശിക്കാനുള്ള വിസയുടെ കാര്യത്തിൽ ഒരു മുൻധാരണയും ഇല്ലാതിരുന്നതുകൊണ്ടും ഭർത്താവിന് സ്കൂൾ അവധിയിൽ നീക്കുപോക്ക് വരുത്താൻ നിർവ്വാഹമില്ലാത്തതുകൊണ്ടും റബ്വയിൽ രണ്ട് ദിവസത്തെ താമസം കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. പാക്കിസ്ഥാനിലെ ആദ്യകാല ആസ്ഥാനമായിരുന്ന കറാച്ചിയെ ലക്ഷ്യം വച്ചായിരുന്നു പിന്നീടുള്ള ഞങ്ങളുടെ യാത്ര.

**കറാച്ചിയിൽ**

കറാച്ചിയിലേക്ക് യാത്ര തിരിക്കാനായി രാത്രി 8 മണിക്ക് ഒരു സഹോദരൻ ഞങ്ങളെ റബ്വ റയിൽവെ സ്റ്റേഷനിലെത്തിച്ചു. അപ്പോഴാണ് ഞങ്ങൾ പ്രതീക്ഷിക്കുന്ന 'സൂപ്പർഫാസ്റ്റ് ട്രെയിൻ' മൂന്നോ നാലോ മണിക്കൂർ വൈകി രാത്രി 12 മണിക്കേ എത്തുകയുള്ളൂ വെന്നറിഞ്ഞത്. ഞങ്ങൾ രാത്രിയിലെ കൊടുംതണുപ്പ് സഹിച്ചുകൊണ്ട് ഏതാണ്ട് 12 മണിയോടടുത്തപ്പോൾ മറ്റൊരു വിളംബരം; ട്രെയിൻ എത്താൻ മൂന്നരമണിയാവുമെന്ന്. അങ്ങനെ വളരെ വൈകി പാക്കിസ്ഥാൻ റെയിൽവെ എന്ന് സുന്ദരമായി വലിയ അക്ഷരത്തിൽ ഉർദുവിലെഴുതിയ മനോഹരമായ പച്ചനിറമുള്ള ബോഗികളുമായി ട്രെയിൻ റബ്വ സ്റ്റേഷനിലെത്തി. അകത്ത് കയറിയപ്പോഴാണ് വെറും പുറംമോടിയാണ് പാക്കിസ്ഥാൻ ട്രെയിൻ എന്ന് മനസ്സിലായത്. സൂപ്പർഫാസ്റ്റ് ട്രെയിനിലെ റിസർവേഷൻ ബോഗിയിൽ കയറിയപ്പോൾ കണ്ടകാഴ്ച അത്ഭുതപ്പെടുത്തുന്നതായിരുന്നു. വെറും മരപ്പലക. ഒരാൾ കിടന്നാൽ ബർത്തിന്റെ മറ്റേ അറ്റം മറ്റൊരാളുടെ സിറ്റിംഗ് റിസർവേഷൻ. അപ്പർ ബർത്തിലാണെങ്കിൽ ഒരു ഉയരം കുറഞ്ഞ കൊച്ചുപലകയാണ് അടുത്ത ബർത്തിനെ വേർതിരിക്കുന്നതിനുള്ള സംവിധാനം. വെള്ളമില്ലാത്ത ടോയ്‌ലറ്റിൽ പൈപ്പ്പോലും കാണാനില്ല. 'ഉർവശീശാപം ഉപകാരം' എന്ന ചൊല്ല് ഓർത്തുപോയി. ട്രെയിൻ വൈകിയെത്തിയത് യാത്രക്കാരായ ഞങ്ങളുടെ ഭാഗ്യം. ഏതോ ഒരു സ്റ്റേഷനിൽ ട്രെയിൻ നിർത്തിയപ്പോഴാണ് പ്രാഥമികാവശ്യത്തിന് ഒരു കുപ്പി വെള്ളം കിട്ടിയത്. തികച്ചും സാഹസികമായിരുന്നു ഈ ട്രെയിൻയാത്ര. ഓരോ റെയിൽവേ സ്റ്റേഷനിലും ഇസ്‌ലാമികരാഷ്ട്രത്തിന്റെ ബാഹ്യ അടയാളമായി നമസ്കരിക്കാനുള്ള കൊച്ചുപള്ളികൾ പണിതിട്ടുണ്ട്. ട്രെയിനിൽനിന്ന് ഭർത്താവ് നമസ്കരിക്കുന്നത് ശ്രദ്ധയിൽപ്പെട്ട ഒരാൾ ഞങ്ങൾ അഹ്മദികളാണോ എന്നറിയാൻ തിരക്കി. യാത്രയിൽ ഖിബ്‌ല പ്രശ്നമാക്കാറില്ലെന്ന കാര്യം അറിയാത്ത അയാൾ ആ തെറ്റ് ചൂണ്ടിക്കാണിക്കുകയും ഞങ്ങൾ അഹ്മദികളാണെന്ന കാര്യം പുറത്തറിയുന്നത് അപകടകരമാണെന്ന ഒരു താക്കീതും നൽകുകയുണ്ടായി. അകവും പുറവും ഒരുപോലെ കാപട്യം. ഇതാണ് അവിടുത്തെ നാമമാത്ര മുസ്‌ലിംകളുടെ ചിത്രം. രാത്രി ഏതാണ്ട് 10 മണി കഴിഞ്ഞാണ് പിന്നേയും വൈകിയോടിയ ഞങ്ങളുടെ സൂപ്പർഫാസ്റ്റ് ട്രെയിൻ കറാച്ചിറെയിൽവേസ്റ്റേഷനിലെത്തിയത്. മുൻകൂട്ടി റബ്വയിൽനിന്ന് ഫോൺ ചെയ്തതനുസരിച്ച് മർഹൂം മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ)ന്റെ ജാമാതാവും ഞങ്ങളുടെ അടുത്തബന്ധുവുമായ റിട്ട.ലഫ്റ്റനന്റ് കമാന്റർ ജനാബ് അബ്ദുൽമുഅ്മിൻ സാഹിബും ഭാര്യയും സ്റ്റേഷനിൽ വാഹനവുമായി കാത്തിരിപ്പുണ്ടായിരുന്നു. അദ്ദേഹത്തെ കുട്ടിക്കാലത്ത്കണ്ട ഒരു ഓർമ്മമാത്രമായിരുന്നു എനിക്ക്. രാത്രി അദ്ദേഹത്തിന്റെ വീട്ടിൽ വിശ്രമിച്ചു. പിറ്റേന്ന് പകൽ മുഴുവൻ കറാച്ചിപട്ടണം കാണാവുന്നതത്രയും ചുറ്റിക്കാണാനാണ് വിനിയോഗിച്ചത്. അതിൽ ജമാഅത്തിന്റെ ഏറ്റവും വലിയ പള്ളിയും ഏതാണ്ട് 20 ലക്ഷം രൂപയുടെ ബജറ്റിൽ പണി തുടങ്ങുന്ന പുതുതായി നിർമ്മിച്ചുവരുന്ന വിശാലമായ ഒരു പള്ളിയും ഉൾപ്പെടുന്നു. കറാച്ചിയിൽ സ്ഥിരതാമസമാക്കിയ കണ്ണൂർ തുർക്കിന്റവിടത്തെ പഴയ അഹ്മദീകുടുംബത്തിലും പഴയങ്ങാടിയിൽ തന്നെയുള്ള ജനാബ് ബി. അഹ്മദ് സാഹിബിന്റെ അനഹ്മദീ സഹോദരന്റെ കുടുംബത്തിലും ഞങ്ങൾക്ക് ആതിഥ്യം കിട്ടിയിരുന്നു. അവരെ സംബന്ധിച്ച് തികച്ചും അപ്രതീക്ഷിതമായ ഒരു കൂടിക്കാഴ്ചയായിരുന്നു ഇത്. കറാച്ചിയിലെ ആത്മീയാന്തരീക്ഷത്തിൽനിന്നും മാറി പാക്കിസ്ഥാന്റെ മറ്റൊരു മുഖവും ഞങ്ങൾക്ക് ദർശിക്കാൻ കഴിഞ്ഞു. സമ്പന്നതയുടെ ഉടയാടകൾ അഴിഞ്ഞാടുന്ന കറാച്ചി ബീച്ച്. ധൂർത്തും ദുർവ്യയവും പാക്കിസ്ഥാനികളുടെ സിരകളെ ആവേശിച്ചുകഴിഞ്ഞുവെന്നതിന്റെ തെളിവായി കറാച്ചിബീച്ചിലെ നിശാമേള ചൂണ്ടിക്കാണിക്കപ്പെടുന്നു. ആത്മീയ സ്വർഗ്ഗത്തിന്റെ വാതിലുകൾ അടഞ്ഞുകിടക്കുന്ന ഭൂമിയിലെ ഈ കല്പിതസ്വർഗ്ഗം മതത്തിന്റെ പേരിൽ സ്ഥാപിതമായ പാക്കിസ്ഥാൻ എന്ന നാമത്തെതന്നെ ചോദ്യം ചെയ്യുന്നു.

26-ാം തിയ്യതി കാലത്ത് കറാച്ചിയിൽനിന്ന് ലാഹോറിലേക്കും ലാഹോറിൽ ഒരു രാത്രികൂടി വിശ്രമിച്ചതിനു ശേഷം അമൃതസറിലേക്കും റെയിൽവഴി യാത്ര തിരിക്കുമ്പോൾ കസ്റ്റംസ് ഉദ്യോഗസ്ഥന്മാരുടെ പരിശോധനയും പെരുമാറ്റവും ഒരു ഇന്ത്യക്കാരന്റെ സപ്തനാഡികളും തളർത്തിക്കളയുന്നതായിരുന്നുവെന്ന് പറഞ്ഞാൽ ഒരു തെറ്റുമില്ല. ഇസ്‌ലാം, മുസ്‌ലിം എന്ന പേര് പോലും പാക്കിസ്ഥാനിൽ ബാക്കിയായി നിൽക്കുന്നുവെന്നതിൽ അത്ഭുതമുളവാകുന്നു. അമൃതസരിൽ നിന്ന് ഡിസംബർ 28-നും ന്യൂഡൽഹിയിൽനിന്ന് 29-നും കാലേക്കൂട്ടി ഞങ്ങൾട്രെയിൻ റിസർവേഷൻ ചെയ്തിരുന്നതുകൊണ്ട് 31-ന് വൈകീട്ട് 3.30ന് സുഖമായി നാട്ടിൽ തിരിച്ചെത്തി. അൽഹംദുലില്ലാഹ്.

***താഹിറ, പഴയങ്ങാടി***



# മാതാവ് ഒരു മാതൃക

**മാ**താവ് സ്നേഹമാണ്. മനുഷ്യജീവിതം അനുഭവിക്കുന്ന ആർദ്രമായ ഹൃദയവികാരത്തിന്റെ പേരാണ് മാതാവ്. അമ്മ എന്ന സങ്കല്പം ഭൂമിയുമായി ബന്ധപ്പെടുത്തി ഉപനിഷത്തുക്കൾ രേഖപ്പെടുത്തുന്നു. ഭൂമി എല്ലാം താങ്ങിനിറുത്തുന്നതുപോലെ മാതാവ് മക്കൾക്ക് വേണ്ടി സകലതും താങ്ങിനിറുത്തുന്നു. അവൾ സർവ്വംസഹയാണ്. പ്രസിദ്ധ മലയാള നോവലിസ്റ്റായ എം.പി. മുഹമ്മദ് അമ്മയെപ്പറ്റി പറയുന്നത് കണ്ണീർ കായ്ക്കുന്ന ചെടിയാണ് അമ്മ എന്നാണ്. മക്കൾക്കുവേണ്ടി ഉള്ളിൽ കരയുകയും അവർക്കുവേണ്ടി അവരുടെ മുന്നിൽ വെളുത്തപൂക്കളെപോലെ ചിരിച്ചുനിൽക്കുകയും ചെയ്യുന്ന ഒരു ഉദാര സുന്ദര ഭാവന എം.പി മുഹമ്മദിന്റേതായിട്ടുണ്ട്. ഉമ്മയെ പ്രകൃതിയുമായി സാമ്യപ്പെടുത്താറുണ്ട്. എന്നും തളിർത്തുകൊണ്ടിരിക്കുന്ന പ്രകൃതി ഉമ്മയുടെ ഭാവസവിശേഷതയാണ് എന്ന് ബഷീർ പറയുന്നു. സ്വന്തം അമ്മയുടെ അഭിമാനം സംരക്ഷിക്കാൻ നാല്കെട്ട് പൊളിച്ചുമാറ്റി എം.ടി. വാസുദേവൻനായർ. ഇതൊക്കെ സാഹിത്യത്തിന്റേയോ സംസ്കാരത്തിന്റേയോ പാഠങ്ങളാവാം. എന്നാൽ, ഇസ്ലാംമതം മാതാവിനെ കാണുന്നത് കുട്ടിയുടെ ജീവിതത്തിന്റെ സർവ്വസ്വവുമായിട്ടാണ്. അല്ലാഹുവിന്റെ പ്രവാചകന്റേതായി അതീവസുന്ദരമായ ഒരു പ്രസ്താവമുണ്ട്. 'അല്ലാഹുവിന്റെ റസൂലേ, ആരോടാണ് ഏറ്റവും നന്നായി പെരുമാറേണ്ടത് എന്ന് ചോദിച്ചപ്പോൾ നിന്റെ മാതാവിനോട്, നിന്റെ മാതാവിനോട് നിന്റെ മാതാവിനോട് എന്നാണ് നബി തിരുമേനി(സ) പറഞ്ഞത്. അതിനുശേഷമാണ് പിതാവിന്റെ പേര് പറഞ്ഞത്. ഇതിൽനിന്നും ഉമ്മയുടെ പ്രാധാന്യം എന്താണെന്ന് വ്യക്തമാകുന്നു. ഒരിക്കൽ ഒരാൾ നബി തിരുമേനിയോട്, 'യാ റസൂലുല്ലാഹ് മാതാപിതാക്കളോടുള്ള മക്കളുടെ ബാധ്യതകൾ എന്താണ് എന്ന് ചോദിച്ചപ്പോൾ നബിതിരുമേനിയുടെ മറുപടി 'മാതാപിതാക്കൾ നിങ്ങളുടെ സ്വർഗ്ഗവും നരകവുമാണ്' എന്നാണ്. മാതാവിന്റെ കാലടിപ്പാടിലാണ് സ്വർഗ്ഗം എന്ന് തിരുമേനി വിശദീകരിച്ചു. ഇതിൽനിന്ന് മനസ്സിലാക്കേണ്ട ഒരു കാര്യം ഉമ്മയെ അനുസരിക്കുകയും ആദരിക്കുകയും ചെയ്യുന്നവർക്കുള്ളതാണ് സ്വർഗ്ഗം എന്നാണ്. മറ്റൊരു കാര്യം മക്കൾക്ക് സ്വർഗ്ഗം നേടികൊടുക്കുന്നവളാണ് യഥാർത്ഥ ഉമ്മ. ഇവിടെ വിദ്യാഭ്യാസത്തിന്റെ ദീപ്തിയുമുണ്ട്. ഒരു കുട്ടിയുടെ യഥാർത്ഥ ശിക്ഷണം ഉമ്മയിൽനിന്നാണ് ലഭിക്കുന്നത്. ഫ്രഞ്ച് വിപ്ലവത്തിന്റെ ധീരനായകന്മാരിൽ ഒരാളും, വിദ്യാഭ്യാസവിചക്ഷണനുമായ റൂസ്സോ അദ്ദേഹത്തിന്റെ വളരെ പ്രസിദ്ധമായ ഫിലോസഫി ഓഫ് എർത്ത് എന്ന പുസ്തകത്തിൽ ഒരു കുട്ടിയുടെ വിദ്യാഭ്യാസം രണ്ട് തലമുറകൾക്ക് മുമ്പേ ആരംഭിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അമ്മയും അമ്മൂമ്മയുമാണ് കുട്ടിയെ രൂപപ്പെടുത്തുന്നത് എന്നാണ് ഇതിന്റെ അർത്ഥം. ജീവിതത്തിന്റെ സമഗ്രശോഭയാണ് ഉമ്മ. ചരിത്രത്തിന്റെ അടരുകൾ പരിശോധിച്ചാൽ എവിടെയും ഒരു നിത്യഭാസുര നക്ഷത്രമായി ഉമ്മ നിലനില്ക്കും. ഈസാനബി(അ)യെപ്പറ്റി വിശുദ്ധഖുർആനും മറ്റു വേദങ്ങളും പ്രസ്താവിക്കുന്നത് ഈസാനബിയുടെ മഹത്വത്തിന് കാരണമായത് ഈസാനബിയുടെ മാതാവാണ് എന്നാണ്. ലോകവിശാലതയുടെ മാതാവാണ് മറിയം എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. മകനെ സ്നേഹിച്ച മറ്റൊരു ഉമ്മയുടെ കഥ നബിതിരുമേനി(സ) വികാരനിർഭരമായി പറഞ്ഞുതരുന്നുണ്ട്. ഏകാന്തവിജനമായ മരുഭൂമിയിൽ വെള്ളത്തിനുവേണ്ടി കാലിട്ടടിച്ച കുട്ടിയെ കണ്ട് ഏഴ് തവണ മല കയറിപോയ ഒരു ഉമ്മയുടെ നിശ്വാസത്തിൽനിന്നാണ് ലോകം പിന്നീട് അതിന്റെ ഏറ്റവും വിശുദ്ധനഗരമായ മക്കയെ ദർശിക്കുന്നത്. ആ കുട്ടിയുടെ കാലടിയിൽ ഊറിയ ജലം തടയിട്ട് കെട്ടിയാണ് അവിടെ ജലസംഭരണി രൂപപ്പെട്ടത്. ഇത് സംസത്തിന്റെ കഥയാണ്. ഇബ്രാഹിം നബിയുടേയും ഇസ്മാഈൽ നബിയുടേയും ഹാജറാബിബിയുടേയും കഥയാണ്. അതുകൊണ്ടുതന്നെയാണ് ലോകസമൂഹത്തിന്റെ മുന്നിൽ ഉമ്മ എന്നത് സ്നേഹത്തിന്റെ ഏറ്റവും മഹത്തായ ലാവണ്യമാകുന്നത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) പറഞ്ഞ ഒരു കഥ ഞാൻ ഓർക്കുന്നു. ഭാര്യയെ മാത്രം മനസ്സിലുറപ്പിച്ച ഒരു ഭർത്താവ് തന്റെ ഉമ്മയുടെ കഴുത്തറുത്ത് തളികയിൽവച്ച് തലയിലേറ്റി ഭാര്യയുടെ അടുത്തേക്ക് കൊണ്ടുപോവുകയായിരുന്നു. വഴിയിൽവച്ച് അവന്റെ കാൽ ഒരു കല്ലിനു മുട്ടി. തലയിൽനിന്നും തളികയിൽ വെച്ചിരുന്ന ഉമ്മയുടെ തല നിലത്തുവീണു. അപ്പോൾ നിലത്തുവീണ ഉമ്മയുടെ തല ചോദിച്ചു. മോനേ നിന്റെ കാലിൽ വല്ലതും പറ്റിയോ? ചോരയിൽ എഴുതിയ ഈ വാത്സല്യത്തിന്റെ പേരാണ് ഉമ്മ. കഴിഞ്ഞവർഷം കാസർഗോഡ് നടന്ന ഒരു സംഭവം ഓർമ്മിക്കുന്നു. മനസ്സിന്റെ താളം തെറ്റിയ ഒരു മാതാവ്, അവരെ എങ്ങനെയെങ്കിലും അവസാനിപ്പിക്കണമെന്ന് കരുതിയ ഒരു മകൻ ചന്ദ്രഗിരിപാലത്തിന്റെ മുകളിൽനിന്ന് ഉമ്മയെ പുഴയിലേക്ക് തട്ടിയിട്ടു. ഇത് കണ്ട് നിൽക്കുകയായിരുന്ന മീൻ പിടിക്കാൻ പോയ ആളുകൾ തങ്ങളുടെ വഞ്ചിയിൽ ആ സ്ത്രീയെ രക്ഷപ്പെടുത്തി. അപ്പോഴും ആ സ്ത്രീ മാറത്തടിച്ച് നിലവിളിച്ചു

**പേജ് 31-ൽ**

# അന്ധവിശ്വാസങ്ങളേ വിട

അന്ധവിശ്വാസം ഇസ്‌ലാമിക അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. അന്ധവിശ്വാസത്തിനും അനാചാരത്തിനുമെതിരെ പടപൊരുതിയ പ്രവാചകനാണ് മുഹമ്മദ് നബി(സ). ആ പ്രവാചകന്റെ അനുയായികൾ ഇന്ന് എന്തൊക്കെ അനാചാരങ്ങളാണ് ജീവിതത്തിൽ പകർത്തിപ്പോന്നിട്ടുള്ളത്. ഇന്ന് നമുക്ക് ചുറ്റും കാണുന്നതും, കേൾക്കുന്നതും എന്താണ്? അല്ലാഹു വ്യക്തമാക്കിയ ലക്ഷ്യത്തിലേക്കുള്ള പ്രയാണമല്ല ഇന്നുള്ളത്. സമൂഹത്തിന്റെ എല്ലാ തട്ടുകളിലും കാണപ്പെടുന്ന ജീർണതകളും, അന്ധവിശ്വാസങ്ങളും ഒഴിയാബാധയായി ജനങ്ങളിൽ, പ്രത്യേകിച്ച് സ്ത്രീകളിൽ പിടികൂടിയിരിക്കയാണ്.

മുഹമ്മദ്നബി(സ) തിരുമേനിയുടെ ദുആകൾ ദുനിയാവിന് വേണ്ടിയുള്ളതായിരുന്നില്ല. മറിച്ച്, ബിംബാരാധന അകന്നുപോകാനും അല്ലാഹുവിന്റെ തൗഹീദ് സ്ഥാപിതമാകാനും വേണ്ടിയുള്ളതായിരുന്നു. നബി(സ)യുടെ കാലത്ത് മക്കയിലെ ഓരോ ഭവനത്തിലും വിഗ്രഹങ്ങളുണ്ടായിരുന്നു. അവരെ സംസ്കൃത സമൂഹമാക്കിയത് നബി(സ) തിരുമേനി അല്ലാഹുവിന്റെ മുമ്പിൽ കരഞ്ഞുവിലപിച്ചതിന്റെ ഫലമായാണ്. വിഗ്രഹങ്ങളുടെ പൂജാരികൾതന്നെ അവയെ ഉടക്കുകയും, തിരസ്കരിക്കുകയും ചെയ്തു. നബിതിരുമേനിയുടെ ജീവിതകാലത്തുതന്നെ മക്ക മുഴുവൻ മുസ്‌ലിംകളുടെ കീഴിലായി. ഇത്രയും മഹത്തായ ഒരു വിപ്ലവം മറ്റൊരു പ്രവാചകന്റെ ജീവിതത്തിലും കാണാൻ സാധ്യമല്ല. ആ നബിയുടെ ഉമ്മത്താണ് എവിടെയെങ്കിലും യാത്ര പുറപ്പെടുമ്പോൾ ദുആ ചെയ്യുന്നതിനു പകരം സമയനിർണ്ണയം നടത്തിപുറപ്പെടുന്നത്. ഇനി പുറപ്പെട്ട സമയം പൂച്ച അടുത്തുകൂടെ പോയാൽ, എന്തെങ്കിലും ആവശ്യത്തിനായി തിരിച്ചുവരേണ്ടിവന്നാൽ, അന്നത്തെ യാത്രതന്നെ ചിലർ വേണ്ടെന്നുവെക്കും. കാരണം അതൊരു ദുഃശകുനമായി അവർ കണക്കാക്കും. ഹദ്റത്ത് ഉമറിബ്നുആമിർ(റ) നിവേദനം ചെയ്യുന്നു. അഹ്മദ്ബിൻ ആയൂസി പറഞ്ഞു. നബി(സ) തിരുമേനിയോട് ദുഃശകുനത്തെക്കുറിച്ച് ചോദിച്ചു. അവിടന്ന് പറഞ്ഞു. ഇതിനെ ശുഭലക്ഷണമായി കാണുക. അതായത്, കറുത്തപൂച്ചയോ, വെളുത്തപൂച്ചയോ അടുത്തുകൂടെ ഓടിയാൽ അത് നിങ്ങൾക്ക് ഗുണമാണെന്ന് കരുതുക. പറയുക, അല്ലാഹു നമുക്കുവേണ്ടി ശുഭലക്ഷണം തന്നിരിക്കുന്നു. ഒരിക്കലും ദുഃശകുനം ചെയ്യരുത്. മുസ്‌ലിംകളെ സദുദ്ദേശ്യത്തിൽനിന്ന് തടഞ്ഞുനിർത്താൻ ദുഃശകുനത്തിനു കഴിയില്ല. കൃത്രിമമായി ഉണ്ടാക്കപ്പെട്ട കാര്യങ്ങളാണ് അത്. അത് ജനങ്ങൾക്കിടയിൽ പ്രചരിച്ചുവെന്ന് മാത്രം. മുസ്‌ലിംകൾ ഒരിക്കലും അതിനെ ഭയപ്പെടുകയില്ല. അനിഷ്ടകരമായ എന്തെങ്കിലും കണ്ടാൽ ഇങ്ങനെ ദുആ ചെയ്യുന്നു. അല്ലാഹുവേ! നിന്നെ കൂടാതെ നന്മ കൊണ്ടുവരുന്നവനായി ആരുംതന്നെയില്ല. തിന്മയെ അകറ്റുന്നവനും നീയല്ലാതെ ആരുംതന്നെയില്ല. എല്ലാ ശക്തിയും കഴിവും നിന്റെ അനുഗ്രഹംകൊണ്ട് മാത്രമാണ് ലഭിക്കുന്നത്.

സ്വന്തം കഴിവിൽ വിശ്വാസമില്ലാത്തവരാണ് ജ്യോതിഷത്തിനു പിന്നാലെയും, ആൾദൈവങ്ങളുടെ പിന്നാലെയും പോവുന്നത്. ഇന്നത്തെ സമൂഹം മുഴുവൻ തങ്ങളുടെ ജീവിതത്തെക്കുറിച്ച്, നിലനില്പിനെക്കുറിച്ച് അനാവശ്യമായ ഉത്കണ്ഠകൾ വച്ചുപുലർത്തുന്നു. അടുത്തനിമിഷത്തിൽ എന്താണ് സംഭവിക്കുന്നതെന്ന ആധിയാണ് ഓരോരുത്തരിലും. ഈ മനോനിലയും ഭീതിയുമാണ് ഇത്തരം കാര്യങ്ങൾ തഴച്ചുവളരാൻ കാരണമായിത്തീരുന്നത്. ഇത്തരം ദയനീയാവസ്ഥയിൽ ജോത്സ്യന്മാരും മൊല്ലാക്കമാരും ബീബിമാരും നമ്മുടെ സാമൂഹ്യജീവിതത്തിൽ പിടിമുറുക്കാൻ അവസരം ഒരുക്കുന്ന. സാധാരണ കൈനോട്ടക്കാരിൽപോലും ദുർബലരായ സ്ത്രീകൾ വീണുപോവുന്നു. ഭരണയന്ത്രം തിരിക്കുന്ന ഭരണാധികാരികൾ പോലും ഈ വ്യാജപ്രവചനം നടത്തുന്നവരുടെ മുമ്പിൽ ക്യൂ നിൽക്കുന്നത് രസകരമായ കാഴ്ചയാണ്. രോഗം വന്നാൽ ഡോക്ടറെ അന്വേഷിച്ച് പോകുന്നതുപോലെയാണ് ഇന്ന് നിസ്സാരപ്രശ്നങ്ങൾക്ക് പോലും പരിഹാരം തേടിക്കൊണ്ട് ജോത്സ്യരെ തിരക്കിപ്പോകുന്നത്. നിരക്ഷരർ മാത്രമല്ല അഭ്യസ്ഥവിദ്യരും ഇതിന്റെ പിന്നാലെയാണ്. കയ്യിലും കഴുത്തിലും ചുവപ്പും, കറുപ്പും ചരട് കെട്ടാത്തവർ ഇന്ന് വിരളമാണ്. ശാന്തിക്കും സമാധാനത്തിനും ഭംഗം വരുമ്പോൾ അത് വീടിന്റെ പോരായ്മ കൊണ്ടാണെന്ന് തീർപ്പ് കല്പിക്കുന്നവർ ഇന്നും നമുക്ക് ചുറ്റും ഉണ്ട്. ആർക്കെങ്കിലും അസുഖം മാറിയില്ലെങ്കിൽ അതും വീടിന്റെ പോരായ്മ കൊണ്ടായിരിക്കും. ദാമ്പത്യബന്ധത്തിന് ഉലച്ചിൽ തട്ടുമ്പോൾ കിടപ്പുമുറിയുടെ സ്ഥാനനിർണ്ണയത്തിൽ പിശക് പറ്റിയോ എന്ന സംശയം. ഇങ്ങനെ ഓരോ സംശയങ്ങൾ തലയ്ക്ക് പിടിച്ച് എത്രയോ വർഷം കഠിനാധ്വാനം ചെയ്ത് കെട്ടിയുയർത്തിയ വീട് വില്ക്കാനും, പൊളിക്കാനും തയ്യാറാവുന്നു. ഇത്തരം ദുരവസ്ഥയ്ക്ക് എന്താണ് കാരണം? ഒരു വീട്ടിൽ ശാന്തിയും സമാധാനവും കൊണ്ടുവരേണ്ടവർ അതിലെ താമസക്കാരാണ്.

നമുക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ അളവറ്റതാണ്. ചിലപ്പോൾ ഒന്നിനുമീതെ മറ്റൊരു വിപത്ത് നമ്മെ വേട്ടയാടിക്കൊണ്ടിരിക്കും. എനിക്ക് മാത്രം എന്തിനിങ്ങനെ കഷ്ടപ്പാട് തരുന്നു എന്ന് ചിന്തിക്കുന്നവരും ഉണ്ട്. ഇതിന് വിശുദ്ധഖുർആൻ തന്നെ നമുക്ക് ഉത്തരം നല്കുന്നു. നന്മയും തിന്മയും അല്ലാഹുവിൽ നിന്നാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ഭൂമിയിലും അതിലെ വിശ്വാസികൾക്കും എന്ത് സംഭവിക്കണമെന്നത് അല്ലാഹുവിന്റെ നിശ്ചയമാണ്. മനുഷ്യന്റെ കഴിവുകൾ എത്ര വികസിച്ചാലും അതിന് പരിമിതിയുണ്ട്.

മരണത്തിന് മുമ്പിലെന്നപോലെ പല കാര്യങ്ങൾക്കും മനുഷ്യന് തന്റെ നിസ്സഹായത സമ്മതിക്കേണ്ടിവരും. നാം നമ്മുടെ പരിമിതികൾ അറിയുകയും, അംഗീകരിക്കുകയും ചെയ്താൽ ഒരുപാട് പ്രശ്നങ്ങൾ തീരും. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസം എന്നും നമുക്കുണ്ടായിരിക്കണം. എല്ലാ കാര്യത്തിനും ദുആ ചെയ്യാനാണ് നമ്മോട് ആവശ്യപ്പെടുന്നത്. ഓരോ സന്ദർഭത്തിനും വേണ്ട ദുആകൾ വിശുദ്ധഖുർആനിലൂടെ നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. മനുഷ്യന്റെ ആത്മീയവും, ശാരീരികവുമായ എല്ലാ രോഗങ്ങളുടേയും പ്രതിവിധി വിശുദ്ധഖുർആനിൽ കാണപ്പെടുന്നു. സൂറഃ ഫാത്തിഹ 'ശിഫാ' എന്ന നാമകരണത്തിലാണ് അറിയപ്പെടുന്നത്. മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധഖുർആനെ ഉപേക്ഷിക്കപ്പെട്ട വസ്തുവായി കൈവിട്ടുകളയരുത്. നിങ്ങളുടെ ജീവിതംതന്നെ ഇതിലാണ് സ്ഥിതിചെയ്യുന്നത്. സത്യവിശ്വാസിക്ക് മാത്രം ഉണ്ടായിരിക്കുന്ന അവസ്ഥയെപറ്റി മുഹമ്മദ്നബി(സ) വിശദീകരിച്ചത് ഇങ്ങനെയാണ്. അവന് നല്ലത് വന്നുഭവിച്ചാൽ അവൻ അല്ലാഹുവിനോട് നന്ദി കാണിക്കുകയും അതവന് ഗുണകരമായിത്തീരുകയും ചെയ്യുന്നു. അവന് ദോഷം സംഭവിച്ചാൽ അവൻ ക്ഷമ പാലിക്കുകയും അതവന് ഗുണകരമായിത്തീരുകയും ചെയ്യുന്നു. സൗഭാഗ്യത്തിൽ അമിതമായി ആഹ്ലാദിക്കാതിരിക്കുകയും ദൗർഭാഗ്യത്തിൽ അമിതമായി ദുഃഖിക്കാതിരിക്കുകയും ചെയ്ത് എല്ലാ അവസ്ഥകളിലും സമചിത്തത നിലനിർത്തി ജീവിതം നയിക്കാൻ കഴിയുക; ഏകദൈവത്തിലും പാരത്രികജീവിതത്തിലും ഉറച്ചവിശ്വാസമുള്ളവർക്ക് മാത്രമാണ്.

ചിലപ്പോൾ ഒരുനിമിഷത്തെ വികാരാധിക്യം ജീവിതത്തെ മുഴുവൻ ബാധിക്കും. ഒരിക്കലും നാം വികാരാവേശങ്ങൾക്ക് അടിമപ്പെടാൻ പാടില്ല. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അല്ലാഹുവേ, എന്റെ ചുവടുറപ്പിച്ചു നിർത്തേണമേ ഞാൻ നിന്നോട് സന്മാർഗ്ഗത്തിൽ ഉറച്ചുനില്ക്കാനുള്ള കഴിവ് ചോദിക്കുന്നു എന്ന് അല്ലാഹുവിന്റെ മുമ്പിൽ അർത്ഥിക്കുകയാണ് വേണ്ടത്. കോപത്തിന്റെ ജയം വാസ്തവത്തിൽ ശയ്ത്വാന്റെ വിജയമാണ്. അത്തരം ഘട്ടങ്ങളിൽ എന്നെന്നും പശ്ചാത്തപിക്കേണ്ടി വരുന്നരീതിയിൽ ചില പ്രവൃത്തികൾ മനുഷ്യൻ ചെയ്തുപോവാറുണ്ട്. അത്തരം ഘട്ടങ്ങളിൽ '***അഊദുബില്ലാഹി മിനശൈത്വാനിർറജീം***' എന്ന ദുആ ചെയ്യാൻ നബി(സ) തിരുമേനി നിർദ്ദേശിച്ചിട്ടുണ്ട്.

അന്യന്റെ വിശ്വാസപരമോ, വ്യക്തിപരമോ ആയ ഒരു വികാരത്തേയും ഒരിക്കലും വ്രണപ്പെടുത്തരുത്. അപവാദവും പരദൂഷണവും നമ്മിൽ ഉണ്ടാവരുത്. നമ്മോട് തെറ്റ് ചെയ്താൽപോലും പകരം നൽകുന്നത് നന്മയാവണമെന്ന ചിന്ത നമുക്കുണ്ടായിരിക്കണം. ആവശ്യാവസരങ്ങളിൽ നമ്മെ ആശ്രയിക്കാമെന്നുള്ള വിശ്വാസം മറ്റുള്ളവരിൽ ഉണ്ടാക്കിയെടുക്കണം. സാമ്പത്തികപ്രശ്നങ്ങളുണ്ടാവുമ്പോൾ സഹായിക്കുന്നത്; അത് കടമായിട്ടാണെങ്കിൽപോലും മഹത്തായ കാര്യമാണ്. പട്ടാപ്പകൽ തൊട്ടടുത്ത ഫ്ളാറ്റിൽനിന്ന് കൊള്ളയടിച്ച് സാധനങ്ങൾ കൊണ്ടുപോവുന്നത്; താമസം മാറുന്നതാണെന്ന വിചാരത്തിൽ നോക്കിനിന്നത് ഈയിടെ ഏതോ മാസികയിൽ വായിച്ചതോർക്കുകയാണ്. അടുത്ത് താമസിക്കുന്നവർ ആരാണെന്നുപോലും അറിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. സ്നേഹവും സാഹോദര്യവും അന്യമായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് അയൽപക്കബന്ധവും അനുദിനം ശിഥിലമായിക്കൊണ്ടിരിക്കുന്നു. ആധുനികലോകത്ത് ഗ്രാമങ്ങളിൽപോലും, ഇന്റർനെറ്റും, മൊബൈൽ ഫോണും അടക്കിവാഴുമ്പോൾ പരസ്പരം മിണ്ടാനും പറയാനും സമയമെവിടെ? കാലത്തിന്റെ കുത്തൊഴുക്കിൽ പൊങ്ങുതടിയായി ഒഴുകിപ്പോകേണ്ടവരല്ല നാം. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉന്മൂലനം ചെയ്തുകൊണ്ട് ഇസ്‌ലാമികസംസ്കാരവും മൂല്യവും ഉയർത്തിപ്പിടിക്കേണ്ടവരാണ് നാം. അതിന് അല്ലാഹു നമ്മെ തുണക്കട്ടെ. (ആമീൻ)

***നാസിറ സുലൈമാൻ***

---

**പേജ് 29-ൽ നിന്ന്**

കൊണ്ട് പറഞ്ഞത് 'എന്റെ മോൻ ചെയ്തതല്ല' എന്നാണ്. ഇവിടെയാണ് ഉമ്മയെ നാം തിരിച്ചറിയുന്നത്. നബിതിരുമേനി(സ)ന് തന്റെ ഉമ്മയോട് അങ്ങേയറ്റം സ്നേഹമായിരുന്നു. കുട്ടിയായിരിക്കുമ്പോൾതന്നെ മരിച്ചുപോയ തന്റെ ഉമ്മയെ ഓർത്ത് മനസ്സിൽ ഖനീഭവിച്ചിരിക്കുന്ന വിഷാദഭാവവുമായി പ്രാർത്ഥനാരൂപത്തിൽ നിൽക്കുന്ന പ്രവാചകന്റെ ഒരു രൂപം ഏത് മനസ്സിനേയും അലിയിപ്പിക്കുന്നതാണ്. തന്റെ പോറ്റുമ്മയോട്പോലും ഈ സ്നേഹസാഗരത്തിന്റെ കുമ്പിൾ തുറക്കാൻ തിരുനബിക്ക് കഴിഞ്ഞു. ഒരവസരത്തിൽ നബിതിരുമേനിയുടെ യാത്രയിൽ ആകസ്മികമായി പ്രത്യക്ഷപ്പെട്ട പോറ്റുമ്മ ഹലീമയോട്, തന്റെ വിരിപ്പ് വിരിച്ച്കൊടുത്ത് ഇരിക്കാൻ പറഞ്ഞ തിരുനബി(സ) എത്ര വലിയ മാതൃകയാണ് നമുക്ക് കാണിച്ചുതന്നത്. ഇവിടെ മറ്റൊരു ചോദ്യവും ഉയരാം. മക്കളെ സ്നേഹിക്കുന്ന മാതാവിനെക്കുറിച്ചാണ് ഇത്രയും പറഞ്ഞത്. മാതാക്കൾ കുട്ടികൾക്ക് അതേ രീതിയിൽ മാതൃകയാവേണ്ടേ? അവരുടെ ജീവിതം കുട്ടികളെ നന്നാക്കിയെടുക്കാൻ വേണ്ടി അവർ ഉപയോഗപ്പെടുത്തേണ്ടതല്ലേ? ആധുനിക കാലഘട്ടത്തിൽ പ്രത്യേകിച്ചും. ഇപ്പോഴത്തെ ഇലക്ട്രോണിക് യുഗത്തിൽ കുട്ടികളോട് വാത്സല്യം കാണിക്കുന്ന ഉമ്മമാർ കുറഞ്ഞുവരികയല്ലേ? കുട്ടികളുടെ മുന്നിൽവച്ച് നുണ പറയുകയും പത്രാസ് കാണിക്കുകയും ചെയ്യുന്ന മാതാക്കൾ കുട്ടികളുടെ ഭാവിയെതന്നെയല്ലേ നഷ്ടപ്പെടുത്തുന്നത്. മാതാവ് എന്ന വിശുദ്ധ സങ്കല്പത്തെ ഉടച്ചുകളയുന്ന ആധുനിക ഭൗതികജീവിതകാമനയിൽനിന്ന് നമുക്ക് എങ്ങനെ രക്ഷപ്പെടാം. ഒരേയൊരു വഴിയേയുള്ളൂ. മസീഹ് മൗഊദ്(അ) വ്യാഖ്യാനിച്ചുതന്ന വിശുദ്ധഖുർആൻ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ ജീവിതത്തെ രൂപപ്പെടുത്തുക എന്നത് മാത്രം. അഹ്മദിയ്യാജമാഅത്തിൽ കൂടുതൽ കൂടുതൽ വിശ്വാസമർപ്പിച്ച് നല്ല ജീവിതം നയിക്കാൻ നമുക്കെല്ലാവർക്കും സാധിക്കുമാറാകട്ടെ. ആമീൻ

***ശാഹിദ***

# ഖിലാഫത്ത്: ഏക മോചനമാർഗ്ഗം

“നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമ്മ ങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ച യായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ പ്രബല പ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകു കയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കു ന്നവരാണ്, എന്നോട് മറ്റൊന്നിനേയും പങ്കുചേർക്കു കയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുക യാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ.” (24:56)

ദീനുൽ ഇസ്‌ലാമിന്റെ ആത്മീയധാർമ്മിക ശോച്യാ വസ്ഥക്കുശേഷം അതിന് നവജീവനും ചൈതന്യവും നല്കിക്കൊണ്ട് മുഹമ്മദീനുബൂവ്വത്തിൽ മഹ്ദി ഇമാ മിനെ നിയോഗിക്കുകയും അതുമുഖേന മുസ്‌ലിംക ളോട് ചെയ്ത പ്രസ്തുത വാഗ്ദാനമനുസരിച്ച് അല്ലാഹു തന്റെ അനുഗ്രഹമായ ഖിലാഫത്തിനെ നമുക്ക് തിരികെ നൽകുകയും ചെയ്തിരിക്കുന്നു. പ്രവാചകന്മാരാൽ ഔന്നത്യത്തിലെത്തിയ സത്യവിശ്വാ സികൾ തങ്ങളുടെ സൽകർമ്മങ്ങളിലും അടിസ്ഥാന പരമായ ആചാരാനുഷ്ഠാനങ്ങളിലും അടിയുറച്ചുനി ല്ക്കുന്നതിന്റെ ഫലമായാണ് അല്ലാഹു അവർക്ക് പ്രവാ ചകത്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് അനുഗ്ര ഹിച്ചു നല്കുന്നത്. ആത്മീയാന്ധകാരത്തിൽ വിഹരി ക്കുന്ന ലോകർക്ക് പ്രകാശപൂരിതമായ സന്മാർഗ്ഗ ത്തിന്റെ പാത തന്റെ ദൈവദൂതന്മാരാൽ ദൈവം കാണി ച്ചുകൊടുക്കുന്നു. ഈ പ്രവാചകദൗത്യത്തിന്റെ പരി പൂർണ്ണതയും വികാസവും ഭൂമിയിൽ സംഭവിക്കുന്നത് അവരുടെ വിയോഗശേഷം പ്രസ്തുത പ്രവാചകന്മാ രുടെ പ്രാതിനിധ്യം വഹിച്ചുവരുന്ന ഖലീഫമാരിലൂടെ യാണ്. ഇതുപ്രകാരം പ്രവാചകവരേണ്യനായ മുഹ മ്മദ്നബി(സ)യുടെ പരിശുദ്ധ നുബൂവ്വത്തിന്റെ അമര ക്കാരനായി അല്ലാഹു നിയോഗിച്ച ഹദ്റത്ത് അഹ്മദ്( അ)നുശേഷവും ഖിലാഫത്ത് എന്ന മഹനീയാനു ഗ്രഹം തുടർന്നുകൊണ്ടിരിക്കുന്നു. വാഗ്ദത്ത മഹ്ദീ മസീഹ്(അ) തനിക്കുശേഷം നടപ്പിലാവുന്ന ദൈവി കസംവിധാനത്തെക്കുറിച്ചും, അതിന്റെ അനശ്വരതയെ ക്കുറിച്ചും തന്റെ ‘അൽ വസിയ്യത്ത്’ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം അരുൾ ചെയ്യുന്നു. “ഞാൻ അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിന്റെ ഒരു പ്രതീകമാണ്. എനിക്കു ശേഷം ചില വ്യക്തികൾ രണ്ടാം ശക്തിപ്രഭാവത്തിന്റെ പ്രതീകങ്ങളായിരിക്കും. നിങ്ങൾക്കായി ദ്വിതീയശക്തി പ്രഭാവവും കാണേണ്ടതാവശ്യമാണ്. അത് വരുന്നത് നിങ്ങൾക്ക് വളരെ ഉത്തമമായിരിക്കും. കാരണം അത് ശാശ്വതമായ ഒരേർപ്പാടാണ്. ഇത് പുനരുത്ഥാന നാൾവരെ അവസാനിച്ചുപോകാത്ത ഒന്നാണ്.”

ദൈവത്തിന്റെ ഈ ദ്വിതീയ ശക്തിപ്രഭാവം (ഖു ദ്റത്തെ സാനിയ) പ്രോജ്ജ്വലമായി വെളിപ്പെട്ടുകൊ ണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ദൈവികകാരുണ്യത്തിന്റെ വറ്റാത്ത നീരുറവയാണ് ഈ ഖിലാഫത്ത്. പ്രവാചകത്വത്തിനുശേഷം നടപ്പിൽ വരുന്ന ആത്മീയനേതൃത്വത്തിൻ കീഴിൽ നിന്നുമാറി ആർക്കും ദൈവസാമീപ്യം കരസ്ഥമാക്കുവാനോ അതുവഴി മോക്ഷാർഹരാവാനോ സാധ്യമല്ല. ഇതുസം ബന്ധിച്ച് ഖലീഫത്തുൽ മസീഹ് രണ്ടാമൻ അരുൾ ചെയ്യുന്നു.

“വൃക്ഷവുമായി ബന്ധപ്പെട്ട ശാഖ മാത്രമേ ഫലം തരികയുള്ളു. വൃക്ഷത്തിൽനിന്നും വേർപെടുത്തപ്പെട്ട ശാഖ ഫലം തരുന്നതല്ല. അതേപ്രകാരം തന്നെ ഇമാ മുമായി ബന്ധപ്പെടുന്ന ആൾക്കു മാത്രമേ പ്രസ്ഥാന ത്തിന് ഉപയോഗപ്രദമായി എന്തെങ്കിലും പ്രവർത്തി ക്കുവാൻ സാധിക്കുകയുള്ളു. ഒരാൾ ഇമാമുമായി, തന്നെ ബന്ധപ്പെടുത്താതിരിക്കുകയാണെങ്കിൽ അയാൾ ലോകത്തുള്ള എല്ലാ അറിവുകളുടേയും കേദാരമായിരുന്നാലും ഒരു കുഞ്ഞാടിന് ചെയ്യുവാൻ സാധിക്കുന്ന കാര്യംപോലും ചെയ്യുവാൻ അയാൾക്ക് സാധിക്കുന്നതല്ല. അതുകൊണ്ട് നിങ്ങൾ പുരോഗതി പ്രാപിക്കുകയും ലോകത്ത് വിജയം കൈവരിക്കു കയും ചെയ്യണമെങ്കിൽ നിങ്ങൾക്ക് തരുവാനുള്ള എന്റെ ഉപദേശവും സന്ദേശവും ഇതാണ്. നിങ്ങൾ ഖിലാഫത്തുമായി ബന്ധപ്പെടുക. ഈ ദൈവികപാശം മുറുകെപിടിക്കുക. നമ്മുടെ എല്ലാ പുരോഗതികളു ടേയും നിദാനം ഖിലാഫത്തുമായുള്ള ബന്ധമാണ്. അല്ലാഹു നിങ്ങളെല്ലാവരുടേയും സംരക്ഷകനും സഹായിയും ആയിത്തീരുമാറാകട്ടെ. നിങ്ങൾക്ക് അഹ്മദിയ്യത്തും ഖിലാഫത്തുമായി പൂർണ്ണമായ വിശ്വ സ്തതയും ബന്ധവും ഉണ്ടായിത്തീരുമാറാകട്ടെ. ആമീൻ (അൽഫസൽ, 23.5.2003)

ഇസ്റായീൽ സമുദായത്തിന്റെ ആത്മീ യോൽകർഷത്തിനായി അല്ലാഹു എപ്രകാരമാണ് പ്രവാചകന്മാരേയും അവരുടെ പ്രതിപുരുഷന്മാ രേയും എഴുന്നേല്പിച്ചിട്ടുള്ളത്, അപ്രകാരംതന്നെ നബി(സ) ഉമ്മത്തിനും ഖലീഫമാരേയും ആത്മീയ പരി ഷ്കർത്താക്കളേയും നല്കി അനുഗ്രഹിക്കുകയുണ്ടാ യിട്ടുണ്ട്. എന്നാൽ, ജനങ്ങളിലും അവരെ ഭരിക്കപ്പെ ടുന്ന ഭരണാധിപന്മാരിലും, മേലുദ്ധരിച്ച ഖുർആനിക സൂക്തത്തിൽ അല്ലാഹു എടുത്തുപറഞ്ഞ ‘വിശ്വസി ക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർ’ ഇല്ലാതാവുകയും അവരിൽനിന്നത് നിശ്ശേഷം മാഞ്ഞുപോകുകയും ലൗകികസ്നേഹികൾ ഖിലാഫത്ത് എന്ന മഹനീയാനുഗ്രഹത്തെ നാമമാത്ര മാക്കുകയും, അധികാരബലംകൊണ്ടും അനന്തരാവ കാശംകൊണ്ടും നേടിയെടുക്കാവുന്ന ഒന്നാക്കിമാറ്റു

കയും ചെയ്യുകയുണ്ടായപ്പോൾ അല്ലാഹു തന്റെ ആ അനുഗ്രഹത്തെ അവരിൽനിന്നും എടുത്തുമാറ്റുകയുണ്ടായി. ഇസ്‌ലാമിക ഖിലാഫത്തിന്റെ ഭാവിയെക്കുറിച്ച് പ്രതിപാദിക്കുന്ന ഈ ഹദീസ് അതിലേക്ക് വെളിച്ചം വീശുന്നു. ഹുദൈഫാ(റ) നിവേദനം ചെയ്യുന്നു. "അല്ലാഹു ഉദ്ദേശിക്കാത്തിടത്തോളംകാലം മുസ്‌ലിംകളിൽ നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് നിലനില്ക്കും; പിന്നെ അതിനെ അല്ലാഹു എടുത്തുകളയും; അതിനുശേഷം ഭരണാധികാരികൾ മാത്രമായ ഖലീഫമാർ ഉണ്ടാകും. അതിനുശേഷം ഉഗ്രശാസകർ വരും. ഒടുവിലായി 'നുബുവ്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത്' (ഖിലാഫത്ത് അലാമിൻ ഹാജി നുബുവ്വത്ത്) വീണ്ടും ഉണ്ടാകും." നബി(സ) പിന്നെ ഒന്നും പറഞ്ഞില്ല.

'ഖിലാഫത്തുർറാശിദ'ക്കുശേഷം മുസ്‌ലിംകളിൽ ആത്മീയനേതൃത്വം നല്കുകയും ഇസ്‌ലാമിന്റെ തനതായശൈലി നിലനിറുത്തുകയും ചെയ്യുന്ന ദൗത്യനിർവ്വഹണത്തിൽ പിന്നീടുവന്ന നാമമാത്ര ഖലീഫമാരെല്ലാം പരാജയപ്പെടുകയാണ് ചെയ്തിട്ടുള്ളതെന്ന് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. രാജ്യഭരണവ്യവസ്ഥിതിയിലധിഷ്ഠിതമായ അവരുടെ ഖിലാഫത്ത് വിശ്വാസദാർഢ്യത്തിന്റെ സേവനമില്ലാത്ത പാഴ്ചെടികളായതിനാൽ അവയ്ക്കൊന്നും ഭൂമിയിൽ വേരുറപ്പിക്കാൻ കഴിഞ്ഞില്ല. ഖലീഫ എന്നാൽ ദൈവത്താൽ നിയോഗിക്കപ്പെടുന്ന, ദൈവത്തിൽനിന്നും പരോക്ഷകാര്യങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്ന തങ്ങളുടെ ആത്മീയ നേതാവായിരിക്കണമെന്ന വസ്തുത അവർക്കജ്ഞാതമായിരുന്നു. മക്കാ വിജയ സന്ദർഭത്തിലുണ്ടായ ഒരു സംഭവം ഇപ്രകാരം നബിചരിത്രത്തിൽ കാണാം.

'നബി(സ) തിരുമേനി അൻസാറുകളും മുഹാജിരീങ്ങളുമടങ്ങിയ ഒരു വലിയ സൈന്യത്തോടൊപ്പം തനിക്ക് ഭ്രഷ്ട് കല്പിച്ച അതേ മക്കയിലേക്ക് വിജയശ്രീലാളിതനായി കടന്നുവരികയാണ്. ആ സംഘത്തെ നയിച്ചിരുന്നത് ഹദ്റത്ത് ഉമർ(റ) ആയിരുന്നു. ഈ കാഴ്ചകണ്ട് അബൂസുഫിയാൻ അമ്പരന്നുപോയി. സമീപം നിന്നിരുന്ന അബ്ബാസ്(റ)നോട് അബൂസുഫിയാൻ ചോദിച്ചു. 'ഇവരേതാണ്?' "അൻസാറുകളും മുഹാജിരീങ്ങളും. അവർ തിരുദൂതർക്ക് അകമ്പടി സേവിക്കുകയാണ്." അബ്ബാസ്(റ) മറുപടി നല്കി. അബൂസുഫിയാൻ ആശ്ചര്യത്തോടെ പ്രതിവചിച്ചു. ലോകത്ത് ഒരു ശക്തിക്കും ഇവരെ കീഴ്പ്പെടുത്താൻ കഴിയുകയില്ല. അബ്ബാസ്! അങ്ങയുടെ സഹോദരപുത്രൻ ലോകത്തുവെച്ച് ഏറ്റവും പ്രതാപമുള്ള രാജാവായിത്തീർന്നിരിക്കുന്നു. ഉടൻ അബ്ബാസ്(റ) തിരുത്തി. 'അബൂസുഫിയാൻ അപ്പറഞ്ഞത് ശരിയല്ല. അദ്ദേഹം രാജാവല്ല, ഒരു പ്രവാചകനാണ് ദൈവദൂതൻ.'

'അതെയതെ താങ്കൾ പറഞ്ഞതുപോലെതന്നെ ഒരു പ്രവാചകൻ രാജാവല്ല.' അബൂസുഫിയാൻ സമ്മതിച്ചു.

ഹദ്റത്ത് അബ്ബാസ്(റ)ന്റെ വാക്കുകൾ എത്രമാത്രം അർത്ഥവത്താണ്. ഒരു ദൈവദൂതൻ അല്ലെങ്കിൽ ആ ദൂതന്റെ പ്രതിപുരുഷൻ കേവലം ഒരു ഭൗതികഭരണാധികാരിയല്ല. ആ ആത്മീയനേതാവ് നടത്തിയിരുന്ന യുദ്ധങ്ങൾ അവരുടെ നിലനില്പിനും വിശ്വാസ സംരക്ഷണത്തിനും വേണ്ടിയുള്ളതായിരുന്നു. അതൊരിക്കലും സാമ്രാജ്യത്വ വിസ്തൃതിക്കോ മേൽക്കോയ്മ നേടുന്നതിനോ വേണ്ടിയുള്ളതായിരുന്നില്ല. അവരുടെ ത്യാഗപൂർണ്ണമായ ആ ജിഹാദ് ജനസമൂഹങ്ങളുടെ ഹൃദയങ്ങളെയാണ് വമ്പിച്ച പരിവർത്തനത്തിന് വിധേയമാക്കിയത്.

ഇസ്‌ലാംമതം അതിൽ അന്തർലീനമായിരിക്കുന്ന ഏകദൈവവിശ്വാസംകൊണ്ടും, കാലാന്തരേണ വന്നുകൊണ്ടിരിക്കുന്ന പ്രവാചകന്മാരാലും, അവരുടെ പ്രാതിനിധ്യം വഹിച്ചുവരുന്ന ഖലീഫമാരാലും, അവരെ പിൻപറ്റുന്ന അനുയായികളാലും വ്യാപിച്ചുകിടക്കുന്ന ഒരു ഏകലോകത്തെയാണ് വിഭാവനം ചെയ്യുന്നത്. ഈ ഏകത്വത്തിലും ഐക്യത്തിലുമാണ് അതിന്റെ സൗന്ദര്യം കുടികൊള്ളുന്നത്. ഈ കാലഘട്ടത്തിൽ ആ യഥാർത്ഥസൗന്ദര്യം ദൃശ്യമാവുന്നത്, തിരുനബി(സ)യേയും സഹാബാക്കളേയും പോലെ നിലകൊള്ളുന്ന അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ്. ഇസ്‌ലാംമതത്തിന്റെ അജയ്യത മറ്റെല്ലാ മതങ്ങളുടേയും പ്രത്യയശാസ്ത്രങ്ങളുടേയും മേൽ സ്ഥാപിച്ചുകൊണ്ട്, അവയുടെയെല്ലാം അർത്ഥശൂന്യത ഒരിക്കൽ കൂടി വ്യക്തമാക്കിക്കൊണ്ട് അവതീർണനായ മഹ്ദീ മസീഹ്(അ), റസൂൽ തിരുമേനി(സ)യുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് ഒരു ആഗോള മുസ്‌ലിം സമൂഹമായി മാറുന്ന അഹ്മദിയ്യാ ജമാഅത്ത് കൈവരിക്കുന്ന അഭൂതപൂർവ്വമായ വളർച്ചയെ കുറിച്ച് ഇപ്രകാരം സുവിശേഷമറിയിച്ചിരിക്കുന്നു.

"സത്യത്തിന്റെ സൂര്യൻ പശ്ചിമഭാഗത്ത് ഉദിക്കുകയും യൂറോപ്പ് യഥാർത്ഥദൈവത്തെ അറിയുമാറാകുകയും ചെയ്യുന്ന ദിനങ്ങൾ ഇതാ വരുന്നു! ഇതിനുശേഷം തൗബയുടെ വാതിലുകൾ അടക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, ഇസ്‌ലാമിൽ പ്രവേശിക്കുന്നവർ വളരെ ശക്തിമത്തായ നിലയിൽ പ്രവേശിക്കും. പ്രകൃത്യാ ഹൃദയത്തിന്റെ കവാടം ബന്ധിക്കപ്പെട്ടവരും പ്രകാശത്തിനു പകരം അന്ധകാരത്തെ പ്രിയപ്പെടുന്നവരും മാത്രം ബാക്കിയാകും. ഇസ്‌ലാം ഒഴികെ മറ്റെല്ലാ മതങ്ങളും നശിക്കാനടുത്തിരിക്കുന്നു. എല്ലാ ആയുധങ്ങളും തകർന്നുപോകും. എന്നാൽ, ഇസ്‌ലാമിന്റെ സ്വർഗ്ഗീയ ആയുധം ദജ്ജാലിയ്യത്തിനെ തകർത്തുതരിപ്പണമാക്കുന്നതുവരെ തകരുകയോ ദുർബ്ബലമാകുകയോ ഇല്ല. ദൈവത്തിന്റെ ഏകഹസ്തംതന്നെ അവിശ്വാസത്തിന്റെ എല്ലാ തന്ത്രങ്ങളേയും പരാജയപ്പെടുത്തും. അത് വാളിനാലല്ല, തോക്കിനാലുമല്ല പിന്നെയോ പരിശുദ്ധമായ ആത്മാക്കൾക്ക് വെളിച്ചം നല്കിക്കൊണ്ട് പവിത്രഹൃദയങ്ങളിൽ ദിവ്യപ്രകാശം ഇറക്കിക്കൊണ്ടാണ്."

ഇമാം മഹ്ദി(അ)ന്റെ പ്രവചനപ്രകാരം ഈ പരിശുദ്ധജമാഅത്ത് വിശ്വവ്യാപകമായ മുസ്‌ലിംസമൂഹമായി ഒരു വൻവൃക്ഷത്തെപ്പോലെ പടർന്നുപന്തലിച്ചിരിക്കുന്നു. ആ യുഗപുരുഷന്റെ വഫാത്തിനുശേഷം 1908 മെയ് 27-ാം തിയ്യതി ഹദ്റത്ത് മൗലാനാ ഹക്കീം

നൂറുദ്ദീൻ(റ)നെ ഒന്നാമത്തെ ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടതോടെ പ്രാരംഭംകുറിച്ച ദൈവത്തിന്റെ രണ്ടാം ശക്തിപ്രഭാവത്തിന് 2008-ൽ 100 വർഷം തികയുകയാണ്. ഇപ്പോൾ ആ അത്ഭുതപ്രഭാവം അതിന്റെ അഞ്ചാം പ്രതീകത്തിലെത്തിയിരിക്കുന്നു. രാജ്യാതിർത്തികൾ ഭേദിച്ചുകൊണ്ട് മുന്നേറുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് 185 ഓളം രാഷ്ട്രങ്ങളിൽ അതിന്റെ വിജയപതാക സ്ഥാപിച്ചുകഴിഞ്ഞു. തങ്ങളുടെ ആത്മീയനേതാവിന്റെ ഏതൊരാജ്ഞകളും നിർദ്ദേശങ്ങളും ശിരസാവഹിക്കുവാൻ സന്നദ്ധരായി കർമ്മോത്സുകരായ ഭടന്മാരെപോലെ ഓരോ അഹ്മദിയും ഈ പരിശുദ്ധ ഖിലാഫത്തിന്റെ തണലിൽ നിർഭയനായി നിലകൊള്ളുന്നു. അല്ലാഹുവിന്റെ കരങ്ങളാൽ ബീജാവാപം ചെയ്യപ്പെട്ട പരിശുദ്ധ ജമാഅത്തിനെ ഉന്മൂലനം ചെയ്യാൻ ഭരണാധിപന്മാരും രാഷ്ട്രീയമേലാളന്മാരും അനുയായിവൃന്ദങ്ങളുമടങ്ങുന്ന ഉലമാക്കളും തങ്ങളുടെ സർവ്വവിധ കരുത്തോടെ ശ്രമിച്ചിട്ടും അതിന്റെ പടിപടിയായുള്ള വളർച്ചയിൽ യാതൊരു വിഘ്നവും വരുത്താൻ സാധിച്ചിട്ടില്ലെന്നുള്ളതിന് കാലം സാക്ഷിയാണ്. ഭയോന്മുഖമായ ആപത്തുകളേയും അഗ്നിപരീക്ഷണങ്ങളേയും അഭിമുഖീകരിക്കേണ്ടിവന്നുവെങ്കിലും അല്ലാഹുവിൽനിന്നുള്ള അനല്പമായ ഇച്ഛാശാന്തിയാൽ അഹ്മദിയ്യത്തിന്റെ ഖലീഫമാർ ഹദ്റത്ത് ഉമർ(റ)ന്റേയും അലി(റ)ന്റേയും സ്ഥൈര്യത്തോടെ നിലകൊള്ളുകയുണ്ടായി. പരിശുദ്ധഖുർആനിൽ തന്റെ പദ്ധതിയെ ആർക്കും പരാജയപ്പെടുത്താൻ കഴിയുകയില്ലെന്ന് അല്ലാഹു എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

"ഇവർ ഭൂമയിൽ സഞ്ചരിച്ചിട്ടില്ലേ? (അങ്ങനെ ചെയ്തെങ്കിൽ) ഇവർക്ക് മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയായിരുന്നെന്ന് കാണാമായിരുന്നു. അവർ ഇവരേക്കാൾ കൂടുതൽ ശക്തരായിരുന്നുവല്ലോ. ആകാശങ്ങളിലോ ഭൂമിയിലോ ഉള്ള ഒരു വസ്തുവിനും അല്ലാഹുവിനെ (അവന്റെ പദ്ധതിയെ) പരാജയപ്പെടുത്താൻ സാധിക്കുകയില്ലതന്നെ. നിശ്ചയമായും അവൻ സർവ്വശക്തനും സർവ്വജ്ഞനുമാകുന്നു" (35:45).

ദൈവത്താൽ നിയുക്തനായ ആ ദൂതന്റെ ശബ്ദം ചെവിക്കൊള്ളാത്ത ഇതര മുസ്‌ലിം സമൂഹങ്ങളുടെ ഇന്നത്തെ സ്ഥിതിയെന്താണ്? സ്വതന്ത്രമെന്ന് തോന്നിപ്പിക്കുന്ന ഒരു മുസ്‌ലിം രാജ്യവും സ്വതന്ത്രമല്ല. യഅ്ജൂജ് മഅ്ജൂജിന്റെ നീരാളിപ്പിടുത്തത്തിൽ അവർ ശ്വാസംമുട്ടിപ്പിടയുകയാണ്. ഒരുകാലത്ത് മറ്റാരേയുംകാൾ പ്രതാപികളായിരുന്ന അറബ്‌രാജ്യം ഇന്ന് കൊടും ഭീതിയിലും ദൈന്യത നിറഞ്ഞതും ഭീബത്സവുമായ അവസ്ഥയിലാണ്. പാശ്ചാത്യശക്തികളുടെ അധീശത്വത്തിൻകീഴിൽ അവർ വെറും പാവകളായി മാറിയിരിക്കുന്നു. മുസ്‌ലിം സമൂഹത്തിനുണ്ടാകുന്ന പ്രസ്തുത ശോച്യാവസ്ഥയെപ്പറ്റി നബി(സ) പ്രവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

"അല്ല, അന്നു നിങ്ങൾ വളരെ അധികമായിരിക്കും. പക്ഷേ, നിങ്ങൾ ഒഴുക്കിൽപെട്ട ചണ്ടിപോലെ ആയിരിക്കും. നിങ്ങളുടെ ശത്രുക്കളുടെ ഹൃദയങ്ങളിൽനിന്ന് നിങ്ങളെക്കുറിച്ചുള്ള ഭയം അല്ലാഹു എടുത്തുകളയുകയും അവൻ നിങ്ങളുടെ ഹൃദയങ്ങളിൽ 'വഹൻ' ഉളവാക്കുകയും ചെയ്യും. അപ്പോൾ "അല്ലയോ പ്രവാചകരേ വഹൻ എന്നാൽ എന്താണ്?" എന്ന് ഒരാൾ ചോദിച്ചു. തിരുമേനി(സ) പറഞ്ഞു. "ഐഹികജീവിതത്തോടുള്ള പ്രേമവും മരണത്തെക്കുറിച്ചുള്ള ഭീതിയും തന്നെ" (മിശ്കാത്ത്).

അധഃപതനത്തിന്റെ അഗാധഗർത്തത്തിൽ ഇപ്രകാരം ആപതിക്കുന്ന മുസ്‌ലിം ഉമ്മത്തിന് ഒരേയൊരു മോചനമാർഗ്ഗമാണ് നബി(സ) മുന്നോട്ടു വെച്ചിട്ടുള്ളത്. അത് മഹ്ദിയും മസീഹുമായി ആഗതനാകുന്ന മഹാത്മാവിലുള്ള സമർപ്പണമല്ലാതെ മറ്റൊന്നുമല്ല. ഈ പരിശുദ്ധഖിലാഫത്തിൻ കീഴിൽ അണിചേരാതെ അല്ലാഹു വാഗ്ദാനം ചെയ്ത രക്ഷയും സമാധാനവും തങ്ങൾക്ക് ലഭ്യമാവുകയില്ലെന്ന പരമാർത്ഥം അവർ തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ!

***റാഫിയ സാലിഹ്***

---

**പേജ് 24 - ൽനിന്ന്**

സേവനം നിസ്തുലമാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കണ്ണൂരിൽ വന്ന് പ്രവർത്തിച്ച നിരവധി പേരുണ്ട്.

സേവനമനുഷ്ഠിക്കുന്നവർക്ക് ആവശ്യമായ ഭക്ഷണസൗകര്യം ഏർപ്പെടുത്തുകവഴി വാഗ്ദത്ത മസീഹ്(അ)ന്റെ അതിഥി സൽക്കാരമാതൃക ഇവിടെയും പ്രകടമാക്കുകയായിരുന്നു. ഉമ്മർ സാഹിബിന്റെ നേതൃത്വത്തിൽ ലങ്കർവിഭാഗം ചെയ്ത സേവനങ്ങൾ എക്സിബിഷന്റെ നടത്തിപ്പിനെ തെല്ലൊന്നുമല്ല സഹായിച്ചത്. സന്ദർശകർക്കെല്ലാം ചായയും വെള്ളവും നൽകാനും ഇവർ ശ്രദ്ധിച്ചു.

കണ്ണൂർ എം.എൽ.എ ശ്രീ. കെ സുധാകരൻ, ജില്ലാ കലക്ടർ ശ്രീമതി ഇശിതാ റോയ്, സി.ഐ.ടി.യു നേതാവ് കെ.പി.സഹദേവൻ, മുൻസിപ്പൽ ചെയർമാൻ ശ്രീ. ഉപേന്ദ്രൻ, കോൺഗ്രസ്സ് നേതാവ് ശ്രീ. മുണ്ടേരി ഗംഗാധരൻ, ബി.ജെ.പി. നേതാവ് ശ്രീ. വത്സൻ തില്ലങ്കേരി തുടങ്ങി നിരവധി പ്രമുഖർ ഈ പ്രദർശനം കണ്ടിട്ടുണ്ട്. കണ്ണൂരിലെ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന പലരും പ്രദർശനനഗരി സന്ദർശിക്കുകയും അത് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

ചുരുക്കത്തിൽ ആവേശം വീശിയടിച്ച ഈ എക്സിബിഷൻ കണ്ണൂരിൽ വ്യാപകമായി ഇസ്‌ലാമിക വിത്ത് വിതറിയിട്ടുണ്ട്. അത് മുളപ്പിക്കലാണ് ഇനി നമുക്ക് ചെയ്യാനുള്ളത്. അതിന് വളവും വെള്ളവും നൽകണം. അഹ്മദികളുടെ ജീവിത പരിശുദ്ധിയും തബ്‌ലീഗ് പ്രവർത്തനവുമാണ് ഈ വിത്ത് വളരാനുള്ള വളവും വെള്ളവും. അതിന് നമുക്കാകട്ടെ എന്നു പ്രാർത്ഥിക്കാം.

***ജുവൈരിയ ഗൗഹർ ശംസ്***

# യഥാർത്ഥ പർദ്ദ

**സാ**മൂഹ്യജീവിതം പരിശുദ്ധവും അനുഗ്രഹീതവുമാക്കിത്തീർക്കാൻ ഇസ്‌ലാം നിർദ്ദേശിച്ച ഉത്തമമാർഗ്ഗമാണ് പർദ്ദ. വിശുദ്ധഖുർആനിലൂടെ അല്ലാഹു വ്യക്തമായനിലയിൽ നമ്മോട് കല്പിച്ചിരിക്കയാണ് മാന്യമായനിലയിൽ പർദ്ദ ധരിക്കാൻ. സാമൂഹ്യജീവിതത്തിന്റെ നന്മയ്ക്കുവേണ്ടിയും സ്വന്തം സ്വാതന്ത്ര്യത്തിനുവേണ്ടിയും ഓരോ ലജ്നാ ഇമാഇല്ലായും പർദ്ദ ധരിക്കേണ്ടത് നിർബന്ധമാണെന്ന് ഹുസൂർ തിരുമനസ്സ് നമ്മെ ഉണർത്തിച്ചുകൊണ്ടിരിക്കുന്നു.

ഇക്കാലത്തെ മുസ്‌ലിംകൾ പാശ്ചാത്യ സംസ്ക്കാരത്തിന്റെ സ്വാധീനതയിൽപെട്ട് ലജ്ജയില്ലായ്മയിലേക്ക് വഴുതിപോയിരിക്കയാണ്. ഇസ്‌ലാമികപർദ്ദ കൊണ്ടുദ്ദേശിക്കുന്നത് ബന്ധനമല്ല മറിച്ച്, തിന്മകളിൽ നിന്നകന്നുകൊണ്ട് സ്വന്തം വ്യക്തിസ്വാതന്ത്ര്യം കാത്തുസൂക്ഷിക്കലാണ്. പർദ്ദ എന്നതിന്റെ അർത്ഥം മനസ്സിലാക്കാതെ പൊതുജനങ്ങളെ കബളിപ്പിക്കുംവിധം പർദ്ദ അഭിനയിക്കുന്നവർ ഇസ്‌ലാമിന്റെ അദ്ധ്യാപനം ശരിയായരീതിയിൽ ഉൾക്കൊള്ളാത്തവരത്രെ. അവർ മറ്റുള്ളവരെ പരിഹസിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ധരിക്കുന്നതെങ്കിൽ അവർ സ്വയം തങ്ങളെത്തന്നെയാണ് പരിഹസിക്കുന്നത്.

പർദ്ദ ധരിക്കുന്നവർതന്നെ രണ്ട് വിധത്തിലുണ്ട്. ഇസ്‌ലാമികാദ്ധ്യാപനത്തിനനുസൃതമായി വീട്ടിൽനിന്ന് പുറത്തിറങ്ങുമ്പോൾതന്നെ പർദ്ദ ധരിക്കുന്നവരാണതിൽ ഒന്നാമത്തേത്. രണ്ടാമത്തേത് പള്ളിയിൽ വരുമ്പോൾ മാത്രം വെറും കണ്ണുമാത്രം പുറത്തുകാണത്തക്കവിധത്തിൽ തലയും മുഖവും മുറുക്കിക്കെട്ടി വരികയും മറ്റുള്ള സ്ഥലങ്ങളിൽ മാർക്കറ്റിലും, വിവാഹത്തിനോ, പാർട്ടിയിലോ പോകുമ്പോൾ എല്ലാം അഴിച്ചുമാറ്റുകയും ചെയ്യുന്നവർ. ഈ പ്രവണതയെ ഹസ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുതആല ബിനസ്‌രിൽ അസീസ് തന്റെ ഖുത്ബാ പ്രഭാഷണത്തിൽ പർദ്ദയുടെ മുനാഫിക്കത്തായി (കപടതയായി) വിശേഷിപ്പിക്കുകയുണ്ടായി. എന്നാൽ ഇസ്‌ലാം നമ്മോട് പർദ്ദയുടെ കാര്യത്തിൽ മധ്യവർത്തിത്വം സ്വീകരിക്കാനാണ് പറയുന്നത്. മുഖം ഒരു സുഷിരംകൂടി പുറത്തുകാട്ടാതെ കെട്ടാനുള്ള കല്പന നൽകുന്നില്ല.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു. "നമ്മുടെ ജമാഅത്തിൽ ചില കുടുംബങ്ങളുണ്ട്. അവർ ജമാഅത്തിയായ പല കാര്യങ്ങളിലും അജ്ഞതയുള്ളവരും തങ്ങളുടെ കുടുംബത്തിൽ പർദ്ദ ധരിക്കുന്ന സമ്പ്രദായമില്ലെന്നും പർദ്ദ ധരിക്കുന്നവരേക്കാൾ തങ്ങൾ ശ്രേഷ്ഠരും ഉന്നതരും കുലീനരുമാണെന്ന ദുർബോധനമുള്ളവരാണ്. പർദ്ദ എന്നുള്ളത് പണ്ടത്തെ കാലത്തുള്ളവരുടെ സമ്പ്രദായമാണെന്നും നിലവാരമില്ലാത്തവരുടെ ആചാരവുമാണെന്നവർ പറയുന്നു. അതേപ്രകാരം ചില ഉദ്യോഗസ്ഥന്മാർ തങ്ങളുടെ പത്നിമാർ പർദ്ദ ധരിക്കുന്നതിൽ ലജ്ജ കാണിക്കുകയും മാനക്കേടാണെന്ന് കരുതുകയും ചെയ്യുന്നവരുണ്ട്."

എന്നാൽ ഈ ലൗകികമായ സ്ഥാനമാനങ്ങൾക്ക് ഒരു വിലയും ഇല്ലതന്നെ. ഇസ്‌ലാമിക സാമൂഹ്യ വ്യവസ്ഥയാണ് ഏറ്റവും അധികം ആദരിക്കപ്പെടുന്നത്. നാം അഹ്മദികളാണ് ഈ വ്യവസ്ഥയെ ഏറ്റവും അധികം മുറുകെപിടിക്കേണ്ടതും, നടപ്പിൽ വരുത്തേണ്ടതും. എന്നാൽ അന്യരെ അനുകരിച്ചുകൊണ്ട് നമ്മൾ ഇസ്‌ലാം കല്പിക്കുന്ന മാന്യവും ആദരണീയവുമായ നിയന്ത്രണങ്ങൾ സ്ഥാനത്തിന് നിരക്കാത്തതാണെന്ന് കരുതുകയാണെങ്കിൽപിന്നെ ലോകത്ത് സദ്കൃത്യങ്ങൾ ലജ്ജാകരവും ദുഷ്കൃത്യങ്ങളും ദുർനടപടികളും അഭിമാനാർഹവും ആയിത്തീരുന്നതാണ്. സമൂഹങ്ങളും സമുദായങ്ങളും ഇത്തരം കാര്യങ്ങളിലാണ് അധപതിച്ചുകൊണ്ടിരിക്കുന്നത്.

ഖുർആനിക ആജ്ഞകൾ അക്ഷരംപ്രതി അനുസരിക്കുകയും പർദ്ദ അതിന്റെ പരിപൂർണ്ണ അർത്ഥത്തിൽ ആന്തരീകമായും ബാഹ്യമായും ഉൾക്കൊള്ളുകയും ചെയ്യേണ്ടത് ഓരോ അഹ്മദി സ്ത്രീയുടേയും കടമയാകുന്നു. ഭാവിതലമുറയെകൂടി സ്വർഗ്ഗീയമാക്കുന്നതിനുള്ള ഈ അനുഗ്രഹീത അദ്ധ്യാപനത്തെ നിലനാട്ടുന്നതിനുള്ള തൗഫീഖ് അല്ലാഹു നമുക്കേവർക്കും നല്കി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

**ഫെമിന മാലിക്ക്, കടലായി**

അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: നബി തിരുമേനി(സ) ഇങ്ങനെ അരുൾചെയ്തു. "ഏതൊരാൾ മനുഷ്യനോട് നന്ദി കാണിക്കുന്നില്ലയോ അയാൾ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല." (തിർമിദി)



# ഇസ്‌ലാം സമാധാനത്തിന്റെ മതം

നമ്മുടെ മതത്തിന് ഇസ്‌ലാം എന്ന നാമം അല്ലാഹുവാണ് നൽകിയത്. സൂറഃഅൽമായിദായിൽ അല്ലാഹു പറയുന്നു. "ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണ്ണമാക്കിത്തരികയും, എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു."

ഇസ്‌ലാം എന്ന വാക്കിന്റെ അർത്ഥം അനുസരണശീലവും സമാധാനവും എന്നാണ്. ഇസ്‌ലാം എന്ന വാക്ക് സലമാ എന്ന അറബിപദത്തിൽനിന്ന് നിഷ്പന്നമാണ്. അതുകൊണ്ട്, ഇസ്‌ലാം എന്നാൽ അല്ലാഹുവിനോട് അനുസരണ കാണിക്കുകയും അവനോടും അവന്റെ സൃഷ്ടികളോടും സമാധാനം വെച്ചുപുലർത്തുന്നവരുടെ പാതയെന്നാണ്. ഇസ്‌ലാമിനെ പിന്തുടരുന്നവരെ മുസ്‌ലിംകൾ എന്ന് പറയുന്നു.

ഇസ്‌ലാംമതത്തിന്റെ സന്ദേശമെന്തെന്നാൽ ഈ ഭൂമിയിൽ സമാധാനത്തിന്റെ ലോകം നാം മനുഷ്യർ സൃഷ്ടിച്ചാൽ, പരലോകത്തും സമാധാനപരമായ ഒരു ജീവിതം നമുക്ക് നൽകപ്പെടുമെന്നതാണ്. സമാധാനത്തിന്റെ സംസ്കാരമുണ്ടാക്കുവാൻ ഇസ്‌ലാംമതപ്രകാരം മൂന്നംശങ്ങൾ ആവശ്യമാണ്. അവ:- അനുകമ്പ (സഹാനുഭൂതി), പൊറുക്കൽ, മറ്റുള്ളവരെ ബഹുമാനിക്കൽ എന്നിവയാണ്.

ആദ്യമായി നമുക്ക് അനുകമ്പയെക്കുറിച്ച് പരിശോധിക്കാം. അനുകമ്പയെ കുറിച്ച് വിശുദ്ധഖുർആനിലും ഹദീസുകളിലും നിരവധി ഉദാഹരണങ്ങളുണ്ട്. നബി തിരുമേനി(സ) അരുളുകയുണ്ടായി. ''ജനങ്ങളേ! അല്ലാഹു നിങ്ങളോട് കരുണ കാണിക്കണമെങ്കിൽ, മറ്റുള്ളവരോട് നിങ്ങൾ കരുണ കാണിക്കുക." ഈ ഹദീസിൽനിന്നും മനസ്സിലാകുന്നത് ഇസ്‌ലാം കരുണ/ അനുകമ്പ എന്നത് എല്ലാ മനുഷ്യന്റേയും സ്വതാത്പര്യമാക്കുകയും, മറ്റുള്ളവരോടുള്ള നമ്മുടെ ഇടപാടുകളിൽ കരുണ കാണിക്കുവാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു എന്നാണ്. അല്ലാഹുവിന്റെ അനുഗ്രഹം ആഗ്രഹിക്കുന്നവർ മറ്റുള്ളവരോട് കരുണ കാണിച്ചേതീരൂ.

അടുത്തത് മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങളെ മാപ്പാക്കലാണ്. നബികരീം(സ) മറ്റുള്ളവരോട് ദേഷ്യപ്പെടരുതെന്നും ആർ നമ്മെ ക്ഷോഭിപ്പിച്ചാലും നാം നമ്മുടെ സമചിത്തത കൈവെടിയാതിരിക്കുകയും, അവരോട് പൊറുക്കുകയും ചെയ്യേണ്ടതാണെന്ന് നമ്മെ ഉപദേശിക്കുന്നു. പൊറുത്തുകൊടുക്കൽ നമ്മുടെ സ്വഭാവമാക്കുവാനും നബികരീം(സ) അരുളിയിരിക്കുന്നു.

മറ്റുള്ളവരെ ബഹുമാനിക്കലും ആദരിക്കലുമാണ് മൂന്നാമത്തെ അംശം. ഇതിനെക്കുറിച്ച് ബുഖാരി(റ) രേഖപ്പെടുത്തിയ ഒരു സംഭവമുണ്ട്. ഒരിക്കൽ, നബികരീം(സ) മദീനയിലെ ഒരു തെരുവീഥിയിലൂടെ ഒരു ശവസംസ്കാര ഘോഷയാത്ര പോകുന്നത് കണ്ട് ആദരവോടെ എഴുന്നേറ്റുനിന്നു. അപ്പോൾ സഹാബാക്കളിലൊരാൾ നബി തിരുമേനി(സ)യോട് പറഞ്ഞു. ''റസൂലേ അത് ഒരു ജൂതന്റെ ശവസംസ്കാരയാത്രയാണ്." അപ്പോൾ തിരുമേനി(സ) നൽകിയ മറുപടി ഇതായിരുന്നു. "അവർ ഒരു മനുഷ്യനായിരുന്നില്ലയോ?"

ഓരോ മനുഷ്യനും ബഹുമാനയോഗ്യനാണെന്നാണ് നബികരീം(സ) നമ്മെ പഠിപ്പിച്ചത്. മനുഷ്യർ തമ്മിൽ നിറത്തിന്റേയും, ജാതിയുടേയും വ്യത്യാസങ്ങളുണ്ടാകാം. പക്ഷേ, നാമെല്ലാവരും ഒരേയൊരു ദൈവത്തിന്റെ സൃഷ്ടികളാണ്. ആ ഏകദൈവത്തിന്റെ സൃഷ്ടികളുമായി സമാധാനത്തിൽ ജീവിക്കേണ്ടത് നമ്മുടെ കടമയാണ്. ഈ മൂന്നംശങ്ങൾ ഏതെല്ലാം സമുദായത്തിലുണ്ടോ ആ സമുദായങ്ങളെല്ലാംതന്നെ ശാന്തിയുടേയും സമാധാനത്തിന്റേയും പ്രതീകമായിരിക്കും.

മേൽപറഞ്ഞ കാര്യങ്ങളെല്ലാംതന്നെ ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് തെളിയിക്കുന്നു. ഇന്ന് ലോകത്തിലെ ചില മുസ്‌ലിംകൾ അക്രമത്തിലും ബലപ്രയോഗത്തിലും വ്യാപൃതരാണ്. എന്നാൽ ഇസ്‌ലാം സമാധാനത്തിന്റേയും ശാന്തിയുടേയും മാർഗ്ഗത്തിൽ ഹൃദയപരിവർത്തനത്തിലൂടെ ലോകത്തെ കീഴടക്കാനാണ് ശ്രമിക്കേണ്ടത്. മുസ്‌ലിംകളെ ഇസ്‌ലാമിന്റെ വെളിച്ചത്തിലൂടെയാണ് നാം നോക്കേണ്ടത്. ഇസ്‌ലാമിനെ മുസ്‌ലിംകളിലൂടെയല്ല.

**നിലോഫർ അബ്ദുറഹിമാൻ**

# ഫീച്ചർ

**ക**ണ്ണൂർജില്ലയിൽ മുമ്പ് അധികമാരും അറിയാത്ത ഒരു കുഗ്രാമമായിരുന്നു പട്ടുവം. ഒരുപറ്റം കന്യാസ്ത്രീകളുടെ മഹത്തായ സേവനത്തിന്റേയും ത്യാഗത്തിന്റേയും ഫലമായി പുനർജീവിതം കിട്ടിയ അനേകം പേരുടെ അനുഭവകഥകൾ ഈ ഗ്രാമപ്രദേശത്തെത്തുന്നവരെ ചിന്താധീനരാക്കുന്നു. കേരളത്തിലെ വലിയൊരു അനാഥ അഗതിമന്ദിരം ഈ ഗ്രാമപ്രദേശത്തുണ്ട്. ജാതിമതഭേദമന്യേ എല്ലാ അശരണരേയും ആലംബഹീനരേയും തങ്ങളുടെ സ്നേഹനികേതനിലേക്ക് സ്വീകരിക്കുന്ന ഇവിടുത്തെ സിസ്റ്റർമാർ സ്നേഹത്തിന്റെ മാതൃകയായി നമ്മുടെ മുമ്പിൽ നില്ക്കുന്നു.

പഴയങ്ങാടി ലജ്നാഇമായില്ലാ പ്രസിഡന്റിന്റെ നേതൃത്വത്തിൽ സൃഷ്ടിസേവനത്തിന്റെ ഭാഗമായി വർക്കിംഗ് കമ്മിറ്റി മെമ്പർമാരായ പന്ത്രണ്ട് പേരടങ്ങുന്ന ഒരു സംഘം ഈ സ്നേഹനികേതനിലേക്ക് ഒരു സന്ദർശനം നടത്തി. ഫസ്ലെ ഉമർ സ്കൂളിന്റെ ബസ്സിൽ വളഞ്ഞുപുളഞ്ഞ റോഡിൽകൂടി ഏകദേശം അരമണിക്കൂറോടുകൂടി ഞങ്ങൾ പട്ടുവം ദീനസേവാ സഭയുടെ സ്നേഹനികേതനിൽ എത്തിച്ചേർന്നു. ശാന്തസുന്ദരമായ ഒരു അന്തരീക്ഷമാണ് ഞങ്ങൾക്കവിടെ അനുഭവപ്പെട്ടത്. എങ്ങും നിശ്ശബ്ദത. പല കെട്ടിടങ്ങളിലായി വിവിധതരത്തിലുള്ള രോഗികളും പ്രസവിച്ചു വീണതുമുതലുള്ള കുരുന്നുകളും ബുദ്ധിമാന്ദ്യം സംഭവിച്ചവരുമടങ്ങുന്ന ഇവിടെ എങ്ങനെ ഇത്രയും നിശ്ശബ്ദത പാലിക്കുന്നു എന്നത് ഒരു വലിയ അത്ഭുതം തന്നെയാണ്. കുന്നും പാറയും നിറഞ്ഞപ്രദേശമാണെങ്കിലും അതൊക്കെ വെട്ടിനിരത്തി ഫലഭൂയിഷ്ഠമായ കൃഷിയിടമാക്കി അതിനെ മാറ്റിയിരിക്കുന്നു. അവർക്കാവശ്യമായ പലവിധ ഫലമൂലാദികളും അവിടെ കൃഷിചെയ്തുണ്ടാക്കുന്നുണ്ട്.

ഞങ്ങൾ അവിടെ പ്രവേശിച്ചപ്പോൾ ഒരു മദർ വന്ന് ഞങ്ങളെ സ്വീകരിച്ചു. നിങ്ങൾ എവിടെനിന്നു വരുന്നു, വരവിന്റെ ഉദ്ദേശ്യമെന്ത്, നിങ്ങളെപ്പോലുള്ള മുസ്ലിം സ്ത്രീകൾ ഇറങ്ങില്ലല്ലോ എന്നൊക്കെ അവർ അത്ഭുതത്തോടെ ചോദിച്ചു. ഞങ്ങൾ ഞങ്ങളുടെ സംഘടനയെക്കുറിച്ചും വരവിന്റെ ഉദ്ദേശ്യവുമൊക്കെ അവരെ അറിയിച്ചു. അവർ സന്തോഷത്തോടുകൂടി ഞങ്ങളെ സ്വീകരിച്ച് ഓരോ സ്ഥലവും കാണിച്ചുതന്നു. അവിടെ ജോലി ചെയ്തിരുന്ന ചെറുപ്പക്കാരിയായ ഒരു സിസ്റ്റർ പതിനാറുവർഷമായി തളർന്നുകിടക്കുന്നു. എല്ലിനെ ബാധിക്കുന്ന ഒരു രോഗമാണ് അവരെ തളർത്തിയിരിക്കുന്നത്. കിടന്നകിടപ്പിൽ അനങ്ങാൻ പോലും കഴിയാത്ത സിസ്റ്റർ എത്ര പ്രസന്നവദനയായാണ് ഞങ്ങളോട് സംസാരിച്ചത്. പഴയങ്ങാടിയിൽ നിന്നാണെന്ന് പറഞ്ഞപ്പോൾ ഡോക്ടർ മുബാറക്ക സാഹിബയെക്കുറിച്ചും അവരും സംഘവും ഇതിനു മുമ്പ് അവിടെ സന്ദർശിച്ചതും അവർ ഓർമ്മിച്ചു. തന്റെ അന്വേഷണം അവരെ അറിയിക്കണമെന്നും പറഞ്ഞു. പിന്നീട് മദർ ഞങ്ങളെ മനോഹരമായ ഒരു പ്രാർത്ഥനാഹാളിലേക്ക് കൊണ്ടുപോയി. ഈ സ്ഥാപനത്തിന്റെ ഹെഡ്ഡായ അവരുടെ മദറും നാല് സഹപ്രവർത്തകരും കുറേവർഷങ്ങൾക്കു മുമ്പ് ഒരപകടത്തിൽപെട്ട് മരിച്ചുപോയെന്നും അവർക്കുവേണ്ടിയാണ് ഈ പ്രാർത്ഥനാമന്ദിരം പണിതതെന്നും പറഞ്ഞു. അതിനുള്ളിൽ അവരുടെ കബറിടവും ഫോട്ടോയും ഉണ്ട്. അവിടെവച്ച് പ്രാർത്ഥിച്ചാൽ ഉദ്ദിഷ്ടഫലം ലഭ്യമാവുമെന്ന് അവർ ഞങ്ങളോട് പറഞ്ഞു.

അടുത്തതായി ഞങ്ങളെ കൊണ്ടുപോയത് കുട്ടികളുടെ സെക്ഷനിലേക്കായിരുന്നു. അവിടെ കണ്ട കാഴ്ച ഹൃദയഭേദകമായിരുന്നു. അമ്മത്തൊട്ടിലിൽ കുറേ കുരുന്നുകൾ. ചതിയുടേയും വഞ്ചനയുടേയും പരിണിതഫലത്താൽ ഉപേക്ഷിക്കപ്പെട്ട കുരുന്നുകൾ. മുലകുടിക്കേണ്ട പ്രായത്തിൽ അമ്മയെ നഷ്ടപ്പെട്ടവർ. നല്ല ഓമനത്തമുള്ള കുഞ്ഞുങ്ങളെ കണ്ടാൽ നൊന്തു പ്രസവിച്ച അമ്മമാർക്ക് എങ്ങനെ കുഞ്ഞുങ്ങളെ ഉപേക്ഷിക്കാൻ കഴിയുന്നു എന്ന് തോന്നിപ്പോകുന്നു. സാഹചര്യം അവരെ അങ്ങനെയാക്കിത്തീർത്തതായിരിക്കാം. കാഴ്ച നഷ്ടപ്പെട്ട കുഞ്ഞും ബുദ്ധിമാന്ദ്യം സംഭവിച്ച കുഞ്ഞും കരളലയിക്കുന്ന കാഴ്ചയായിരുന്നു. ഗർഭഛിദ്രത്തിനുവേണ്ടി വീര്യംകൂടിയ മരുന്നുകഴിച്ചതിന്റെ ഫലമാണെന്നവർ വേദനയോടെ പറയുന്നു. പിന്നീട് ഞങ്ങൾ പോയത് മന്ദബുദ്ധികളെ താമസിപ്പിക്കുന്ന കെട്ടിടത്തിലേക്കായിരുന്നു. അത് അതിനേക്കാൾ വേദനാജനകമായിരുന്നു. മുപ്പതോളംവരുന്ന സ്ത്രീകൾ. എല്ലാവരേയും ടി.വിയുടെ മുമ്പിൽ ഇരുത്തിയിരിക്കുന്നു. ഞങ്ങളെ കണ്ടപ്പോൾ ചിലരൊക്കെ അപശബ്ദം ഉണ്ടാക്കാൻ തുടങ്ങി. ചിലർ ടി.വി നോക്കിയിരിക്കുന്നു. ചിലരൊക്കെ വിളിക്കുമ്പോൾ അടുത്തേക്ക് വരുന്നു. ചിലർ പൊട്ടിച്ചിരിക്കുന്നു. സേവനനിരതരായ സിസ്റ്റർമാർ ചെയ്യാൻ കഴിയുന്ന ജോലികൾ ചിട്ടയോടെ ചെയ്യാൻ അവരെ പരിശീലിപ്പിച്ചിട്ടുണ്ട്. ടി.വി. ഓണാക്കുന്ന സമയമാകുമ്പോൾ എല്ലാവരും അവിടെ പോയിരിക്കുമെന്ന് പറഞ്ഞു. ക്ഷമയും ആത്മാർത്ഥമായ പരിശ്രമവും കൊണ്ട് ബുദ്ധിയില്ലാത്തവരിലും സ്നേഹത്തിന്റെ തിരി കത്തിക്കാൻ സിസ്റ്റർമാർക്ക് കഴിഞ്ഞു. അവിടെനിന്നും തണുത്ത നാരങ്ങാവെള്ളവും കുടിച്ച് വീണ്ടും വരണമെന്ന അഭ്യർത്ഥനയോടെ സന്തോഷത്തോടുകൂടി മദർ ഞങ്ങളെ യാത്രയാക്കി. കുറച്ചുദൂരെയുള്ള അവരുടെ സഭയുടെ കീഴിലുള്ള വേറൊരു കെട്ടിടത്തിലേക്കാണ് പിന്നീട് ഞങ്ങൾ പോയത്. അവിടെയെത്തിയപ്പോൾ മുറ്റത്തൊരാൾ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നുണ്ടായിരുന്നു. അദ്ധ്യാ

**പേജ് 47–ൽ**

# നബി(സ) സമാധാനത്തിന്റെ ആൾരൂപം

സമാധാനത്തിന്റേയും ശാന്തിയുടേയും മാർഗ്ഗമാണ് ഇസ്‌ലാം. ഹൃദയപരിവർത്തനത്തിലൂടെ ലോകം കീഴടക്കാനാണ് ഇസ്‌ലാം ലക്ഷ്യമിട്ടത്. തീവ്രവാദവും ഭീകരപ്രവർത്തനവും ഇസ്‌ലാമിന്റെ മാർഗ്ഗങ്ങളല്ല. അവ ഇസ്‌ലാമിന് അപരിചിതവും അജ്ഞാതവുമാണ്. ഈ ഇസ്‌ലാമിക ആശയസംഹിത പൂർണ്ണമായും ജീവിതത്തിലൂടെ പ്രാവർത്തികമാക്കി കാണിച്ച വ്യക്തിയാണ് ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനി. അതുകൊണ്ടുതന്നെ ഇസ്‌ലാമിനെ അതിന്റെ തനിമയിൽ ഗ്രഹിക്കുന്നതിന് പ്രവാചകന്റെ ജീവിതം നാം അറിയേണ്ടതുണ്ട്. നബിതിരുമേനി(സ)യുടെ ജീവചരിത്രം വസ്തുനിഷ്ഠമായി പഠിക്കുന്ന ഒരുവന് ഇസ്‌ലാമിനെ ഭീകരമതമായി ചിത്രീകരിക്കാൻ സാധ്യമല്ല. അതുകൊണ്ടുതന്നെയാണ് പാശ്ചാത്യലോകം നബി (സ) തിരുമേനിയെ അപകീർത്തിപ്പെടുത്താൻ തുനിഞ്ഞിറങ്ങിയിരിക്കുന്നത്.

അരാചകത്വം കൊടികുത്തിവാണിരുന്ന അന്ധകാരയുഗത്തിലാണ് നബി(സ) തിരുമേനിയെ അല്ലാഹു ദൂതനായി നിയോഗിക്കുന്നത്. മനുഷ്യന് അധഃപതിക്കാൻ കഴിയുന്നതിന്റെ അങ്ങേയറ്റമായിരുന്നു ആ കാലഘട്ടം. അത്തരം ഒരു ജനതയെ യഥാർത്ഥ മനുഷ്യനും സാമൂഹികജീവിയുമായി പരിവർത്തിച്ച വ്യക്തിത്വം എത്രമേൽ മഹത്തരമായിരുന്നു എന്ന് ചിന്തിക്കുന്നവർക്ക് മനസ്സിലാകും. മനുഷ്യന് എത്തിച്ചേരാവുന്ന ദിവ്യതയുടെ പരമോന്നതിയിൽ നബി(സ) തിരുമേനി എത്തിച്ചേർന്നു. മനുഷ്യൻ ദൈവമായി മാറുന്നതും ദൈവം മനുഷ്യനായി അവതരിക്കുന്നതുമായ ഒരു വാദം ഇസ്‌ലാമിനില്ല. അദ്വൈതവാദവും ഇസ്‌ലാമികമല്ല. സൃഷ്ടി വേറെ സ്രഷ്ടാവ് വേറെ. അതാണ് ഇസ്‌ലാമിക കാഴ്ചപ്പാട്. മുഹമ്മദ് നബി(സ) ഒരു മനുഷ്യൻ മാത്രമാണ്. ലാളിത്യത്തിന്റെ പര്യായമായിരുന്ന അദ്ദേഹം ഇപ്രകാരം പറഞ്ഞു. "ഞാൻ നിങ്ങളെപ്പോലൊരു മനുഷ്യൻ മാത്രമാണ്. എന്റേയും നിങ്ങളുടേയും ആരാധ്യനായിട്ടുള്ള ദൈവം ഏകനാണെന്ന് എനിക്ക് വെളിപാട് സിദ്ധിച്ചിരിക്കുന്നു."

അല്ലാഹു ആരോടും പക്ഷപാതം കാണിച്ചിട്ടില്ല. നന്മയിൽ എത്ര വേണമെങ്കിലും ഉയരാനുള്ള അവസരം അല്ലാഹു മനുഷ്യന് നല്കിയിരിക്കുന്നു. എന്നാൽ, പരിപൂർണ്ണ മനുഷ്യനായ മുഹമ്മദ് നബി (സ)യെ നന്മയിൽ കവച്ചുവയ്ക്കാൻ ആർക്കുമാവില്ല എന്നതാണ് ഇസ്‌ലാമിന്റെ വെല്ലുവിളി. നബിതിരുമേനിയുടെ ജീവിതം ഒരു തുറന്ന പുസ്തകമാണ്. കാണാൻ സാധിക്കുന്ന ആർക്കും അത് വായിച്ചു മനസ്സിലാക്കാം. പക്ഷേ, അന്ധന്മാർക്ക് ഒന്നും മനസ്സിലാവുകയുമില്ല. നബിതിരുമേനിയുടെ ജീവിതംപോലെ സൂക്ഷ്മപഠനത്തിന് സൗകര്യം നൽകുന്ന ഒരു ചരിത്രനായകന്റെ ജീവിതകഥ വേറെയില്ല. വിമർശനങ്ങൾ ഇത്രയേറെ ഏറ്റുവാങ്ങേണ്ടിവന്ന ചരിത്രപുരുഷനും നബി(സ) തന്നെയാണ്. ലോകത്ത് ഏറെ തെറ്റിദ്ധരിക്കപ്പെട്ട പ്രവാചകനാണ് അദ്ദേഹം. ഈ തെറ്റിദ്ധരിപ്പിക്കൽ ഒരു ഗൂഢാലോചനയുമാണ്. ഇത്തരത്തിൽ ഗൂഢാലോചന മെനയാനുള്ള കാരണം നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ഇസ്‌ലാമിനെ ഭീകരതയുടേയും തീവ്രവാദത്തിന്റേയും അപരിഷ്കൃതത്വത്തിന്റേയും മതമാക്കിമാറ്റണമെങ്കിൽ പ്രവാചകനെ അപകീർത്തിപ്പെടുത്തണം. അതാണ് പാശ്ചാത്യലക്ഷ്യം. ഇസ്‌ലാമിനെ തകർത്താൽ മാത്രമേ കുരിശുമതം കൂടുതൽ പ്രചരിക്കുകയുള്ളൂ. പക്ഷേ, ഇതൊരിക്കലും സാധ്യമല്ലതന്നെ. ഇസ്‌ലാമിനെ സകല കാലത്തേക്കുള്ള മതവും മുഹമ്മദ്നബി(സ) തിരുമേനിയെ സാർവ്വലൗകിക പ്രവാചകനുമായി തിരഞ്ഞെടുത്ത സജീവനായ ദൈവം അതിന് ഇടം നൽകിയില്ല. ആരെന്ത് തന്ത്രം മെനഞ്ഞാലും കുതന്ത്രം പയറ്റിയാലും ശരി അത് സാധ്യമല്ലതന്നെ. നബിതിരുമേനിയെ, അദ്ദേഹത്തിന്റെ അനുയായികൾ നൂറ്റാണ്ടുകളായി ആദരിക്കുകയും അനുസരിക്കുകയും ചെയ്തുവരുന്നു. അതുപോലെ മറ്റൊരു പ്രവാചകനും ഇന്നേവരെ സ്നേഹിക്കപ്പെടുകയോ ആധരിക്കപ്പെടുകയോ ചെയ്തിട്ടില്ല.

നബിതിരുമേനി(സ) തന്റെ വയസ്സുകാലത്ത് (നഊദുബില്ലാഹ്) വിഷയേച്ഛനിമിത്തമാണ് ഒന്നിലധികം ഭാര്യമാരെ സ്വീകരിച്ചതെന്നാണ് ആരോപിക്കപ്പെടുന്നത്. ഇസ്‌ലാമിക നിയമങ്ങളെപറ്റി തികഞ്ഞ അജ്ഞത പുലർത്തുന്നവരാണ് ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിക്കുന്നത്. അദ്ദേഹം ചെയ്ത ഓരോ വിവാഹവും തന്റെ ജനത്തിനും നാട്ടിനുംവേണ്ടി ചെയ്ത മഹാത്യാഗമായിരുന്നു എന്നതാണ് വസ്തുത. ബഹുഭാര്യത്വം ഇസ്‌ലാമിലെ ഒരു അനുഷ്ഠാനമാണെന്നാണ് ചിലർ കരുതുന്നത്. അതൊരു നിർബന്ധ ഏർപ്പാടല്ല എന്നതാണ് സത്യം. ബാധ്യതകൾ ഏറ്റെടുക്കാൻ തയ്യാറുള്ളവർക്കു മാത്രമേ ബഹുഭാര്യത്വം അനുവദിച്ചിട്ടുള്ളൂ. ഭാര്യമാരുടെയിടയിൽ തുല്യനീതി പാലിക്കണമെന്നത് ഇസ്‌ലാം നിർബന്ധമാക്കിയിട്ടുണ്ട്. നബിതിരുമേനി ഒന്നിലധികം ഭാര്യമാരെ സ്വീകരിച്ചിട്ടുണ്ട് എന്നത് സത്യമാണ്. എന്നാൽ, അതുകൊണ്ടുമാത്രം അദ്ദേഹമെങ്ങനെ സ്ത്രീലമ്പടനാകും? അദ്ദേഹത്തിന്റെ ജീവചരിത്രം ലോകത്തിനു മുമ്പിൽ തുറന്നുവച്ചിട്ടുണ്ട്. അദ്ദേഹം എങ്ങനെ ജീവിച്ചു, എന്തു പറഞ്ഞു എന്നി

ങ്ങനെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തപ്പെട്ടതാണ്. തന്റെ ഓരോ ഭാര്യയോടും ആ മഹാത്മാവ് കാണിച്ചിട്ടുള്ള നീതിപൂർവ്വകവും സമതുലിതവുമായ പെരുമാറ്റം പഠനവിധേയമാക്കേണ്ടതുണ്ട്. അപ്പോൾ അദ്ദേഹത്തോട് മതിപ്പും സഹാനുഭൂതിയുമാണുണ്ടാവുക. മരണശയ്യയിലായിരുന്നപ്പോൾപോലും മുറപ്രകാരം ഓരോ പത്നിയുടെയും വീട്ടിൽ അദ്ദേഹം മാറി മാറിച്ചെന്നിരുന്നുവെന്ന് ചരിത്രം പറയുന്നു. നടക്കാനാകാതെ മറ്റുള്ളവരുടെ സഹായത്തോടെയാണ് ഇങ്ങനെ പോയിരുന്നത്. അത് ലൈംഗികതാൽപര്യം കൊണ്ടായിരിക്കാൻ സാധ്യതയുണ്ടോ? ഒരിക്കലുമില്ല.

മുഹമ്മദ് നബി(സ) കാമാർത്തനായ ഒരു വ്യക്തിയും ദുർനടപ്പുകാരനുമായി ചിത്രീകരിക്കുന്നതിൽ ഇസ്‌ലാമിന്റെ വൈരികൾ ബദ്ധത കാണിച്ചുപോന്നിട്ടുണ്ട്. തന്റെ ദൗത്യവുമായി പൊരുത്തപ്പെടാത്ത ഒരു ദുർബ്ബല മനുഷ്യനാണ് നബിതിരുമേനിയെന്ന് വരുത്തിത്തീർക്കുന്നതിനായി അദ്ദേഹത്തിന്റെ വിവാഹങ്ങളെയാണ് എതിരാളികൾ എടുത്തുദ്ധരിക്കാറുള്ളത്. സ്വന്തം ഇഷ്ടാനുസരണം എത്ര ഭാര്യമാരെ വേണമെങ്കിലും സ്വീകരിച്ചുപോന്നിരുന്ന, നിഷ്പ്രയാസം വിവാഹമോചനം സാധ്യമായിരുന്ന ഒരു കാലഘട്ടത്തിലാണ് മുഹമ്മദ് നബി(സ) തന്റെ ദൗത്യം നിർവ്വഹിച്ചത്. യൗവ്വനം തുളുമ്പുന്ന തരുണീമണികളെ തന്നെ എത്ര വേണമെങ്കിലും ലഭിക്കാൻ സാധ്യതയുള്ള ആ സമൂഹത്തിൽ നബിതിരുമേനി ചെയ്ത വിവാഹം ചരിത്രത്താളുകളിലുണ്ട്. തന്നേക്കാൾ പ്രായക്കൂടുതലുള്ള ഖദീജാ(റ)യെ വിവാഹം ചെയ്തതും അവരുടെ പ്രിയഭർത്താവായി ഏറെക്കാലം ജീവിച്ചതും വിമർശകർ പരിഗണിക്കാറേയില്ല. അവർ മരിച്ചതിനുശേഷം മാത്രമാണ് നബി(സ) തിരുമേനി മറ്റൊരു വിവാഹം ചെയ്തത്. അതിനുശേഷമാണ് ഒന്നിൽകൂടുതൽ ഭാര്യമാരെ സ്വീകരിക്കാൻ അദ്ദേഹം തയ്യാറായത്. പ്രസ്തുത വിവാഹങ്ങൾക്കെല്ലാം തന്നെ സാമൂഹികമോ രാഷ്ട്രീയമോ ആയ കാരണങ്ങളുമുണ്ടായിരുന്നു. ഇസ്‌ലാംമത പ്രബോധനത്തിനുള്ള വഴി തുറക്കുന്നതിന് പുതിയ ഗോത്രങ്ങളുമായി കുടുംബബന്ധം സ്ഥാപിക്കുന്നതിനും ഭക്തവനിതകളെ ബഹുമാനിക്കുന്നതിനും വേണ്ടിയാണ് ഈ ഓരോ വിവാഹവും. നബിയുടെ ഭാര്യമാരിൽ ഹദ്റത്ത് ആയിശ(റ) ഒഴികെ മറ്റാരുംതന്നെ കന്യകയോ സുന്ദരിയോ ആയിരുന്നില്ലായെന്നതും ശ്രദ്ധേയമാണ്. ഈ വിവാഹങ്ങൾ എങ്ങനെ ലൈംഗികതൽപരത കൊണ്ടാകും?


മുഹമ്മദ് നബി(സ) തിരുമേനി സായുധവിപ്ലവമാണ് നടത്തിയതെന്നും രക്തച്ചൊരിച്ചിലിലൂടെയാണ് ഇസ്‌ലാമിനെ ലോകത്ത് പ്രചരിപ്പിച്ചതെന്നും പ്രചണ്ഡമായി ആരോപിക്കുന്നുണ്ട്. ഇതിലൂടെ ഇസ്‌ലാമിനെ ഭീകരതയുടെ പര്യായമാക്കി മാറ്റാനാണ് പാശ്ചാത്യലോകം ശ്രമിക്കുന്നത്. ചരിത്രം വസ്തുനിഷ്ഠമായി പഠിക്കുമ്പോൾ നമുക്ക് മറ്റൊരു ചിത്രമാണ് ലഭിക്കുക. പ്രവാചകത്വവാദത്തിനുശേഷം അദ്ദേഹത്തിന് നേരിടേണ്ടിവന്ന എതിർപ്പുകൾക്ക് ചരിത്രത്തിൽ സമാനതകളില്ല. മക്കൻ തെരുവീഥികളിൽവച്ച് അദ്ദേഹത്തിനും അനുയായികൾക്കും നേരിടേണ്ടിവന്ന പീഡനങ്ങൾ സഹിക്കാവുന്നതിലുമപ്പുറമായിരുന്നു. എന്നിട്ടും അദ്ദേഹം അതിനെതിരായി പ്രതികരിച്ചില്ല. എല്ലാം തന്നെ ദൗത്യത്തിന് നിയോഗിച്ച അല്ലാഹുവിൽ ഭരമേല്പിച്ച് അതിൽമാത്രം പ്രതീക്ഷയർപ്പിച്ച് പീഡനങ്ങളെ നേരിടുകയാണുണ്ടായത്. ഇതൊക്കെ അതിശയോക്തികളല്ല. ചരിത്രത്താളുകളിൽ എഴുതപ്പെട്ടവയാണ്. ഏകദൈവസിദ്ധാന്തം പ്രഘോഷിക്കാനായി അദ്ദേഹം നടത്തിയ ത്വായിഫ്‌യാത്ര എത്രമേൽ ദുഷ്കരമായിരുന്നു. തെരുവിലൂടെ കുട്ടികളെക്കൊണ്ട് കല്ലെറിയിച്ച് ത്വായിഫിൽനിന്നും നബി(സ) തിരുമേനിയെ ആട്ടിയോടിച്ചില്ലേ? അന്നദ്ദേഹം അവിടെ ശക്തിപ്രയോഗിച്ചിരുന്നോ? ദേഹത്ത് കല്ലുകൊണ്ട് മുറിവിലൂടെ രക്തം ഒഴുകിയപ്പോഴും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണുണ്ടായത്. അവരെ നശിപ്പിച്ചുകളയാൻ മലക്ക് സമ്മതം ചോദിച്ചപ്പോഴും അദ്ദേഹമതിന് തയ്യാറായില്ല. തന്നെ മർദ്ദിച്ചവരിൽനിന്നും ഏകദൈവത്തെ ആരാധിക്കുന്ന ഒരു സമൂഹത്തെ നൽകുന്നതിന് അല്ലാഹുവിനോട് പ്രാർത്ഥിക്കുകയായിരുന്നു അദ്ദേഹം.

നബിതിരുമേനിക്കും കൂട്ടർക്കും നിരവധി യുദ്ധങ്ങൾ ചെയ്യേണ്ടിവന്നിട്ടുണ്ട്. അതൊരു ചരിത്രസത്യം തന്നെയാണ്. എന്നാൽ, പ്രസ്തുത യുദ്ധങ്ങൾ ചെയ്യേണ്ടിവന്ന സന്ദർഭം ചരിത്രവായനയിൽനിന്നും ഒഴിവാക്കുകയാണ് ചെയ്യുന്നത്. നബിതിരുമേനി യാതൊരു വിധ്വംസകപ്രവർത്തനവും ചെയ്തിട്ടില്ല. ഒരു രാജ്യത്തിനകത്തുനിന്നുകൊണ്ട് അതിന്റെ പരമാധികാരത്തിനെതിരെ പ്രവർത്തിക്കലാണ് വിധ്വംസകപ്രവർത്തനങ്ങൾ. നബി(സ) തിരുമേനിയും സംഘവും മാതൃരാജ്യത്തെ അതിക്രമങ്ങൾ സഹിക്കാതെ വന്നപ്പോൾ രാജ്യം വിടുകയാണുണ്ടായത്. സ്വന്തം ജന്മനാടായ മക്കയെ ഉപേക്ഷിച്ച് പോകേണ്ടിവന്ന സന്ദർഭത്തിലും അദ്ദേഹം തന്റെ രാജ്യത്തോടുള്ള കൂറ് പ്രഖ്യാപിക്കുകയായിരുന്ന അദ്ദേഹം പറഞ്ഞു: 'ഹാ, മക്കാ, ലോകത്ത് മറ്റെവിടുത്തെക്കാളും നീ എനിക്ക് പ്രിയമുള്ളതത്രെ. എന്നാൽ, നിന്റെ മക്കൾ എന്നെ ഇവിടെ ജീവിക്കാൻ അനുവദിക്കുന്നില്ല."

എന്നാൽ, അക്രമികൾ നബിതിരുമേനിയെ മദീനയിലും സ്വൈര്യജീവിതം നയിക്കാനനുവദിച്ചില്ല. മക്കയിൽ നിന്നുള്ള സൈന്യം മദീനയിലേക്ക് ചെന്ന് മുസ്‌ലിംകളെ ആക്രമണത്തിനു വിധേയമാക്കുകയാണുണ്ടായത്. യാതൊരു വിധത്തിലും പ്രബോധനം നടത്താൻ വിടുകയില്ലായെന്ന ശത്രുസൈന്യത്തിന്റെ ആക്രോശത്തിനു മുമ്പിൽ നബി തിരുമേനി വിനയാന്വിതനായി ദൈവത്തോട് കരഞ്ഞുപ്രാർത്ഥിച്ചു. ഒടുവിൽ സ്വരക്ഷയ്ക്കായി ആക്രമിസംഘത്തിനെതിരെ യുദ്ധം ചെയ്യാനുള്ള അനുവാദം അല്ലാഹു നൽകിയപ്പോൾ മാത്രമാണ് അതിന് തയ്യാറായത്. ഇതാണ് ചരി

**പേജ് 47-ൽ**

# ഹജ്ജ് യാത്ര



**യാ**ത്രക്കായൊരുക്കിടും വിഭവത്തിലത്യുത്തമം
സമൃദ്ധമായ്കൊണ്ടുപോകാൻ പ്രാധാന്യം തഖ്‌വയല്ലൊ
ജീവിതസൗഭാഗ്യങ്ങൾ കുടുംബബന്ധങ്ങളും
ജനിച്ചുവളർന്ന് നാം വസിക്കും വാസസ്ഥലം
എല്ലാമെവിട്ടൊഴിഞ്ഞ് ഉൾക്കാമ്പിൽ പ്രത്യാശയാൽ
ലൗകികചിന്തകളെ വെടിഞ്ഞുപാടെ നീക്കി
അകതാരിലാത്മീയമാം ചൈതന്യമുണർന്നല്ലൊ
ഏകനാം ദൈവത്തിങ്കലാത്മസമർപ്പണവും
വിനയവിലാളിത്യത്തിൻ പുടവയണിഞ്ഞുചുറ്റി
മാനവലോകത്തിന്റെ സമത്വത്തിൻ പ്രതീകമായി
വിശുദ്ധിയാൽ തെളിഞ്ഞീടും ശരീരമാനസവും
ശാന്തസുന്ദരമായിപ്രയാണം തുടങ്ങുന്നു.
വേഷവിധാനങ്ങളും മനവും ലക്ഷ്യവുമൊന്ന്
പരിശുദ്ധമായ മറ്റ് ചര്യകളെല്ലാമൊന്ന്
മാനസം തുടികൊട്ടും ഹൃദയം വെമ്പൽകൊള്ളും
ആവേശഭരിതരായ്ഹറമിനെപൂകീടുവാൻ
ഹറമിനെ ദർശിക്കുമ്പോൾ വികാരഭരിതരായ്
ഈറൻമിഴികളുമായിപ്രാർത്ഥനാനിരതരായ്
ദൈവസന്നിധാനമാം 'കഅബ'തൻ മന്ദിരത്തിൽ
ആത്മദാഹത്താലവർ പുളകിതരായിടുന്നു.
രാജാവും പ്രജകളും ഫകീറും ധനവാനും
പണവും പ്രതാപവും താണോരും വലിയോരും
വെളുത്തോരും കറുത്തോരും എല്ലാരും സമാസമം
തോളോടുതോളുരുമ്മി ചുവടുവച്ചീടുന്നു.
ദൈവത്തിൻ മുമ്പിലവർ കൈക്കുമ്പിൾ നീട്ടീടുന്നു
ഗദ്ഗദ കണ്ഠരായി ലോലഹൃദയരായി
ഹജ്റുൽ അസ്‌വദിനെ ആദരിച്ചീടുവാനായ്
ജനങ്ങളിൽ പ്രചോദനം നല്കിനാൻ റസൂലുല്ലാ
ആദരവോടെയന്ന് ചുംബനം നല്കീടിനാൻ
ആദരമായമുത്ത് മുഹമ്മദ് റസൂലുല്ലാ
പാരം പവിത്രമാകും ആ പുണ്യഗേഹത്തിങ്കൽ
പാൽകടൽ പോലെയവർ നടന്നുനീങ്ങീടുന്നു.
സുന്ദരസ്വപ്നത്തിന്റെ മോഹനസാക്ഷാത്കാരം
നിർവൃതിയാലെയവർ സായൂജ്യമടയട്ടെ!

***എസ്.വി. സുബൈദ***

# ലജ്നാ ഇമായില്ലായുടെ കേന്ദ്ര ഇജ്തിമാഅ് പ്രോഗ്രാം

**ഖുർആൻ മനഃപാഠം; ഖുർആൻ പാരായണം**

'സൂറായാസീൻ' നാലാമത്തെ റുകൂഅ്. എല്ലാ ലജ്നാമെമ്പർമാരും, മത്സരത്തിൽ പങ്കെടുത്താലും ഇല്ലെങ്കിലും ഈ റുകൂഅ് മനഃപാഠമാക്കേണ്ടതാണ്. ഇജ്തിമാക്ക് മുമ്പ് പ്രസിഡന്റ് സാഹിബ എല്ലാ മെമ്പർമാരിൽനിന്നും ഇത് ചൊല്ലികേൾക്കേണ്ടതാണ്.

**പദ്യമത്സരം (സമയം 2 മിനുട്ട്)**

ഈ മത്സരത്തിനുവേണ്ടി ദുർറെസമീൻ, കലാമെ മഹ്മൂദ്, ദുർറെഅദൻ, കലാമെത്വാഹിർ, ബുഖാരെദിൽ എന്നീ പുസ്തകങ്ങളിൽനിന്ന് പദ്യം തെരഞ്ഞെടുക്കാവുന്നതാണ്. മുൻപ് ചൊല്ലിയ പദ്യംതന്നെ ചൊല്ലാതെ, പുതിയ പദ്യം തെരഞ്ഞെടുക്കുക. മത്സരത്തിൽ പങ്കെടുക്കുന്ന മെമ്പർമാർ കുറഞ്ഞത് ആറ് വരിയെങ്കിലും പഠിച്ചിരിക്കേണ്ടതാണ്.

**വിഷയങ്ങൾ:-**

1. ബയ്അത്തിന്റെ പ്രാധാന്യവും അനുസരണവും
2. നാലാം ഖിലാഫത്തിന്റെ മനോഹരമായ കാലഘട്ടം
3. നിസാമെ വസിയ്യത്തിന്റെ പ്രാധാന്യം

**ഫിൽബദീഹ് പ്രസംഗം**

ഈ മത്സരത്തിൽ പങ്കെടുക്കുന്നവരെ സ്റ്റേജിൽ വിളിച്ച് ഏതെങ്കിലും രണ്ട് വിഷയങ്ങൾ നൽകുക. അതിൽ നിന്നും ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി പ്രസംഗിക്കുക. ആലോചിക്കുന്നതിനായി രണ്ട് മിനുട്ട് സമയം നൽകുക.

**ഫിൽബദീഹ് പ്രസംഗത്തിനുള്ള വിഷയങ്ങൾ:-**

1. നിസാമിനോടുള്ള അനുസരണം
2. ഖിലാഫത്തിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും
3. ഖിദ്മത്തെ ദീൻകൊ ഇക്ഫസ്ൽ ഇലാഹിജാനൊ (ദീനിന്റെ സേവനം അല്ലാഹുവിന്റെ ഒരു അനുഗ്രഹമാണെന്ന് മനസ്സിലാക്കുക)
4. ഇസ്ലാമിക സ്വഭാവങ്ങൾ
5. പർദയുടെ പ്രാധാന്യം
6. ആചാരങ്ങളെ സംബന്ധിച്ച് ഇസ്ലാമിക അദ്ധ്യാപനം
7. നവഅഹ്മദികളും നമ്മുടെ ഉത്തരവാദിത്വങ്ങളും
8. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തർബിയ്യത്തിന്റെ പൊരുൾ
9. ലജ്നാ ഇമായില്ലായുടെ കടമകൾ
10. സമയനിഷ്ഠ
11. നിശ്ചയദാർഢ്യവും ധൈര്യവും
12. ഹദ്റത്ത് അമ്മാജാന്റെ ജീവചരിത്രം
13. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യങ്ങൾ
14. ദീനീ ഇജ്തിമാഅ്കളിൽ പങ്കെടുക്കുന്നതിന്റെ പ്രാധാന്യം

**ക്വിസ്**

2004 ഡിസംബർ 17-ലെ ഹുസൂറിന്റെ ഖുത്ബ

'ലിബാസ്' പുസ്തകം മുഴുവൻ. (ഈ പുസ്തകത്തിന്റെ മലയാള തർജ്ജമ ഇല്ലാത്തതിനാൽ പ്രാദേശിക

ജമാഅത്തുകൾ ഏതെങ്കിലും പുസ്തകം തെരഞ്ഞെടുക്കേണ്ടതാണ്)

**അക്ഷരശ്ലോകം**

ദുർറെസമീൻ, കലാമെ മഹ്മൂദ്, കലാമെത്വാഹിർ, ദുർറെഅദൻ, ബുഖാരെദിൽ, അറബിഖസീദ എന്നിവയിൽനിന്നും അക്ഷരശ്ലോകത്തിനായി തയ്യാറാക്കുക. ഒറ്റക്കോ രണ്ടുപേർ വീതമുള്ള ടീമോ ആക്കുക.

ജഡ്ജ് അവതരണം, ശരിയായ ഉച്ചാരണം, ശരിയായ വരികൾ ഇവ പരിശോധിച്ച് മാർക്കിടുക.

ലജ്ന ഒന്നാമത്തെ ഗ്രൂപ്പിൽപെട്ട ആരെങ്കിലും അടുപ്പിച്ച് മൂന്നുതവണ മത്സരത്തിൽ വിജയിച്ചിട്ടുണ്ടെങ്കിൽ അവർ മത്സരത്തിൽ പങ്കെടുക്കാതിരിക്കുക. അവർക്ക് ഇജ്തിമായുടെ മറ്റ് പ്രോഗ്രാമുകളിൽ അവസരം നൽകുക.

**തർബിയ്യത്തി പ്രസംഗം**

ഇജ്തിമാഅ് അവസരത്തിൽ പ്രസംഗിച്ച് പരിചയമുള്ള രണ്ടുപേരുടെ പ്രസംഗം വെക്കുക.

**പ്രസംഗ വിഷയം:–**

സഹാബാക്കളുടെ ജീവചരിത്രം

തർബിയ്യത്തിന്റെ വിവിധ വശങ്ങൾ

**കായികമത്സരങ്ങൾ**

സാഹചര്യാടിസ്ഥാനത്തിൽ കായികമത്സരങ്ങൾ സംഘടിപ്പിക്കുക

**ഖസീദ മനഃപാഠം**

ഈ ഖസീദയെക്കുറിച്ച് ഹദ്റത്ത് പീർ സിറാജുൽഹഖ് രിവായത്ത് ചെയ്യുന്നു. "ഈ ഖസീദ അച്ചടിച്ച് കഴിഞ്ഞപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധമുഖം സന്തോഷംകൊണ്ട് വെട്ടിത്തിളങ്ങാൻ തുടങ്ങി. പറഞ്ഞു: ഈ ഖസീദ അല്ലാഹുവിന്റെ അടുക്കൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു എന്നോട് പറഞ്ഞു. ആരാണോ ഈ ഖസീദ മനഃപാഠമാക്കുന്നതും, എപ്പോഴും വായിച്ച് പഠിച്ചുകൊണ്ടിരിക്കുന്നതും ഞാൻ അവരുടെ മനസ്സിൽ എന്റേയും, എന്റെ റസൂൽ(സ)ന്റേയും സ്നേഹം കുത്തിനിറക്കുന്നതാണ്. അതുപോലെ എന്റെ സാമീപ്യവും കരസ്ഥമാക്കുന്നതാണ്."

എല്ലാ വർഷവും ലജ്നയും, നാസിറാത്തുൽ അഹ്മദിയ്യാ അംഗങ്ങളും ഈ ഖസീദ മനഃപാഠമാക്കുന്നുണ്ട്. ഈ വർഷവും കൂടുതൽ മെമ്പർമാർ ഈ ഖസീദ മനഃപാഠമാക്കുക.

ഇത് മനഃപാഠമാക്കിയ മെമ്പർമാരുടെ പേരുകൾ, ലോക്കൽ ലജ്നാപ്രസിഡന്റ് സ്റ്റേറ്റ് പ്രസിഡന്റിന്റെ ഒപ്പോടുകൂടി ആഗസ്റ്റ് 5-നുള്ളിൽ കേന്ദ്രത്തിലേക്ക് അയച്ചുതരിക. ഇജ്തിമാഅ് അവസരത്തിൽ അവർക്ക് മെഡൽ നൽകുന്നതാണ്. ആഗസ്റ്റ് 5-നുശേഷം ലഭിക്കുന്ന പേരുകൾ സ്വീകരിക്കപ്പെടുന്നതല്ല.

### അറിയിപ്പ്

എല്ലാ വിഭാഗത്തിന്റേയും ഖുർആൻ മനഃപാഠമത്സരവും, ഖുർആൻ പാരായണമത്സരവും, ഏത് സൂറത്തുകളാണോ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ആ സൂറത്തുകൾ ഓരോ പെൺകുട്ടിയും മനഃപാഠമാക്കിക്കേണ്ടതാണ്. അതാത് വർഷംതന്നെ നാസിറാത്ത് സെക്രട്ടറി, അംഗങ്ങളിൽനിന്ന് രണ്ട് സൂറത്തുകളും കേൾക്കേണ്ടതാണ്. മനഃപാഠമാക്കുന്നതിന് മുമ്പേ ഉച്ചാരണശുദ്ധി വരുത്തേണ്ടതാണ്. ലജ്നാ ഓഫീസിൽ വിശുദ്ധഖുർആന്റെ മുഴുവൻ കാസറ്റുകളുമുണ്ട്. മജ്ലിസുകൾക്ക് ആവശ്യമുണ്ടെങ്കിൽ അവയുടെ പകർപ്പ് എടുത്ത് പ്രയോജനപ്പെടുത്താവുന്നതാണ്. മത്സരവേളയിൽ രണ്ടിൽ ഒരു സൂറത്ത് കേൾപ്പിക്കുക.

## കരുനാഗപ്പള്ളി ജമാഅത്ത് ഒന്നാംസ്ഥാനത്ത്

2005-06-ൽ മികച്ച പ്രവർത്തനത്തിന് കരുനാഗപ്പള്ളി ലജ്നാ ഇമായില്ലാ കേരള ലജ്നകളിൽ നിന്നും ഒന്നാം സ്ഥാനം കരസ്ഥമാക്കി. കോഴിക്കോട്, പഴയങ്ങാടി എന്നിവ രണ്ടും മൂന്നും സ്ഥാനങ്ങൾക്കർഹരായി. പ്രസ്തുത ജമാഅത്തുകൾക്ക് അഭിനന്ദനം അറിയിക്കുകയും മേലിലും ഇത് തുടരട്ടെ എന്ന് ആശംസിക്കുകയും മറ്റു ജമാഅത്തുകൾക്കും ഉണർന്ന് പ്രവർത്തിക്കാൻ ഇതൊരു പ്രചോദനമാകട്ടെ എന്ന് ദുആ ചെയ്യുകയും ചെയ്യുന്നു.

*സ്റ്റേറ്റ് പ്രസിഡന്റ്, കേരള*

# നാസിറാത്തുൽ അഹ്മദിയ്യാ- ഇജ്തിമാഅ് പ്രോഗ്രാം

**ഖുർആൻ മനഃപാഠം; ഖുർആൻ പാരായണം**

നാസിറാത്ത് സീനിയർ - സൂറഃ മുസമ്മിൽ ആദ്യത്തെ റുകൂഅ് (ഇലാറബ്ബിഹീ സബീല വരെ)

നാസിറാത്ത് ജൂനിയർ- സൂറഃ അലംനശ്റഹ്; സൂറത്തുത്തീൻ

നാസിറാത്ത് സബ്ജൂനിയർ (ഗ്രൂപ്പ് )- സൂറത്തുൽഖുറൈശ്; സൂറത്തുന്നസ്ർ

നാസിറാത്ത് സബ്ജൂനിയർ (ഗ്രൂപ്പ് അലിഫ്)- സൂറത്തുൽ ഫലഖ്; സൂറത്തുൽഫീൽ

**പദ്യമത്സരം (എല്ലാ ഗ്രൂപ്പുകൾക്കും സമയം 2 മിനുട്ട്)**

ഇതിനുവേണ്ടി ദുർറെസമീൻ, കലാമെമഹ്മൂദ്, ദുർറെഅദൻ, കലാമെത്വാഹിർ, ബുഖാരെദിൽ എന്നീ പുസ്തകങ്ങളിൽനിന്ന് പദ്യം തെരഞ്ഞെടുക്കാവുന്നതാണ്. ഇതിനുമുമ്പ് മത്സരത്തിൽ ചൊല്ലിയ പദ്യംതന്നെ ചൊല്ലാതെ, പുതിയ പദ്യം തെരഞ്ഞെടുക്കുക. മത്സരത്തിൽ പങ്കെടുക്കുന്ന മെമ്പർമാർ കുറഞ്ഞത് ആറ് വരിയെങ്കിലും പഠിച്ചിരിക്കേണ്ടതാണ്. സെക്രട്ടറി ആദ്യം ആറ് വരി പദ്യങ്ങൾ ചൊല്ലികേൾക്കേണ്ടതാണ്.

**പ്രസംഗമത്സരം**

മത്സരത്തിൽ പങ്കെടുക്കുന്ന വ്യക്തി പ്രസംഗം, സമയപരിധിക്കുള്ളിൽതന്നെ അവസാനിപ്പിക്കുക. പത്തോ പതിനഞ്ചോ സെക്കന്റ് കൂടിയാലും കുറഞ്ഞാലും പ്രശ്നമില്ല.

**നാസിറാത്ത് സീനിയർ– പ്രസംഗമത്സരവിഷയങ്ങൾ (സമയം നാല് മിനുട്ട്)**

1. ഖുർആൻകെ ഗിർദ്ഘൂമോ, കഅബാ മേരായഹീഹെ (വിശുദ്ധഖുർആന് ചുറ്റും വലംവെച്ചുകൊണ്ടിരിക്കുക. ഇത് തന്നെയാണ് എന്റെ കഅബ)
2. ഞാൻ നിന്റെ സന്ദേശത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതാണ്.
3. ഹദ്റത്ത് ഉമർ(റ)ന്റെ കർമ്മപരിപാടികൾ

**നാസിറാത്ത് ജൂനിയർ (സമയം മൂന്ന് മിനുട്ട്)**

1. ഹദ്റത്ത് മുഹമ്മദ്നബി(സ)ന്റെ ദുആ സ്വീകാര്യതയുടെ അത്ഭുതദൃഷ്ടാന്തങ്ങൾ
2. അഞ്ചാം ഖിലാഫത്തും ദൈവികസുവിശേഷങ്ങളും
3. നിസാമി (ജമാഅത്ത് വ്യവസ്ഥിതി)യോടുള്ള അനുസരണം

**നാസിറാത്ത് സബ്ജൂനിയർ (ഗ്രൂപ്പ് ) സമയം രണ്ട് മിനുട്ട്**

1. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവചരിത്രത്തിന്റെ ഒരു ഭാഗമായ ദൈവപ്രേമം
2. അതിഥി സൽക്കാരം

**നാസിറാത്ത് സബ്ജൂനിയർ (ഗ്രൂപ്പ് അലിഫ്) സമയം രണ്ട് മിനുട്ട്**

1. നാവിന്റെ സംരക്ഷണം
2. സൃഷ്ടിസേവനം

**ഫിൽബദീഹ് പ്രസംഗം (സമയം 2 മിനുട്ട്) നാസിറാത്ത് സീനിയർ**

മത്സരസമയത്ത് പങ്കെടുക്കുന്നവർക്ക് രണ്ട് വിഷയങ്ങൾ കൊടുക്കുക. അതിൽ നിന്നും ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി പ്രസംഗിക്കുക. ആലോചിക്കുന്നതിനായി രണ്ട് മിനുട്ട് സമയം നൽകുക.

**ഫിൽബദീഹ് പ്രസംഗത്തിനുള്ള വിഷയങ്ങൾ:–**

1. ദഅ്വത്തെ ഇലല്ലായുടെ പ്രാധാന്യം
2. നമ്മുടെ ദൈവം ജീവൽദൈവം

3. ഇജ്തിമാകളുടെ പ്രാധാന്യം
4. പരിശുദ്ധസ്ഥാനങ്ങളുടെ പ്രാധാന്യം
5. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ വിദ്വൽഭാഷണം
6. നാസിറാത്തുൽ അഹ്മദിയ്യായുടെ സ്ഥാപനോദ്ദേശ്യം
7. 'ലജ്ജ' ഒരു അമൂല്യരത്നമാണ്
8. തഹ്രീകെ ജദീദിന്റെ പ്രാധാന്യം
9. ഹദ്റത്ത് അമ്മാജാൻ(റ)

**ക്വിസ്– നാസിറാത്ത് സീനിയർ**

അഹ്മദിയ്യാ ജമാഅത്തിന്റെ സംക്ഷിപ്ത ചരിത്രം. ഇത് കൂടാതെ പൊതുവിജ്ഞാനവും ഇസ്ലാമിന്റേയും അഹ്മദിയ്യത്തിന്റേയും ചോദ്യങ്ങളും.

**നാസിറാത്ത് ജൂനിയർ**

ഹദ്റത്ത് ഖദീജ(റ)ന്റെ ജീവചരിത്രം

**അക്ഷരശ്ലോകം**

എല്ലാ ഗ്രൂപ്പുകളുടേയും അക്ഷരശ്ലോകം സംഘടിപ്പിക്കുക. ദുർറെസമീൻ, കലാമെ മഹ്മൂദ്, ദുർറെഅദൻ, കലാമെത്വാഹിർ, ബുഖാരെദിൽ, ബദർഗാഹെസീശാൻ, ഖസീദ. ഇതിൽനിന്നും അക്ഷരശ്ലോകത്തിനായി തയ്യാറാവുക. ഒറ്റക്കോ, രണ്ടുപേർ വീതമുള്ള ടീമോ ആക്കുക. ●



## പി.സി.എം. സ്കോളർഷിപ്പ് പരീക്ഷയിൽ അഖിലേന്ത്യാതലത്തിൽ മൂന്നാംറാങ്ക്

ദേശീയാടിസ്ഥാനത്തിൽ നടത്തിയ പി.സി.എം. സ്കോളർഷിപ്പ് പരീക്ഷയിൽ എൽ.കെ.ജി. വിഭാഗത്തിൽ കൂടാളിയിലെ നിലോഫറിന് മൂന്നാം റാങ്ക്. കൂടാളി ഫസലെ ഉമർ സ്കൂളിലെ വിദ്യാർത്ഥിനിയായ നിലോഫർ, യു. നിയാസ് സാഹിബിന്റേയും സി. നിശാനയുടേയും മകളാണ്.

## അനുമോദനങ്ങൾ

കണ്ണൂർ ടൗൺ നാസിറാത്ത് അംഗം ത്വാഹിറ സിദ്ദീഖ സംസ്ഥാന യുവജനോത്സവത്തിൽ അറബിഗാനത്തിന് എ-ഗ്രേഡോടെ ഒന്നാം സ്ഥാനം കരസ്ഥമാക്കി. മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബിന്റേയും റംലയുടേയും മകളാണ്. കഴിഞ്ഞ സ്റ്റേറ്റ് ഇജ്തിമായിൽ നാസിറാത്തിന്റെ എല്ലാ മത്സര പരിപാടികൾക്കും ഒന്നാം സ്ഥാനത്തായിരുന്ന ത്വാഹിറക്ക് അന്നൂറിന്റെ അനുമോദനങ്ങൾ!

സംസ്ഥാന ഉർദു കലോത്സവത്തോടനുബന്ധിച്ച് നടത്തിയ ക്വിസ് മത്സരത്തിൽ കടലായി ജമാഅത്തിലെ പി. ശർമിന ഒന്നാംസ്ഥാനം കരസ്ഥമാക്കി. കഥാരചന, ഉപന്യാസം എന്നിവയിൽ ഏ. ഗ്രേഡോടെ മൂന്നാം സ്ഥാനവും ലഭിച്ചിട്ടുണ്ട്. കടലായി ജമാഅത്തിലെ പി.പി. അബ്ദുർറഹീം സാഹിബിന്റേയും പി. ശാക്കിറയുടേയും മകളാണ്. കണ്ണൂർ ദീനുൽ ഇസ്ലാം സഭ ഗേൾസ് ഹയർസെക്കന്ററി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ് ശർമിന.

നാസിറാത്ത് കോർണർ

# സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ സാഹിബ്(റ)

അഹ്മദിയ്യാ ജമാഅത്തിലെ മഹനീയപുത്രൻ സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ സാഹിബിനെക്കുറിച്ച് നിങ്ങൾ കേട്ടുകാണുമല്ലോ. വളരെ മതഭക്തയായ ഒരു മഹതീരത്നത്തിന്റെ മകനാണദ്ദേഹം. രണ്ടാം ഖലീഫ ഹദ്റത്ത് ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന്റെ മാർഗ്ഗിർദ്ദേശമനുസരിച്ച് ജീവിതത്തിന്റെ വിജയപാതയിലദ്ദേഹം കടന്നുകയറി. 1893 ഫിബ്രുവരി 6-ന് പഞ്ചാബിലെ സിയാൽകോട്ട് ജില്ലയിലെ ദസ്ക്കയിൽ അദ്ദേഹം പിറന്നു. എൽ.എൽ.ബി പരീക്ഷയിൽ ഫസ്റ്റ് ക്ലാസ് നേടിയവരുടെ പട്ടികയിലെ ഒന്നാമത്തെ ഇന്ത്യക്കാരനാണ് ചൗദരി മുഹമ്മദ് സഫറുല്ലാഹ്ഖാൻ സാഹിബ്. ലണ്ടൻ യൂണിവേഴ്സിറ്റിയിൽ ഫൈനൽ ഇയർ പഠിക്കുമ്പോൾതന്നെ ലാഹോർ ഹൈക്കോടതി ബാറുകളിൽ അദ്ദേഹം മിന്നിത്തിളങ്ങി. 1926-ൽ പഞ്ചാബ് ലെജിസ്ലേറ്റീവ് അസംബ്ലിയിൽ തെരഞ്ഞെടുക്കപ്പെട്ടുകൊണ്ട് തന്റെ രാഷ്ട്രീയരംഗപ്രവേശനം നടത്തി. ഇന്ത്യൻ വട്ടമേശസമ്മേളനത്തിൽ 1930,31,32 വർഷത്തിൽ ഇന്ത്യയുടെ വക്താവായി, 1931-ൽ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. 1933-ൽ ഇന്ത്യൻ പാർലമെന്റ് ജോയന്റ് സെലക്ട് കമ്മിറ്റിയിലെ പ്രതിനിധിയായി. സഫറുള്ളാഖാൻ അസാമാന്യമായ ധീഷണാശാലിയും ന്യായയുക്തവും ഭരണപാടവവും തികഞ്ഞ ഒരസാമാന്യ പ്രതിഭ തന്നെയായിരുന്നു. 1935-41 കാലഘട്ടത്തിൽ ഗവർണർ ജനറലുടെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗമായി. ആരോഗ്യം, വിദ്യാഭ്യാസം, റെയിൽവേ, ലാന്റ്, ആർക്കിയോളജി സർവ്വേ ഓഫ് ഇന്ത്യ, ഇന്ത്യൻ ഓവർസീസ്, കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസ്, നിയമം, വാർസപ്ലൈ തുടങ്ങിയ വിഭാഗങ്ങളുടെ തലവനായി താൻ കടന്നുവന്ന വഴികളിലെല്ലാം വ്യക്തിമുദ്രപതിപ്പിച്ച മറ്റൊരു ഇന്ത്യക്കാരനുണ്ടോ എന്ന് സംശയമാണ്. ഇംപീരിയൽ കോൺഗ്രസ്സിൽ 1937-ൽ ഇന്ത്യയെ പ്രതിനിധീകരിച്ചു. ഡൊമിനിയൻ മിനിസ്റ്റേർസ് കോൺഫറൻസിൽ 1939 അസംബ്ലി സെഷനിൽ ഇന്ത്യയെ പ്രതിനിധികരിച്ച് ലീഗ് ഓഫ് നേഷൻസിൽ സംബന്ധിച്ചു. 1941-ൽ ഇന്ത്യൻ ഫെഡറൽ കോർട്ട് ബഞ്ചിൽ നിയമിതനായി 47 വരെ ഈ സ്ഥാനത്തിരുന്നു. ഇടയ്ക്ക് 42-ൽ വൈസ്രോയിയുടെ പ്രത്യേക ആവശ്യപ്രകാരം ചൈനയിൽ ഇന്ത്യയുടെ നയതന്ത്ര പ്രതിനിധിയായി 47-ന് മുമ്പേതന്നെ കാനഡ പെസഫിക് റിലേഷൻ കോൺഫറൻസിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്തു.

47-ലെ വിഭജനകാലഘട്ടത്തിൽ ഖായിദെ അഅ്സം മുഹമ്മദ് അലി ജിന്ന, ചൗധരി സഫറുല്ലാഖാൻ സാഹിബിനെ പാക്കിസ്ഥാൻ രൂപീകരണരേഖ തയ്യാറാക്കുവാൻ ചുമതലപ്പെടുത്തി. 47-ൽ യുനൈറ്റഡ് നേഷൻസിലെ ജനറൽ അസംബ്ലിയിൽ പാക്കിസ്ഥാനെ പ്രതിനിധീകരിച്ചു. 47 ഡിസംബറിൽ പാക്കിസ്ഥാൻ വിദേശകാര്യമന്ത്രിയായി. പലസ്തീൻ പ്രശ്നത്തിൽ യുനൈറ്റഡ് നേഷൻസിലെ അദ്ദേഹത്തിന്റെ പ്രകടനം അറബ് രാജ്യത്തലവന്മാരുടെ മുക്തകണ്ഠപ്രശംസയ്ക്ക് പാത്രമായി. അവർ അദ്ദേഹത്തിന്റെ പ്രസംഗം സ്വന്തം ഭാഷകളിൽ തർജ്ജമ ചെയ്ത് രണ്ടും മൂന്നും തവണ സ്വന്തം അംഗങ്ങളെ കേൾപ്പിക്കുകയും അറബിയല്ലാതിരുന്നിട്ടും പലസ്തീൻ പ്രശ്നത്തിൽ അദ്ദേഹം മുസ്ലിം നന്മയ്ക്കുവേണ്ടി പോരാടിയ കാര്യം സസ്നേഹം സ്മരിക്കുകയും ചെയ്തു. ഖലീഫ രണ്ടാമന്റെ ആ അരുമശിഷ്യൻ തന്റെ ഗുരുവിൽനിന്നുൾക്കൊണ്ടുകൊണ്ട് ചൂണ്ടിക്കാണിച്ച ആപത്ത് മനസ്സിലാക്കി അറബ്ലോകം ഒറ്റക്കെട്ടായി നിന്നിരുന്നെങ്കിൽ ഇസ്റയേൽ രൂപീകരണംവഴി ഇന്ന് മധ്യപൂർവ്വദേശത്ത് വന്നുഭവിച്ച സർവ്വനാശങ്ങളും ഒഴിവായേനേ. 1961 മുതൽ 64 വരെ യു.എൻ. ജനറൽ അസംബ്ലിയിൽ പാക്ക് പ്രതിനിധിയായി. 16 വർഷം ലോകകോടതി ജഡ്ജിയായിരുന്നു. 1962-63 കാലത്ത് യുഎൻ ജനറൽ അസംബ്ലിയിൽ പ്രസിഡന്റായി യു.എൻ. ചരിത്രത്തിൽ ആരുംതന്നെ രാഷ്ട്രീയമായ ഉന്നതപദവിയും ജുഡീഷ്യറിയിലെ ഉന്നതസ്ഥാനവും ഇതുപോലെ ഒരുമിച്ച് കൈകാര്യം ചെയ്തുകാണില്ല. താൻ കടന്നുചെന്ന മേഖലകളിലെല്ലാം അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു. ലാളിത്യത്തിന്റെ പര്യായമായിരുന്ന ആ വീരപുത്രൻ 1973-ൽ തന്റെ 80-ാം വയസ്സിൽ ലോകകോടതിയിൽനിന്നും വിരമിച്ചു. 1985 സെപ്തംബർ ഒന്നിന് ആ മഹാൻ തന്റെ നാഥനിലേക്ക് മടങ്ങി. അല്ലാഹു അദ്ദേഹത്തെ ഉന്നതമായ സ്ഥാനത്തിരുത്തുകയും അത്തരം മഹാപ്രതിഭകളെ ജമാഅത്തിന് വീണ്ടും വീണ്ടും നൽകുകയും ചെയ്യട്ടെ.

പുതിയ തലമുറയ്ക്ക് അപരിചിതമായ അദ്ദേഹത്തിന്റെ ലളിതകഥയിൽ ഒന്നുരണ്ടെണ്ണം പറയട്ടെ. ജീവിതത്തിന്റെ ധാരാളം വർഷങ്ങൾ വിദേശത്ത്

കഴിച്ച അദ്ദേഹം വാർദ്ധക്യകാലം ലണ്ടനിൽ സ്ഥിര താമസമാക്കി. വർഷത്തിൽ രണ്ട് ജോഡി ഷൂകൾ മാത്രമേ അദ്ദേഹം ഉപയോഗിക്കുമായിരുന്നുള്ളൂ. അതും പാക്കിസ്ഥാനിൽനിന്നും വാങ്ങി ഒന്നുകൂടി തുന്നിച്ച് കൊണ്ടുവരും. ഇതേക്കുറിച്ച് ചോദിച്ച സുഹൃത്തിനോടദ്ദേഹം പറഞ്ഞു. ലണ്ടനിൽ ഷൂവിന് വലിയ വിലയാണ്. ഞാൻ ഈ പിശുക്ക് കാരണം പാക്കിസ്ഥാനിലെ നാലഞ്ച് നിർദ്ധനരായ കുട്ടികൾക്ക് പഠിക്കുവാൻ സ്കോളർഷിപ്പ് നല്കുന്നു.

ഒരിക്കൽ നാട്ടിലെ ഒരു സുഹൃത്ത് (ബന്ധു) ലണ്ടനിലെ അദ്ദേഹത്തിന്റെ വസതിയിലെത്തി. കുളികഴിഞ്ഞ് അദ്ദേഹം അന്വേഷിച്ചു ചൗധരി സാഹിബ്, താങ്കൾ ഏതുതരം സോപ്പാണ് ഉപയോഗിക്കുന്നത്, അതിന്റെ സുഗന്ധം എനിക്ക് നന്നേ ഇഷ്ടമായി. സഫറുള്ളാഖാൻ സാഹിബ് ചിരിച്ചുകൊണ്ടൊഴിഞ്ഞുമാറി. സുഹൃത്ത് വിട്ടില്ല. താങ്കൾ പറഞ്ഞേ മതിയാകൂ. ഏത് ബ്രാന്റ് സോപ്പാണ് ഉപയോഗിക്കുന്നത്. ചൗധരി സാഹിബ് പറഞ്ഞു. എനിക്കങ്ങനെ പ്രത്യേക ബ്രാന്റ് ഒന്നുമില്ല. തിരിച്ചുപോകാൻനേരം സുഹൃത്ത് ഒരേ നിർബന്ധം തനിക്ക് ആ സോപ്പ് നാട്ടിലേക്ക് വാങ്ങിയേപറ്റൂ. ഏത് കടയിൽ കിട്ടും. ചൗധരി സാഹിബ് പറഞ്ഞു. താങ്കൾക്ക് അതൊരു കടയിൽനിന്നും ലഭിക്കില്ല. ഒടുവിൽ സത്യമറിഞ്ഞേ പറ്റൂ എന്ന സുഹൃത്തിന്റെ നിർബന്ധം കാരണം അദ്ദേഹം പറഞ്ഞു. ഞാൻ 11 മാസമുപയോഗിച്ച് തേഞ്ഞുകഴിഞ്ഞ സോപ്പ് കഷണങ്ങൾ മാറ്റിവെക്കും. പിന്നീടവ ഒരുമിച്ചുരുക്കി കൂടിലൊഴിച്ച് പുതിയ സോപ്പുണ്ടാക്കും. വിവിധതരം കഷണങ്ങൾ ചേർന്നാണ് പുതിയതരം സുഗന്ധമുണ്ടായത്. ആ സോപ്പ്കൊണ്ട് എന്റെ വർഷത്തെ 12 മാസത്തെ ആവശ്യം കഴിയും. അതുകൊണ്ടാണ് താങ്കൾക്ക് അത് വാങ്ങിക്കുവാൻ കഴിയില്ലെന്ന് പറഞ്ഞത്. ഇരുവരും പൊട്ടിച്ചിരിച്ചുപോയി. തന്റെ ആ മിച്ചപ്പെടുത്തൽ കാരണം തനിക്ക് ഒരു കുട്ടിയുടെ സ്കോളർഷിപ്പ് നൽകാൻ കഴിയുന്നു എന്ന് ചൗധരി സാഹിബ് കൂട്ടിച്ചേർത്തു!!

ചൗധരി സഫറുല്ലാഖാന്റെ ലണ്ടനിലെ സഹപാഠിയായിരുന്നു ഓസ്ക്കർ ബ്രൺലർ. ഒന്നാംലോക മഹായുദ്ധത്തിൽ സേവനമനുഷ്ഠിച്ച് കാലിൽ പരിക്കുപറ്റിയ അദ്ദേഹം ലീഗ് ഓഫ് നേഷൻസിന്റെ സംരക്ഷിത പൗരനായി. ഇലക്ട്രിക്കൽ എഞ്ചിനിയറായിരുന്നെങ്കിലും ലണ്ടനിലെ ഒരു ഹോസ്പിറ്റലിൽ നിന്ന് മനശാസ്ത്ര ചികിത്സയിലയാൾ പ്രാഗത്ഭ്യം നേടി. താൻ സ്വന്തമായി രൂപപ്പെടുത്തിയ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി അദ്ദേഹം പ്രശസ്തനായി. ഇതിൽ ഏറ്റവും പ്രമുഖം IQ അളക്കുവാനുള്ള ഒരുപകരണമായിരുന്നു. അദ്ദേഹം രോഗികളോട് കൂടുതൽ ചോദ്യങ്ങൾ ചോദിക്കാതെ, അവരുടെ വിരലുകൾ താൻ രൂപപ്പെടുത്തിയ ഒരുപകരണത്തിലെ പെൻഡുലം ചലിപ്പിച്ച് അതിന്റെ മുകളിലെ ടെർമിനലിൽ ഓരോന്നായിവെക്കുവാൻ പറയും. അവരുടെ മനോനില മനസ്സിലാക്കി ചികിത്സിക്കും. മിക്കവാറും നിഗമനം വളരെ കൃത്യമായിരുന്നു. സ്വന്തമായി വികസിപ്പിച്ചെടുത്ത ഉപകരണത്താൽ രോഗിയുടെ എല്ലാവിധ മനശാസ്ത്രപരമായ പ്രശ്നങ്ങളും മനസ്സിലാക്കിയെടുക്കുന്നതിൽ പ്രഗത്ഭനായിരുന്നു ഓസ്ക്കർബ്രൺലർ. തന്റെ ഉപകരണത്താൽ ബുദ്ധിയുടെ അളവെടുക്കാൻ പറ്റുമെന്നും അദ്ദേഹം തെളിയിച്ചിരുന്നു. 1937-ൽ അദ്ദേഹം ഇന്ത്യ സന്ദർശിച്ച സന്ദർഭത്തിൽ ഖാദിയാനിലെത്തുകയും തന്റെ സഹപാഠി ചൗധരി സഫറുള്ളായുടെ അതിഥിയാവുകയും ചെയ്തു. അന്നവിടെയുണ്ടായിരുന്ന സുഹൃത്തുക്കളും മറ്റതിഥികളും അവരുടെ ഐ.ക്യു ടെസ്റ്റ് ചെയ്യാനാഗ്രഹിക്കുകയും ഓസ്ക്കർ സമ്മതിക്കുകയും ചെയ്തു. അവിടെയുള്ളവരിൽ ഏറ്റവും ഉയർന്ന ഐ.ക്യു. സഫറുള്ളാഖാന്റേതായിരുന്നു.

ഓസ്ക്കർ പറയുകയുണ്ടായി. താൻ അന്നുവരെ ചെക്ക് ചെയ്തതിൽ ഏറ്റവും കൂടിയ ഐ.ക്യു മാർപ്പാപ്പയുടേതായിരുന്നു. (അന്നത്തെ) അതാകട്ടെ ചൗധരി സാഹിബിനേക്കാൾ 15% മാത്രം അധികവും. നേരിട്ട് വ്യക്തികൾ എത്തിയില്ലെങ്കിലും ഒരാളുടെ കയ്യെഴുത്ത് പ്രതി ഉപകരണത്തിൽ വെച്ചും അയാളുടെ ഐ.ക്യു കണ്ടെത്താനാവുമെന്ന് പിന്നീട് ഓസ്കർ പറയുകയുണ്ടായി. അപ്പോൾ ആ വീട്ടിലെ ഒരു വ്യക്തി ഉർദുവിലുള്ള ഒരെഴുത്ത് ഓസ്കറിന് പരിശോധനയ്ക്ക് നല്കി. പരിശോധനയ്ക്കുശേഷം ഓസ്കർ ഇങ്ങനെ പറഞ്ഞു. ഈ കയ്യക്ഷരത്തിന്റെ ഉടമയുടെ ഐ.ക്യു. എന്റെ ഉപകരണത്തിനളക്കാവുന്നതിനേക്കാൾ എത്രയോ മുകളിലാണ്. പിന്നീട് അന്വേഷിച്ചപ്പോൾ അറിഞ്ഞു ആ എഴുത്ത് വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)യുടെ കൈയ്യക്ഷരമായിരുന്നു എന്ന്.

***ഉമ്മുനസീർ***

ഹദ്റത്ത് അബൂഹുറയ്(റ) നിവേദനം ചെയ്യുന്നു. തിരുനബി(സ) ഇങ്ങനെ അരുൾ ചെയ്യാറുണ്ടായിരുന്നു: "ധനികർ ക്ഷണിക്കപ്പെടുകയും ദരിദ്രർ അവഗണിക്കപ്പെടുകയും ചെയ്യുന്ന വിവാഹസദ്യയാണ് ഏറ്റവും ചീത്തയായ ഭക്ഷണം. വല്ലവനും (ഗർവ്വോ, ദുരഭിമാനമോ നിമിത്തം) ക്ഷണം നിരസിച്ചാൽ അവൻ അല്ലാഹുവിനോടും അവന്റെ ദൂതരോടും അനുസരണക്കേട് കാണിച്ചവനായി. (മുസ്ലിം)

**പേജ് 39-ൽനിന്ന്**

ത്രം. ഇതിനെ വളച്ചൊടിക്കാനാണ് പാശ്ചാത്യർ ഇന്ന് ശ്രമിക്കുന്നത്. ഈ യുദ്ധങ്ങളൊന്നും തന്നെ ഇസ്ലാമിലേക്ക് ആളെ ചേർക്കാനായിരുന്നില്ല. ഖുർആൻ പ്രബോധനത്തിന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾതന്നെ നൽകിയിട്ടുണ്ട്. ഖുർആൻ പറയുന്നു.

"***ഉദ്അ് ഇലാ സബീലിറബ്ബിക്ക ബി ഹിക്ക്മത്ത വ മൗഇളത്തൻ ഹസന***" നിന്റെ റബ്ബിന്റെ മാർഗ്ഗത്തിലേക്ക് യുക്തിജ്ഞാനത്തോടും സദുപദേശങ്ങൾ മുഖേനയും നീ വിളിക്കുക. ദീനിലേക്ക് ക്ഷണിക്കുന്നതിന് യാതൊരു തരത്തിലുള്ള സമ്മർദ്ദമോ ഭീഷണിയോ പാടില്ലെന്നും ഖുർആൻ പഠിപ്പിച്ചിട്ടുണ്ട്. "***ലാ ഇക്റാഹ ഫിദ്ദീനി ഖത്ത ബയ്യനർറുശ്ദു മിനൽഗയ്യ്***" ദീനിൽ ബലാൽക്കാരമില്ല. നേരായ വഴി ദുർമാർഗ്ഗത്തിൽ നിന്ന് വ്യതിരിക്തമാകുന്നു. ഇതാണ് ഖുർആനിക പാഠം. വിശുദ്ധഖുർആൻ തന്റെ ജീവിതചര്യയാക്കിയ നബിതിരുമേനിക്കെങ്ങനെ യുദ്ധം ചെയ്ത് മതം പ്രചരിപ്പിക്കാനാകും? ഒരിക്കലും അത് സാധ്യമല്ല. അദ്ദേഹമത് ചെയ്തിട്ടുമില്ല. എന്നാൽ, നിർഭാഗ്യകരമെന്ന് പറയട്ടെ ഇക്കാലത്ത് മൗദൂദി പ്രസ്ഥാനത്തിന്റെ നേതാവായ അബുൽഅഅ്ലാ മൗദൂദി ഇതിന് ഘടകവിരുദ്ധമായാണ് പറഞ്ഞുവച്ചത്. "എല്ലാ പ്രകാരത്തിലും ഉപദേശിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്തിട്ടും മക്കക്കാർ ഇസ്ലാമിലേക്ക് ശ്രദ്ധിക്കാതെ വന്നപ്പോൾ നബി(സ) തിരുമേനി വാളെടുത്തതിനെ തുടർന്നാണ് ഇസ്ലാമിന് വിജയമുണ്ടായത് എന്നാണ് മൗദൂദി പറഞ്ഞത്. പാതിരി മാൽക്കം മൈക്കിളും വില്യം മുയിറും, സ്വാമി ദയാനന്ദസരസ്വതിയും പറഞ്ഞ അതേ വാക്കുകൾ. ഇസ്ലമിനകത്ത് നിന്നു തന്നെയുള്ള ഇത്തരം ആശയങ്ങൾ പാശ്ചാത്യ ആരോപണത്തിന് ബലം നൽകിയിട്ടുണ്ട് എന്നത് വസ്തുതയാണ്.

എന്നാൽ, നബി(സ) തിരുമേനി ഇതൊന്നുമല്ല. കാരുണ്യത്തിന്റെ പ്രവാചകനായിരുന്നു അദ്ദേഹം. അതുകൊണ്ടാണല്ലോ മക്കാവിജയത്തിനുശേഷം പൊതുമാപ്പ് നൽകാൻ അദ്ദേഹം തയ്യാറായത്. അതുപോലൊരു ചരിത്രം മറ്റെവിടെയുണ്ട്. ഇന്ന് നടക്കുന്നതും നബി(സ) കാണിച്ച കാരുണ്യത്തിന്റെ ചരിത്രത്തിന് എതിരായാണ്. പാശ്ചാത്യലോകം പ്രത്യേകിച്ച് അമേരിക്കയും ബ്രിട്ടനും കാരണങ്ങളുണ്ടാക്കി ഓരോ രാജ്യത്തേയും ആക്രമിക്കുന്ന കാഴ്ച നമ്മുടെ മുന്നിലുള്ളപ്പോൾ ആരാണ് അക്രമി, ആരാണ് സമാധാനത്തിന്റെ വക്താവ് എന്ന് തിരിച്ചറിയാന് പ്രയാസമുണ്ടാകില്ല.

**പേജ് 37-ൽനിന്ന്**

പകനാവാൻ വേണ്ടി പഠിച്ച് തലതെറ്റിപ്പോയ ഒരു മനുഷ്യൻ. അവിടെയും ഒരു മദർ വന്ന് ഞങ്ങളെ സ്വീകരിച്ചു. പലതരത്തിലുള്ള അസുഖം ബാധിച്ചവരും മാനസികനില തകർന്നവരും മക്കൾ ഉപേക്ഷിച്ച മാതാപിതാക്കളും അവിടെയുണ്ടായിരുന്നു. നമ്മുടെ പഴയങ്ങാടിക്ക് സുപരിചതനായ മരിച്ചുപോയ ബീരാൻകുട്ടിക്കായുടെ മകൾ സൈനബയും അക്കൂട്ടത്തിലുണ്ടായിരുന്നു. കുഷ്ഠരോഗം ബാധിച്ച സൈനബ പുറത്തുതന്നെ ഇരിക്കുന്നുണ്ടായിരുന്നു. ഒരു സിസ്റ്റർ 'സൈനബാ നിനക്കിവരെ അറിയുമോ? നിന്നെക്കാണാനാണിവർ വന്നത്" എന്ന് പറഞ്ഞപ്പോൾ അറിയില്ലെന്ന് പറഞ്ഞ് ചിന്താർഹയായി ദൂരേക്ക് മിഴിയുംനട്ടവർ ഇരുന്നു. വേറൊരുകുട്ടി ചേട്ടൻ വരുന്നതും ചേച്ചി വരുന്നതുമൊക്കെ പറഞ്ഞ് ഞങ്ങളുടെകൂടെ കൂടി. അതിനടുത്തുതന്നെയുള്ള ഒരു കെട്ടിടത്തിൽ പുരുഷന്മാരും താമസിക്കുന്നുണ്ടായിരുന്നു. അതിൽതന്നെ മദറിന്റെ നിഴൽപറ്റി ഒരു യുവാവ്. ചെറുപ്രായത്തിൽ കണ്മുമ്പിൽവെച്ച് അമ്മയെ അച്ഛൻ വെട്ടിക്കൊലപ്പെടുത്തിയതിന്റെ ദൃക്സാക്ഷിയായി നിരാശനായി ജീവിതം തള്ളിനീക്കുന്നവൻ. പകതീരാതെ മകനേയും വെട്ടിപ്പരുക്കേല്പിച്ച് മകന്റെ ജീവിതവും ആ മനുഷ്യൻ തകർത്തിരിക്കുന്നു. രോഗികളായാലും തങ്ങളാൽ കഴിയുന്ന ജോലികളൊക്കെ ചിലർ ചെയ്യാറുണ്ടെന്ന് സിസ്റ്റർ പറഞ്ഞു. പിന്നീട് അവർ ഞങ്ങളെ അവരുടെ അടുക്കളയിലേക്ക് കൊണ്ടുപോയി. ചോറ് വെക്കുന്ന വലിയ പാത്രവും ചോറ് കോരിയിടുന്ന അതിനേക്കാൾ വലിയ അരിപ്പയും പത്തുമുപ്പത് ദോശ ഒന്നിച്ചു ചുട്ടെടുക്കുന്ന ഓടും ഗോബർഗ്യാസിന്റെ വലിയ അടുപ്പുമൊക്കെ ഞങ്ങൾ അത്ഭുതത്തോടെ നോക്കിനിന്നു. പശുവളർത്തൽ കൂടാതെ കാവലിനായി രണ്ട് വലിയ നായയും അവിടെയുണ്ട്. അതിന് വേണ്ടിയുള്ള ഇറച്ചി വലിയ പാത്രത്തിൽ വേവുന്നുണ്ടായിരുന്നു. ഇതിനേക്കാളുമൊക്കെ അത്ഭുതമായി ഞങ്ങൾക്ക് തോന്നിയത് ഒരു കെട്ടിടത്തിലും ചിലന്തിവലയുടെ ഒരംശമോ വൃത്തിഹീനമോ ഇത്രയും രോഗികൾ താമസിക്കുന്നിടത്ത് ദുർഗന്ധത്തിന്റെ അംശമോ ഇല്ലെന്നുള്ളതാണ്. പതിനാറു വർഷമായി കിടക്കുന്ന രോഗിയെപോലും എത്ര വൃത്തിയോടെയാണവർ പരിപാലിക്കുന്നത്. അവിടുത്തെ കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിലും അവർ ശ്രദ്ധാലുക്കളാണ്. പ്രായമെത്തിയാൽ പെൺകുട്ടികളെ വിവാഹം കഴിച്ചയക്കാനും അതിനുശേഷവും അവരുമായുള്ള ബന്ധം തുടർന്നുകൊണ്ടുപോകാനും അവർ ശ്രദ്ധിക്കുന്നു. ജമാഅത്തിന്റെ ചില ലഘുലേഖകൾ നൽകി അവർക്കുവേണ്ടി വാങ്ങിയ മധുരപലഹാരങ്ങളും അവരെ ഏല്പിച്ചു ഏകദേശം മൂന്നുമണിക്കൂറോളം ഞങ്ങളവിടെ ചില വഴിച്ചു തിരിച്ചുപോന്നു. ഇത്തരം സന്ദർശനങ്ങൾ നമ്മുടെയുള്ളിലും സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ ത്യാഗത്തിന്റെ പൊൻതിരി കത്തിക്കും എന്നതിൽ സംശയമില്ല.

***പി.പി. റഹീമ, ഹിദ്മതെ ഹൽഖ് സെക്രട്ടറി, പഴയങ്ങാടി***

# ജീവചക്രം

ദൈവം നിർജ്ജീവമായതിനെ ജീവനുള്ളതാക്കുന്നവനാകുന്നു. അല്ലാഹുവിന്റെ പ്രവൃത്തികളിൽ യുക്തിയും ന്യായവും നിലനില്ക്കുന്നതാണ്. അസ്വഭാവികമായതിനെ സ്വാഭാവികമാക്കുന്നവനാണവൻ. ഒരുദാഹരണം പറയട്ടെ. 1883 ക്രാക്കതുവ അഗ്നിപർവ്വതം പൊട്ടിയ അവസരത്തിൽ ചുറ്റുമുള്ള ദ്വീപസമൂഹങ്ങളെല്ലാം ചാരംകൊണ്ട് മൂടപ്പെട്ടു. 1884-ൽ ശാസ്ത്രജ്ഞൻ രകത എന്ന ഒരു ദ്വീപിൽ സന്ദർശനത്തിനെത്തി. കടന്നുചെല്ലാൻ കഴിയുന്ന പരുവത്തിൽ ആ ദ്വീപ് മാത്രമേ അവിടെ അവശേഷിച്ചിരുന്നുള്ളൂ. അതാകട്ടെ ലാവയും ചാരവുംകൊണ്ട് മൂടപ്പെട്ടനിലയിലും. ഏറെ അന്വേഷിച്ചവർ ഒരു ചിലന്തിയെ കണ്ടെത്തി. പിന്നീട് നന്നായി മഴ പെയ്തു. കാറ്റിലും കടൽവെള്ളത്തിലും വിത്തുകളും ചെടികളും പറന്നുവന്നു. അവ പതുക്കെ പതുക്കെ മുളച്ചുതുടങ്ങി. ദ്വീപിൽ ജീവന്റെ ചലനവും പച്ചപ്പും കണ്ടുതുടങ്ങി. അതുവഴി കടന്നുപോയ പക്ഷികളുടെ കാഷ്ഠം വഴിയും വിത്തുകൾ ദ്വീപിലെത്തി; മുളപൊട്ടി. 40 കി.മീറ്റർ ദൂരെയുള്ള പ്രധാന കരയിൽനിന്നും ദ്വീപിലേക്ക് ഒഴുകിവരുന്ന വെള്ളത്തിലൂടെ ചിലന്തികൾ, പല്ലികൾ, പാമ്പുകൾ ഇവ കടന്നുവന്നു. അവയ്ക്കു പിന്നാലെ എലികൾ കരഞ്ഞണ്ടുകൾ, ഉറുമ്പുകൾ, ചിതൽ ഇവ കരയിൽനിന്നുള്ള മരത്തടികളിലും പാഴ്വസ്തുക്കളിലും കയറിക്കൂടി ഒഴുകിയെത്തി.

ശാസ്ത്രജ്ഞർക്ക് അത്ഭുതകരമായ ഈ രകത കുടിയേറ്റം കണ്ടുപഠിക്കുവാൻ ക്രാക്കതൂവ സ്ഫോടനം അവസരമൊരുക്കി. നിർജീവതയ്ക്കുശേഷം എങ്ങനെ ദൈവം വീണ്ടും ഭൂമിയെ ജീവസ്സുറ്റതാക്കുന്നു എന്നതിനവർ സാക്ഷികളായി. ക്രാക്കത്തൂവയിൽനിന്നും എല്ലാവർഷവും ചാരവിതരണം ദ്വീപിലെത്തും (അഗ്നിപർവ്വത സ്ഫോടനംവഴി). തുടർച്ചയായ ചാരവർഷം കാരണം ദ്വീപിന്റെ കിഴക്കേ അറ്റം മാത്രമേ മനുഷ്യവാസമുള്ളൂ. പുല്ല്, പായൽ, കാട്ടുകരിമ്പ് എന്നിവയും വളരുന്നു. മറുഭാഗത്ത് ജീവസാമ്രാജ്യമാണുള്ളത്. അവിടുത്തെ പ്രധാന താരങ്ങളാണ് അപൂർവ്വജാവൻ, കണ്ടാമൃഗം, പുള്ളിപ്പുലികൾ എന്നിവ. കൂടാതെ ലോകത്തെ ഏറ്റവും വലിയ ഒരുതരം വവ്വാൽ, വേഴാമ്പൽ, ഈച്ചപിടിയൻ പക്ഷി, വലിയ പക്ഷിചിലന്തികൾ, ഉപ്പുവെള്ള മുതലകൾ, ഫിഡ്ലർ ഞണ്ട്, ആർച്ചർ മത്സ്യം (ഇത് 3 അടി ഉയരത്തിൽ വെള്ളം തെറിപ്പിച്ച് അമ്പെയ്ത് വീഴ്ത്തുംപോലെ പ്രാണികളെ വീഴ്ത്തി ഇരപിടിക്കും) എന്നിവയാണ്.

# സൃഷ്ടിവൈഭവം

രാത്രി..... കനത്ത മൂടൽമഞ്ഞുള്ള സ്കെൽട്ടൺ കോസ്റ്റിലെ (മരുഭൂമി) മൺകൂനയിൽ മഞ്ഞ് താണിറങ്ങി. ഒരു കറുത്ത വണ്ട് ആ മൺകൂനയുടെ ഉച്ചിയിലേക്ക് ഉരുണ്ടുകയറി പിന്നീട് തന്റെ പിറകുവശം മഞ്ഞ് വീഴുന്ന മൺകൂനയുടെ മുകൾപരപ്പിലേക്ക് തലതാഴ്ത്തി പിൻതിരിഞ്ഞുനിന്നു. മഞ്ഞ് അതിന്റെ പുറന്തോടിൽ താണിറങ്ങി. അത് ഉരുകി വെള്ളത്തുള്ളിയായി അതിന്റെ വായിലേക്ക് ഒഴുകി; ഒരു 'ലെപിഡോകോറ' വണ്ട് മൺകൂനയിൽ കുഴിയുണ്ടാക്കി പുകമഞ്ഞ് താണിറങ്ങുന്ന സ്ഥലത്ത് മണ്ണ് ഭിത്തിപോലെ ഉയർത്തി മൂടൽമഞ്ഞ് അതിൽ പതിച്ച് ജലമായി മാറി താഴേക്കു വീണു. പിന്നെ അത് തന്റെ വായിലേക്ക് കടത്തിവിട്ടു. കൂട്ടുകാരേ, എന്തിനധികം പറയണം മരുഭൂമിയിലുള്ള കൊച്ചുജീവജാലങ്ങൾ തങ്ങളുടെ ദാഹമകറ്റാനുള്ള വെള്ളം സംഘടിപ്പിക്കുന്ന കഥയാണിത്. മരുഭൂമിയിലെ വലിയ ജീവികൾവരെ ഇതേ വിദ്യവഴി ജലപാനം നടത്തുന്നുണ്ട്. ഇത് മാതൃകയാക്കി മനുഷ്യരും മരുഭൂമിയിൽ തകർന്നുവീണ വിമാനച്ചിറകിന്റെ തുമ്പിൽ ഇതുപോലെ ശേഖരിപ്പിക്കപ്പെടുന്ന മഞ്ഞുവെള്ളം നക്കി കുടിച്ച് ജീവൻ നിലനിർത്തിയ കഥവരെ നടന്നിട്ടുണ്ട്. അല്ലാഹു തന്റെ സൃഷ്ടികൾക്കാവശ്യമായവ ഏതൊക്കെതരത്തിൽ എത്തിച്ചുകൊടുക്കുന്നു അല്ലേ!

***ജസീല പർവീൺ***